KOTTAYAM PUBLIC LIBRARY

Call No. 330.947 Acc. No. [illegible]234

Author [illegible]

Title [illegible]

ഗ്രാമസൗഭാഗ്യം

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRICT
No.........
KOTTAYAM

2178

(Malayalam)

**Gramasowbhagiam**

Community Development

**By OMALLOOR K. V. NANOO, B. A., B. T.**

(Social Education Organiser)

Omalloor P. O., Kerala

First Published October 1960

Printed at

INDIA PRESS, KOTTAYAM

Price Rs. 3.00

Copyright

Omalloor K. V. Nanoo

Published by the Author

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# ഗ്രാമസൗഭാഗ്യം

83234

DISTRIB... No. DM 4758 KOTTA...

ഓമല്ലൂർ കെ. വി. നാണു ബി. ഏ., ബി. ടി.

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 3.00

330.954
NAN/S

D18/60-61 1-1000

# അവതാരിക

ഔദ്യോഗികവും അനൗദ്യോഗികവും ആയ അനവധി പരീക്ഷണങ്ങളുടെ ഫലമായി സാമൂഹ്യവികസന പ്രസ്ഥാനം ഗവണ്മെൻറിൻെറ അംഗീകൃതപരിപാടികളിൽ ഒന്നായി രൂപമെടുത്തിട്ട് ഏതാണ്ട് എട്ടു വർഷങ്ങളായി. ഈ കാലയളവിനുള്ളിൽ ഇംഗ്ലീഷിലും ഹിന്ദിയിലും മററുമായി ഈ പ്രസ്ഥാനത്തെ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുവാനും അതിൻെറ ഗുണദോഷങ്ങളെ തുലനംചെയ്യുവാനും വിമർശിക്കുവാനുമായി നിരവധി പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ മാത്രമല്ല മററു രാജ്യങ്ങളിൽ പോലും ഈ പ്രസ്ഥാനത്തെ വിലയിരുത്തുന്ന പല പുസ്തകങ്ങളും ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിലും പുസ്തകപാരായണത്തിലും ഇന്ത്യയുടെ എല്ലാ ഭാഗങ്ങളെയും മുന്നിട്ടുനില്ക്കുന്ന കേരളത്തിൽ ഈ വിഷയത്തെ സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ ഇനിയും വളരെ കുറവാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. കഴിവുള്ള എഴുത്തുകാർ ഈ രംഗത്തേയ്ക്കു് വേണ്ടത്ര തിരിയാതിരിക്കുകയും, ഒരു പക്ഷേ, ഗവണ്മെൻറ് അവർക്ക് വേണ്ടത്ര പ്രോത്സാഹനം നല്കാതിരിക്കുകയും ചെയ്യുന്നതായിരിക്കാം ഈ കുറവിനു കാരണം. മററു പല എഴുത്തുകാരും അധികം താല്പര്യംകാണിച്ചിട്ടില്ലാത്ത ഈ രംഗത്തു കാര്യമാത്രപ്രസക്തമായ ഈ ചെറുപ്രബന്ധം അവതരിപ്പിച്ച ഇതിൻെറ കർത്താവായ ശ്രീമാൻ നായർക്കു അഭിനന്ദനം അർഹിക്കുന്നു.

സാമൂഹ്യവികസനപ്രസ്ഥാനത്തെക്കുറിച്ചു് സമഗ്രമായ ഒരു പഠനം നടത്താൻ ഗ്രന്ഥകർത്താവു് ഈ ഗ്രന്ഥത്തിലൂടെ ശ്രമിച്ചിട്ടുണ്ടു്. പുറത്തുനിന്നുകൊണ്ടു് സാമൂഹ്യവികസനപ്രസ്ഥാനത്തിന്റെ പുറംവരികൾ മാത്രം കണ്ടിട്ടുള്ള സാധാരണക്കാരനു് ഈ പ്രസ്ഥാനത്തെക്കുറിച്ചു് സാമാന്യം വിപുലമായ അറിവു പ്രദാനംചെയ്യുവാൻ ഈ ഗ്രന്ഥം പര്യാപ്തമാണു്. ഈ പ്രസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്ന ഗ്രാമസേവകർ, അദ്ധ്യാപകർ, ഗ്രാമസഹായകർ, ഗ്രാമക്ലബ് അംഗങ്ങൾ, പഞ്ചായത്തുപ്രവർത്തകർ, പൊതുപ്രവർത്തകർ തുടങ്ങിയവർക്കു് ഈ പുസ്തകം ഒരു 'ഗൈഡ്' എന്ന നിലയ്ക്കു് പ്രയോജനപ്പെട്ടേക്കും. ഘനമായ ആശയങ്ങളെ സുന്ദരവും ലളിതവുമായ ഭാഷയിൽ കൈകാര്യം ചെയ്യുവാനുള്ള കഴിവു് ഗ്രന്ഥകാരൻ ഈ ഗ്രന്ഥത്തിൽ പ്രകടിപ്പിച്ചിട്ടുണ്ടു്. മലയാളപുസ്തകലോകത്തിൽ ഒഴിഞ്ഞുകിടക്കുന്ന സാമൂഹ്യവികസന വിഭാഗത്തിനു് ശ്രീ. നാണു നല്കിയിരിക്കുന്ന വിലപിടിച്ച ഈ സംഭാവനയെത്തുടർന്നു മററനേകം സംഭാവനകൾ മുഖാന്തിരം മലയാളഭാഷയിൽ ഇത്തരം പുസ്തകങ്ങളുടെ അഭാവം എത്രയും വേഗം പരിഹരിക്കപ്പെടട്ടെ എന്നു് ഞാൻ ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1960 ഒക്ടോബർ 2

പി. എം. മാത്യു, I. A. S.
കേരള കൃഷിഡയറക്ടർ

DISTRIBU... KOTTAY...

## അഭിപ്രായങ്ങൾ

ഭാരതത്തിലെ സാമ്പത്തികാസൂത്രണത്തിൻെറ മികച്ചനേട്ടങ്ങളിൽ ഒന്നാണു സാമൂഹ്യവികസനം. ഇത്ര രാജ്യവ്യാപകവും സർവ്വഗ്രാഹിയുമായ ഒരു പ്രസ്ഥാനം വേറെയില്ല. എന്നാൽ ഇത്രകണ്ടു തെററിദ്ധരിക്കപ്പെട്ടിട്ടുള്ള മററൊരു പ്രസ്ഥാനവുമുണ്ടോ എന്നു സംശയമാണ്. നൂറുനൂറ് ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും ഇരയായ ഈ മഹാസംരംഭത്തെപ്പററി അധികൃതവും ആകർഷകവുമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഉള്ളതായി എനിക്കറിവില്ല. ഈ കുറവു തീർക്കാനുള്ള ശ്ലാഘനീയമായ ഒരു ശ്രമമാണ് ശ്രീ. കെ. വി. നാണു 'ഗ്രാമസൗഭാഗ്യം' എന്ന പുസ്തകത്തിൽ നടത്തിയിരിക്കുന്നതു്.

ശ്രീനികേതനം, സബർമതി, സേവാഗ്രാം, ഗർഗൺ, ഫർക്കാസമ്പ്രദായം, നിലോഖരി, എട്ടാവാ ഇങ്ങനെ സാമൂഹ്യവികസനത്തിന്റെ പുരോഗതിയിലെ നാഴികക്കല്ലുകളെ സംബന്ധിക്കുന്ന കുറിപ്പുകൾ പ്രസ്തുത ഗ്രന്ഥത്തിനു് അനുരൂപമായ പശ്ചാത്തലം സൃഷ്ടിക്കുന്നു. ഈ പ്രസ്ഥാനത്തെപ്പററിയുള്ള സാമാന്യവിവർണത്തിനിടയിൽ രാസവളം, ജൈവവളം, കട്ടംകൃഷി, കന്നുകാലിവളർത്തൽ മുതലായി ഒട്ടനേകം വിഷയങ്ങളും ഒരു സാങ്കേതിക വിദഗ്ദ്ധൻെറ ചാതുര്യത്തോടെ ഗ്രന്ഥകാരൻ കൈകാര്യം ചെയ്യുന്നുണ്ടു്. ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉള്ള ബ്ലോക്കുകളുടെ പ്രവർത്തനങ്ങളുടെ സ്വഭാവവും വ്യാപ്തിയും ആശയക്കുഴപ്പമില്ലാതെ പ്രതിപാ

ദിക്കാൻ ശ്രീ. നാണുവിനു കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലണ്ട് അമേരിക്ക, ഇസ്രേൽ, ജപ്പാൻ എന്നീ രാജ്യങ്ങളിലെ തത്താദൃശസംരംഭങ്ങളെപ്പററി വിജ്ഞേയമായ കുറിപ്പുകളും സാമ്പത്തികാസൂത്രണപരിപാടികളിൽ സാമൂഹ്യവികസനപ്രസ്ഥാനത്തിനുള്ള സ്ഥാനത്തെക്കുറിച്ചുള്ള പ്രതിപാദനവും ഈ ഗ്രന്ഥത്തിൻെറ മാററു കൂട്ടുന്നുണ്ട്.

സരസവും പ്രസന്നവുമായ ഒരു ഭാഷാശൈലിയാണ് ശ്രീ. നാണുവിനുള്ളതു്. അദ്ധ്യാപകനും വിദ്യാത്ഥിക്കും കർഷകനും ഗ്രാമപ്രവത്തകനും എന്നുവേണ്ട ഗ്രാമസൗഭാഗ്യത്തിൽ താല്പയ്യമുള്ള ഏവക്കും പ്രയോജനപ്പെടുന്ന പ്രസ്തുത ഗ്രന്ഥം സാമൂഹ്യവികസനപ്രസ്ഥാനത്തിൽ വെളിച്ചം വീശുമെന്നതിൽ സംശയമില്ല.

കെ.എസ്.ലക്ഷ്മണപ്പണിക്കർ, M. A., M.Lit.

തിരുവനന്തപുരം — എക്കണോമിക്സ് പ്രൊഫസർ,
4–9–'60 — യൂണിവേഴ്സ്ററി കോളേജ്

## II

ആകഷണീയങ്ങളായ തലക്കെട്ടുകഠം നൽകി ലളിതസുന്ദരമായ ഭാഷയിൽ ശ്രീ. കെ. വി. നാണു രചിച്ചിരിക്കുന്ന 'ഗ്രാമസൗഭാഗ്യം' എന്ന ഈ ഗ്രന്ഥം സാമൂഹ്യവികസനപദ്ധതിയെപ്പററിയുള്ള വളരെ നല്ല ഒരു ഗ്രന്ഥമാണെന്നു രേഖപ്പെടുത്തുവാൻ എനിക്കു സന്തോഷമുണ്ട്. വികസന പരിപാടിയെപ്പററി വേണ്ടത്ര അറിവുലഭിച്ചിട്ടില്ലാത്ത സാധാരണക്കാരായ ആളുകഠംക്ക് ഈ പ്രസ്ഥാനത്തെപ്പററി സമഗ്രമായ അറിവു നഠംകുന്ന

തിന് ഈ ഗ്രന്ഥം വളരെ സഹായകമായിരിക്കുമെന്നാണ് എൻെറ ബലമായ അഭിപ്രായം. ഗ്രന്ഥകാരനു പ്രതിപാദ്യവിഷയത്തെ, ശരിയായ അപഗ്രഥനം നടത്തി മിതമായതോതിലും കലാസുഭഗതയോടുംകൂടി കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ടു്. രാഷ്ട്രനിർമ്മാണത്തിനുള്ള ഒരു സുപ്രധാന പരിപാടിയായ സാമൂഹ്യവികസനപ്രസ്ഥാനത്തെപ്പററി സാധാരണക്കാരായ ആളുകളെ അഭികാമ്യമായ രീതിയിൽ അഭ്യസിപ്പിക്കുന്നതിനുള്ള എല്ലാ ഗുണവിശേഷങ്ങളും ഈ ഗ്രന്ഥത്തിൽ ഞാൻ കാണുന്നു.

വികസനബ്ലോക്കിൽ സാമൂഹ്യവിദ്യാഭ്യാസസംഘാടകനായി സേവനം അനുഷ്ഠിക്കുന്ന ഒരു നല്ല പ്രവൎത്തകനായും ഗ്രന്ഥകാരനെ കുറെ വർഷങ്ങളായി എനിക്ക് അടുത്തറിയാൻ സാധിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥം രചിച്ച ശ്രീ. കെ. വി. നാണുവിനെ അനുമോദിക്കുകയും എല്ലാവിധത്തിലും പ്രോത്സാഹനമർഹിക്കുന്ന ഈ ഗ്രന്ഥത്തിന് സകല ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

സി. എൻ. പരമേശ്വരൻപിള്ള M. A.

കോട്ടയം ഡിസ്ട്രിക്ട് സോഷ്യൽ എഡ്യൂക്കേഷൻ
23-2-1960 ഓഫീസർ, കോട്ടയം

## III

എല്ലാപേൎക്കും അറിയാവുന്നതും എന്നാൽ ആൎക്കും ചൊല്ലുവാനേറെ രൂപമില്ലാത്തതുമായി പണ്ടു് ഒരാശയം ഉണ്ടായിരുന്നു—ദൈവസങ്കല്പം—ഇപ്പോൾ അതിൻെറ

അണിയിൽ ഒന്നുകൂടിയുണ്ട്—സാമൂഹ്യസേവനം. ധാരാളംപേർ ദിനംതോറും കൈകാര്യംചെയ്യുന്ന വിഷയമാണ്. അതിന് അതിൻേറതായ പുരോഹിതന്മാരുണ്ട്; പൂജാപദ്ധതികളുണ്ട്; കോവിലുകളുണ്ട്; വിഗ്രഹങ്ങൾ പോലുമുണ്ട്. എന്നാലും, ആചാരങ്ങളിലും, ചര്യാക്രമങ്ങളിലും കുരുങ്ങി അവയ്യെല്ലാക്കെ ആധാരമായ ഫിലോസഫിയിൽ ചെന്നെത്താൻ മിക്കപേർക്കും കഴിയാത്തതുപോലെ, കുപ്പവളത്തിലും, ശീമക്കൊന്നയ്ക്കിടയിലും മറ്റും മററും നടന്നുകുഴങ്ങി അവയ്യെല്ലാം അടിയിൽ വർത്തിക്കുന്ന ആ ആധാരദർശനത്തെ മറന്നുപോകുന്നവരാണ് നമ്മിൽ പലരും. സ്തുതിഗീതികൾ പാടാനല്ലാതെ, അതിനപ്പുറം കടന്നുചിന്തിക്കുവാൻ അഭിലഷിക്കുന്നവൎക്കു പലപ്പോഴും അതിനുതകുന്ന പാതകൾ കാണാൻകിട്ടാതെ നിരാശതോന്നാനിടയുണ്ട്. അത്തരം ജ്ഞാനബുഭിക്ഷുകളുടെ ക്ഷുത്തടക്കാൻ പററിയ ഒരുപഹാരമാണ് ശ്രീ. നാണു ഈ ഗ്രന്ഥംവഴി സമർപ്പിക്കുന്നതു്. ഇംഗ്ലീഷിലുള്ള ഒട്ടനേകം റിപ്പോർട്ടുകൾ, ഗ്രന്ഥങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, ചരിത്രരേഖകൾ എന്നിവ കണ്ടും, വായിച്ചും, തിറമയേറിയ ഒരു കൈയാണ് 'ഗ്രാമസൗഭാഗ്യ'ത്തെപ്പററി ഇവിടെ പ്രതിപാദിക്കാൻ ഒരുങ്ങിയിരിക്കുന്നതു്.

'സാമൂഹ്യോന്നമനം' എന്ന ആശയത്തിന്റെ അരുണോദയം, അതിൻെറ വളർച്ച, ആ വികസനത്തിൻെറ ചരിത്രപരമായ പശ്ചാത്തലം, എന്നീ പ്രാരംഭാദ്ധ്യായങ്ങൾ പിന്നീടദ്ദേഹം പ്രതിപാദിക്കുന്ന ഗഹനചിന്തകൾക്ക് അർഹിക്കുന്ന ഒരു മുന്നോടിയായിട്ടുണ്ട്. സാമൂഹ്യവികസനത്തിൻെറ വിവിധഘടകങ്ങളെപ്പററി പറയുമ്പോൾ ഏററവും അധുനാതനമായ അംശത്തെക്കൂടി

ഉൾപ്പെടുത്താൻ ഗ്രന്ഥകാരൻ നിഷ്കർഷ കാണിച്ചിരിക്കുന്നു. ഒരു ഗ്രാമത്തിൽ ഈ നവീനജീവിതപദ്ധതികൾകൊണ്ടു വരാവുന്ന സമഗ്രമായ പുരോഗതി എന്തെന്നു ചർച്ചചെയ്തുകൊണ്ടു് ഗ്രാമസേവകൻെറ മർമ്മപ്രധാനമായ സ്ഥാനം എന്താണെന്നു് ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടിയിരിക്കുകയാണു്. അയാളാണു് ഈ പദ്ധതികളുടെ മുഴുവൻ ആണിക്കല്ലു്. അയാളിലൂടെയാണു് മഹത്തും പവിത്രവുമായ ഈ സമ്പത്്പ്രവാഹം നാട്ടിൻപുറത്തുകാരന്റെ കൈക്കുമ്പിളിലേക്കു പതിക്കേണ്ടതു്. ഗ്രാമസേവകൻ ഗ്രാമീണനുമായി ആത്മസാത്്ക്കരിക്കണമെന്നു പറയുമ്പോൾ അർത്ഥമാക്കുന്നതു് അയാൾ സർവ്വവിധേനയും അവരിൽ ഒന്നായിനിന്നുകൊണ്ടു് ആ നാടിനെ ബോധപൂർവ്വം സമുദ്ധരിക്കണമെന്നാണല്ലോ.

നിറുത്തുന്നു. ഓരോ നിർമ്മാണപ്രവർത്തകനും, സാമൂഹ്യസേവകനും വാങ്ങി വായിച്ചു് സൂക്ഷിച്ചുവയ്ക്കേണ്ട ഒരു ഗ്രന്ഥമാണിതെന്നുമാത്രം മൊത്തത്തിൽ പറയാം. കേരളത്തിൻെറതെന്നപോലെ ഭാരതമൊട്ടാകെയുമുള്ള സാമൂഹ്യോന്നമനത്തിന്റെ ഒരു ചരിത്രരേഖയായും ഇതു് ഉപയോഗപ്പെട്ടേക്കും. ഈ കാലഘട്ടത്തിൻെറ ഏററവും വലിയൊരാവശ്യമാണു് അങ്ങനെ, ശ്രീ. നാണു ഈ ഗ്രന്ഥംവഴി നിറവേററിയിരിക്കുന്നതു്. ഒരു ഗാന്ധിയൻ സാമൂഹ്യോന്നമനസ്ഥാപനത്തിൽ പണിയെടുക്കുന്നവൻ എന്നനിലയിൽ ഞാനദ്ദേഹത്തിനു് കൃതജ്ഞതയുടെ ഒരു പുഷ്പഹാരം കൂടുതൽ അർപ്പിക്കുന്നു. നിങ്ങൾ ഇതു് അർഹിക്കുന്ന ഗൌരവത്തോടെതന്നെ കൈക്കൊള്ളുമെന്നും കരുതട്ടെ.

ഗാന്ധിഗ്രാമം
1–8–1961

ജി. ശങ്കരപ്പിള്ള M. A.

# മുഖവുര

ഗ്രാമീണഭാരതത്തിൽ ഉടനീളം ഐശ്വര്യവും സൗഭാഗ്യവും കൈവരുത്തുന്നതിനായി ആവിഷ്കരിച്ച് അവതരിപ്പിക്കപ്പെട്ടിരിക്കുന്ന അതിമഹത്തായ ഒരു പ്രസ്ഥാനമാണ് സാമൂഹ്യവികസനം. എന്നാൽ നമ്മുടെ നാട്ടിൽ ഇതു് ഒരു പുതിയ പരീക്ഷണമായതുകൊണ്ടു് ആളുകൾ പല രീതിയിലാണ് ഈ പ്രസ്ഥാനത്തെ നോക്കിക്കാണുന്നതു്. ഈ പദ്ധതിയെപ്പററി ആളുകൾക്കുള്ള അപൂർണ്ണങ്ങളായ അറിവുകളുടെ ഫലമായി വിഭിന്നവും പലപ്പോഴും വിനാശകരവുമായ അഭിപ്രായങ്ങൾ നാട്ടുകാരിൽനിന്നും പൊന്തിവരുന്നുണ്ടു്. സാമൂഹ്യവികസനത്തെപ്പററി ശരിയായ ഒരു ധാരണ ആളുകളിൽ പരക്കെ എത്തിച്ചേർന്നിട്ടില്ലെന്നു കാണുന്നതിനു വിഷമമില്ല. ഈ പദ്ധതിയുടെ ഉദ്ദേശങ്ങളും തത്വസംഹിതകളുംമറ്റും ആളുകൾ മനസ്സിലാക്കാതിരിക്കുന്നിടത്തോളം കാലം, അതുല്യമായ ഈ പ്രസ്ഥാനത്തിനു് അർഹിക്കുന്ന മാന്യതയും ആവശ്യമായ പൊതുജനസഹകരണവും ലഭിക്കുക വിഷമമായിരിക്കും.

സാമൂഹ്യവികസന പദ്ധതിയുടെ വിവിധവശങ്ങളെപ്പററി പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിൽ ധാരാളമായി ഉണ്ടെങ്കിലും മലയാളത്തിൽ വളരെ വിരളമായി മാത്രമെ കാണുന്നുള്ളു. കേരളത്തിലെ അന്തരീക്ഷവുമായി ബന്ധപ്പെടുത്തിയിട്ടുള്ളതും വികസനപ്രസ്ഥാനത്തിൻെറ വിവിധവശങ്ങളെപ്പററി പ്രതിപാദിക്കുന്നതുമായ ഒരു ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിരിക്കുന്നതു് ഇവിടത്തെ വികസനപ്രവൎത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ സഹായകമാണ്. നമ്മുടെ നാട്ടിലെ പ്രത്യേക സാഹചര്യങ്ങൾ, ഇവിടത്തെ ബ്ലോക്കു പ്രവൎത്തനങ്ങൾ, വിവിധ ഇനങ്ങൾക്കു കൊള്ളിച്ചിരിക്കുന്ന തുകകൾ എന്നിവയെല്ലാം പ്രത്യേകം കണക്കിലെടുത്തുകൊണ്ടു രചിക്കപ്പെട്ട ഒരു ഗ്രന്ഥം മലയാളത്തിൽ ഉള്ളതായി അറിവില്ല. തന്മൂലം സാധാരണക്കാ

രായ ആളുകൾക്കു് ഈ പ്രസ്ഥാനത്തെപ്പററി ശരിയായ ഒരു ധാരണ ലഭിക്കുന്നതിനു കുറെ വിഷമം നേരിടുന്നുണ്ടു്. ഈ കുറവു് ഒരു പരിധിവരെയെങ്കിലും പരിഹരിക്കണമെന്നുള്ള ആഗ്രഹമാണു സാമൂഹ്യവികസനപദ്ധതിയെപ്പററിയുള്ള ഈ ഗ്രന്ഥം രചിക്കാൻ എന്നെ പ്രേരിപ്പിച്ചതു്.

കഴിഞ്ഞവഷം (1959) ഒക്ടോബർമാസത്തിൽ 'ഗ്രാമസൗഭാഗ്യം' എന്ന ഈ ഗ്രന്ഥം ഞാൻ എഴുതിത്തുടങ്ങുകയും 1960 ജനുവരിയിൽ ഗ്രന്ഥരചന പൂർത്തിയാക്കുകയും ചെയ്തു. അടുത്തമാസത്തിൽ ഈ ഗ്രന്ഥം ഗവണ്മെന്റിൽ സമപ്പിക്കപ്പെട്ടു. വേണ്ട പരിശോധന നടത്തിയശേഷം ഇതു പ്രസിദ്ധീകരിക്കുന്നതിനുള്ള അനുവാദം 1960 മെയ് മാസത്തിൽ ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം നൽകുകയുണ്ടായി. പുസ്തകം അച്ചടിക്കുന്നതിനുംമററുമായി നേരിട്ട താമസംകൊണ്ടു് ഇപ്പോൾ മാത്രമെ ഇതു ബഹുജനസമക്ഷം സമപ്പിക്കുന്നതിനു് സാധിക്കുന്നുള്ളു.

ഈ ഗ്രന്ഥത്തിൻെറ അവസാന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്ന 'മണിയാററുകര' ഗ്രാമത്തിൻെറ ചിത്രം എന്റെ ഭാവനയിൽ രൂപമെടുത്ത ഒന്നാണെന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ഈ പരിപാടി ശരിയായി കൈകാര്യം ചെയ്യപ്പെട്ടുകയാണെങ്കിൽ പല നേട്ടങ്ങളും നാട്ടിൽ കൈവരുത്താമെന്നുള്ളതിനു് ഒരുദാഹരണം മാത്രമാണു് 'മണിയാററുകര.'

ഗ്രാമസൗഭാഗ്യത്തിനു് അവതാരിക എഴുതിയിരിക്കുന്നതു് അതിനു തികച്ചും യോഗ്യതയുള്ള ഒരു വ്യക്തിയാണെന്നുള്ളതു വളരെ സന്തോഷകരമാണു്. നമ്മുടെ സംസ്ഥാനത്തെ സാമൂഹ്യവികസനവകുപ്പിന്റെ ഒരു മേലദ്ധ്യക്ഷനായി, (അഡീഷനൽഡവലപ്പ്മെന്റ്കമ്മീഷണർ) സേവനം അനുഷ്ഠിച്ചിരുന്നദേഹവും ഇപ്പോഴത്തെ കൃഷിഡയറക്ടറുമായ ശ്രീ. പി. എം. മാത്യു ഐ. ഏ. എസ്സിൽനിന്നും ഒരു അവതാരികലഭിച്ചതു് ഒരു നേട്ടമായി ഞാൻ കരുതുന്നു. പ്രൗഢമായ ഒരു അവതാരിക നൽകി ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച അദ്ദേഹത്തോടുള്ള അളവററ ബഹുമാനവും ഉള്ളഴിഞ്ഞ കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു.

വികസനപ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ളവരും ഈ പരിപാടിയെപ്പററി തികഞ്ഞ പാണ്ഡിത്യമുള്ളവരുമായ മൂന്നു വ്യക്തികളിൽനിന്നും ലഭിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഈ ഗ്രന്ഥത്തിനു് ഒരു നേട്ടമാണു്. സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധനും, സഹൃദയനുമായ ശ്രീ. കെ. എസ്. ലക്ഷ്മണപ്പണിക്കർ എം. ഏ. എം. ലിറ്റ്., വികസനപ്രവത്തനങ്ങളിൽ വേണ്ട പരിശീലനവും ഏറിയകാലത്തെ പരിചയവും സിദ്ധിച്ചിട്ടുള്ള ശ്രീ. സി. എൻ. പരമേശ്വരൻപിള്ള എം. ഏ., വികസനപ്രവത്തകക്കായുള്ള ഒരു പരിശീലന കേന്ദ്രത്തിലെ (ഗാന്ധിഗ്രാം; റൂറൽ ഇൻസ്റ്റിററ്യൂട്ട്) അദ്ധ്യാപകനും സുപ്രസിദ്ധനാടകകൃത്തുമായ ശ്രീ. ജി. ശങ്കരപ്പിള്ള എം. ഏ. എന്നിവരുടെ വിലയേറിയ അഭിപ്രായങ്ങൾക്കും ആശംസകൾക്കും ഈ മാന്യവ്യക്തികളോട്ടു് ഞാൻ വളരെയധികം കടപ്പെട്ടിട്ടുണ്ടു്. അവരോടുള്ള സ്നേഹബഹുമാനങ്ങളും കൃതജ്ഞതയും പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനു് സദയം അനുമതി നൽകിയ ബഹുമാനപ്പെട്ട കേരള ഗവണ്മെന്റിനോടുള്ള ഭക്തിബഹുമാനങ്ങളും കൃതജ്ഞതയും രേഖപ്പെടുത്തുന്നതിനും ഈയവസരം ഞാൻ ഉപയോഗിക്കുകയാണു്.

രാജ്യസ്നേഹികളായ എല്ലാ ആളുകളിൽ നിന്നും ഹൃദ്യമായ ഒരു സ്വീകരണം 'ഗ്രാമസൗഭാഗ്യ'ത്തിനു് ലഭിക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി ഈ ഗ്രന്ഥത്തെ ബഹുജനസമക്ഷം ഞാൻ സവിനയം സമപ്പിച്ചുകൊള്ളുന്നു.

ഓമല്ലൂർ<br>
10–10–1960

കെ. വി. നാണു

# വിഷയവിവരം


| | | |
|---|---|---|
| 1 | ഒരു നവഭാരതത്തിന്റെ പിറവിയും സാമൂഹ്യവികസനപദ്ധതിയുടെ ആവിർഭാവവും | 17 |
| 2 | സാമൂഹ്യവികസനപരിപാടിയുടെ ചരിത്രപശ്ചാത്തലം | 29 |
| 3 | സാമൂഹ്യവികസനം | 48 |
| 4 | ബ്ലോക്കുപരിപാടിയിലെ പ്രധാന പ്രവൎത്തനങ്ങൾ | 84 |
| 5 | പരിശീലനപരിപാടി | 172 |
| 6 | സാമൂഹ്യവികസനവും പഞ്ചവത്സരപദ്ധതിയും | 190 |
| 7 | സാമൂഹ്യവികസനം—മറുരാജ്യങ്ങളിൽ | 216 |
| 8 | സാമൂഹ്യവികസനവകുപ്പിന്റെ നേട്ടങ്ങൾ | 226 |
| 9 | മഹിമയുടെ മണിമന്ദിരമായ ഒരു മാതൃകാഗ്രാമം | 238 |

## തിരുത്ത്

74-ാം പേജിൽ 8-ാംവരി 'സംഘാടകയുടെ' എന്നതിനുപകരം സംഘാടകരുടെ എന്നും 96-ാം പേജിൽ 1-ാംവരി 19,2000 എന്നതിനുപകരം 19,20,000 എന്നും തിരുത്തിവായിക്കണം.

അദ്ധ്യായം ഒന്നു്

## ഒരു നവഭാരതത്തിൻെറ പിറവിയും സാമൂഹ്യ വികസനപദ്ധതിയുടെ ആവിർഭാവവും

*ചരിത്രത്തിൻെറ താളുകൾ മറിക്കുമ്പോൾ*

ഭാരതം പുരാതനകാലംമുതൽക്കെ അതിമഹത്തായ ഒരു സംസ്കാരത്തിൻെറ പ്രഭാപൂരം പരത്തിക്കൊണ്ടിരുന്നു. ഐശ്വര്യവും സമൃദ്ധിയും മുററിനിന്ന ഭാരതം എന്നെന്നും വിദേശികളെ ആകർഷിച്ചിട്ടുണ്ടു്. ഒന്നിനു പുറകെ ഒന്നായി പല സാമ്രാജ്യങ്ങൾ ഇവിടെ ഉയൎന്നു. തന്മൂലം ഭിന്നദേശങ്ങളിലെ സംസ്കാരങ്ങളുടെ പല അംശങ്ങളും ഭാരതത്തിൻെറ സംസ്കാരവുമായി അലിഞ്ഞുചേൎന്നിട്ടുണ്ടു്. അവസാനമായി ഭാരതത്തെ കയ്യടക്കി ഭരിച്ച വിദേശീയർ ഇംഗ്ലീഷുകാരാണല്ലോ. കടലുകൾക്കും അപ്പുറത്തുനിന്നു വന്ന ആ വിദേശശക്തി നൂററാണ്ടുകളോളം ഭാരതത്തെ ഭരിച്ചു. ആകഷകമായ ഒരു ഭാഷ, പാശ്ചാത്യസംസ്കാരം മുതലായ പല അമൂല്യസംഭാവനകളും അവരിൽനിന്നു് നമുക്കു ലഭിച്ചിട്ടുണ്ടു്. എങ്കിലും ദീർഘകാലത്തെ അവരുടെ ഭരണം ഭാരതത്തെ പലവിധത്തിലും തളൎത്തിക്കളഞ്ഞു. നൂററാണ്ടുകളായി പോററിപ്പുലൎത്തിക്കൊണ്ടുവന്ന നമ്മുടെ സംസ്കാരവും, കലാസമ്പത്തും, കരകൗശലവേലയും എല്ലാമെല്ലാം വളൎച്ച മുട്ടി—അല്ല, പലതും മണ്ണടിഞ്ഞു. ഭാരതത്തിൻെറ

എല്ലാ കഴിവുകളെയും അവരുടെ ഉയർച്ചയ്ക്കുവേണ്ടി അവർ ചൂഷണംചെയ്യുകയായിരുന്നു.

*സ്വാതന്ത്ര്യത്തിൻെറ പൊൻപുലരി*

ഒരു വിദേശശക്തിയുടെ ഭരണത്തിൻകീഴിൽ പൊറുതിമുട്ടിയ ഭാരതം, അതിൻെറ ശക്തി വിദേശികളെ ഇവിടെനിന്നും തുരത്തുന്നതിനു സംഭരിച്ചുതുടങ്ങി. ഭാരതീയരെ ഈ നീക്കത്തിൽ അണിനിരത്തുന്നതിന് അനവരതം യത്നിച്ച പല മഹാരഥന്മാരുടേയും ചിത്രങ്ങൾ നമ്മുടെ മനസ്സിലുണ്ട്. അതിൽ ഏററവും തേജോമയമായി പ്രശോഭിക്കുന്ന ചിത്രം നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടേതാണല്ലോ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി നാമെല്ലാം ഒരു നിരന്തരസമരത്തിൽ ഏർപ്പെടുകയുണ്ടായി. സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിനു മുമ്പിൽ വിലപ്പെട്ട പല ജീവിതങ്ങൾതന്നെയും അർപ്പിക്കപ്പെട്ടു. അവസാനം ആ ശക്തി, ഭാരതത്തിൻെറ മുമ്പിൽ മുട്ടുകുത്തി. വൈദേശികർ നമ്മുടെ മണ്ണിൽനിന്നും എന്നേയ്ക്കുമായി കെട്ടുകെട്ടുകയും ചെയ്തു. അങ്ങനെ നാം ചിരകാലമായി കൊതിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യം, 1947 ആഗസ്ററ് പതിനഞ്ചാംതീയതി നമുക്കു ലഭിച്ചു. അതോടുകൂടി നാട്ടിലെങ്ങും ഒരു പുത്തൻജീവിതത്തിന്റെ വെള്ളിപ്പൂക്കൾ പുഞ്ചിരിച്ചു വിരിഞ്ഞു. ചക്രവാളസീമയിൽ ഒരു നവ്യലോകത്തിന്റെ പൊൻപുലരി ഉദയംചെയ്യുകയും ചെയ്തു.

സ്വാതന്ത്ര്യലബ്ധിയിൽ നാമെല്ലാം ആർത്തു സന്തോഷിച്ചു. എന്നാൽ അതിൻെറ പിന്നിൽ വേദനപൂരണ്ട ഒരു കഥകൂടിയുണ്ടായിരുന്നു. ഒന്നായിക്കിടന്ന ഭാരതത്തെ മതത്തിൻെറപേരിൽ രണ്ടായി വിഭജിക്കേണ്ടി

വന്നു എന്നുള്ളതാണു് അതു്. മുസ്ലീങ്ങളിൽ ഒരു വലിയ വിഭാഗം, അവൎക്കൊരു പ്രത്യേകരാജ്യം വേണമെന്നു ശക്തിയായി വാദിച്ചതിന്റെ ഫലമായിട്ടാണു് ഇതു സംഭവിച്ചതു്. നമ്മുടെ വീരനേതാക്കന്മാർ ഏററവും ശുഭാപ്തിവിശ്വാസത്തോടുകൂടി ഭാരതത്തിന്റെ ഭാഗധേയം നിൎണ്ണയിക്കുന്നതിനുള്ള ചുമതല ഏറെറടുത്തു. നമുക്കു് സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ നമ്മുടെ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹറു നമ്മെ അനുസ്മരിപ്പിച്ച ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണു്. "ഇനിയും നമ്മുടെ ശത്രുക്കൾ വിദേശീയരല്ല. ദാരിദ്ര്യം, അജ്ഞത, രോഗം എന്നിവയാണു്. ഇവയ്ക്കെതിരായി സന്ധിയില്ലാത്ത സമരത്തിൽ നാം ഏൎപ്പെടേണ്ടിയിരിക്കുന്നു."

*പ്രശ്നങ്ങളുടെ ഒരു പ്രവാഹം*

സ്വാതന്ത്ര്യലബ്ധിക്കുശേഷം കെട്ടുപിണഞ്ഞ നൂറുനൂറു പ്രശ്നങ്ങളെയാണു് ഭാരതത്തിനു നേരിടേണ്ടിയിരുന്നതു്. പാകിസ്ഥാനിൽനിന്നും മുസ്ലീങ്ങളുടെ കടന്നാക്രമണത്തെ ഭയന്നു് ഹിന്ദുക്കൾ കൂട്ടംകൂട്ടമായി സകല സ്വത്തുക്കളും ഉപേക്ഷിച്ചിട്ടു് ഭാരതത്തിൽ അഭയംപ്രാപിച്ചു. ഈ അഭയാൎത്ഥികളുടെ സംഖ്യ ഏതാണ്ടു തൊണ്ണൂറു ലക്ഷത്തോളമായിരുന്നു. ആഹാരം, വസ്ത്രം, തൊഴിൽ, പാർപ്പിടസൗകര്യം മുതലായവ നൽകി, അവരെ സംരക്ഷിക്കുന്നതിനു കോടിക്കണക്കിനു രൂപായാണു് ഗവൺമെൻറിനു ചെലവാക്കേണ്ടിവന്നതു്.

ഭാരതം അന്നു് നൂറുകണക്കിനു് നാട്ടുരാജ്യങ്ങളുടെ ഒരു സമൂഹമായിരുന്നു. നാട്ടുരാജാക്കന്മാരുടെ ഭരണം അവസാനിപ്പിച്ചു് ഭാരതത്തിന്റെ ഐക്യവും കെട്ടുറപ്പും കൈവരുത്തുന്നതിനും ജനാധിപത്യഭരണം നാട്ടിലാകെ

നടപ്പിൽ വരുത്തുന്നതിനും ദേശീയനേതാക്കന്മാരുടെ ശ്രദ്ധ തിരിഞ്ഞു. ശ്രീ. വല്ലഭായിപട്ടേലിൻെറ ബലിഷ്ഠ ഹസ്തങ്ങൾ രാജവാഴ്ചയ്ക്കു വിരാമമിട്ടു. ഭാഷ, സംസ്കാരം എന്നിവയുടെ അടിസ്ഥാനത്തിൽ പതിനാലു പ്രവിശ്യകൾ രൂപമെടുത്തു. (ഇപ്പോൾ പ്രവിശ്യകളുടെ എണ്ണം പതിനഞ്ചായി വദ്ധിച്ചിട്ടുണ്ട്.) അങ്ങനെ ഒരു നവീന ഭാരതത്തിൻെറ ചിത്രം പൂർത്തിയാക്കപ്പെട്ടു.

ഭാരതത്തെ നേരിട്ട മറെറാരു കനത്ത പ്രശ്നം ഭക്ഷ്യപ്രശ്നമായിരുന്നു. രാഷ്ട്രത്തെ തുറിച്ചുനോക്കിക്കൊണ്ടിരുന്ന വേറൊരു പ്രശ്നമായിരുന്നു തൊഴിലില്ലായ്മ. ഈ പ്രശ്നങ്ങളെയെല്ലാം നേരിടുന്നതിനുള്ള ശക്തിമത്തായ കരുനീക്കങ്ങൾ ആരംഭിക്കപ്പെട്ടു. 1950 ജനുവരി 26-ാം തീയതി ഭാരതം പരമാധികാരമുള്ള ഒരു റിപ്പബ്ലിക്കായി എന്നുള്ളതു് ആധുനികചരിത്രത്തിലെ ഒരു വസ്തുതയാണ്. എന്നാൽ അതിനുമുമ്പുതന്നെ ഭാരതീയരെ ഒന്നടങ്കം അന്ധകാരത്തിലേക്ക് ആഴ്ത്തിയ ഒരത്യാഹിതം സംഭവിച്ചിരുന്നു.

### *ആ ദീപം പൊലിഞ്ഞുപോയി*

ലോകത്തിലെ ഏററവും നല്ല മനുഷ്യസ്നേഹികളായ സോക്രട്ടീസ്, യേശുക്രിസ്തു, ഏബ്രഹാം ലിങ്കൺ എന്നിവരെപ്പോലെ നമ്മുടെ രാഷ്ട്രപിതാവിൻെറയും വിലപ്പെട്ട ജീവിതം ഒരു നിഷ്ഠുരമനുഷ്യൻെറ നീചപ്രവൃത്തിയാൽ നിഹനിക്കപ്പെട്ടു. നമുക്കു വെളിച്ചം നൽകിക്കൊണ്ടിരുന്ന ആ ദീപം പൊലിഞ്ഞു. ഈ സംഭവം ഭാരതീയജനതയെ ഒന്നടങ്കം താങ്ങാനാവാത്ത ദുഃഖത്തിന്റെ ആഴത്തിലേക്കു താഴ്ത്തുകയുണ്ടായി. ലോകം മുഴുവൻ ഈ അത്യാഹിതത്തിൽ ഹൃദയം നൊന്തു കേണു. ഗാന്ധിജി

നൽകിയ ശാന്തിസന്ദേശം ലോകമൊട്ടുക്കു വ്യാപിച്ചിട്ടുണ്ടു്. ലോകസമാധാനത്തിനുള്ള ഏററവും വലിയ ശക്തിയായിനിലകൊള്ളുന്നതു് അതൊന്നുമാത്രമാണല്ലോ.

## *ഗാന്ധിജിയുടെ അഭിലാഷങ്ങൾ നിറവേററാനുള്ള സംരംഭം*

ഗാന്ധിജിയുടെ ആശയങ്ങളും അഭിലാഷവും പ്രയോഗത്തിൽ വരുത്തുന്നതിനായി അദ്ദേഹത്തിൻെറ പ്രിയപ്പെട്ട ശിഷ്യഗണങ്ങൾ മുമ്പോട്ടുവന്നു. അദ്ദേഹത്തോടു കാണിക്കുന്ന ആദരാഞ്ജലികളായി അവർ അതിനെ കരുതി. ഒരു നവഭാരതസൃഷ്ടിക്കുവേണ്ടി, ദേശസ്നേഹം വിതുമ്പിനിന്ന എല്ലാ നേതാക്കന്മാരും അണിനിരന്നു. അവർ തലപുകഞ്ഞു് ആലോചിക്കുകയായി. ഭാരതത്തിൻെറ യഥാർത്ഥചിത്രം, അവർ നോക്കിക്കണ്ടു. നൂറുനൂറു പ്രശ്നങ്ങൾ തലപൊക്കി നിൽക്കുകയാണു്. പക്ഷേ, ഗാന്ധിജി നൽകിയ ധൈര്യവും ശുഭാപ്തിവിശ്വാസവും അവരുടെ കരങ്ങൾക്കു കരുത്തും സിരകൾക്കു് ഉണർവ്വും നൽകി. ഭാരതത്തിൻെറ അഭിവൃദ്ധിക്കായുള്ള ഒരു മഹായജ്ഞത്തിൽ അവർ ഒന്നുചേൎന്നു. "സാമ്പത്തികഭദ്രതയില്ലാത്ത ഒരു രാജ്യത്തിൻെറ രാഷ്ട്രീയസ്വാതന്ത്ര്യം അർത്ഥശൂന്യമാണു്." ഈ തത്വത്തിൻ്റെ പ്രാധാന്യം മററാരെക്കാളും കൂടുതലായി അവർ അറിഞ്ഞിരുന്നു. ഭാരതത്തിൻെറ ഉല്ക്കർഷത്തിനുവേണ്ടിയുള്ള കഠിനപ്രയത്നം ഒന്നു മാത്രമാണു് ഇതിനുള്ള ഉപശാന്തി.

## *മററു രാജ്യങ്ങളിൽനിന്നുള്ള പാഠം*

ഇതരരാജ്യങ്ങൾ കൈവരിച്ച അഭിവൃദ്ധിയുടെ മാർഗ്ഗങ്ങൾ നമുക്കു് സാധനപാഠങ്ങളാണു്. ഫ്രാൻസിലും

റഷ്യയിലും, ചൈനയിലുമെല്ലാം രാഷ്ട്രീയവിപ്ലവത്തിനു ശേഷം കഠിനമായ അദ്ധ്വാനംകൊണ്ടാണ് സാമ്പത്തികസ്വാതന്ത്ര്യം നേടിയതു്. ശരിയായി ആസൂത്രണം ചെയ്യപ്പെട്ട പദ്ധതികളിൽക്കൂടി അവർ സാമൂഹ്യവും സാമ്പത്തികവുമായ അഭിവൃദ്ധി കൈവരിക്കുകയായിരുന്നു. നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തിനും അർത്ഥവും വ്യാപ്തിയും കൈവരുത്തുന്നതിനായി സുചിന്തിതങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു് ഈ രാജ്യങ്ങളുടെ ചരിത്രം നമുക്കു് മാർഗ്ഗദർശനം നൽകിയിട്ടുണ്ടു്.

*പ്ലാനിംഗ്കമ്മീഷൻ*

ഭാരതത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധി കൈവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനായി സാമ്പത്തികശാസ്ത്രവിദഗ്ദ്ധന്മാരടങ്ങിയ ഒരു സമുന്നത ആസൂത്രണസമിതി (പ്ലാനിംഗ്കമ്മീഷൻ) രൂപീകൃതമായി. ഭാരതത്തെ ഒരു മികച്ച രാഷ്ട്രമാക്കി ഉയർത്തുന്നതിനു് മററാരെക്കാളും കൂടുതൽ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പ്രധാനമന്ത്രി ശ്രീ. നെഹറുതന്നെയാണു് ഈ സമിതിയുടെ അദ്ധ്യക്ഷൻ. അടുത്തസമയംവരെ (1960 ജൂൺമാസംവരെ) ഈ സമിതിയുടെ ഉപാദ്ധ്യക്ഷൻ ശ്രീ. വി. ററി. കൃഷ്ണമാചാരിയായിരുന്നു. സമിതിയിലെ അംഗങ്ങൾ സർവ്വശ്രീ: ഗുൽസാരിലാൽ നന്ദ, ററി. ററി. കൃഷ്ണമാചാരി, വി.കെ. കൃഷ്ണമേനോൻ, കെ. സി. നിയോഗി, ജെ. സി. ഘോഷ്, സി. എം. ത്രിവേദി എന്നീ മഹാരഥന്മാരാണു്.

1950 മാർച്ച്മാസത്തിൽ രൂപമെടുത്ത പ്ലാനിംഗ് കമ്മീഷൻ 1951 ജൂലൈമാസത്തിൽ ഒരു കരടുപദ്ധതിയും 1952 സിസംബറിൽ പദ്ധതിയുടെ പൂർണ്ണരൂപവും

സമർപ്പിച്ചു. അങ്ങനെ ആസൂത്രണ സമിതിയുടെ അവഗാഢമായ ചിന്തയുടെ അരുമസന്താനമായി ഒന്നാം പഞ്ചവത്സരപദ്ധതി രൂപമെടുത്തു. ജീവിതനിലവാരം ഉയർത്തുകയും ജനങ്ങൾക്ക് കൂടുതൽ സമ്പന്നവും സന്തുഷ്ടവുമായ ഒരു ജീവിതത്തിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുകയെന്നതായിരുന്നു ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാതലായ ലക്ഷ്യം.

*ഭാരതം ഗ്രാമങ്ങളുടെ ഒരു നാട്*

ഭാരതം ഗ്രാമങ്ങളുടെ ഒരു നാടാണ്. ഭാരതത്തിൽ 5,58,000 ഗ്രാമങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ മഹാരാജ്യത്തിലെ 82 ശതമാനം ആളുകളും ഗ്രാമവാസികളാണ്. ബ്രിട്ടീഷുകാർ ഇവിടം ഭരിച്ചിരുന്ന കാലത്ത് ഗ്രാമങ്ങളുടെ കാര്യത്തിൽ ഒട്ടും ശ്രദ്ധിച്ചിരുന്നില്ല. പണക്കാരും പഠിപ്പുള്ളവരുമെല്ലാം പട്ടണങ്ങളിൽ പാർത്തുവന്നു. ഒരുകാലത്ത് ഗ്രാമങ്ങൾ ഐശ്വര്യത്തിന്റെ വിളനിലമായിരുന്നു. എന്നാൽ പല നൂററാണ്ടുകാലം ബ്രിട്ടീഷുകാർ ഭാരതത്തെ ഭരിച്ചതുകൊണ്ട് ഗ്രാമീണജീവിതം താറുമാറായി. ജന്മികൾക്കുവേണ്ടി എല്ലുനുറുങ്ങെ ഗ്രാമീണതൊഴിലാളികൾ പണിയെടുത്തു. പക്ഷേ, പട്ടിണിയും കടവും മാത്രമായിരുന്നു അവർക്കു മിച്ചം. യാതനനിറഞ്ഞ ഈ ജീവിതം അവസാനിപ്പിക്കുന്നതിനുവേണ്ടി ഗ്രാമീണർ ജോലി അന്വേഷിച്ച് പട്ടണങ്ങളിലേക്ക് കൂട്ടം കൂട്ടമായി പൊയ്ക്കൊണ്ടിരുന്നു.

*ഗാന്ധിജിയും ഗ്രാമങ്ങളും*

തകർന്നുകൊണ്ടിരുന്ന ഗ്രാമജീവിതം നേരിൽക്കണ്ടു മനസ്സിലാക്കിയ മഹാനായിരുന്നു ഗാന്ധിജി. ഭാരത

ത്തിലെ അനവധി ഗ്രാമങ്ങളിൽ അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. ഗ്രാമജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ അദ്ദേഹം ശരിയാംവണ്ണം അറിഞ്ഞിരുന്നു. മറക്കപ്പെട്ട മനുഷ്യരെപ്പോലെ കോടിക്കണക്കിന് ആളുകൾ ഗ്രാമങ്ങളിൽ യാതനയും വേദനയും സഹിച്ചുകൊണ്ട് കഴിയുകയായിരുന്നു. കണ്ണുനീരിന്റെ ഒരു കഥയായിരുന്നു അവരുടേത്. ഈ ദുഃഖകഥ ഗാന്ധിജിയുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ഗ്രാമോദ്ധാരണപ്രവർത്തനങ്ങൾ നടപ്പിലാക്കി ഈ വമ്പിച്ച പ്രശ്നത്തിന് ഉത്തരം ഉടനേ കാണേണ്ടതിന്റെ ആവശ്യം അദ്ദേഹത്തിനു ബോദ്ധ്യമായി. അദ്ദേഹത്തിന്റെ സകല ശ്രദ്ധയും ഈ വഴിക്കു തിരിയുകയും ചെയ്തു.

ഭാരതത്തിന്റെ എല്ലാ ഭാവിശ്രേയസ്സും ഗ്രാമങ്ങളുടെ അഭിവൃദ്ധിയിൽക്കൂടിയാണ് അദ്ദേഹം കണ്ടതു്. ഭാരതത്തിന്റെ ആത്മാവു കുടികൊള്ളുന്നതു് ഗ്രാമങ്ങളിലാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. "ഗ്രാമം നശിക്കുകയാണെങ്കിൽ ഭാരതം നശിക്കും. അതു പിന്നീട് ഭാരതം ആയിരിക്കുകയില്ല. നമുക്കു ലോകത്തിനു നല്കാനുള്ള സന്ദേശവും നഷ്ടമാകും." ഗ്രാമങ്ങളെ പരാമർശിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ളതാണ് ഇതും. ഗ്രാമജീവിതത്തിന് എത്രമാത്രം പ്രാധാന്യം അദ്ദേഹം കല്പിച്ചിരുന്നു എന്ന് ഈ പ്രസ്താവന തെളിയിക്കുന്നുണ്ടല്ലോ.

### *ഗ്രാമസ്വരാജ്*

ഗ്രാമീണരുടെ ജീവിതം മെച്ചമാക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ 'സബർമതി', 'സേവാഗ്രാം' തുടങ്ങിയ കേന്ദ്രങ്ങളിൽ ഗാന്ധിജി ആരംഭിക്കുകയുണ്ടായി. 'ഗ്രാമസ്വരാജ്' കൈവരുത്തുകയെന്നുള്ളതായിരുന്നു

KOTTAYAM PUBLIC LIBRARY
83234
DISTRICT

അദ്ദേഹത്തിൻെറ ലക്ഷ്യം. ഗ്രാമസ്വരാജ്കൊണ്ടു് അദ്ദേഹം ഉദ്ദേശിച്ചിരുന്ന ആശയം ഇതാണു്: "ഗ്രാമീണർ സ്വാശ്രയശീലരും സ്വയംപര്യാപ്തതയുള്ളവരും ആയിരിക്കണം. ഓരോ ഗ്രാമവും അതിനു് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ, പഞ്ഞി, വസ്ത്രം എന്നിവ ഉല്പാദിപ്പിക്കേണ്ടതാണു്. കന്നുകാലികൾക്കു് മേയുന്നതിനുള്ള സ്ഥലം ഗ്രാമത്തിൽ ഇടേണ്ടതുണ്ടു്. കുട്ടികൾക്കും മുതിർന്ന ആളുകൾക്കും കളികളിലും വിനോദങ്ങളിലും ഏപ്പെടുന്നതിനുള്ള പ്രത്യേകസ്ഥലവും ഉണ്ടായിരിക്കണം. പള്ളിക്കൂടം, പൊതുജനങ്ങൾക്കു കൂടുന്നതിനുള്ള വിശാലമായ ഒരു ഹാൾ, ഒരു തീയേററർ, എന്നിവയും ഓരോ ഗ്രാമത്തിലും ഉണ്ടായിരിക്കേണ്ടതാണു്. ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടതു് പഞ്ചായത്തായിരിക്കണം. ആണ്ടുതോറും തെരഞ്ഞെടുക്കപ്പെടുന്നതും, അഞ്ചുപേർ അടങ്ങുന്നതുമായ ഒരു സമിതിയാണു് ഇതു നിർവ്വഹിക്കേണ്ടതു്. നിശ്ചിത യോഗ്യതയുള്ള പുരുഷന്മാരും സ്ത്രീകളും ഈ സമിതിയിലെ അംഗങ്ങളായിരിക്കും."

*ഗാന്ധിജിയുടെ നിർമ്മാണപദ്ധതികൾ*

ഗ്രാമങ്ങളുടെ പുനർനിർമ്മാണത്തിനായി പതിനെട്ടു പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു നിർമ്മാണപദ്ധതി ഗാന്ധിജി ആവിഷ്കരിച്ചു. ഖാദിയുടെ ഉപയോഗം; കൈക്കുത്തരിവ്യവസായം, എണ്ണയാട്ടു്, സോപ്പുനിർമ്മാണം, തുകൽവ്യവസായം, വളംനിർമ്മാണം തുടങ്ങിയ ഗ്രാമവ്യവസായങ്ങളുടെ പ്രോത്സാഹനം; അടിസ്ഥാനവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, സാമ്പത്തികസമീകരണം, അയിത്തോച്ചാടനം, സർവ്വസമുദായമൈത്രി, മദ്യനിരോധനം, പ്രകൃതിചികിത്സ, മാതൃഭാഷ,

രാഷ്ട്രഭാഷ എന്നിവയുടെ പ്രചരണം മുതലായവ അദ്ദേഹത്തിൻെറ നിർമ്മാണപദ്ധതിയിൽ ഉൾപ്പെട്ടിരുന്നു.

നിർമ്മാണപദ്ധതിയുടെ ഭാഗമായി അഖിലഭാരത ഗ്രാമവ്യവസായസംഘടനയും, അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയും അദ്ദേഹം രൂപീകരിച്ചു. ഗ്രാമങ്ങളിൽ സേവനം അനുഷ്ഠിക്കുന്നതിനു് ഒരു സന്നദ്ധസംഘത്തെയും അദ്ദേഹം രൂപീകരിക്കുകയുണ്ടായി. ഒരു സന്നദ്ധഭടൻ, ശുചീകരണപ്രവർത്തകനായും, സമാധാനപാലകനായും, അദ്ധ്യാപകനായും പ്രവർത്തിക്കേണ്ടതാണു്.

ഗാന്ധിജി വിഭാവനചെയ്ത ഭാരതം, ഗ്രാമസ്വരാജിൻെറ ഒരു മൂർത്തീകരണമാണു്. നാടിൻെറ നട്ടെല്ലായ ഗ്രാമീണനു്, വളരുവാനും, വികസിക്കുവാനുമുള്ള സാഹചര്യം ഇതിലുണ്ടു്. ഭാരതത്തിൽ ഉടനീളം ഗ്രാമസ്വരാജ് കൈവരുന്നതോടുകൂടി ഐശ്വര്യവും, ശാന്തിയും, സംതൃപ്തിയും കളിയാടുന്ന ഒരു നവ്യ വ്യവസ്ഥിതി രൂപമെടുക്കും. ഇതിനുള്ള പരീക്ഷണങ്ങളാണു് സേവാഗ്രാം, സബർമതി തുടങ്ങിയ കേന്ദ്രങ്ങളിൽ ഗാന്ധിജി ആരംഭിച്ചതു്.

1920 ആയപ്പോഴേക്കും ഗ്രാമീണഭാരതം ഗാന്ധിജിയുടെ പ്രവർത്തനഫലമായി ഉണരാൻ തുടങ്ങി. ഖാദി, ഗ്രാമവ്യവസായം, ഹരിജനസേവ, അടിസ്ഥാനവിദ്യാഭ്യാസപ്രവർത്തനം, കസ്തൂർബാട്രസ്റ്റപ്രവർത്തനം മുതലായവ നാടെങ്ങും ഉഷാറായി പ്രവർത്തനം ആരംഭിച്ചു. ഈ വിധ പ്രവർത്തനങ്ങൾ ഗ്രാമീണർക്കു് ഉണർവും, ഉത്തേജനവും നല്കി. മഹാത്മജിയുടെ ഗ്രാമോദ്ധാരണപരിപാടികൾ പ്രചരിപ്പിക്കുന്നതിനായി ധാരാളം ആശ്രമങ്ങളും, സ്ഥാപനങ്ങളും രൂപമെടുത്തു. ആയിരക്കണ

ക്കിനു് സാമൂഹ്യപ്രവത്തകർ ഈ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചുവരുന്നു. ദക്ഷിണഭാരതത്തിൽത്തന്നെ വലുതും ചെറുതുമായ ധാരാളം സ്ഥാപനങ്ങൾ ഗാന്ധിജിയുടെ തത്വസംഹിതകൾ പ്രചരിപ്പിക്കുന്നുണ്ടു്. അവയിൽ പ്രധാനമായവ, ദിണ്ടിഗലിനടുത്തുള്ള ഗാന്ധിഗ്രാം കല്ലുപ്പട്ടിയിലെ ഗാന്ധിനികേതനം, തിരിച്ചൻകോടിയിലെ ഗാന്ധി ആശ്രമം, ചിദംബരത്തുള്ള ഗാന്ധി ആശ്രമം, പേരൂരിലെ ഗാന്ധിസേവാസദനം, തൃശ്ശൂരുള്ള കസ്തൂർബാകേന്ദ്രം മുതലായവയാണു്.

*ഗ്രാമവികസനത്തിനുള്ള*
*വിപുലമായ ഒരു പരിപാടി*

ഗാന്ധിജിയുടെ പ്രിയപ്പെട്ട ശിഷ്യന്മാരാണല്ലോ ബ്രിട്ടീഷുകാരിൽനിന്നും ഭാരതത്തിൻെറ ഭരണം കയ്യേററതു്. ഒരു പുതിയ ഭാരതത്തെ സൃഷ്ടിക്കുവാൻവേണ്ടി ആസൂത്രണം ചെയ്യപ്പെട്ട ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഗ്രാമീണരുടെ ഉൽക്കർഷത്തിനായുള്ള വിപുലമായ ഒരു പരിപാടിയും സ്ഥാനംപിടിച്ചു. ഗാന്ധിജിയുടെ ഗ്രാമോദ്ധാരണപദ്ധതികൾക്കു് ചില രൂപഭേദങ്ങൾ വരുത്തി വിപുലമായ തോതിൽ ആസൂത്രണം ചെയ്തതായിരുന്നു ഈ പദ്ധതി. 'സാമൂഹ്യവികസനപദ്ധതി' എന്നറിയപ്പെടുന്ന ഈ പ്രസ്ഥാനം രൂപമെടുത്തതു് 1952-ൽ ആണു്. ഗാന്ധിജിക്കു പ്രിയംകരമായ ഈ ഗ്രാമവികസനപദ്ധതി അദ്ദേഹത്തിൻെറ ജന്മനാളിൽത്തന്നെയാണു് സമാരംഭിച്ചിട്ടുള്ളതു്. ഭാരതത്തിൻെറ പല ഭാഗങ്ങളിലായി 55 സാമൂഹ്യവികസനകേന്ദ്രങ്ങൾ(കമ്മ്യൂണിററി പ്രോജക്ടുകൾ) ഈ പുണ്യദിനത്തിൽ (1952 ഒക്ടോബർ രണ്ടാംതീയതി) ജന്മമെ

ട്ടത്തു. കൃഷി, മൃഗസംരക്ഷണം, സഹകരണം, ഗതാഗതം, പൊതുജനാരോഗ്യം, ഗ്രാമവ്യവസായം, സാമൂഹ്യവിദ്യാഭ്യാസം തുടങ്ങി ഗ്രാമീണജീവിതവുമായി അഭേദ്യമായ ബന്ധമുള്ള വിഷയങ്ങളാണു് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. സ്വാതന്ത്ര്യത്തിന്റെ പൊൻകിരണങ്ങൾ നാടെങ്ങും പരക്കാൻ തുടങ്ങിയതോടുകൂടി ഗ്രാമജീവിതം സമ്പന്നവും സൗഭാഗ്യപൂർണ്ണവുമാക്കുന്നതിനുള്ള ഒരു മഹൽപ്രസ്ഥാനവും ജന്മമെടുത്തു.

അദ്ധ്യായം രണ്ടു്

## സാമൂഹ്യവികസനപരിപാടിയുടെ ചരിത്രപശ്ചാത്തലം

### 1. ടാഗോറിന്റെ സംഭാവനകൾ

ഗ്രാമങ്ങളുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടു് ഗാന്ധിജിയെപ്പോലെ പ്രവർത്തിച്ച മററൊരു മഹാനായിരുന്നു മഹാകവി രവീന്ദ്രനാഥടാഗോർ. 1908 മുതൽതന്നെ, ഗ്രാമങ്ങളുടെ പുനർനിർമ്മാണത്തിനായി സംഘടിച്ചു പ്രവർത്തിക്കുവാൻ അദ്ദേഹം യുവജനങ്ങളെ ഉപദേശിച്ചുതുടങ്ങി. 1914-ൽ അദ്ദേഹം ബംഗാളിൽ 'ശ്രീനികേതനം' എന്ന ഗ്രാമീണവിദ്യാകേന്ദ്രം സ്ഥാപിച്ചു. തുടന്നു് ബംഗാളിലുള്ള അത്രേ, രഘുറാംപൂർ, റാണിനഗർ, തിലക്പൂർ, നസ്രത്പൂർ, തലറാ എന്നീ ഗ്രാമങ്ങളിൽ ഗ്രാമപുനർനിർമ്മാണത്തിനുള്ള പരിപാടികൾ ആരംഭിക്കുകയുണ്ടായി.

ഗ്രാമശുചീകരണം, വയോജനവിദ്യാഭ്യാസം; ക്ഷയം, മലേറിയാ തുടങ്ങിയ രോഗങ്ങൾക്കെതിരായുള്ള സംരക്ഷണപ്രവർത്തനങ്ങൾ; ശിശുമരണത്തിനെതിരായുള്ള രക്ഷാനടപടികൾ; ശുദ്ധജലവിതരണം; വെള്ളപ്പൊക്കം, ക്ഷാമം എന്നിവ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ദുരിതാശ്വാസനടപടികൾ; സഹകരണപ്രസ്ഥാനം എന്നിവയെല്ലാം ടാഗോറിന്റെ പരിപാടിയിൽ ഉൾക്കൊണ്ടിരുന്നു. ഈവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനു് സന്നദ്ധഭടന്മാരുടെ സംഘടനകളും അദ്ദേഹം രൂപീകരിക്കുകയുണ്ടായി. പ്രവൃത്തിയിൽനിന്നും

ലഭിക്കുന്ന ആനന്ദം അതുല്യമാണെന്ന് അദ്ദേഹം അവരെ പഠിപ്പിച്ചു.

ഗ്രാമങ്ങളുടെ പ്രശ്നങ്ങൾക്ക് ഉത്തരം കാണുന്നതിന് ഗ്രാമീണരിൽ സ്വാശ്രയശീലം, നേതൃത്വപരിശീലനം, സഹകരണബോധം, സേവനമനഃസ്ഥിതി എന്നിവ വളർത്തുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൃഷി, മൃഗസംരക്ഷണം, എന്നിവ അഭിവൃദ്ധിപ്പെടുത്തിയും, സഹകരണസംഘങ്ങൾ സ്ഥാപിച്ചും ഗ്രാമജീവിതം സമ്പന്നമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു നല്ല സാമൂഹ്യവ്യവസ്ഥിതി, ഭാരതത്തിലെ ഇതര ഗ്രാമങ്ങളിലും ഇമ്മാതിരി പ്രവർത്തനംമൂലം രൂപമെടുക്കുമെന്നു മഹാകവി ടാഗോർ ആശിച്ചു. ഗ്രാമീണഭാരതത്തിന്റെ ഹൃദയാന്തർഭാഗത്ത് ചില ചലനങ്ങൾ സൃഷ്ടിച്ച് ഗ്രാമങ്ങളെ മുഴുവൻ ഉണർത്തി, ഒരു പുത്തൻജീവിതത്തിന് ഗ്രാമവാസികളെ തയ്യാറെടുപ്പിക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. കുറെ ഗ്രാമങ്ങളിൽ ഇതിനുള്ള ഒരാരംഭം ഇടുന്നതുകൊണ്ടു് മററു ഗ്രാമങ്ങൾക്കു പ്രചോദനം നൽകുന്നതിന് അതു സഹായിക്കുമെന്നും അങ്ങനെ തൻെറ ജീവിതാഭിലാഷം സാക്ഷാൽക്കരിക്കപ്പെടുമെന്നും അദ്ദേഹം വിശ്വസിച്ചു.

അനവധി നിശാപാഠശാലകൾ സ്ഥാപിതമായി. സ്ത്രീവിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങളും സൃഷ്ടിക്കപ്പെട്ടു. ഗ്രാമീണരുടെ അറിവു വർദ്ധിപ്പിക്കുന്നതിനായി നല്ല ഗ്രന്ഥങ്ങൾ വിതരണം ചെയ്തു തുടങ്ങി. മെച്ചപ്പെട്ട കാർഷികോപകരണങ്ങളും അവർക്കു നൽകുകയുണ്ടായി. വർക്ക്ഷോപ്പുകൾ, സഹകരണസംഘങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനവും ആരംഭിക്കപ്പെട്ടു. പാചകം, തുന്നൽവേല മുതലായവയിൽ സ്ത്രീകൾക്കു

പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളും സമാരംഭിക്കുകയുണ്ടായി.

ശാസ്ത്രീയവും, സാമൂഹ്യവും, സാമ്പത്തികവുമായ ഗവേഷണം ടാഗോറിൻെറ പരിപാടിയിൽ ഇല്ലായിരുന്നു. ഗവണ്മെൻറിൻെറ സഹായവും ഈ പ്രസ്ഥാനത്തിനു ലഭിക്കുകയുണ്ടായില്ല. ഇവ ഈ പദ്ധതിയുടെ വളർച്ചയെ സാരമായി ബാധിച്ചു. ബഹുജനങ്ങളുമായി കൂടുതൽ സമ്പക്കം പുലത്തുന്നതിനും ഗ്രാമീണപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുമായി ഒരു ഗ്രാമീണവിദ്യാസ്ഥാപനം (റൂറൽ ഇൻസ്റ്റിററ്യൂട്ട്) അദ്ദേഹത്തിൻെറ സവ്വകലാശാലയോട് അനുബന്ധിച്ചു സ്ഥാപിതമായി. ഗവണ്മെൻറുമായി ഒരു ബന്ധം ഈ സ്ഥാപനത്തിനു് ലഭിക്കുമെന്നു് ഉദ്ദേശിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷ് മേൽക്കോയ്മ ഗ്രാമങ്ങളുടെ ഇമ്മാതിരി പ്രവത്തനങ്ങളിൽ പങ്കുകൊള്ളുന്നതിനോ ഗ്രാമങ്ങളുടെ ക്ഷേമത്തിനായി എന്തെങ്കിലും പ്രവത്തനം ഏറെറടുക്കുന്നതിനോ സന്നദ്ധമായില്ല. നികുതി പിരിക്കുകയും, നിയമം പാലിക്കുകയും ചെയ്യുക മാത്രമാണു് തങ്ങളുടെ ജോലിയെന്നു് അവർ കരുതി.

ടാഗോറിൻെറ പരീക്ഷണങ്ങൾ വമ്പിച്ച തോതിൽ വിജയിക്കുകയുണ്ടായി. ഗ്രാമീണഭാരതത്തിൻെറ നീറുന്ന പ്രശ്നങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നതിനു് അതു സഹായിച്ചു. സ്വാശ്രയശീലം, ആത്മവിശ്വാസം എന്നിവ ഗ്രാമീണരിൽ വളന്നു. അവരുടെ ജീവിതനിലവാരം ഉയരുകയും ചെയ്തു. എന്നാൽ ഈ പ്രസ്ഥാനം മററു ഗ്രാമങ്ങളിലേക്കു വ്യാപിക്കുകയുണ്ടായില്ല. തന്മൂലം ഹൃദയവേദനയോടുകൂടി അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "ഒരു നവഭാരതസൃഷ്ടിക്കുവേണ്ടിയുള്ള ഈ

പ്രവൎത്തനം ഒരു വ്യക്തിയുടെയോ, ഒരു സംഘം ആളുകളുടേയോ ജോലി എന്നതിൽ കവിഞ്ഞു് എല്ലാവരുടെയും കൎത്തവ്യമായി തീരുന്നതിനു് അതിനു സാധിച്ചില്ല."

*2. ഗർഗൺപരിപാടി*

ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായി ഭാരതത്തിൽ ഇദംപ്രഥമമായി ഗവൺമെൻറിൻെറ ചുമതലയിൽ ആരംഭിച്ച ഒരു പരിപാടിയായിരുന്നു ഇതു്. ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ മി. എഫ്. എൽ. ബ്രേയിനിൻെറ നേതൃത്വത്തിൽ പഞ്ചാബിൽ 'ഗർഗൺ' എന്ന സ്ഥലത്താണു് ഈ പരിപാടി ആരംഭിച്ചതു്. "ഗ്രാമപുനർനിൎമ്മാണത്തിൻെറ പ്രധാനപങ്കു വഹിക്കേണ്ടതു് ഗ്രാമീണർതന്നെയാണു്. ഗ്രാമങ്ങളുടെ അഭിവൃദ്ധി കൈവരുത്തുന്നതിനു് അവർ കൂടുതൽ താല്പൎയ്യം പ്രകടിപ്പിക്കണം. സൎക്കാർ ഉദ്യോഗസ്ഥന്മാർ, ഗ്രാമീണൎക്കു വേണ്ട സാങ്കേതികനിൎദ്ദേശങ്ങളും മററു സഹായവും നൽകണം." ഗർഗൺപരിപാടിയുടെ പിന്നിലുള്ള ആശയഗതിയിതായിരുന്നു.

ഈ പരിപാടിയുടെ ഉദ്ദേശ്യത്തെപ്പററി മി. ബ്രേയിൻ പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്: "ഗ്രാമീണനെ അവൻെറ പഴയ സമ്പ്രദായങ്ങളിൽനിന്നും ഉണൎത്തി അഭിവൃദ്ധി കൈവരുത്താമെന്നു് അവനെ ബോദ്ധ്യപ്പെടുത്തുകയും, കാലാവസ്ഥ, രോഗം, പ്രാണികളിൽനിന്നുള്ള ആക്രമണം എന്നിവയെച്ചൊല്ലി വിധിയെ പഴിക്കുന്നതു് അബദ്ധമാണെന്നു് അവനെ ധരിപ്പിക്കുകയും ചെയ്യുകയെന്നുള്ളതു് ഈ പരിപാടിയുടെ ഉദ്ദേശ്യമാണു്. ഗ്രാമത്തിൻെറ മുഴുവൻ ജീവിതപ്രശ്നങ്ങളെയും കൈകാൎയ്യം

ചെയ്യുകയെന്നുള്ളതും ഈ പരിപാടിയുടെ ഒരു ലക്ഷ്യമാണു്. ജില്ലാ മുഴുവനും ഈ ഉദ്ദേശ്യം മുൻനിത്തി കൈകാര്യം ചെയ്യപ്പെടുകയും, ലക്ഷ്യപ്രാപ്തിക്കായി പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ചു് വ്യാപകമായ തോതിൽ പ്രചരണം നടത്തുകയും വേണം. ഗ്രാമപുനരുദ്ധാരണം ഒരു പൊതുജനപ്രസ്ഥാനമായി വളരുകയും ജീവിതത്തിൻെറ എല്ലാ വശവും അതു സ്പശിക്കുകയും ചെയ്യണം. സംഘടനകളിൽക്കൂടിയുള്ള പ്രവത്തനം, ഗ്രാമശുചീകരണം, കൃഷിവികസനം, വിദ്യാഭ്യാസം, സഹകരണം, സാമൂഹ്യപരിഷ്കരണം, ഊജ്ജിതമായ പ്രചരണപരിപാടി എന്നിവ ഗ്രാമവികസനത്തിൻെറ പ്രധാന ഘടകങ്ങളാണു്."

ശുചീകരണം, ആരോഗ്യസംരക്ഷണനടപടികൾ, ഭവനങ്ങളുടെ അഭിവൃദ്ധി, സ്ത്രീകളുടെ ക്ഷേമം, വദ്ധിച്ച തോതിൽ കാർഷികവിഭവങ്ങളുടെ ഉല്പാദനം, സാധനങ്ങൾ നഷ്ടപ്പെടുത്താതിരിക്കൽ എന്നിവയ്ക്കു് ഈ പരിപാടിയിൽ പ്രാധാന്യം നൽകിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമസഹായകർ (വില്ലേജ് ഗൈഡ്സ്) ആണു് ഗ്രാമങ്ങളിൽ വികസനപ്രവത്തനം നടത്താൻ നിയോഗിക്കപ്പെട്ടിരുന്നതു്. ഇവക്കു് കാർഷികവികസനം, മൃഗസംരക്ഷണം, ബണ്ടുനിമ്മാണം, ഗ്രാമഗതാഗതം, സഹകരണസംഘങ്ങളുടെ പ്രോത്സാഹനം എന്നിവയിൽ ഊജ്ജിതമായ പരിശീലനം നൽകിയിരുന്നു. തന്മൂലം ഗ്രാമീണക്കു് ഈ വിഷയങ്ങളിൽ വേണ്ട ഉത്തേജനം നൽകുന്നതിനും അവരെ പ്രവത്തനനിരതരാക്കുന്നതിനും അവക്കു സാധിച്ചു.

ഗർഗണിലെ ഈ പരീക്ഷണം ഗ്രാമവാസികളെ ആകമാനം ആകർഷിക്കുകയുണ്ടായി. ഇതു് അവരുടെ

ഭാവനയെ ഉജ്ജ്വലത്താക്കി. പഞ്ചാബ് പ്രവിശ്യ മുഴുവൻ ഈവിധ പ്രവത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല ബ്രേയിനിൽ ഭരമേല്പിക്കപ്പെട്ടു. എന്നാൽ ഈ പരീക്ഷണവും വിജയിച്ചില്ല. എല്ലാ മണ്ഡലങ്ങളിലുമുള്ള പ്രവത്തനങ്ങളും അവയുടെ പുരോഗതിയും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്ഥിരമായ ഒരു സംഘടനയില്ലാത്തതായിരുന്നു ഈ പരാജയത്തിൻെറ കാരണം.

മി. ബ്രേയിൻ ഈ ജോലിയിൽനിന്നും പിൻവാങ്ങിയതോടുകൂടി ജനങ്ങളുടെ ഉന്മേഷമെല്ലാം തണുത്തുതുടങ്ങി. എങ്കിലും ആളുകളിൽ അതിശയകരമായ ഒരു പരിവത്തനം ഗർഗൺപരിപാടിമൂലം സംഭവിച്ചിരുന്നു. ഒരു പുതുജീവിതത്തിൻെറ വികാരവും, ഒരു നല്ല പ്രസ്ഥാനത്തിൻെറ അലകളും അന്തരീക്ഷത്തിലാകെ വ്യാപിച്ചു. എന്നാൽ ഇതു് നീണ്ടുനിന്നില്ല. കാരണം, ഒരു നല്ല ജീവിതം കരുപ്പിടിപ്പിക്കുന്നതിനുപകരം ജില്ലാ ഓഫീസറന്മാരെ സന്തുഷ്ടരാക്കുന്നതിനുള്ള ഒരു ദൃഢനിശ്ചയമാണു് ഗ്രാമീണർ എടുത്തതു്. അങ്ങനെയുള്ള ഒരു സമീപനംമൂലം ഇമ്മാതിരി പ്രവത്തനത്തിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുകയില്ലല്ലോ.

### *3. മദ്രാസിലെ ഫക്കാസമ്പ്രദായം*

മദ്രാസ് സംസ്ഥാനത്തു് 1946-ൽ കോൺഗ്രസ്സ് മന്ത്രിസഭയുടെ ചുമതലയിൽ ഗ്രാമവികസനത്തിനുള്ള ഒരു പരിപാടി ആരംഭിച്ചു. ഫക്കാസമ്പ്രദായം എന്നാണു് ഇതു് അറിയപ്പെട്ടിരുന്നതു്. ഗാന്ധിജിയുടെ തത്വസംഹിതകളനുസരിച്ചു് ഗ്രാമസ്വരാജ് നേടുന്നതിനുള്ള വിദ്യാഭ്യാസം, വ്യവസായപരിപാടികൾ, ആരോഗ്യസംരക്ഷണപ്രവത്തനം എന്നിവയെല്ലാം ഈ പരി

പാടിയിൽ ഉൾപ്പെട്ടിരുന്നു. ഗ്രാമീണരിൽ സ്വാശ്രയശീലം, ആത്മവിശ്വാസം എന്നിവ വളർത്തുന്നതിന് ഈ പരിപാടികൊണ്ടു് ഉദ്ദേശിച്ചിരുന്നു. ഗവണ്മെൻറിന്റെ ചുമതലയിൽ ആരംഭിച്ച ഈ പ്രസ്ഥാനം സാമ്പത്തികമായി പിന്നോക്കംനിന്ന 34 ഫർക്കകളിലാണ് തുടങ്ങിയതു്. നെയ്ത്തുതുടങ്ങിയ വ്യവസായങ്ങൾ നടപ്പിലാക്കുന്നതിന്നു സാദ്ധ്യതയുള്ള ഫർക്കകളായിരുന്നു ഇവ. ഗ്രാമഗതാഗതം, പഞ്ചായത്തുരൂപീകരണം, ജലവിതരണം, സഹകരണപ്രസ്ഥാനം, ഗ്രാമശുചീകരണം, കൃഷിപോഷണം, കന്നുകാലിസംരക്ഷണം, ഖാദി–ഗ്രാമവ്യവസായങ്ങളുടെ പ്രോത്സാഹനം തുടങ്ങി ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായുള്ള എല്ലാ പരിപാടികളും ഇതിൽ ഉൾപ്പെട്ടിരുന്നു.

ഫർക്കകളുടെ വിജയകരമായ ഭരണം നടത്തുന്നതിന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ കളക്ടർ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിന് രണ്ടും മൂന്നും ഫർക്കകളുടെ ചുമതല വഹിക്കുന്ന ഗ്രാമക്ഷേമ ഉദ്യോഗസ്ഥന്മാർ (റൂറൽ വെൽഫയർ ഓഫീസറന്മാർ) നിയോഗിക്കപ്പെട്ടിരുന്നു. ഓരോ ഫർക്കയും അഞ്ചുമുതൽ പത്തുവരെ ഗ്രാമങ്ങളായി വിഭജിക്കപ്പെട്ടു. ഓരോ ഗ്രാമത്തിലെയും വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന്നായി ഓരോ ഗ്രാമസേവകനെവീതം നിയോഗിച്ചിരുന്നു. പൊതുമരാമത്തു്, ജലസേചനം എന്നിവയുടെ ചുമതല വഹിക്കുന്ന ഓവർസിയറന്മാരും, കൃഷികാര്യങ്ങൾക്കു ചുമതലപ്പെട്ട കൃഷിവികസനയുദ്യോഗസ്ഥനും ഫർക്കകളിൽ ഈ വിധ പ്രവർത്തനങ്ങൾ നടപ്പിൽവരുത്തുന്നതിനായി നിയമിക്കപ്പെട്ടു. പൊതുജനങ്ങളെ ഈ പ്രസ്ഥാനവുമായി അടുപ്പിക്കുന്നതിന്നുവേണ്ടി ഉദ്യോഗസ്ഥന്മാരും, അനുദ്യോ

ഗസ്ഥന്മാരും ഉൾപ്പെടുന്ന വികസനസമിതി ഓരോ ഫ ക്കയിലും രൂപീകരിക്കുകയുണ്ടായി. ഒരു സംസ്ഥാനഗ്രാമ ക്ഷേമസമിതിയും രൂപീകരിക്കപ്പെട്ടിരുന്നു. ജനങ്ങളിൽ സ്വാധീനശക്തിയുള്ള സാമൂഹ്യപ്രവത്തകരും, ഡിപ്പാർട്ടുമെൻറ് മേധാവികളും ഉൾപ്പെട്ടതായിരുന്നു ഈ സമിതി. 1947-ൽ ഈ സംസ്ഥാനസമിതി ഫക്കാവികസനത്തിനുള്ള ഒരു സമ്പൂർണ്ണപരിപാടി ആവിഷ്കരിക്കുകയുണ്ടായി.

ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥന്മാരും തമ്മിൽ ഒരു മത്സരബുദ്ധി ഉളവാക്കി വികസനപ്രവത്തനങ്ങളെ ത്വരിതപ്പെടുത്തുകയെന്നുള്ള നയമാണു് സ്വീകരിച്ചിരുന്നതു്. നിർമ്മാണപ്രവത്തനങ്ങൾ നടത്തുന്ന അനുദ്യോഗസ്ഥഏജൻസികൾക്കു വിവിധജോലികൾ നൽകപ്പെട്ടു. ഗ്രാമഗതാഗതം, ശുദ്ധജലവിതരണം, ഗ്രാമശുചീകരണം, കൃഷി, ഖാദിയുടെയും ഗ്രാമവ്യവസായങ്ങളുടെയും വികസനം എന്നീ അഞ്ചു വകുപ്പുകൾ അഞ്ചു് ഏജൻസികൾക്കു വിട്ടുകൊടുത്തു. ഈ പ്രവത്തനങ്ങൾ നടത്തുന്നതിനു് ഗവണ്മെൻറ് ഈ സംഘടനകൾക്കു സഹായധനം നൽകുകയുംചെയ്തു.

ഫക്കാസമ്പ്രദായത്തിനും ചില തകരാറുകൾ ഉണ്ടായിരുന്നു. വിവിധഘടകങ്ങൾ തമ്മിൽ ശരിയായ ബന്ധം പുലത്തിയിരുന്നില്ല. കൂടാതെ ഒരു കേന്ദ്രശക്തിയിൽനിന്നും ആവശ്യമുള്ള നിർദ്ദേശവും നേതൃത്വവും യഥാകാലം ഈ പ്രസ്ഥാനത്തിനു ലഭിച്ചിരുന്നുമില്ല. എങ്കിലും ഗവണ്മെൻറിൻെറ ചുമതലയിൽ ആരംഭിക്കപ്പെട്ട വികസനപരിപാടിയുടെ അടുത്ത ഒരു പടിയായി ഫക്കാസമ്പ്രദായത്തെ പരിഗണിക്കാവുന്നതാണു്.

### 4. നിലോഖരിപരീക്ഷണം

ഗാന്ധിജിയും ടാഗോറും നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായുള്ള ഒരു പദ്ധതി വളരുകയായിരുന്നു. ഒടുവിൽ അതു് ഗവണ്മെന്റിന്റെ ഒരു പരിപാടിയായി രൂപാന്തരപ്പെട്ടു. മി. ബ്രേയിനിന്റെ നേതൃത്വത്തിലുള്ള ഗർഗണിലെ പരീക്ഷണം, മദ്രാസിലെ ഫർക്കാസമ്പ്രദായം ഇവ ഗവണ്മെന്റിന്റെ സഹകരണത്തോടുകൂടിയുള്ള ചുവടുവയ്പുകൾ ആയിരുന്നു.

ഭാരതം സ്വതന്ത്രയായതിനുശേഷം ഗവണ്മെന്റിന്റെ ചുമതലയിൽ ഗ്രാമവികസനത്തിനുള്ള വമ്പിച്ച ഒരു പരീക്ഷണപരിപാടി പഞ്ചാബിലുള്ള നിലോഖരിയിൽ സമാരംഭിക്കപ്പെട്ടു. ഭവനരഹിതരായ ഏഴായിരത്തോളം ആളുകളെ കുടിപാർപ്പിക്കുന്നതിനായി പഞ്ചാബിൽ ഒരു കേന്ദ്രം തുറക്കുകയുണ്ടായി. സമീപത്തുള്ള നൂറു ഗ്രാമങ്ങൾ കൂട്ടിച്ചേർത്തു് ഒരു പ്രവർത്തനകേന്ദ്രം അവിടെ ആരംഭിച്ചു. തൊഴിൽപരിശീലനം നല്കുന്നതിനുള്ള ഒരു കേന്ദ്രം ഡൽഹിക്കടുത്തുള്ള കുരുക്ഷേത്രയിൽനിന്നു് 1948-ൽ പഞ്ചാബിലേക്കു മാററുകയുണ്ടായി. ആയിരക്കണക്കിനു് ഏക്കർ ചതുപ്പുനിലം നികത്തിയാണു് ഈ സ്ഥലം തെളിച്ചെടുത്തതു്. ഈ തൊഴിൽപരിശീലനകേന്ദ്രത്തോടനുബന്ധിച്ചാണു് നിലോഖരിയും നിലകൊണ്ടതു്. ഡൽഹിയിൽനിന്നും 80 മൈൽ വടക്കു സ്ഥിതിചെയ്യുന്ന നിലോഖരിയിൽക്കൂടിയാണു് അംബാലായ്ക്കുള്ള ട്രെയിൻ കടന്നുപോകുന്നതു്.

ഇരുമ്പു്, പെട്രോൾ, കൽക്കരി, സിമന്റ് തുടങ്ങിയവ ഒഴികെ, അവിടെ ആവശ്യമുള്ള എല്ലാ സാധനങ്ങളുടെയും, നിർമ്മാണത്തിൽ സ്വയംപര്യാപ്തത നേടു

കയെന്നതായിരുന്നു, ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ആളുകൾക്ക് വിവിധതൊഴിലുകളിൽ ശരിയായ പരിശീലനം നല്കിയാണ് ഇതു സാധിക്കാനുദ്ദേശിച്ചതു്. മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും തൊഴിലാളികളെ വിമുക്തരാക്കി ഉല്പാദകനും ഉപഭോക്താവും തമ്മിലുള്ള ബന്ധം സുഗമമാക്കിയിരുന്നു.

നിലോഖരിയിലെ പ്രവർത്തനങ്ങളിൽ ചില സുപ്രധാനതത്വങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. ഉപജീവനത്തിനുവേണ്ടി ജോലിചെയ്യുന്നവരെയല്ലാതെ മററുള്ളവർ ചെയ്യുന്ന ജോലിയുടെ ഫലം ചൂഷണംചെയ്യുന്നവരെ അവിടെ സ്വീകരിച്ചിരുന്നില്ല. അവരവർ ചെയ്യുന്ന ജോലിയിൽനിന്നുള്ള സമ്പാദ്യം മാത്രമേ അനുവദിച്ചിരുന്നുള്ളു. ജോലിയുടെ മേഖലവിട്ടാൽ നിലോഖരിയിലെ എല്ലാ പൗരന്മാരും തുല്യരാണ്. എല്ലാ പൗരന്മാക്കും, സ്വയം വളരുന്നതിനും, വികസിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. ജോലിചെയ്യാൻ തയ്യാറുള്ള ആരുംതന്നെ പട്ടിണി അനുഭവിക്കേണ്ട ആവശ്യമില്ല. കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യവും, രോഗികൾക്ക് വൈദ്യസഹായവും ലഭിക്കണം. മതം, മനുഷ്യന്റെ ഒരു സ്വകാര്യ ഏർപ്പാടുമാത്രമായിരിക്കാനേ പാടുള്ളു. യാതൊരാളും മററുള്ളവരിൽനിന്നും സ്നേഹബഹുമാനങ്ങൾ അവകാശപ്പെടാൻ പാടില്ല. ഒരാൾ ചെയ്യുന്ന നല്ല പ്രവർത്തനങ്ങൾമൂലം, മററുള്ളവക്ക് സ്വാഭാവികമായുണ്ടാകുന്ന സ്നേഹബഹുമാനങ്ങൾ മാത്രമേ ആർജ്ജിക്കേണ്ടതുള്ളു. മോഹനങ്ങളായ ഈ ആശയങ്ങളാണ്, നിലോഖരിയിലെ പ്രവർത്തനപദ്ധതിയിൽ ഉൾക്കൊണ്ടിരുന്നതു്.

1949—50 ആയപ്പോഴേക്കും ഈ കേന്ദ്രത്തിലെ

പ്രവത്തനങ്ങഠം ഊജ്ജിതപ്പെടാൻതുടങ്ങി. ഭവനങ്ങഠം, വ്യവസായശാലകഠം, പണിശാലകഠം, കച്ചവടസ്ഥലങ്ങഠം, പോളി ടെക്നിക്ക്സ്ഥാപനം എന്നിവയെല്ലാം അവിടെ രൂപമെടുത്തു. പ്രൈമറിസ്ക്കൂഠം, അടിസ്ഥാന വിദ്യാഭ്യാസസ്ക്കൂഠം, ഹൈസ്ക്കൂഠം എന്നിവയും അവിടെ സ്ഥാപിതമായി. ഇഷ്ടികകൊണ്ടുനിമ്മിച്ച ആയിരത്തോളം ഭവനങ്ങഠം അവിടെ ഉയന്നു. നല്ല ഒരാശുപത്രിയും അവിടെ സ്ഥാപിതമായി. ബ്ലോക്ക്ഡവലപ്പ്മെൻറ് ഓഫീസറന്മാർ, സാമൂഹ്യവിദ്യാഭ്യാസ സംഘാടകർ എന്നിവക്കു് പരിശീലനം നല്കുന്ന ഒരു കേന്ദ്രം കൂടിയാണു് നിലോഖരി.

നൂറുകണക്കിനു് ഏക്കർ ചതുപ്പുനിലം ആളുകഠം ആവേശത്തോടുകൂടി നികത്തിയെടുത്തു. ജലസേചന സൗകര്യങ്ങളും മററും ഏർപ്പെടുത്തി ഈ സ്ഥലമെല്ലാം ഒന്നാന്തരം വിളഭൂമിയാക്കി അവർ രൂപാന്തരപ്പെടുത്തുകയുണ്ടായി. ആ കേന്ദ്രത്തിലേക്കു് ആവശ്യമുള്ള ഭക്ഷണസാധനങ്ങഠം മുഴുവൻ, ആളുകഠം അവിടെ വിളയിച്ചു. മററു ജോലിയില്ലാത്ത സമയങ്ങളിൽ ഭവനത്തോടു ചേന്നുള്ള സ്ഥലത്തു് മലക്കറിത്തോട്ടം നട്ടുപിടിപ്പിക്കുന്നതു് ഒരു കത്തവ്യമായി ആളുകഠം സ്വീകരിച്ചു. സ്ക്കൂളുകളിലും, പോളി ടെക്നിക്ക് സ്ഥാപനത്തിലും പഠിച്ചിരുന്ന വിദ്യാത്ഥികഠം ഓരോ മണിക്കൂർവീതം ആഴ്ചയിൽ മൂന്നുദിവസം കൃഷിപ്പണി ചെയ്യുകയെന്നുള്ളതു് നിബ്ബന്ധിതമായിരുന്നു.

മരപ്പണി, ഇരുമ്പുപണി തുടങ്ങിയ അടിസ്ഥാന തൊഴിലുകഠംക്കുള്ള ഊജ്ജിതമായ പരിശീലനം പോളി ടെക്നിക്കിൽനിന്നും നല്കിവന്നു. ഒരു മെഷീൻ ഷോപ്പ്, ഫിററിംഗ്ഷോപ്പ് എന്നിവ പോളി ടെക്

നിക്ക് സ്ഥാപനത്തോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്നു. എൻജിൻ മെക്കാനിസം, ട്രാക്ടർ മെക്കാനിസം, റേഡിയോ മെക്കാനിസം, എലക്ട്രീഷ്യന്മാക്കുള്ള ജോലികൾ, അച്ചടി, വ്യാവസായികമായുള്ള കരകൗശലവേല എന്നിവയിലെല്ലാം ഊർജ്ജിതമായ പരിശീലനം അവിടെ നല്കിത്തുടങ്ങി. മെക്കാനിക്കൽ എൻജിനീയറിംഗ്, എലക്ട്രിക്കൽ എൻജിനീയറിംഗ് എന്നിവയ്ക്കുള്ള ഒരു ഓവർസിയർപരിശീലനവും അവിടെ ആരംഭിച്ചു. 400 വിദ്യാർത്ഥികൾക്ക് പോളിടെക്നിക്കിൽ പരിശീലനം നല്കിവന്നു. അവക്കെല്ലാം ഹോസ്റ്റൽ സൗകര്യവും മററും ഉണ്ടായിരുന്നു. രണ്ടായിരത്തോളം വിദ്യാർത്ഥികൾക്ക് ഒരേ സമയം വിവിധരീതിയിലുള്ള അഭ്യസനം നിലോഖരിയിൽ നല്കിപ്പോന്നു.

നഴ്സറിക്ലാസ്സുകൾ മുതൽ ഹൈസ്ക്കൂൾ ക്ലാസ്സുകൾവരെ ആയിരത്തി ഒരുനൂറു വിദ്യാർത്ഥികൾ പഠിച്ചിരുന്നു. വിദ്യാർത്ഥികൾ ഒരേരീതിയിലുള്ള വസ്ത്രങ്ങളാണു് ധരിച്ചിരുന്നതു്. കുട്ടികളിൽ ഐക്യബോധം, സമത്വഭാവം എന്നിവ വളർത്താൻ ഇതു സഹായിച്ചു. പാവങ്ങളുടെ കുട്ടികൾക്ക് സ്ക്കൂളിൽനിന്നും പാൽ തുടങ്ങിയ പോഷകസാധനങ്ങൾ സമൂഹത്തിൻെറ ചെലവിൽ നൽകിയിരുന്നു. കുട്ടികളുടെ കൃഷിത്തോട്ടങ്ങളിൽനിന്നു കിട്ടിയിരുന്ന ആദായം ഇതിനു വിനിയോഗിച്ചു. ധനശേഖരണാർത്ഥം കുട്ടികളുടെ നാടകം, നൃത്തം, സംഗീതം തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ചിരുന്നു. അതിൽനിന്നു ലഭിച്ച ആദായവും ഈ ആവശ്യത്തിനു വിനിയോഗിച്ചു.

ഒരു ക്ഷീരോല്പാദനകേന്ദ്രം, കോഴിവളർത്തൽ കേന്ദ്രം എന്നിവയും കാര്യക്ഷമമായി അവിടെ പ്രവർത്തി

ച്ചിരുന്നു. ഇരുമ്പുപണി, തുകൽവേല, മരപ്പണി, തയ്യൽവേല, ഉടുപ്പുണ്ടാക്കൽ, സോപ്പുനിർമ്മാണം, എല്ലുപൊടിനിർമ്മാണം എന്നീ വ്യവസായങ്ങളും അവിടെ ഊർജ്ജിതമായി നടന്നു. കൂടാതെ ഇഷ്ടികനിർമ്മാണശാല, വിദ്യുച്ഛക്തി ഉല്പാദനകേന്ദ്രം, ജലവിതരണകേന്ദ്രം എന്നിവയും അവിടെയുണ്ടായിരുന്നു. കൈത്തറിനെയ്ത്ത്, ചായംപിടിപ്പിക്കൽ, കാലിക്കോ പ്രിന്റിംഗ്, തകരവേല, ഉണ്ടനൂൽ നിർമ്മാണം, എണ്ണയാട്ട്, ധാന്യം പൊടിക്കൽ, നെല്ലുകുത്ത്, റൊട്ടിനിർമ്മാണം തുടങ്ങിയ ധാരാളം ചെറുകിട വ്യവസായങ്ങളും അവിടെ നടത്തിവന്നു. ഗതാഗതത്തിനുള്ള എല്ലാ സൗകര്യവും അവിടെ ഉണ്ടായിരുന്നു.

പ്രായപൂർത്തിവന്ന 1400 ആളുകളിൽ 1175 പേർക്ക് വിവിധ വ്യവസായങ്ങളിൽ ജോലിനൽകുന്നതിനു സാധിച്ചു. ആ കേന്ദ്രത്തിലേക്ക് ആവശ്യമുള്ളതിൽ കൂടുതൽ സാധനങ്ങൾ അവിടെ ഉല്പാദിപ്പിച്ചിരുന്നു. നിലോഖരിയിലെ എല്ലാ പ്രവർത്തനങ്ങൾക്കും പണം മുടക്കിയതു കേന്ദ്രഗവണ്മെന്റാണ്. അവിടത്തെ ആദായംകൊണ്ടുതന്നെ പലിശസഹിതം ആ പണം തവണകളായി തിരിച്ചടയ്ക്കുന്നതിന് ആ കേന്ദ്രത്തിനു സാധിച്ചു. മദ്ധ്യവർത്തികളെ ഒഴിവാക്കുന്നതിനുവേണ്ടി എല്ലാ വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിലോ ഗവണ്മെന്റിന്റെ മേൽനോട്ടത്തിലോ ആണു നടത്തിയിരുന്നതു്. കൺട്രാക്ടറന്മാർക്കോ കുത്തകമുതലാളിമാർക്കോ അവിടെ സ്ഥാനം ഉണ്ടായിരുന്നില്ല. നിലോഖരി കേന്ദ്രത്തിന് നേതൃത്വം നല്കി, എല്ലാ പ്രവർത്തനങ്ങളും വിജയകരമായി നടത്തിയിരുന്നതു്, ഇന്നത്തെ കേന്ദ്രസാമൂഹ്യവിക

സനവകുപ്പുമന്ത്രി ശ്രീ. എസ്. കെ. ഡേ ആയിരുന്നു എന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണു്.

ഗ്രാമവികസനത്തിനായി നടത്തിയ പരീക്ഷണ പരിപാടികളിൽ, കനത്ത ഒരു സംഭാവന നൽകാൻ കഴിഞ്ഞ ഒരു പരീക്ഷണമായിരുന്നു നിലോഖരിയിലേതു്. ഭാരതത്തിൽ സാമൂഹ്യവികസനപരിപാടി വ്യാപകമായ തോതിൽ ആരംഭിക്കുന്നതിനുള്ള ആശയും ആത്മവിശ്വാസവും ഈ പരീക്ഷണം നൽകുകയുണ്ടായി. "നിലോഖരിപരീക്ഷണത്തിൽനിന്നാണു് സാമൂഹ്യവികസനപദ്ധതിക്കു് ഒരടിസ്ഥാനം കിട്ടിയതു്," എന്നു് പ്രധാനമന്ത്രി ശ്രീ. നെഹറുതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

### 5. എട്ടാവാപരീക്ഷണം

1950—51-ൽ ആൽബർട്ടു് മേയർ എന്ന സായിപ്പിന്റെ നേതൃത്വത്തിൽ ചില പരീക്ഷണങ്ങൾ രണ്ടു പ്രോജക്ടുകളിലായി ആരംഭിക്കുകയുണ്ടായി. 79,000 ആളുകൾ അധിവസിച്ചിരുന്നതും, 97 ഗ്രാമങ്ങൾ ഉൾപ്പെട്ടതുമായ എട്ടാവാ പൈലററു് പ്രോജക്ടും, 100 ഗ്രാമങ്ങൾ ചേർന്ന ഗോരഖ്പൂർ ഡോറിയാ എന്ന പ്രോജക്ടുമായിരുന്നു ഇവ. സാമൂഹ്യമായും, വിഭവങ്ങളുടെ ഉല്പാദനത്തിലും എത്രമാത്രം അഭിവൃദ്ധിനേടാൻ സാധിക്കുമെന്നുള്ളതിനു് ഒരു പരീക്ഷണംകൂടിയായിരുന്നു ഇതു്. വൻകിട ജലവൈദ്യുതപദ്ധതി, വൻ വ്യവസായങ്ങൾ എന്നിവ കൂടാതെതന്നെ, ആളുകളുടെ സഹകരണം, ആത്മധൈര്യത്തിൽനിന്നുണ്ടാകുന്ന പ്രചോദനം എന്നിവമൂലം ഗ്രാമീണർക്കു് അഭിവൃദ്ധി കൈവരുത്താമെന്നു് അവരെ മനസ്സിലാക്കുകയെന്നുള്ളതും ഈ പരിപാടിയുടെ ഉദ്ദേശ്യമായിരുന്നു. ഈ പരീക്ഷണങ്ങളുടെ

ഫലമായി ആളുകൾക്കുണ്ടായ അഭിവൃദ്ധി എത്രമാത്രമാണെന്ന് അറിയുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

എട്ടാവാ പ്രോജക്ടിന് പ്രധാനമായി രണ്ടു പ്രവത്തനവകുപ്പുകൾ ഉണ്ടായിരുന്നു. വിത്തുസംഭരണശാല, ഉദ്യോഗസ്ഥന്മാർക്കു വസിക്കുവാനുള്ള കെട്ടിടങ്ങൾ, മാതൃകാഭവനങ്ങൾ, പഞ്ചായത്തുകെട്ടിടം, ഗ്രാമപുനർനിമ്മാണത്തിനാവശ്യമായ മററു നിമ്മാണപ്രവത്തനങ്ങൾ എന്നിവയെല്ലാം ഒന്നാമത്തെ പ്രവത്തനവിഭാഗത്തിൽ ഉൾപ്പെട്ടിരുന്നു. ഈ വകുപ്പിൽ ഉണ്ടായിരുന്ന ഒരു വക്ർഷോപ്പിൽ കാഷികയന്ത്രങ്ങളും, ഉപകരണങ്ങളും നന്നാക്കിവന്നു. ഭരണസംബന്ധമായ കാര്യങ്ങൾ നോക്കുന്നതിനും, സാധനസാമഗ്രികൾ വിതരണം നടത്തുന്നതിനുമായിരുന്നു രണ്ടാമത്തെ വകുപ്പ്.

എട്ടാവാ പ്രോജക്ടിന് അനുവദിച്ചിരുന്ന തുക 2,37,700 രൂപയായിരുന്നു. ഈ പ്രോജക്ടിൻെറ പ്രവത്തനഫലമായി അഭിമാനിക്കത്തക്ക പല നേട്ടങ്ങളും കൈവന്നു. ചില നിഗമനങ്ങൾക്ക് ഈ പരീക്ഷണം വഴിതെളിക്കുകയും ചെയ്തു. "വികസന പരിപാടികൾ ഗ്രാമീണസമ്പദ്‌വ്യവസ്ഥയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നതായിരിക്കണം. മാതൃകാപരീക്ഷണങ്ങളുടെ ഫലമായുണ്ടാകുന്ന വിജയം ഗ്രാമീണക്ക് ആത്മവിശ്വാസം നൽകണം. ഗ്രാമീണരുടെ സഹകരണമാഗ്ഗങ്ങൾക്കു ശരിയായ ഒരു സ്വാധീനശക്തി കൈവരുന്നതായി അനുഭവപ്പെടേണ്ടതാണ്. ഇവ കൈവരാതെ നേതൃത്വത്തെ വളത്തുന്നതുകൊണ്ടോ ആശ്രയിക്കുന്നതുകൊണ്ടോ പ്രയോജനമില്ല."

### 6. ഗ്രമീണപ്രശ്നങ്ങളുടെ ആഴം

ഗ്രാമങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചു് ഭാരതത്തിൻെറ മുഖസ്ഥിതിക്കുതന്നെ ഒരു മാററം വരുത്തുന്നതിനുള്ള പരീക്ഷണങ്ങളാണു് പലടത്തായി ആരംഭിച്ചതു്. മേൽ പ്രസ്താവിച്ച പരീക്ഷണപദ്ധതികൾ കൂടാതെ ബറോഡായിൽ 1931-ലും യു.പി. യിൽ (ഇപ്പോഴത്തെ ഉത്തരപ്രദേശം) 1937-ലും ഗ്രാമോദ്ധാരണപരിപാടികൾ നടന്നിട്ടുണ്ടു്. പഴയ തിരുവിതാംകൂറിലെ, വിളവംകോട്ടുതാലൂക്കിലുള്ള മാത്താണ്ഡത്തു്, വൈ. എം. സി. എ.യുടെ നേതൃത്വത്തിൽ ഗ്രാമവികസനപരിപാടികൾ നടത്തിവന്ന കാര്യവും സ്മരണീയമാണു്. അങ്ങനെ ഭാരതത്തിൻെറ വിവിധ കോണുകളിലായി 1920-നു ശേഷം ഗ്രാമവികസനത്തിനായുള്ള പല പരീക്ഷണപരിപാടികൾ ആരംഭിക്കുകയുണ്ടായി. ഇവയെല്ലാം ഗണ്യമായ തോതിൽ വിജയിക്കുകയും ചെയ്തു. എന്നാൽ വളരെ വമ്പിച്ച ഒരു പ്രശ്നത്തിൻെറ കോണിൽ തൊടുന്നതിനു മാത്രമേ ഇതുകൊണ്ടു സാധിച്ചുള്ളു.

### 7. ഭക്ഷ്യോല്പാദനവികസനസംരംഭം

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ച ഉടനേതന്നെ, ഭക്ഷ്യവിളവുകളുടെ ഉല്പാദനം വദ്ധമാനമായ തോതിൽ ഉയത്തുന്നതിനുള്ള പ്രവത്തനങ്ങളാണു് ഗവണ്മെൻറ് ആരംഭിച്ചതു്. കാരണം, ഭക്ഷ്യപ്രശ്നം അന്നു് വളരെ രൂക്ഷതരമായിരുന്നു. തൊണ്ണൂറുലക്ഷത്തോളം വരുന്ന അഭയാത്ഥികളെ പോററേണ്ടിവന്നതും, ധാന്യങ്ങൾ ധാരാളമായി വിളയുന്ന പല മിച്ചപ്രദേശങ്ങളും ഭാരതത്തിനു് വിഭജനംമൂലം നഷ്ടപ്പെട്ടതുമായിരുന്നു ഇതിനു കാരണം. ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനായി 1947-ൽ

തന്നെ ഗ്രോ മോർ ഫുഡ് കാമ്പെയിൻ (ഭക്ഷ്യോല്പാദന വികസനസംരംഭം) എന്ന പേരിൽ ഒരു പ്രവത്തനപരിപാടി സമാരംഭിച്ചു. നല്ലയിനം വിത്തും, പുതിയതരം വളങ്ങളും ഉപയോഗിച്ച് നവീനരീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന് ഈ സംഘടന നല്ലവണ്ണം പരിശ്രമിക്കുകയുണ്ടായി. നാലഞ്ചുകൊല്ലം ഈ സംരംഭം നടന്നെങ്കിലും നാലു ശതമാനത്തോളം വരുന്ന കൃഷിഭൂമിയിൽ മാത്രമേ ശാസ്ത്രീയരീതിയിലുള്ള കൃഷിസമ്പ്രദായങ്ങൾ നടപ്പിലാക്കുവാൻ സാധിച്ചുള്ളു.

### 8. ഭക്ഷ്യോല്പാദന അന്വേഷണ കമ്മററിയും ശുപാർശകളും

ഭക്ഷ്യോല്പാദനവികസനസംഘടനയുടെ പ്രവത്തനത്തെപ്പററി പഠിച്ച് ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ ശ്രീ. വി. ററി. കൃഷ്ണമാചാരി അദ്ധ്യക്ഷനായി ഒരു കമ്മററിയെ ഭാരതസക്കാർ നിയോഗിക്കുകയുണ്ടായി. 'ഗ്രോമോർ ഫുഡ് എൻക്വയറിക്കമ്മററി' എന്നറിയപ്പെട്ടന്ന ഈ സമിതി ഭക്ഷ്യോല്പാദനവികസനസമിതിയുടെ പ്രവത്തനത്തെപ്പററി പഠിച്ചശേഷം ഒരു റിപ്പോർട്ട് ഗവണ്മെൻറിലേക്കു സമപ്പിക്കുകയുണ്ടായി. ഭക്ഷ്യോല്പാദനവികസനസമിതിയുടെ പ്രവത്തനം പരാജയപ്പെട്ടതിന് താഴെക്കാണുന്ന കാരണങ്ങളാണ് ഈ സമിതി ചൂണ്ടിക്കാണിച്ചതു്: "പണവും സ്വാധീനവുമുള്ള കൃഷിക്കാർ ഗവണ്മെൻറിൽനിന്നുള്ള ആനുകൂല്യങ്ങളെല്ലാം കൈവശപ്പെടുത്തി വിളവു വദ്ധിപ്പിക്കാൻ ശ്രമിച്ചു. പാവപ്പെട്ട കൃഷിക്കാക്ക് ഈ സംഘടനയുടെ പ്രവത്തനംകൊണ്ടു് യാതൊരു പ്രയോജനവും ലഭിച്ചില്ല. ആളുകൾക്കു് തൊഴിൽ നൽകുന്നതിനുള്ള ഒരു പരിപാടിയും

ഈ പ്രസ്ഥാനത്തിൽ ഇല്ലായിരുന്നു. ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളും ഈ പ്രസ്ഥാനത്തെ ഒരു താല്ക്കാലിക പദ്ധതിയായി മാത്രമേ കരുതിയിരുന്നുള്ളു. അഭിവൃദ്ധി കൈവരുത്താനുള്ള ഒരു ബഹുജനപ്രസ്ഥാനമായി മുമ്പോട്ടു പോകുവാനുള്ള കഴിവ് ഈ താല്ക്കാലികസംഘടനയ്ക്കു് ഉണ്ടായിരുന്നില്ല."

ശ്രീ. വി. ററി. കൃഷ്ണമാചാരിതന്നെ അദ്ധ്യക്ഷനായിരുന്ന ഫിസ്കൽക്കമ്മീഷൻെറ 1950 ജൂൺമാസത്തിലെ റിപ്പോർട്ടിൽ ഭാരതത്തിലെ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കാൻ, അമേരിക്കയിലും ഇംഗ്ലണ്ടിലും മററുമുള്ളതുപോലെ ഒരു ദേശീയവികസനപദ്ധതി നടപ്പിലാക്കേണ്ടതാണെന്നു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഈ അഭിപ്രായത്തെ ശരിവച്ചുകൊണ്ടുള്ളതായിരുന്നു ഭക്ഷ്യോല്പാദന അന്വേഷണക്കമ്മററിയുടെയും ശുപാർശ: "ഗ്രാമജീവിതത്തിൻെറ എല്ലാ വശങ്ങളെയും സ്പർശിക്കുന്നതും ഗ്രാമത്തിൻെറ എല്ലാക്കോണിലും—ഓരോ ഗ്രാമീണനിലും—ചെന്നുചേരുന്നതുമായ ഒരു ഊർജ്ജിത ഗ്രാമവികസനപരിപാടി രൂപമെടുക്കേണ്ടതുണ്ടു്. ഗ്രാമങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനകേന്ദ്രങ്ങൾ നാട്ടിൽ അങ്ങോളമിങ്ങോളം ആരംഭിക്കണം. ഓരോ വികസനകേന്ദ്രത്തിന്റെയും ഭരണത്തിനായി ഒരു ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ, നാലു വികസന ഉദ്യോഗസ്ഥന്മാർ, 12 ഗ്രാമസേവകർ എന്നിവർ നിയോഗിക്കപ്പെടേണ്ടതാണ്. 120ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഇത്തരം ഓരോ വികസനബ്ലോക്കിലേയും പ്രവർത്തനങ്ങൾക്ക് പ്രതിവർഷം 29,400 രൂപാ ചെലവാക്കണം. ഈ ചെലവ് കേന്ദ്രഗവണ്മെന്റും സംസ്ഥാനഗവണ്മെന്റുംകൂടിയാണ് വഹിക്കേണ്ടതു്. അടിസ്ഥാനജോലികൾക്കുള്ള ഉദ്യോഗസ്ഥന്മാർ

വികസനബ്ലോക്കുകളിൽ നിയമിതരാകുന്നതോടുകൂടി മററു വികസനവകുപ്പുകളും ബ്ലോക്കിൽ ലയിക്കേണ്ടതാണു്." ഇതെല്ലാമായിരുന്നു ഭക്ഷ്യോല്പാദന അന്വേഷണക്കമ്മററിയുടെ ശുപാർശകൾ.

*9. പരീക്ഷണങ്ങളുടെ ഫലം*

ഗ്രാമപുനർന്നിർമ്മാണം നടത്തുന്നതിനായി ആരംഭിക്കപ്പെട്ട പരീക്ഷണകേന്ദ്രങ്ങളും, ഭക്ഷ്യവികസനവകുപ്പും ഭക്ഷ്യോല്പാദന അന്വേഷണക്കമ്മററിയുമെല്ലാം ചില യാഥാർത്ഥ്യങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു. "ഗ്രാമവികസനപ്രവർത്തനം തുടർച്ചയായുള്ള ഒരു പരിപാടിയായിരിക്കണം. അതു വിജയിക്കണമെങ്കിൽ ഗ്രാമജീവിതത്തിൻെറ എല്ലാ ഘടകങ്ങളും അതിൽ ഉൾക്കൊണ്ടിരിക്കുകയും വേണം." ഭാരതത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധി കൈവരുത്തുന്നതിനായി രൂപപ്പെടുത്തിയ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിൽ പ്രത്യേകപരിഗണനയോടുകൂടിത്തന്നെ ഉൾപ്പെടുത്തേണ്ട ഒരു വകുപ്പായി സാമൂഹ്യവികസനപരിപാടി അംഗീകരിക്കപ്പെട്ടു. തൽഫലമായി പ്ലാനിംഗ്കമ്മീഷൻ ഒന്നാം പഞ്ചവത്സരപദ്ധതിയിലെ ഒരു പ്രധാന ഇനമായി സാമൂഹ്യവികസനപരിപാടി ഉൾപ്പെടുത്തുകയുണ്ടായി. ദാരിദ്ര്യം, അജ്ഞത, രോഗം എന്നിവയ്ക്കെതിരായി പടവെട്ടുന്നതിനു ഗ്രാമീണരെ കഴിവുള്ളവരാക്കുകയും, അങ്ങനെ ഗ്രാമജീവിതം സൗഭാഗ്യപൂർണ്ണമാക്കുകയും ചെയ്യുകയെന്നതാണു് ഈ പരിപാടിയുടെ പ്രധാന ഉദ്ദേശ്യം.

അദ്ധ്യായം മൂന്ന്

## സാമൂഹ്യവികസനം

### കമ്മ്യൂണിററി പ്രോജക്റ്റ്

1952 ഒക്ടോബർ രണ്ടാംതീയതി ഭാരതത്തിലെ, 55 കേന്ദ്രങ്ങളിൽ കമ്മ്യൂണിററിപ്രോജക്ടുകൾ ആരംഭിക്കുകയുണ്ടായി എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഇവയിൽ മൂന്നെണ്ണം കേരളക്കരയിലായിരുന്നു. അവ നെയ്യാററിൻകര-വിളവംകോട്ട് കമ്മ്യൂണിററി പ്രോജക്ടും, കുന്നത്തുനാട്ട്-ചാലക്കുടി പ്രോജക്ടും, മലബാറിൽ പാലക്കാട്ട്പ്രോജക്ടുമായിരുന്നു. ഗ്രാമീണജീവിതത്തിൻെറ വിവിധവശങ്ങളെ സ്പർശിക്കുന്ന കൃഷി, മൃഗസംരക്ഷണം, സഹകരണം, ഗതാഗതം, പൊതുജനാരോഗ്യം, ഗ്രാമവ്യവസായങ്ങൾ, വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം, എന്നീ ഇനങ്ങൾക്കായി മൂന്നുവർഷത്തേക്കു്, ഓരോ പ്രോജക്ടിനും 65 ലക്ഷം രൂപാവീതം അനുവദിച്ചിരുന്നു. ഒരു പ്രോജക്ട്, മുന്നൂറോളം ഗ്രാമങ്ങളും, രണ്ടു ലക്ഷത്തോളം ജനസംഖ്യയും ഉള്ളതായിരുന്നു.

കമ്മ്യൂണിററി പ്രോജക്ടുകളുടെ ആവിർഭാവത്തോടുകൂടി പ്രോജക്ടു പ്രദേശങ്ങളിലെ ആളുകളിൽ പ്രത്യേകമായ ഉണർവും എല്ലാ രംഗങ്ങളിലും അഭിവൃദ്ധി കൈവരുത്തുന്നതിനുള്ള അഭിനിവേശവും പ്രത്യക്ഷമായി. പൊതുജനങ്ങൾ, ഈ പരിപാടിയുമായി സഹകരിച്ചതിൻെറ ഫലമായി, ധാരാളം റോഡുകൾ, കലുങ്കുകൾ, കിണറുകൾ, പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, വിനോദകേന്ദ്രങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ രൂപ

മെട്ടത്തു. ഗ്രാമങ്ങളിൽ ഈ പരിപാടിക്കു ലഭിച്ച പ്രോത്സാഹജനകമായ സ്വാഗതംമൂലം, ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽനിന്നും, കമ്മ്യൂണിററി പ്രോജക്ടുകൾ തുടങ്ങുന്നതിനു് ആളുകൾ മുറവിളികൂട്ടി. എന്നാൽ സാമ്പത്തികവൈഷമ്യംകൊണ്ടും, പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാരുടെ ദൗർലഭ്യംമൂലവും ഈ ആവശ്യം ഉടനെ നിറവേററുന്നതിനു പ്രയാസമുണ്ടായിരുന്നു.

*എൻ. ഈ. എസ്. ബ്ളോക്കുകൾ*

കൂടുതൽ പ്രദേശത്തു് വികസനപരിപാടിയുടെ പ്രയോജനം നല്കുന്നതിനായി 1953-ൽ ഗവണ്മെൻറു് ദേശീയവികസനബ്ളോക്കുകൾ അഥവാ എൻ. ഈ. എസ്. ബ്ലോക്കുകൾ (നാഷനൽ എക്സ്റ്റൻഷൻ സർവീസ് ബ്ലോക്കുകൾ) ആരംഭിച്ചു. നൂറു ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതും, ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ളതുമായ ഒരു പ്രദേശമാണു്, ഒരു ദേശീയവികസനബ്ലോക്കിന്റെ പ്രവൎത്തനരംഗം. വിവിധ വികസനപ്രവൎത്തനങ്ങൾക്കായി മൂന്നുവൎഷത്തേക്കു് ആദ്യകാലത്തു് $7\frac{1}{2}$ ലക്ഷം രൂപാ അനുവദിച്ചിരുന്നു. പിന്നീടു് അതു് $4\frac{1}{2}$ ലക്ഷം രൂപായായി കുറവുചെയ്തു. 1952-ൽ ആരംഭിച്ച കമ്മ്യൂണിററി പ്രോജക്ടുകൾഓരോന്നും മൂന്നുമുതൽ അഞ്ചുവരെ എൻ. ഈ. എസ്. ബ്ലോക്കുകളായി വിഭജിക്കപ്പെടുകയും, അവയുടെ പ്രവൎത്തനം തുടരുകയും ചെയ്തു.

*വികസന പ്രവൎത്തനത്തിൻെറ വിവിധ ഘട്ടങ്ങളും, ചില പൊരുത്തക്കേടുകളും*

കമ്മ്യൂണിററി പ്രോജക്ടുകളും, എൻ.ഈ.എസ്. ബ്ലോക്കുകളും ഒരേ ലക്ഷ്യത്തിൽത്തന്നെയാണു് പ്രവൎത്തി

ച്ചതു്. എന്നാൽ ഇവ തമ്മിൽ സാരമായ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. മൂന്നു വർഷത്തേക്കു്, ഒരു കമ്മ്യൂണിററി പ്രോജക്ടിനു് 65 ലക്ഷം രൂപാ അനുവദിച്ചിരുന്നു. എന്നാൽ അതിൻെറ മൂന്നിലൊരുഭാഗം വലിപ്പമുള്ള എൻ. ഇ. എസ്. ബ്ലോക്കിനു് 4½ ലക്ഷം രൂപായേ അനുവദിച്ചിരുന്നുള്ളു. കമ്മ്യൂണിററി പ്രോജക്ടുകൾക്കു് ഇൻഡോ-അമേരിക്കൻ സാങ്കേതികസഹകരണപദ്ധതിപ്രകാരം, ഫിലിം പ്രൊജക്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭിച്ചിരുന്നു. എൻ. ഇ. എസ്. ബ്ലോക്കുകൾക്കു് ഈ സഹായം ലഭിച്ചിരുന്നില്ല. എൻ. ഇ. എസ്. ബ്ലോക്കുകൾ തുടരുന്ന ഒരു പ്രസ്ഥാനമായിരുന്നു. കമ്മ്യൂണിററി പ്രോജക്ടുകളാകട്ടെ താല്ക്കാലികം മാത്രവും.

വദ്ധിച്ചതോതിൽ പൊതുജനസഹകരണം ലഭിച്ചതിൻെറ ഫലമായി, മൂന്നു വർഷത്തിനകം കാര്യമായ പുരോഗതി കാണിച്ച ചില എൻ. ഇ. എസ്. ബ്ലോക്കുകൾ ഉണ്ടായിരുന്നു. അങ്ങനെയുള്ള ബ്ലോക്കുകളെ, സാമൂഹ്യവികസനബ്ലോക്കുകൾ (കമ്മ്യൂണിററി ഡവലപ്പ്മെൻറ് ബ്ലോക്കുകൾ) ആയി അഞ്ചുവർഷത്തേക്കു് 12 ലക്ഷം രൂപാവീതം നല്കി ഉയർത്തുന്ന ഒരു സമ്പ്രദായം ഗവൺമെൻറു സ്വീകരിച്ചു. അഞ്ചുവർഷത്തെ ഊർജ്ജിതപ്രവർത്തനത്തിനു ശേഷം ഇവ, എൻ. ഇ. എസ്. ഘട്ടത്തിലേപ്പോലെ പ്രവർത്തനം തുടരുന്നതാണു്. ഈ ഘട്ടത്തിൽ ഇവ പോസ്റ്റ് ഇൻറൻസീവ് ബ്ലോക്കുകൾ എന്നു് അറിയപ്പെട്ടിരുന്നു.

ബ്ലോക്കുകളുടെ ആകെയുള്ള പ്രവർത്തനകാലഘട്ടത്തെ, നാലു രംഗങ്ങളായി കാണാവുന്നതാണു്. ദേശീയ വികസന ബ്ലോക്കുകൾ തുടങ്ങുന്നതിനു മുമ്പു്, വേണ്ട

ഒരുക്കങ്ങൾനടത്തി, ശരിയായ ഒരു പശ്ചാത്തലം സൃഷ്ടിക്കുന്ന പ്രി-എക്സ്റ്റൻഷൻ ഘട്ടമാണു്, ഒന്നാമത്തേതു്. രണ്ടാമത്തെ ഘട്ടം, ദേശീയവികസനപദ്ധതിക്കാലവും, അതിനുശേഷം സാമൂഹ്യവികസനഘട്ടവും, നാലാമതായി പോസ്റ്റ് ഇൻറൻസീവ് ഘട്ടവും കാണാം. ഈ നാലു ഘട്ടങ്ങൾ തമ്മിൽ ചില പൊരുത്തക്കേടുകളും, ഏററക്കുറച്ചിലുകളും കാണാൻ സാധിക്കും. തുക കുറവാകയാൽ, എൻ. ഈ. എസ്. ഘട്ടത്തിലെ പ്രവത്തനങ്ങൾ അപര്യാപ്തമാണെന്നു ബോദ്ധ്യമായി.

*ബലവന്തറായി മേത്താക്കമ്മററി*

ബ്ലോക്കുകളുടെ പ്രവത്തനത്തെപ്പററി പഠിച്ചു് കാര്യക്ഷമതയും, പ്രയോജനങ്ങളും വദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതിനായി 1956-ൽ ഭാരതസർക്കാർ, ഉന്നതനിലയിലുള്ള ഒരു കമ്മററിയെ നിയോഗിച്ചു. ഈ കമ്മററിയുടെ അദ്ധ്യക്ഷൻ, ശ്രീ. ബലവന്തറായി മേത്തായും, സമതിയിലെ അംഗങ്ങൾ സർവ്വശ്രീ: ശങ്കർദയാൽ ശർമ്മ, ബി. ജി. റാവു, ഫൂൽ സിംഗ്, ജി. രാമചന്ദ്രൻ, ഡി. പി. സിംഗ്, ആർ. കെ. ത്രിവേദി എന്നിവരുമായിരുന്നു. 1956 ഡിസംബർ മാസത്തിലാണു് ഈ പഠനസംഘം നിയോഗിക്കപ്പെട്ടതു്. ഈ കമ്മററി, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വികസന ബ്ലോക്കുകളിലെ പ്രവത്തനങ്ങൾ നിരീക്ഷിക്കുകയും, പഠിക്കുകയും ചെയ്തശേഷം 1957 നവമ്പർ മാസത്തിൽ ഒരു റിപ്പോർട്ടു് സമർപ്പിക്കുകയുണ്ടായി.

*പൊരുത്തക്കേടുകൾക്കു വിരാമമിടുന്നു*

ശ്രീ. ബലവന്തറായി മേത്തായുടെ നേതൃത്വത്തിലുള്ള കമ്മററി സമർപ്പിച്ച ശുപാശ്കളെക്കൂടി പരിഗണിച്ചു

കൊണ്ടു് ബ്ലോക്കുകളുടെ പ്രവൎത്തനത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കി, പ്രവൎത്തനത്തിനു് ഐകരൂപ്യം വരുത്തുന്നതിന്നായി എല്ലാ ബ്ലോക്കുകളും പത്തുവൎഷത്തേക്കു പ്രവർത്തനം നടത്തണമെന്നു തീരുമാനിക്കപ്പെട്ടു.

ബ്ലോക്കുകളുടെ ആകെയുള്ള കാലഘട്ടത്തെ ഇപ്പോൾ മൂന്നു രംഗങ്ങളായി തരംതിരിച്ചിരിക്കുകയാണു്. ഒന്നാമത്തെ രംഗം പ്രി-എക്സ്റ്റൻഷൻ കാലഘട്ടമാണു്. ഇതു് ഒരു വർഷത്തേക്കാണു്. ബ്ലോക്കു ഡവലപ്പ്മെൻററ് ഓഫീസറും, അഞ്ചു ഗ്രാമസേവകരും, അത്യാവശ്യത്തിനുള്ള ഓഫീസ് സ്റ്റാഫുമേ ഈ ഘട്ടത്തിൽ ഉണ്ടായിരിക്കുകയുള്ളു. ബ്ലോക്കുപ്രവൎത്തനങ്ങൾ നടപ്പിലാക്കത്തക്കവണ്ണമുള്ള ഒരു പശ്ചാത്തലം ഒരുക്കുന്നതിനാണു് ഈ ഘട്ടം. ഈ ഘട്ടത്തിൽ ആളുകൾക്കു് ബ്ലോക്കുപരിപാടികളെപ്പററിയും എങ്ങനെ അവർ ബ്ലോക്കുപ്രവൎത്തനങ്ങളിൽ പങ്കുകൊള്ളണമെന്നുംമററുമുള്ള അറിവു നൽകുന്നു. കൂടാതെ ബ്ലോക്കുപ്രദേശത്തെ സാമ്പത്തികമായും മററുമുള്ള സ്ഥിതിവിവരക്കണക്കുകളും ഇക്കാലത്തു ശേഖരിക്കുന്നു. ബ്ലോക്കുപ്രവൎത്തനംകൊണ്ടു് ഓരോ ഇനത്തിലും എത്രമാത്രം പുരോഗതി പിന്നീടു് കൈവന്നു എന്നറിയാൻ ഇതു സഹായിക്കുന്നതാണു്.

ബ്ലോക്കിൻെറ ശരിയായ പ്രവൎത്തനകാലഘട്ടം പത്തുവൎഷത്തേക്കാണു്. ഇതു് രണ്ടു ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ അഞ്ചുവൎഷം ഒന്നാം ഘട്ടമായും (സ്റ്റേജ് 1), അടുത്ത അഞ്ചുവൎഷം രണ്ടാം ഘട്ടമായും (സ്റ്റേജ് 2) അറിയപ്പെടുന്നു. അവികസിതങ്ങളായ ഗ്രാമങ്ങളിൽ കൂടുതൽ പ്രവൎത്തനങ്ങൾ നടക്കേണ്ടതു് ആവശ്യമായതുകൊണ്ടു് ഒന്നാംഘട്ടത്തിലാണു് കൂടുതൽതുക വക

കൊള്ളിച്ചിരിക്കുന്നതു്. വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിൽവരുത്തുന്നതിനായി ഒരു പ്രഥമഘട്ടബ്ലോക്കിൽ 12 ലക്ഷം രൂപായും, ദ്വിതീയഘട്ടബ്ലോക്കിൽ 5 ലക്ഷം രൂപായും വകകൊള്ളിച്ചിരിക്കുന്നു.

*ഗ്രാമീണഭാരതത്തിലാകെ*
*ഈ പരിപാടി പടരുന്നു*

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ഭാരതത്തിലെ എല്ലാ ഗ്രാമങ്ങളെയും ബ്ലോക്കുകളുടെ മേഖലയിൽ കൊണ്ടുവരണമെന്നാണു് ഗവണ്മെൻറ് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ സാമ്പത്തികമായുള്ള പ്രയാസംകൊണ്ടും മററും 1963 ഒക്ടോബറിൽമാത്രമേ ഈ ലക്ഷ്യം സാധിതപ്രായമാകുകയുള്ളു. ഭാരതത്തിലെ അഞ്ചുലക്ഷത്തിൽപ്പരം വരുന്ന ഗ്രാമങ്ങളെ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടു് അയ്യായിരത്തോളം ബ്ലോക്കുകൾ അന്നു് പ്രവർത്തനം നടത്തുന്നതാണു്. കേരളത്തിൽ അന്നു് ആകെയുണ്ടായിരിക്കുന്ന ബ്ലോക്കുകളുടെ എണ്ണം 142 ആണെന്നുള്ള കാര്യം ഈയവസരത്തിൽ സ്മരണീയമാണു്. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 3012 ബ്ലോക്കുകൾ ഭാരതത്തിൽ പ്രവർത്തനം നടത്തുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഓരോ വർഷവും ഒക്ടോബർമാസത്തിലും, ഏപ്രിൽമാസത്തിലും പുതിയ ബ്ലോക്കുകൾ ഗവണ്മെന്റ് ഓരോ സംസ്ഥാനത്തും ആരംഭിക്കുന്നു.

*സാമൂഹ്യവികസനപദ്ധതിയുടെ*
*ലക്ഷ്യവും മാർഗ്ഗവും*

സാമൂഹ്യവികസനം എന്ന വാക്കുകൊണ്ടു് 'സമൂഹപ്രവർത്തനത്തിൽക്കൂടിയുള്ള സാമൂഹ്യപുരോഗതി' എ

ന്നാണു വിവക്ഷിച്ചിരിക്കുന്നതു്. (Community development is the Community uplift through community action.) "മെച്ചമായ ഒരു ജീവിതം കൈവരുത്തുന്നതിനു് ആവശ്യമായ ശാസ്ത്രീയവിജ്ഞാനം ആളുകൾക്കു് നൽകുക" എന്നാണു് 'വികസനം' (extension) എന്ന വാക്കുകൊണ്ടുമാത്രം ഉദ്ദേശിക്കുന്നതു്. ഒരു നല്ല സാമൂഹ്യജീവിതം കെട്ടിപ്പടുക്കുന്നതിനു മനുഷ്യരുടെ കൂട്ടായ പ്രവൎത്തനവും ശാസ്ത്രീയവിജ്ഞാനത്തിന്റെ പ്രയോഗവും ഒരുപോലെ ആവശ്യമാണു്. നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ടും, മറക്കപ്പെട്ടും കിടന്ന ഗ്രാമീണജനങ്ങളെ സംഘടിപ്പിച്ചു് അവരുടെ കഴിവുകളിൽ അവൎക്കു വിശ്വാസം ഉണ്ടാക്കിക്കൊടുക്കുകയും, പുതിയവിജ്ഞാനം അവരിൽ എത്തിച്ചു് ഒരു നല്ല ജീവിതത്തിനായി അവരെ അണിനിരത്തുകയും ചെയ്യുകയെന്നുള്ളതാണു് ഈ പരിപാടിയുടെ ഒരു പ്രധാനലക്ഷ്യം. ഗ്രാമീണരുടെ സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനത്തെ ഉന്നംവച്ചുകൊണ്ടാണു് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതു്.

ഗ്രാമങ്ങളുടെ പ്രശ്നങ്ങൾ നിരവധിയാണു്. ഗ്രാമീണർ കൂട്ടായി ചേൎന്നു് അവയെപ്പററി ചിന്തിക്കുകയും, പരിഹാരമാൎഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. യഥാൎത്ഥപ്രശ്നങ്ങളെപ്പററിയുള്ള ബോധം അവരിൽ ഉളവാക്കുകയും, അവ പരിഹരിക്കുന്നതിനു് അവരെ കരുത്തുള്ളവരാക്കിത്തീൎക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഗ്രാമീണരിൽനിന്നും അറിയാൻ കഴിയുന്ന പ്രശ്നങ്ങളും, അവയ്ക്കു് അവർ വയ്ക്കുന്ന പരിഹാരമാൎഗ്ഗങ്ങളും പ്രത്യേകപരിഗണനയ്ക്കും ഗവേഷണത്തിനും വിധേയമാകുന്നു. അങ്ങനെ, ഗ്രാമങ്ങളുടെ പ്രശ്നങ്ങളെ

കാര്യക്ഷമമായി നേരിടുന്നതിനുള്ള ശാസ്ത്രീയവിജ്ഞാനം രൂപപ്പെടുത്തിയെടുക്കുന്നതിനും അതു് ഗ്രാമീണരിൽ എത്തിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്.

*മാനുഷികമൂല്യമാണു് കൂടുതൽ പ്രധാനം*

ഗ്രാമജീവിതം ആരോഗ്യകരമായി വളരുന്നതിനും, വികസിക്കുന്നതിനുമായി, ഗ്രാമവാസികളിൽ, പരസ്പരധാരണ, സ്നേഹം, സ്വാശ്രയശീലം, ആത്മവിശ്വാസം, ത്യാഗമനഃസ്ഥിതി, സഹകരണമനോഭാവം, ദേശീയബോധം എന്നീ ഗുണങ്ങളെല്ലാം എമ്പാടും വളർന്നേതീരൂ. മനുഷ്യനിൽ ഒരു മാനസികവിപ്ലവംതന്നെ സൃഷ്ടിക്കുകയെന്നുള്ളതു് സാമൂഹ്യവികസനപദ്ധതിയുടെ പരമപ്രധാനമായ ഒരു ലക്ഷ്യമാണു്. മാനുഷികഘടകത്തിനാണു് ഈ പദ്ധതിയിൽ ഏററവും കൂടുതൽ സ്ഥാനം നൽകിയിട്ടുള്ളതു്. മനുഷ്യനിലെ മനുഷ്യത്വത്തെ വളർത്തിയെടുക്കുക എന്നുള്ളതു് ഈ പദ്ധതിയുടെ ഈടുററ ഒരു ലക്ഷ്യമാണു്. മാനുഷികമൂല്യങ്ങളാണു് അങ്ങേയററം ബഹുമാനിക്കപ്പെടേണ്ടതു്. ഭൗതികമായ നേട്ടങ്ങൾ ഒരുപക്ഷേ, കുറഞ്ഞുപോയാൽത്തന്നെയും ആശയപരമായ ഈ മുന്നേററം നമ്മുടെ അഭിവൃദ്ധിക്കു നിദാനമായിട്ടുള്ള ഏററവും പ്രധാന ഘടകമാകുന്നു.

*സംതൃപ്തമായ കുടുംബജീവിതം*

മനുഷ്യജീവിതം നാമ്പെടുക്കുന്നതു് കുടുംബജീവിതത്തിൽനിന്നാണല്ലോ. ജീവിതം തളിരിട്ടു വളരുന്നതിനു് ഉല്ലാസകരമായ നല്ല ഒരു അന്തരീക്ഷം ഓരോ ഭവനത്തിലും ഉണ്ടാകേണ്ടതു് ആവശ്യമാണു്. മെച്ചമായ ഒരു ജീവിതം കരുപ്പിടിപ്പിക്കുവാനുള്ള വിദ്യാഭ്യാസ

മാറ്റമാണ് സാമൂഹ്യവികസനം. ഓരോ ഭവനത്തിലെയും ജീവിതം സംതൃപ്തവും സന്തുഷ്ടവുമാക്കുന്നതിന് ഈ നവീനവിദ്യാഭ്യാസം തികച്ചും ആവശ്യമാണ്. മെച്ചമായ ആഹാരം, ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വിനോദം, വിശ്രമം എന്നിവയെല്ലാം ധന്യമായ ഒരു ജീവിതം കൈവരുത്തുന്നതിന് കൂടിയേ തീരൂ. ഗ്രാമീണരുടെ ജീവിതത്തിന് കാന്തിയും മിഴിവും നൽകാൻ പര്യാപ്തമായ ഘടകങ്ങളാണ് സാമൂഹ്യവികസനപരിപാടിയിൽ കോർത്തിണക്കിയിരിക്കുന്നത്. നാട്ടിൻപുറത്തുള്ള ഒരോ വീട്ടിലെയും ജീവിതത്തിൽ സന്തോഷവും, സംതൃപ്തിയും കലർത്തുന്നതിനു കരുത്തുള്ള ഒരു വിദ്യാഭ്യാസം സാമൂഹ്യവികസനപദ്ധതിയിൽക്കൂടി അവതരിപ്പിക്കപ്പെടുകയാണ്.

*ഒരു ജനകീയപദ്ധതി*

സാമൂഹ്യവികസനം ഗവണ്മെൻറിൻെറ സഹകരണത്തോടുകൂടിയുള്ള ഒരു ജനകീയപദ്ധതിയാണ്. (Community development is a people's programme with Government's participation.) ആളുകളെ ജനാധിപത്യസമ്പ്രദായം പരിശീലിപ്പിക്കുന്നതിനുള്ള എല്ലാ ഘടകങ്ങളും ബ്ലോക്കുപ്രവർത്തനത്തിൽ ഉൾക്കൊള്ളുന്നുണ്ട്. ബ്ലോക്കിന്റെ ചുമതലയിൽ, യുവജനങ്ങൾ, കർഷകർ, കുട്ടികൾ, വനിതകൾ എന്നിവരുടെ സംഘടനകളും, സഹകരണസംഘവുമെല്ലാം രൂപീകരിക്കുകയും അവയുടെ വളർച്ചയ്ക്കുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ജനാധിപത്യസമ്പ്രദായത്തിൽക്കൂടിയാണ് ഈ സംഘടനകൾ എല്ലാം പ്രവർത്തിക്കുന്നത്. ബ്ലോക്കുപ്രദേശത്തുള്ള മിക്ക ആളുകളും ഈ സംഘടന

കളിൽ ഏതിലെങ്കിലും അംഗമായിരിക്കുമല്ലോ. നാട്ടുകാർക്ക് നേതൃത്വം കൊടുത്തുകൊണ്ട് ബ്ലോക്കുപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഈ ബഹുജനസംഘടനകൾക്കു വലിയ ഉത്തരവാദിത്വമുണ്ട്. ഈ മാർഗ്ഗത്തിൽ കൂടിയാണ് ഇവയെല്ലാം ചരിച്ചുകൊണ്ടിരിക്കുന്നതും. സാമൂഹ്യവികസനപരിപാടി ജനങ്ങളുടേതായ ഒരു പദ്ധതിയാണെന്ന് അതിൻെറ പ്രവർത്തനരീതികൾ പരിശോധിച്ചാൽ അറിയാൻ സാധിക്കും.

*ബ്ലോക്കു വികസനസമിതി*

ഒരു ബ്ലോക്കിന്റെ ഭരണത്തെ നയിക്കുന്നതും, നിയന്ത്രിക്കുന്നതും ബ്ലോക്കു വികസനസമിതി (Block Development Committee) എന്ന ഒരു ജനപ്രതിനിധിസഭയാണ്. ബ്ലോക്ക് ഉപദേശകസമിതി (Block Advisory Committee) എന്നാണ് ഇതു് അറിയപ്പെട്ടിരുന്നതു്. ബ്ലോക്കുപ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. ഏ. മാർ; എം. പി. മാർ; പഞ്ചായത്തു പ്രസിഡൻറന്മാർ തുടങ്ങിയ ജനപ്രതിനിധികൾ ഈ സമിതിയിലെ അംഗങ്ങളാണ്. കൂടാതെ, ഭാരത് സേവക് സമാജ്, സോഷ്യൽ വെൽഫയർ ബോർഡ്, തുടങ്ങിയ സാമൂഹ്യക്ഷേമസംഘടനകളുടെ ഓരോ പ്രതിനിധിയും, സഹകരണസംഘങ്ങൾ, മഹിളാസമാജങ്ങൾ എന്നിവയുടെ ഓരോ പ്രതിനിധിയും ഈ സമിതിയിൽ ഉണ്ടായിരിക്കും. ഹരിജനങ്ങൾ ഉള്ള പ്രദേശമാണെങ്കിൽ അവരുടെ ഒരു പ്രതിനിധിയും ഈ സമിതിയിൽ ഉണ്ടായിരിക്കുന്നതാണ്. റവന്യൂ ഡിവിഷനൽ ഓഫീസർ ഈ സമിതിയുടെ അദ്ധ്യക്ഷനും, തഹസീൽദാർ, ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ എന്നിവർ ഈ സമിതി

യിലെ ഉദ്യോഗസ്ഥാംഗങ്ങളുമാണ്. ഈ സമിതിയുടെ ഉപാദ്ധ്യക്ഷനെ അനദ്യോഗസ്ഥാംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്നു.

ബ്ലോക്കുപ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നതു് ബ്ലോക്ക് വികസനസമിതിയാണു്. ഈ സമിതി ബ്ലോക്ക് ബഡ്ജററ് ചർച്ച്ചെയ്തു് അംഗീകരിക്കുകയും ബ്ലോക്കിലെ വിവിധ പരിപാടികൾക്ക് പ്രാഥമികമായ അംഗീകാരം നൽകുകയും ചെയ്യുന്നു. ബ്ലോക്കു വികസനസമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതികൾക്കു മാത്രമേ, അവ നടപ്പിലാക്കുന്നതിനായി ഗവണ്മെൻറുഭാഗത്തു നിന്നുള്ള ഭരണപരമായ അനുമതി ലഭിക്കുകയുള്ളു. ഇതിൽനിന്നും ഈ സമിതിക്ക് ബ്ലോക്കുപ്രവർത്തനങ്ങളിലുള്ള സ്വാധീനശക്തി എത്രമാത്രമാണെന്നു് ഊഹിക്കാമല്ലോ. ബ്ലോക്കുപ്രവർത്തനത്തിൻെറ ന്യൂനതകളെ ചൂണ്ടിക്കാണിക്കുന്നതിനും, അഭിവൃദ്ധിക്കായുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും ഈ സമിതി ശ്രദ്ധിക്കുന്നു. മാസംതോറും ഈ സമിതി സമ്മേളിക്കുകയും ബ്ലോക്കുപ്രവർത്തനങ്ങളെ വിലയിരുത്തുകയും, ഭാവിപ്രവർത്തനങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. പൊതുജന പിൻതുണനേടി ബ്ലോക്കുപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വവും ഈ സമിതിക്കുണ്ടു്. ബ്ലോക്കുപ്രവർത്തനത്തിലുള്ള വിജയങ്ങൾക്കും പരാജയങ്ങൾക്കും ഉത്തരവാദപ്പെട്ട ഒരു പ്രധാനഘടകം ബ്ലോക്ക് വികസനസമിതിയാണെന്നു പറയുന്നതിൽ തെററില്ല.

**ബ്ലോക്കുപരിപാടികൾ നടപ്പിലാക്കേണ്ടതും പൊതുജനങ്ങൾ തന്നെ**

വിവിധ ബ്ലോക്കുപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതു് പൊതുജനങ്ങൾതന്നെയാണു്. അതിനു വേണ്ട

സാങ്കേതികനിർദ്ദേശങ്ങളും കുറെ സാമ്പത്തികസഹായവും ബ്ലോക്കിൽനിന്നും ലഭിക്കുന്നതാണ്. ബ്ലോക്കുപരിപാടികൾ നടപ്പിലാക്കുന്നതിന് പൊതുജനങ്ങൾ പണം, ഭൂമി, അദ്ധ്വാനം എന്നിവയെല്ലാം നൽകേണ്ടതുണ്ട്. എന്നാൽ മാത്രമേ ഗവണ്മെൻറിൽനിന്നുള്ള ആനുകൂല്യം ലഭിക്കുകയുള്ളു. ഒരു ഗ്രാമത്തിൽ ഒരു റോഡു വേണമെങ്കിൽ അതിനുള്ള ഭൂമിയും ശ്രമദാനവും നാട്ടുകാർ നൽകേണ്ടതുണ്ട്. നാട്ടുകാർ നിർമ്മിച്ചുകൊടുക്കുന്ന റോഡിന് ആവശ്യമുള്ള കലുങ്കുകളും മററും ബ്ലോക്കിൻെറ ചുമതലയിൽ ചെയ്തുകൊടുക്കുന്നു. ഒരു ആശുപത്രിയാണ് നിർമ്മിക്കുന്നതെങ്കിൽ അതിനാവശ്യമുള്ള സ്ഥലവും ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ടിവരുന്ന തുകയുടെ നാലിൽ ഒരു ഭാഗവും നാട്ടുകാരുടെ വിഹിതമായി നൽകേണ്ടതാണ്. പള്ളിക്കൂടം, കലാസമിതികൾ, മഹിളാസമാജങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ബ്ലോക്കിൽനിന്നും സാധനസാമഗ്രികൾ നൽകണമെങ്കിൽ ഗവണ്മെൻറിൽനിന്നു നൽകുന്ന തുകയുടെ അത്രയുമെങ്കിലും നാട്ടുകാരുടെ സംഭാവനയായി ഉണ്ടാകേണ്ടതാണ്. ബ്ലോക്കിൻെറ ഏതു പ്രവർത്തനം നടത്തുന്നതിലും നാട്ടുകാരുടെ സംഭാവന പണമായോ, അദ്ധ്വാനമായോ, ഭൂമിയായോ പ്രവർത്തനത്തിൻെറ സ്വഭാവമനുസരിച്ച്, നൽകണമെന്നുള്ളത് നിർബ്ബന്ധമാണ്. ബ്ലോക്കുപ്രവർത്തനങ്ങളിൽ ബഹുജനങ്ങളുടെയും, ഗവണ്മെൻറിൻെറയും ശക്തിയുടെ സമഞ്ജസമായ ഒരു സമ്മേളനമാണ് ദൃശ്യമാകുന്നതു്.

***ജനങ്ങളുടെ ശക്തി, ഗവണ്മെൻറുമായി കൂട്ടുചേരുമ്പോൾ***

ഭാരതത്തിൽ ഒരു വമ്പിച്ച ജനശക്തിയുണ്ട്. അതുല്യമായ ഈ ശക്തിയെ നാടിൻെറ നന്മയ്ക്കായി നീക്കു

കയാണെങ്കിൽ നമ്മുടെ രാജ്യത്തിൻെറ മുഖസ്ഥിതിക്ക് സാരമായ പരിവർത്തനം വരുത്തുവാൻ സാധിക്കും. നാട്ടിലെ നൂറുനൂറു പ്രശ്നങ്ങൾക്ക് ഉത്തരം കാണുന്നതിനും ഇതു സഹായകമാണു്. ബഹുജനൈക്യത്തിന്റെ ശക്തി ശരിയായി മനസ്സിലാക്കാതെയാണു് ഗ്രാമീണർ കഴിഞ്ഞിരുന്നതു്. എന്നാൽ ഇപ്പോൾ ആ അന്തരീക്ഷമൊക്കെ മാറിയിരിക്കുകയാണു്. നാട്ടുകാർ ഒത്തുചേരുകയും നാടിൻെറ നന്മയ്ക്കായി അവർ കൂട്ടുചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്ന ചിത്രമാണു് ഇന്നു നാം കാണുന്നതു്. നാട്ടുകാരുടെ സംഭാവന പണമായോ അദ്ധ്വാനമായോ ഒന്നിച്ചുകൂട്ടുമ്പോൾ അതിൻെറ വ്യാപ്തി വളരെ വലുതായിരിക്കുമല്ലോ. ഈ ബഹുജനശക്തി ഗവൺമെൻറുമായി കൂട്ടുചേരുമ്പോൾ വ്യാപകമായ തോതിൽ നാടെങ്ങും വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുമെന്നുള്ളതു് തർക്കമററ ഒരു സംഗതിയാണു്.

*പഞ്ചായത്തുരാജ്*

സാമൂഹ്യവികസനപരിപാടി തികച്ചും ജനങ്ങളുടെ ഒരു പദ്ധതിയാക്കുന്നതിനുള്ള നീക്കങ്ങളാണു് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. അധികാരം ജനങ്ങളുടെ ഹസ്തങ്ങളിലേക്കു പകരുന്നതിനുവേണ്ടി ബ്ലോക്കുകളുടെ പ്രവർത്തനം പഞ്ചായത്തുകളെ ഏല്പിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണു്. വികസനപ്രവർത്തനങ്ങൾ കൂടാതെ ഒരോ പഞ്ചായത്തിലും നടക്കേണ്ട ഗവൺമെൻറിൻെറ മററു വകുപ്പുകളുടെ ചുമതലയും പഞ്ചായത്തുകളെ ഏല്പിക്കുകയും അങ്ങനെ ഗ്രാമതലത്തിലുള്ള സ്വയംഭരണഘടകങ്ങളായി പഞ്ചായത്തുകളെ രൂപാന്തരപ്പെടുത്തുന്നതിനുമാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

'പഞ്ചായത്തുരാജ്' എന്നറിയപ്പെടുന്ന ഈ പരിപാടി ഇതിനകംതന്നെ രാജസ്ഥാൻ, ആന്ധ്രാ എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംസ്ഥാനങ്ങളിലെ വികസനബ്ലോക്കുകളുടെ ഭരണം നിയമംമൂലം പഞ്ചായത്തുകളെ ഏല്പിച്ചിരിക്കുകയാണ്. ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലും ഈ നടപടി താമസിയാതെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ പഞ്ചായത്തുകൾ ഗ്രാമതലത്തിലുള്ള സ്വയംഭരണഘടകങ്ങളായി രൂപാന്തരപ്പെടുകയാണ്.

1960 ജൂൺമാസത്തിൽ ശ്രീനഗറിൽ വച്ചുനടത്തിയ ദേശീയസാമൂഹ്യവികസനസമ്മേളനത്തിൽ പഞ്ചായത്തുരാജുകളുടെ ആവിർഭാവത്തെപ്പററി സാമൂഹ്യവികസനവകുപ്പുമന്ത്രി ശ്രീ. എസ്. കെ. ഡേ. ഇപ്രകാരം പറയുകയുണ്ടായി: "വികസനപരിപാടികൾ ആസൂത്രണംചെയ്യാനും നടപ്പാക്കാനുമുള്ള അധികാരം ഗ്രാമീണ-ബ്ലോക്കു-ജില്ലാതലങ്ങളിലെതിരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്കു വിട്ടുകൊടുക്കുവാനുള്ള തീരുമാനം എപ്രകാരം ന്യായീകരിക്കാമെന്ന് ആന്ധ്രായിലെയും, രാജസ്ഥാനിലെയും പരീക്ഷണങ്ങൾ തെളിയിക്കുന്നു. കാര്യം നടത്താനുള്ള ശേഷിയിലും, ചുമതലകൾ വഹിക്കാനുള്ള കഴിവിലും ആ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. അവരുടെ അനുഭവങ്ങളിൽനിന്ന് ഭാരതത്തിന്റെ മററു ഭാഗങ്ങൾക്ക് പലതും പഠിക്കാം." അദ്ദേഹം തുടർന്നു പറഞ്ഞ ഭാഗവും ശ്രദ്ധേയമാണ്: "നാട്ടിൽ ഇന്നുകാണുന്ന കുഴപ്പങ്ങൾക്കു കാരണം നമുക്കു നമ്മിൽത്തന്നെ വിശ്വാസമില്ലാത്തതും, നാം നിഷേധാത്മകമായ കാര്യങ്ങളിൽ വിശ്വസിക്കുന്നതുമാണ്. ഇതിൽ നിന്നു രക്ഷനേടാനുള്ള ഏകമാർഗ്ഗം അധികാരം ജന

ങ്ങൾക്കു നൽകുകയെന്നുള്ളതാണ്. തെററുകൾ ചെയ്യുന്നതുകൊണ്ടേ ആത്മവിശ്വാസം ഉണ്ടാകുകയുള്ളു."

*പഞ്ചായത്തുരാജ് കേരളത്തിൽ*

കേരളത്തിലും 1960 ജനുവരിമാസംമുതൽ പഞ്ചായത്തുരാജ് പരീക്ഷണാത്ഥം 20 വികസനബ്ലോക്കുകളിൽ ആരംഭിച്ചിരിക്കുകയാണ്. ഒൻപതു ഡിസ്ത്രിക്ടുകളിൽനിന്നുമായാണ് ഈ ഇരുപതു ബ്ലോക്കുകൾ തിരഞ്ഞെടുത്തിട്ടുള്ളതു്. ഈ സംസ്ഥാനത്തിലെ പഞ്ചായത്തുരാജിൻെറ ഔപചാരികമായ ഉൽഘാടനം നമ്മുടെ പ്രധാനമന്ത്രി ശ്രീ. നെഹറു എറണാകുളത്തുവച്ചു് 1960 ജനുവരി 18-ാംതീയതി നിവ്വഹിക്കുകയുണ്ടായി.

ഭരണഘടനയുടെ 40-ാംവകുപ്പനുസരിച്ചു് സംസ്ഥാനഗവണ്മെൻറുകൾ, പഞ്ചായത്തുകൾ രൂപീകരിക്കണമെന്നും, ജനകീയഭരണത്തിൻെറ അടിസ്ഥാനഘടകങ്ങളായി ഭരണം നടത്തത്തക്കവണ്ണം അവയ്ക്കു വേണ്ട അധികാരങ്ങളും അവകാശങ്ങളും നൽകണമെന്നും അനുശാസിക്കുന്നുണ്ടു്. കേരളഗവണ്മെൻറ് നിയോഗിച്ച ഭരണപരിഷ്കരണക്കമ്മററിയും, പഞ്ചായത്തുകൾ സംസ്ഥാനഭരണത്തിൻെറ അടിസ്ഥാനഘടകങ്ങളായിരിക്കണമെന്ന് ശുപാർശചെയ്യുകയുണ്ടായി. ഗവണ്മെൻറ് ഈ ശുപാൾ അംഗീകരിച്ചു് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകളെ ഗ്രാമതലത്തിൽ ഭരണം നടത്തുന്ന അടിസ്ഥാനഘടകങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനു മൂന്നു ഘട്ടങ്ങൾ ഉണ്ടു്.

1. പഞ്ചായത്തിനെ വികസനപ്രവത്തനങ്ങൾ ക്ഷേമപ്രവത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തുകയും

ഈ പ്രവർത്തനങ്ങൾ പഞ്ചായത്തുകളെ ഏല്പിക്കുകയുംചെയ്യുക.

2. ഗ്രാമതലത്തിൽ നടത്തേണ്ട ഗവൺമെൻറിൻെറ മററു സ്ഥിരംവകുപ്പുകളുടെ പ്രവർത്തനങ്ങളും പഞ്ചായത്തുകളെ ഏല്പിക്കുക.

3. പഞ്ചായത്തുകളെ ഗ്രാമതലത്തിലുള്ളതും പരിപൂർണ്ണസ്വയംഭരണാവകാശമുള്ളതുമായ അടിസ്ഥാന ഭരണഘടകങ്ങളായി രൂപാന്തരപ്പെടുത്തുക.

ഇവയിൽ ഒന്നാംഘട്ടം ഇപ്പോൾ നിലവിലുള്ള നിയമംകൊണ്ടുതന്നെ നടപ്പിലാക്കാവുന്നതും രണ്ടുംമൂന്നും ഘട്ടങ്ങൾ നിയമനിർമ്മാണം നടത്തി നടപ്പിൽ വരുത്തേണ്ടതുമാണ്.

*പഞ്ചായത്തുരാജും വികസനബ്ലോക്കുകളും*

പഞ്ചായത്തുരാജ് ഏർപ്പെടുത്തിയിട്ടുള്ള ബ്ളോക്കുകളിലെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ചുമതല അവിടത്തെ പഞ്ചായത്തുകൾക്കു വന്നുചേർന്നിരിക്കുകയാണ്. ബ്ളോക്ക്ബഡ്ജററ്, ഓരോ പഞ്ചായത്തിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതിക്കും, മററു പഞ്ചായത്തുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടു നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി വിഭജിക്കുന്നു. കാർഷികരംഗത്തു പഞ്ചായത്തുകൾ ചെയ്യേണ്ട ചുമതലകൾ താഴെപ്പറയുന്നവയാണ്: ജപ്പാൻനെൽക്കൃഷിയുടെ മാതൃകാകേന്ദ്രങ്ങൾ തുറക്കുക, വിത്തുല്പാദനകേന്ദ്രങ്ങൾ, കന്നുകാലിപ്പുല്ലു വളർത്തുന്ന കേന്ദ്രങ്ങൾ, അടുക്കളത്തോട്ടങ്ങൾ, പച്ചിലവളച്ചെടിയുടെ നഴ്സറികൾ മുതലായവ നടത്തുക, വിളവുമത്സരം, കമ്പോസ്ററുമത്സരം എന്നിവ നടത്തുക മുതലായവയാണ്. ഈ പദ്ധതികൾക്കു് ഓരോന്നിനും

ഓരോ പഞ്ചായത്തിലേക്കും നീക്കിവച്ചിരിക്കുന്ന തുക അ തതു പഞ്ചായത്തിനെ ഏല്പിക്കുന്നതാണു്.

ബ്ളോക്ക്ബഡ്ജററിൽ ജലസേചനത്തിനു കൊള്ളിച്ചിരിക്കുന്ന തുക, ജലസേചനപദ്ധതികളും മണ്ണുസംരക്ഷണനടപടികളും നടപ്പിലാക്കുന്നതിനു് പഞ്ചായത്തുകൾ വിനിയോഗിക്കുന്നതാണു്. പൊതുജനാരോഗ്യത്തിനുള്ള തുക, പുതിയ കിണറുകൾ നിർമ്മിക്കുന്നതിനും, പഴയ കിണറുകൾനന്നാക്കുന്നതിനും, സ്ക്കൂളുകളിലും പൊതുസ്ഥലങ്ങളിലും കക്കൂസുകൾ, മൂത്രപ്പുരകൾ എന്നിവ കെട്ടുന്നതിനും കുളിക്കടവുകൾ നിർമ്മിക്കുന്നതിനുമൊക്കെ ചെലവാക്കുന്നു. വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം എന്നിവയ്ക്കു കൊള്ളിച്ചിരിക്കുന്ന തുക, സ്ക്കൂളുകളിൽ പ്രസംഗമത്സരം, ഉപന്യാസമത്സരം എന്നിവ നടത്തുന്നതിനും, കുട്ടികളുടെ പാർക്കുകൾ നിർമ്മിക്കുന്നതിനും, വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ നടത്തുന്നതിനും, ഗ്രാമസഹായകക്യാമ്പുകൾ, കായികകലാമത്സരങ്ങൾ മുതലായവ സംഘടിപ്പിച്ചു നടത്തുന്നതിനുമൊക്കെയായി ചെലവാക്കുന്നതാണു്. പുതിയ റോഡുകൾ, കലുങ്കുകൾ, നടപ്പാലങ്ങൾ മുതലായവ നിർമ്മിക്കുന്നതിനു പൊതുമരാമത്തു് ഇനത്തിലുള്ള തുക ഉപയോഗിക്കപ്പെടുന്നു. ബ്ളോക്കിലെ വ്യവസായവികസന ഉദ്യോഗസ്ഥനുമായി ആലോചിച്ചു് അതതു പഞ്ചായത്തിൽ നടപ്പാക്കാവുന്ന ഗ്രാമവ്യവസായങ്ങൾ നടത്തുന്നതിനും പഞ്ചായത്തുകൾ ശ്രദ്ധിക്കുന്നതാണു്.

മേൽ പ്രസ്താവിച്ച വകുപ്പുകൾക്കെല്ലാം ബ്ളോക്ക് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകകൾ ആവശ്യാനുസരണം ചെലവാക്കുന്നതിനായി പഞ്ചായത്തുകളെ ഏല്പിക്കുന്നു. ബ്ളോക്കുപ്രവർത്തനത്തിൽ ശ്രദ്ധിക്കേണ്ട എല്ലാ

നിയമങ്ങളും പ്രത്യേകിച്ചു് പൊതുജനങ്ങളിൽനിന്നു് ഓരോ ഇനത്തിനും കിട്ടേണ്ടതായ സംഭാവന ഉണ്ടാക്കുന്നതിലും പഞ്ചായത്തു ശ്രദ്ധിക്കേണ്ടതുണ്ടു്. എന്നാൽ സംഭാവനയിനത്തിൽ ഉണ്ടാകേണ്ട തുക, ഗവണ്മെൻറിൽനിന്നുള്ള ഗ്രാൻറിനത്തിൽപ്പെടാത്ത പഞ്ചായത്തുഫണ്ടിൽനിന്നും നൽകാവുന്നതാണു്.

*മററു വകുപ്പുകളുടെ പ്രവൎത്തനവും പഞ്ചായത്തുരാജിനെ ഏല്പിക്കുന്നു*

പഞ്ചാത്തുയരാജ്, നിലവിലുള്ള സ്ഥലങ്ങളിൽ, വിവിധ ഡിപ്പാർട്ടുമെൻറുകൾ നടത്തിക്കൊണ്ടിരുന്ന പ്രവൎത്തനങ്ങളും, അതതു പഞ്ചായത്തുകളിൽ നടപ്പാക്കാനുള്ള ചുമതല പഞ്ചായത്തുകൾക്കു് നല്കിയിരിക്കുന്നു. ഗ്രാമറോഡുകൾ നിൎമ്മിക്കുകയും, ഇപ്പോൾ ഉള്ള റോഡുകളുടെ അററകുററപ്പണികൾ നടത്തി നന്നാക്കുകയും ചെയ്യേണ്ടതു്, പഞ്ചായത്തിൻെറ ചുമതലയാണു്. ഈ ആവശ്യങ്ങൾക്കു്, പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ നീക്കിവച്ചിരിക്കുന്ന തുക പഞ്ചായത്തുകളെ ഏല്പിക്കുന്നതാണു്. 5000 രൂപാ വരെ ചെലവാകുന്ന ചെറുകിട ജലസേചനപദ്ധതികളും പഞ്ചായത്തിനു് നടപ്പാക്കാൻ സാധിക്കും. എന്നാൽ ആവശ്യമുള്ളത്ര പൊതുജനസംഭാവന ശ്രമദാനമായിട്ടും മററും ഉണ്ടാകേണ്ടതാണു്. പഞ്ചായത്തുകളിൽ പ്രവൎത്തിക്കുന്ന മാതൃശിശുസംരക്ഷണകേന്ദ്രങ്ങളും, ആരോഗ്യകേന്ദ്രങ്ങളും പഞ്ചായത്തു പ്രസിഡൻറന്മാൎക്കു പരിശോധിക്കാവുന്നതാണു്. സാമൂഹ്യക്ഷേമപ്രവൎത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതികളും പഞ്ചായത്തു പ്രസിഡൻ്റന്മാർ തയ്യാറാക്കി നടപ്പിലാക്കുന്നതാണു്. വെള്ളപ്പൊക്കം, തീപിടുത്തം മുത

ലായ കെട്ടതികഠം ഉണ്ടായാൽ, ആശുപാസനടപടികഠം സ്വീകരിക്കുന്നതിന് ഒരു തുക പഞ്ചായത്തിനെ ഏല്പിക്കുന്നു. എന്നാൽ, ഈ തുക വളരെ പരിമിതമാകയാൽ, പൊതുജനസംഭാവനകഠം, പഞ്ചായത്തിന് ഈ ആവശ്യത്തിനായി സ്വീകരിക്കാവുന്നതാണ്.

ഭാരത് സേവക്സമാജം, മഹിളാസമാജം, യുവകർഷകസംഘടനകഠം, ബാലസമാജങ്ങഠം തുടങ്ങിയ സംഘടനകഠംക്ക് ഗവണ്മെൻറിൽനിന്ന് അനുവദിക്കുന്ന സഹായധനം, പഞ്ചായത്തുമുഖേനയായിരിക്കും നല്കുന്നത്. ഈ സംഘടനകഠംക്കെല്ലാം നേതൃത്വം നല്കി സാമൂഹ്യക്ഷേമപ്രവത്തനങ്ങഠം നടപ്പിൽ വരുത്തുന്നതിന് പഞ്ചായത്തുകഠം ശ്രമിക്കുന്നതാണ്. ഗ്രന്ഥശാലകഠംക്ക് ഗ്രാൻറു നല്കുന്നതിനും പഞ്ചായത്ത് ശ്രദ്ധിക്കുന്നു. ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രന്ഥശാലകളെപ്പററി പഞ്ചായത്തുകഠം നടത്തുന്ന ശുപാശ്കഠം ഗ്രന്ഥശാലാസംഘം പരിഗണിക്കുന്നതാണ്. പ്രൈമറിസ്ക്കൂളിലെ ഹാജർ, പരിസരശുചീകരണം, അദ്ധ്യയനം എന്നിവയെല്ലാം പരിശോധിക്കുന്നതിന്, പഞ്ചായത്തു പ്രസിഡൻറിന് അധികാരമുണ്ട്. അദ്ധ്യാപകന്മാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്നും മററും നോക്കുകയും, അവരെപ്പററിയുള്ള അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പഞ്ചായത്തുപ്രസിഡൻറിന് അവകാശമുണ്ട്. കുട്ടികഠംക്ക് ഉച്ചഭക്ഷണം നൽകാൻ നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഗവണ്മെൻറു നൽകുന്ന തുകകൊണ്ട് ആ ജോലി നിർവ്വഹിക്കേണ്ട ചുമതലയും പഞ്ചായത്തിനാണ്.

ഉണർവോടും, ഉത്തരവാദിത്വബോധത്തോടുംകൂടി പ്രവത്തിക്കാനുള്ള ധാരാളം ചുമതലകഠം പഞ്ചായത്തു

കൾക്കു് വന്നുചേൎന്നിരിക്കുകയാണു്. പഞ്ചായത്തുകൾക്കു ക്രമേണ കൂടുതൽ അവകാശങ്ങളും അധികാരങ്ങളും ലഭിക്കുന്നതുമാണു്. പഞ്ചായത്തുകളിലെ വിവിധ പ്രവൎത്തനങ്ങൾ നടത്തുന്നതിനു് ഗവമെൻറു നൽകുന്ന തുക കൂടാതെതന്നെ വൻതുകകൾ ആവശ്യമുണ്ടു്. അതിനാൽ പഞ്ചായത്തുകൾ നടത്തുന്ന പിരിവുകൾ ഊൎജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

### *പഞ്ചായത്തുരാജ് വിജയിപ്പിക്കുന്നതിനു് ഉദ്യോഗസ്ഥന്മാൎക്കും അനുദ്യോഗസ്ഥന്മാൎക്കും ഉള്ള ചുമതലകൾ*

പഞ്ചായത്തുരാജിൻെറ പ്രവൎത്തനവുമായി ബന്ധപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ, കളക്ടറന്മാർ, ലോക്കൽ ബോഡീസ് ഡെപ്യൂട്ടി ഡയറക്ടർ, ബ്ലോക്കു ഡവലപ്പ്മെൻറു് ഓഫീസറന്മാർ മുതലായവരാണു്. പഞ്ചായത്തുരാജുകളുടെ പ്രവൎത്തനപുരോഗതി തിട്ടപ്പെടുത്തുന്നതിനു കളക്ടരെ ലോക്കൽ ബോഡീസ് ഡെപ്യൂട്ടിഡയറക്ടർ സഹായിക്കുന്നതാണു്. പഞ്ചായത്തുകളിൽ വികസനപ്രവൎത്തനങ്ങൾ നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ബ്ലോക്കു ഡവലപ്പ്മെൻറ് ഓഫീസർ നൽകുന്നതായിരിക്കും. പഞ്ചായത്തുവികസന ഉദ്യോഗസ്ഥൻ, പഞ്ചായത്തുകളുടെ പ്രവൎത്തനങ്ങൾ, കണക്കുകൾ മുതലായവ കൂടെക്കൂടെ പരിശോധിക്കുന്നതാണു്.

ഓരോ പഞ്ചായത്തിനും ഒരു പഞ്ചായത്താഫീസർ ഉണ്ടായിരിക്കും. പഞ്ചായത്തിനു്, ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരുടെ സഹായം ഏതവസരത്തിലും ആവശ്യപ്പെടാവുന്നതും, ഉദ്യോഗസ്ഥന്മാർ വേണ്ട സഹകരണം നൽകേണ്ടതുമാണു്. ജില്ലാ ഓഫീസറന്മാരുടെ

സഹായവും പഞ്ചായത്ത് തേടുന്നതായിരിക്കും. എല്ലാ ഉദ്യോഗസ്ഥന്മാരും അവരുടെ സേവനം കലവറകൂടാതെ പഞ്ചായത്തുകൾക്ക നൽകേണ്ടതു് അവരുടെ ചുമതലയാണു്.

പഞ്ചായത്തുകൾ നാട്ടിലെ സാമൂഹ്യപ്രവത്തകരുടെയും മററു നേതാക്കന്മാരുടെയും സ്വാധീനശക്തി പരമാവധി ഉപയോഗിക്കേണ്ടതാണു്. കൃഷി, ജലസേചനം, വ്യവസായം, സാമൂഹ്യസേവനം എന്നീ പ്രവത്തനങ്ങൾക്കായി പഞ്ചായത്തുമെമ്പറന്മാരും, നാട്ടിലെ മററു നേതാക്കന്മാരും ഉൾപ്പെട്ട ഉപസമിതികൾ രൂപീകരിക്കണമെന്നും അനുശാസിക്കുന്നുണ്ടു്. ഭാവിപൗരന്മാരുടെ ശില്പികളായ അദ്ധ്യാപകന്മാരുടെ സേവനവും പരമാവധി ഉപയോഗിക്കുന്നതിനു് പഞ്ചായത്തു് ശ്രമിക്കുന്നതാണു്.

ഗാന്ധിജി വിഭാവനചെയ്ത 'ഗ്രാമസ്വരാജ്'പോലെയുള്ള പഞ്ചായത്തുരാജ് നടപ്പിൽ വരുത്താനുള്ള ശ്രമം തികച്ചും വിപ്ലവാത്മകമായ ഒരു ചുവടുവയ്പാണു്. ഈ പുതിയ പരീക്ഷണം പ്രയോഗത്തിൽ വരുത്തുമ്പോൾ പല പ്രശ്നങ്ങളും, പ്രയാസങ്ങളും വന്നുസംഭവിച്ചേക്കാം. ഈ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള നിയമങ്ങളും, നിബന്ധനകളും അപ്പുഴപ്പോൾ നിമ്മിക്കുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണു്. കേന്ദ്രസാമൂഹ്യ വികസനവകുപ്പുമന്ത്രി ശ്രീ. എസ്. കെ. ഡേ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ, തെററുകൾ ചെയ്യുന്നതുകൊണ്ടേ നമുക്കു്, അവ തിരുത്തി മെച്ചമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും നമ്മിൽ ആത്മവിശ്വാസം ഉണ്ടാകുന്നതിനും ഇടയാകുകയുള്ളു. തികഞ്ഞ ശുഭാപ്തിവിശ്വാ

സത്തോടും ആത്മനിയന്ത്രണത്തോടുംകൂടി ഈ പരീക്ഷണത്തെ നേരിടുന്നതിനും, അതിനെ വിജയിപ്പിക്കുന്നതിനും പൊതുജനങ്ങളും, ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും കിണഞ്ഞു പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ പരീക്ഷണങ്ങളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും ഈ പരിപാടി മററു പ്രദേശങ്ങളിലേക്കു് വ്യാപിപ്പിക്കുന്നതു്. ഗ്രാമതലത്തിൽ സ്വയംഭരണം നടത്തുന്ന അടിസ്ഥാനഘടകമായ പഞ്ചായത്തുരാജിൻെറ വിജയകരമായ പ്രവത്തനംകൊണ്ടു മാത്രമേ ജനാധിപത്യത്തിൻെറ വേരുകൾ ആഴത്തിലേക്കു താഴുകയും, അതു് ഉറയ്ക്കുകയും ചെയ്യുകയുള്ളു എന്നു് ഈ പ്രസ്ഥാനം കേരളത്തിൽ ഉൽഘാടനം ചെയ്തപ്പോൾ നമ്മുടെ പ്രധാനമന്ത്രി നമ്മെ അനുസ്മരിപ്പിക്കുകയുണ്ടായി.

*സാമൂഹ്യവികസനപരിപാടിയുടെ ഘടനാരൂപം*

കേന്ദ്ര സാമൂഹ്യവികസനസമിതി: വികസനപ്രസ്ഥാനത്തെപ്പററി പഠനം നടത്തുമ്പോൾ അതിൻെറ ഘടനയെപ്പററിയും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. ഈ പ്രസ്ഥാനത്തിൻെറ തലപ്പത്തായി കേന്ദ്ര സാമൂഹ്യവികസനസമിതി സ്ഥിതിചെയ്യുന്നു. ഈ സമിതിയുടെ അദ്ധ്യക്ഷൻ പ്രധാനമന്ത്രിയാണു്. പ്ലാനിംഗ് കമ്മീഷനിലെ അംഗങ്ങളുടെ പ്രതിനിധികൾ, കേന്ദ്ര സാമൂഹ്യവികസനവകുപ്പുമന്ത്രി, കേന്ദ്ര കൃഷിവകുപ്പു മന്ത്രി എന്നിവരാണു് ഈ സമിതിയിലെ അംഗങ്ങൾ. കേന്ദ്രസമിതി സംസ്ഥാനങ്ങളിൽ സാമൂഹ്യവികസനരംഗത്തു് നടപ്പിൽവരുത്തേണ്ട നയപരിപാടികൾ രൂപീകരിക്കുന്നു.

*സംസ്ഥാനസാമൂഹ്യവികസനസമിതിയും മററും*

സാമൂഹ്യവികസനത്തിൻെറ സംസ്ഥാനതലത്തിലുള്ള ഉന്നതമായ സമിതി, സംസ്ഥാനസാമൂഹ്യവികസനസമിതിയാണു്. സംസ്ഥാനസാമൂഹ്യവികസനവകുപ്പുമന്ത്രിയും, ഡവലപ്പ്മെൻറ് കമ്മീഷണരും ഉൾപ്പെട്ട ഈ കമ്മററിയുടെ അദ്ധ്യക്ഷൻ മുഖ്യമന്ത്രിയാണു്. ഈ കമ്മററി കരുപ്പിടിപ്പിക്കുന്ന നയപരിപാടികൾ, ജില്ലാകളക്ടർ, റവന്യൂഡിവിഷനൽ ഓഫീസർ എന്നിവരിലൂടെ നടപ്പിലാകുന്നു.

ഓരോ ജില്ലയ്ക്കും അനുദ്യോഗസ്ഥാംഗങ്ങൾ ഉൾപ്പെട്ട ജില്ലാ ആസൂത്രണക്കമ്മിറ്റിയുണ്ടു്. ബ്ലോക്കുതലത്തിലുള്ള സമിതി ബ്ളോക്കുവികസനസമിതിയാണെന്നു് നാം കണ്ടുകഴിഞ്ഞതല്ലോ.

*വികസനപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ*

ഡവലപ്പ്മെൻറ് കമ്മീഷണർ: സംസ്ഥാനതലത്തിൽ സാമൂഹ്യവികസനവകുപ്പുമായി ബന്ധപ്പെട്ട ഏററവും ഉയന്ന ഉദ്യോഗസ്ഥൻ ഡവലപ്പ്മെൻറ് കമ്മീഷണരാണു്. ചീഫ് സെക്രട്ടറിക്കുടിയായ ഡവലപ്പ്മെൻറ് കമ്മീഷണരെ, വികസനപ്രവത്തനങ്ങളുടെ കാര്യത്തിൽ സഹായിക്കുന്നതിനായി ജോയൻറ് ഡവലപ്പ്മെൻറ് കമ്മീഷണർ (ഡെപ്യൂട്ടി ഡവലപ്പ്മെൻറ് കമ്മീഷണർ) ഉണ്ടു്. കേന്ദ്രസമിയുടെ നിർദ്ദേശപ്രകാരമുള്ള നയപരിപാടികൾ നടപ്പിൽവരുത്തുകയും, പദ്ധതിയുടെ പ്രവത്തനത്തെപ്പററി കേന്ദ്രത്തിലേയ്ക്കു റിപ്പോർട്ടുചെയ്യുകയുമാണു് ഡവലപ്പ്മെൻറുകമ്മീഷണരുടെ പ്രധാന ചുമതല. ജില്ലാതലത്തിലുള്ള പ്രവത്തനങ്ങളുടെ

ചുമതല വഹിക്കുന്ന കളക്ടറന്മാരുടെ മേൽനോട്ടം വഹിക്കുന്നതും ഡവലപ്പ്മെൻറ് കമ്മീഷണറാണ്. സംസ്ഥാനവികസനവകുപ്പുമായി ബന്ധപ്പെട്ട കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മററു ഡിപ്പാർട്ടുമെൻറുകളെ വികസനവകുപ്പുമായി കൂട്ടിയിണക്കുകയെന്നുള്ളതും അദ്ദേഹത്തിൻെറ ചുമതലയാണ്.

*ജില്ലാതലത്തിലുള്ള പ്രധാന ഉദ്യോഗസ്ഥന്മാർ*

ജില്ലാതലത്തിൽ, വികസനവകുപ്പിൻെറ ചുമതല വഹിക്കുന്ന ഏററവും പ്രധാന ഉദ്യോഗസ്ഥൻ ജില്ലാ കളക്ടർ ആണ്. കളക്ടർക്കു താഴെയായി റവന്യൂഡിവിഷനൽ ഓഫീസറന്മാർ ഉണ്ട്. ബ്ളോക്കു പ്രവത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുമെല്ലാം ഈ ഉദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിക്കുന്നു.

കൃഷി, മൃഗസംരക്ഷണം, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം എന്നിവയുടെയെല്ലാം ചുമതല വഹിക്കുന്ന ഡിസ്ട്രിക്ട് ഓഫീസറന്മാരും ബ്ലോക്കുപ്രവത്തനവുമായി ബന്ധപ്പെട്ടവരാണ്. ഓരോ വകുപ്പിലുമുള്ള പദ്ധതികൾ ബ്ളോക്കുകളിൽ നടപ്പാക്കുന്നതിന് അതതു ജില്ലാ ഓഫീസറന്മാരുടെ അനുമതി വാങ്ങേണ്ടതു് ആവശ്യമാണ്. ബ്ളോക്കിൽനിന്നും അയയ്ക്കുന്ന പദ്ധതികളുടെ സ്വഭാവം, ആവശ്യം, പ്രവത്തനസാദ്ധ്യത മുതലായവ പരിശോധിച്ച ശേഷമാണ് ജില്ലാ ഉദ്യോഗസ്ഥന്മാർ സാങ്കേതികമായ അനുമതി നല്കുന്നതു്.

### ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ

ഒരു വികസനബ്ളോക്കിലെ പ്രധാന ഉദ്യോഗസ്ഥൻ ബ്ളോക്ക ഡവലപ്പ്മെൻറ് ഓഫീസറാണ്. ചെറിയതോതിൽ ഭരണാധികാരം വഹിച്ചുവരുന്ന, സഹകരണം, പഞ്ചായത്തു്, കൃഷി തുടങ്ങിയ വകുപ്പുകളിൽ അധികകാലം പരിചയവും, സാമൂഹ്യപ്രവത്തനങ്ങളിൽ താല്പര്യവുമുള്ള ഉദ്യോഗസ്ഥന്മാരെയാണ് സാധാരണ ബ്ളോക്ക ഡവലപ്പ്മെൻറ് ഓഫീസറന്മാരായി തിരഞ്ഞെടുക്കുന്നതു്. നമ്മുടെ സംസ്ഥാനത്തു്, തഹസീൽദാരന്മാരെയും ഇപ്പോഠം ബ്ളോക്കഡവലപ്പ്മെൻറ് ഓഫീസറന്മാരായി നിയമിക്കുന്നുണ്ടു്. ഈ ജോലിക്ക തെരഞ്ഞെടുക്കപ്പെട്ടുന്നവരെ രണ്ടാഴ്ചക്കാലത്തെ പരിശീലനത്തിനായി കൊട്ടാരക്കരയുള്ള വികസനപരിശീലനകേന്ദ്രത്തിലേയ്ക്കു നിയോഗിക്കുന്നു. കുറേനാളത്തെ ബ്ളോക്കിലെ പ്രവത്തനത്തിനുശേഷം, രണ്ടു മാസത്തെ പരിശീലനം നൽകുന്നുണ്ടു്. കേരളത്തിലെ ബ്ളോക്കഡവ്ലപ്പ്മെൻറ് ഓഫീസറന്മാക്ക് ഹൈദരാബാദിലുള്ള ഹിമായത് സാഗറിലാണ് പരിശീലനം നൽകുന്നതു്.

ബ്ലോക്കിലെ വിവിധ ഉദ്യോഗസ്ഥന്മാരെ ഏകോപിപ്പിച്ചു് ഒരു 'ടീം സ്പിരിറേറാ'ടുക്കൂടി നയിക്കുന്ന ഒരു 'ടീം ക്യാപ്റ്റൻ' ആയിരിക്കണം ഒരു ബ്ളോക്ക ഡവലപ്പ്മെൻറ് ഓഫീസർ. കാര്യശേഷി, ഭാവനാശക്തി, ആത്മധൈര്യം, ശുഭാപ്തിവിശ്വാസം, നീതിബോധം, സത്യസന്ധത, സേവനമനഃസ്ഥിതി തുടങ്ങിയ ഗുണങ്ങളെല്ലാം ഈ ഉദ്യോഗസ്ഥനിൽ ഒത്തുചേരേണ്ടതായുണ്ടു്. സഹപ്രവത്തകർക്കും, നാട്ടുകാർക്കും ഒരു പ്രത്യേക പ്രചോദനം നൽകത്തക്കവണ്ണം വ്യക്തിവിലാസമുള്ള ഒരാളായിരിക്കണം ഈ ഉദ്യോഗസ്ഥൻ. വികസനപ്രവത്ത

നത്തിന്റെ വിവിധവശങ്ങളെപ്പററി ശരിയായ പരിജ്ഞാനം ഈ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ടതാണ്. ഉദ്യോഗസ്ഥന്മാരെയും, അനുദ്യോഗസ്ഥന്മാരെയും വിളിച്ചുകൂട്ടി പരിപാടികൾ തയ്യാറാക്കുന്നതിനും, നയതന്ത്രപരമായ പെരുമാററംമൂലം അവരെ ആകർഷിക്കുന്നതിനും അങ്ങനെ വിവിധപരിപാടികൾ നടപ്പിലാക്കുന്നതിനുമെല്ലാമുള്ള വൈഭവം ഈ ഉദ്യോഗസ്ഥന് ആവശ്യമാണ്. ഏതൊരു ബ്ളോക്കിന്റെയും വിജയവും, പരാജയവുമെല്ലാം ബ്ളോക്കുഡവലപ്പ്മെന്റ് ഓഫീസറുടെ വ്യക്തിത്വത്തെ ആശ്രയിച്ചിരിക്കുന്നു എന്നു പറയുന്നതിൽ തെററില്ല.

*വികസന ഉദ്യോഗസ്ഥന്മാർ*

കൃഷി, മൃഗസംരക്ഷണം, സഹകരണം, ചെറുകിടവ്യവസായം, പഞ്ചായത്ത് എന്നിവയ്ക്ക് ഓരോന്നിനും പരിശീലനം ലഭിച്ച ഓരോ വികസന ഉദ്യോഗസ്ഥൻ വീതം ബ്ളോക്കിൽ സേവനം അനുഷ്ഠിക്കുന്നു. ജലസേചനം, പൊതുമരാമത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു ഓവർസിയറും ബ്ളോക്കിൽ നിയമിക്കപ്പെടുന്നു. വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം എന്നിവയുടെ പ്രവർത്തനത്തിനായി പരിശീലനം സിദ്ധിച്ച ഒരു സാമൂഹ്യവിദ്യാഭ്യാസസംഘാടകനും ഒരു സംഘാടകയും ഉണ്ട്. സാമൂഹ്യവിദ്യാഭ്യാസസംഘാടകയുടെ ഇപ്പോഴത്തെ പേര് മുഖ്യസേവികയെന്നാണ്. വിവിധ സാമൂഹ്യസംഘടനകൾ രൂപീകരിക്കുകയും, ക്ലബ്ബുകൾ, പൊതുയോഗങ്ങൾ, കലാപരിപാടികൾ, ഫിലിം പ്രദർശനങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ മുതലായവ നടത്തി ബ്ളോക്കു പ്രവർത്ത

നങ്ങളെപ്പററിയുള്ള ധാരണ വ്യാപകമായ തോതിൽ നൽകുകയും, വികസനപ്രവത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ആവേശം ആളുകൾക്കു നൽകി അവരെ അതിന് അണിനിരത്തുകയും, സവ്വോപരി പൗരത്വപരിശീലനം നൽകി നാട്ടുകാരെ നാടിനും വീടിനും പ്രയോജനമുള്ള നല്ല പൗരന്മാരാക്കിത്തീക്കുകയും ചെയ്യുകയെന്നുള്ളതു് സാമൂഹ്യവിദ്യാഭ്യാസസംഘാടകയുടെ പ്രധാന ജോലിയാണു്.

വികസനപ്രവത്തകരുടെയെല്ലാംതന്നെ പ്രധാന കത്തവ്യം, നാട്ടുകാർക്കു് ഒരു മെച്ചമായ ജീവിതം കൈവരുത്തുന്നതിനുള്ള അറിവും, ആഗ്രഹവും, നിദ്ദേശവും ഒക്കെ നൽകുകയെന്നുള്ളതാണു്. നാട്ടുകാരെ ഈ പുതിയ നീക്കത്തിലേക്കു് അണിനിരത്തുന്നതിനു് നിയോഗിക്കപ്പെട്ടിട്ടുള്ള വികസനപ്രവർത്തകർക്കു് ചില പ്രത്യേക യോഗ്യതകളെല്ലാം കൂടിയേ തീരു. വശ്യവും നയതന്ത്രപരവുമായ പെരുമാററം, കാര്യജ്ഞാനം, കാര്യശേഷി, സഹനശക്തി, ആത്മവിശ്വാസം, സേവനമനഃസ്ഥിതി എന്നീ ഗുണങ്ങളെല്ലാം വികസനപ്രവത്തകക്കു് ഉണ്ടെങ്കിൽ മാത്രമേ നാട്ടിൻപുറത്തുകാരുമായി ഇടപഴകുന്നതിനും വികസനപ്രവത്തനങ്ങൾ നാട്ടിൽ നടപ്പാക്കുന്നതിനും സാധിക്കുകയുള്ളു.

*ഗ്രാമസേവകൻ*

വികസനപ്രസ്ഥാനത്തിൻെറ ഏററവും പ്രധാന ഘടകം ഗ്രാമസേവകനാണു്. ഗ്രാമീണരുമായി ഒത്തുചേൎന്നു വിവിധ വികസനപരിപാടികൾ ഗ്രാമതലത്തിൽ നടപ്പാക്കേണ്ടതു് ഈ ഗ്രാമപ്രവത്തകനാണെന്നുള്ളതാണു് അതിൻെറ കാരണം. ഗ്രാമങ്ങളുടെ ക്ഷേമ

ത്തിനായി ഉന്നതമണ്ഡലങ്ങളിൽ നടത്തുന്ന ചർച്ചകൾ, പഠനങ്ങൾ, ഗവേഷണങ്ങൾ എന്നിവയുടെയെല്ലാം ഫലമായി രൂപമെടുക്കുന്ന ആശയങ്ങൾ അവസാനം ചെന്നുചേരുന്നതു് ഗ്രാമസേവകൻെറ കയ്യിലാണു്. ഒട്ടവളരെ പ്രശ്നങ്ങളുള്ള നാട്ടിൻപുറങ്ങളിൽ, ഈ പരീക്ഷണപരിപാടികൾ നടപ്പാക്കണമെങ്കിൽ അതിനുള്ള യോഗ്യതകൾ മററാരെയുംകാൾ കൂടുതലായി വേണ്ടതു് ഗ്രാമസേവകനാണെന്നുള്ളതു് തർക്കമററ സംഗതിയാണു്. വികസനപരിപാടികളെപ്പററിയും കൃഷി തുടങ്ങിയ സാങ്കേതികവിഷയങ്ങളെക്കുറിച്ചും ഗ്രാമസേവകനും നല്ല പരിജ്ഞാനമുണ്ടായിരിക്കുന്നതോടൊപ്പം നാട്ടുകാരെ ഇവ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതിനുള്ള കഴിവും അയാൾക്ക് ഉണ്ടായിരിക്കണം. ഗ്രാമീണരുമായി ഇണങ്ങിച്ചേർന്നുപോകാനുള്ള കഴിവു്, തികഞ്ഞ സേവനമനഃസ്ഥിതി, പരിതഃസ്ഥിതികൾക്കൊപ്പം ഉയരാനുള്ള സാമർത്ഥ്യം, വശ്യമായ പെരുമാററം, ഭാവനാശക്തി, ആത്മധൈര്യം, ശുഭാപ്തിവിശ്വാസം എന്നീ ഗുണങ്ങളെല്ലാം ഗ്രാമസേവകനു് ആവശ്യമാണു്.

ഗ്രാമസേവകന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്കു് രണ്ടുവർഷക്കാലം നീണ്ടുനിൽക്കുന്ന പരിശീലനം വികസനപരിശീലനകേന്ദ്രങ്ങളിൽനിന്നും നൽകുന്നു. ഈ ജോലിക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള കുറഞ്ഞ യോഗ്യത എസ്സ്. എസ്സ്. എൽ. സി. പാസ്സായിരിക്കണമെന്നുള്ളതാണു്. നല്ല ആരോഗ്യവും, പ്രസരിപ്പും ഉള്ളവരെ തെരഞ്ഞെടുക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കുന്നു. കായികശക്തി, ബുദ്ധിസാമർത്ഥ്യം, സാമാന്യജ്ഞാനം, ഈ ജോലിക്കുള്ള പ്രത്യേകവാസനകൾ എന്നിവയെല്ലാം പ

രീക്ഷിച്ചറിഞ്ഞശേഷമാണ് ഇപ്പോൾ ഗ്രാമസേവകരെ തെരഞ്ഞെടുക്കുന്നത്.

വിവിധോദ്ദേശപ്രവർത്തകനായ ഗ്രാമസേവകന്, അടിസ്ഥാനകാർഷികശാസ്ത്രം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, ചെറുകിടവ്യവസായങ്ങൾ, സാമൂഹ്യവിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിലുള്ള പരിശീലനമാണു നൽകുന്നത്. ഗ്രാമീണരുടെ മുഖ്യമായ തൊഴിൽ കൃഷിയും, മൃഗസംരക്ഷണവുമാകയാൽ ഈ വിഷയങ്ങൾക്കാണ് പരിശീലനപരിപാടിയിൽ ഏററവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. പരിശീലനം പൂത്തിയാകുന്നതോടുകൂടി കൃഷി, മൃഗസംരക്ഷണം എന്നിവയുടെ നാനാവശങ്ങളെപ്പററിയുള്ള അറിവ് ഗ്രാമസേവകൻ നേടിയിരിക്കും. നല്ലയിനം വിത്തുകളെപ്പററിയുള്ള ഗ്രാഹ്യം, രാസവളങ്ങൾ, ജൈവവളങ്ങൾ എന്നിവയെപ്പററിയും അവ ഉപയോഗിക്കേണ്ട രീതിയെപ്പററിയുമുള്ള ജ്ഞാനം, സസ്യസംരക്ഷണത്തിന് കൈക്കൊള്ളേണ്ട നടപടികൾ, മണ്ണുസംരക്ഷണമാഗ്ഗങ്ങൾ, കാർഷികോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള അറിവ് മുതലായവ ഗ്രാമസേവകൻ പരിശീലനകേന്ദ്രത്തിൽനിന്നും നേടുന്നു. കൃഷിയിലുള്ള പ്രായോഗികപരിശീലനവും ഗ്രാമസേവകക്ക് നൽകുന്നുണ്ട്. കന്നുകാലികളുടെ സുഖക്കേടുകളെപ്പററിയുള്ള സാമാന്യജ്ഞാനവും, പ്രതിവിധിയും, കന്നുകാലികൾക്കുള്ള പോഷകപ്രധാനങ്ങളായ തീററിസാധനങ്ങളെപ്പററിയുള്ള അറിവ് മുതലായവയും ഗ്രാമസേവകർ നേടുന്നു. ഗ്രാമോദ്ധാരണപ്രവത്തനങ്ങൾക്ക് ആവശ്യമായ പലതും ഗ്രാമസേവകരെ അഭ്യസിപ്പിക്കുന്നുണ്ട്. പഞ്ചായത്തുകളുടെയും, സഹകരണസംഘങ്ങളുടെയും പ്രവത്തനങ്ങളെപ്പററിയുള്ള ബോധം, ഗ്രാമീണവ്യവസായങ്ങ

ളുടെ സാമ്പത്തികമായ വശങ്ങളെക്കുറിച്ചുള്ള അറിവ്, ഈ വ്യവസായങ്ങൾക്ക് ഉപയോഗിക്കേണ്ട ഉപകരണങ്ങളുമായുള്ള പരിചയം, അടിസ്ഥാനവിദ്യാഭ്യാസത്തിലുള്ള പരിശീലനം, സാമൂഹ്യവിദ്യാഭ്യാസതത്വങ്ങളെപ്പറ്റിയുള്ള ജ്ഞാനം എന്നിവയും ഗ്രാമസേവകന് ഉണ്ടായിരിക്കും. പരിസരശുചീകരണത്തിന് സ്വീകരിക്കേണ്ട നടപടികളെപ്പററിയുള്ള അറിവ്, പ്രഥമശുശ്രൂഷയിലുള്ള പരിചയം എന്നിവയും ഗ്രാമസേവകനു ലഭിക്കുന്നുണ്ട്. എല്ലാ വിഷയങ്ങളിലും വളരെ വിദഗ്ദ്ധമായ പരിശീലനമാണ് വികസനപരിശീലനകേന്ദ്രങ്ങളിൽനിന്നും ഇവർക്കു നൽകുന്നതു്.

ഗ്രാമസേവകർക്കു ലഭിച്ചിട്ടുള്ള സാങ്കേതികവിജ്ഞാനം നാട്ടുകാർക്കു പ്രയോജനപ്പെടത്തക്കവണ്ണം പ്രവത്തിക്കുന്നതിനാണ് അവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. നാട്ടിൻപുറത്തുകാരുമായി ഇടപഴകുന്നതോടുകൂടി കൂടുതലായി പലതും അവർ ഗ്രഹിക്കുന്നു. നാടിൻെറ യഥാത്ഥപ്രശ്നങ്ങൾ നേരിൽ കണ്ടു് അറിയുന്നതിനും അവയുടെ പരിഹാരമാർഗ്ഗങ്ങൾ നാട്ടുകാരെ ധരിപ്പിച്ചു് അവരെക്കൊണ്ടുതന്നെ അവ ചെയ്യിക്കുന്നതിനുമുള്ള അവസരം ഗ്രാമസേവകർക്കു ലഭിക്കുന്നു. ഒരു ഗ്രാമസേവകൻെറ ചുമതലയിലുള്ള പ്രദേശത്തു് 1500 മുതൽ 2000 വരെ ഭവനങ്ങൾ ഉണ്ടായിരിക്കും. ഈ വീടുകൾ എല്ലാമായി ബന്ധം പുലത്തേണ്ട ചുമതല ഗ്രാമസേവകനുണ്ടു്. നാട്ടുകാരെ വികസനപ്രവത്തനങ്ങളെപ്പററിയും മററും ധരിപ്പിക്കുന്നതിന് വ്യക്തിപരമായും സമൂഹമായും ഗ്രാമസേവകൻ കാണുകയും സമ്പക്കം പുലത്തുകയുംചെയ്യുന്നു. ഭവനസന്ദശനം നടത്തുകയെന്നുള്ളതും ഒരു പ്രധാനജോലിയാണ്.. ഓരോ വീട്ടുകാർക്കുമുള്ള കൃഷിഭൂമി, കൃഷികൾ,

മറ്റുതൊഴിലുകൾ എന്നിവയും, ഓരോ പ്രദേശത്തിനും പറ്റിയ തൊഴിലുകൾ, ബ്ളോക്കിൽനിന്നു ചെയ്യാവുന്ന സഹായങ്ങൾ എന്നിവയെപ്പററിയെല്ലാം ഗ്രാമസേവകനു ശരിയായ ഗ്രാഹ്യമുണ്ടായിരിക്കണം. തൻെറ ചുമതലയിലുള്ള പ്രദേശത്തു് നാട്ടുകാരുടെ ശ്രമദാനംകൊണ്ടു് ഏതെല്ലാം കാര്യങ്ങൾ ചെയ്തുതീക്കാമെന്നും, എന്തെല്ലാം ഗ്രാമവ്യവസായങ്ങൾ അവിടെ നടത്താമെന്നും, സഹകരണസംഘങ്ങൾ എങ്ങനെ, എവിടെയെല്ലാം സംഘടിപ്പിക്കാമെന്നും അയാൾ അറിഞ്ഞിരിക്കേണ്ടതുണ്ടു്.

ഒരേസമയം നാട്ടുകാരെ മുഴവൻ വീടുസന്ദർശനം നടത്തിയും മററും കാണാൻ പ്രയാസമാണല്ലോ. ഓരോ ആഴ്ചയും കുറെ വീടുകളെങ്കിലും സന്ദശിക്കേണ്ടതു് ആവശ്യമാണു്. ബ്ളോക്കിൻെറ സന്ദേശം നാട്ടിൽ പരക്കെ എത്തിക്കുന്നതിനുള്ള എളുപ്പമാഗ്ഗം വിവിധസംഘടനകളിൽക്കൂടിയുള്ള പ്രവത്തനമാണു്. പല വിഷയങ്ങളെപ്പററിയുള്ള ചർച്ചകളും ഈ സംഘടനകളിൽ നടത്താവുന്നതും പുതിയ അറിവു് ആളുകൾക്കു് എളുപ്പം നൽകാവുന്നതുമാണു്. ശ്രമദാനം സംഘടിപ്പിക്കുന്നതിനും, സഹകരണസംഘത്തിൽ ആളുകൾ ചേരുന്നതിനു പ്രേരിപ്പിക്കുന്നതിനും, വിത്തുകളും, തൈകളും വിതരണം നടത്തുന്നതിനും, ക്യാമ്പുകൾ, പ്രദശനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതിനുമൊക്കെ ഈ സംഘടനകൾവഴി സാധിക്കുന്നതാണു്. ഗ്രാമസേവകർ സാധാരണയായി ഉച്ചവരെയുള്ള സമയം തൻെറ മേഖലയിലുള്ള ഭവനങ്ങൾ, സ്ഥാപനങ്ങൾ മുതലായവ സന്ദശിക്കുന്നതിനും മററും വിനിയോഗിക്കുന്നു. ഉച്ചയ്ക്കു് 2 മണി മുതൽ 4 മണിവരെ ഗ്രാമസേവകൻ തൻെറ ഓഫീസിൽ ഉണ്ടായിരിക്കും. ഈ സമയം, ഗ്രാമവാസികൾക്കു് ഗ്രാമ

സേവകനെ കണ്ടു നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും, അവരുടെ ആവശ്യങ്ങൾ അറിയിക്കുന്നതിനും, വിത്തു്, കീടനാശിനികൾ മുതലായവ വാങ്ങുന്നതിനുമൊക്കെ സാധിക്കുന്നു.

ഗ്രാമങ്ങളുടെ പ്രശ്നങ്ങൾ നിരവധിയാകയാൽ, ഗ്രാമസേവകനു ചെയ്തുതീർക്കേണ്ട ജോലിയുടെ വ്യാപ്തിയും വളരെ വലുതാണു്. ഒരുസമയംതന്നെ അയാൾക്കു പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. വളരെ ശുഷ്കാന്തിയോടുകൂടിയും, നയതന്ത്രപരമായും പ്രവത്തിച്ചാൽ നാട്ടുകാരുടെ ഹാർദ്ദമായ സഹകരണത്തോടുകൂടി പല നല്ല കാര്യങ്ങളും നാട്ടിൽ ചെയ്തുതീക്കാൻ സാധിക്കുമെന്നു സമത്ഥന്മാരായ ഗ്രാമസേവകരുടെ പ്രവത്തനങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണു്. ഗ്രാമസേവകന്റെ ജോലിയുടെ വ്യാപ്തിയും പരിമിതികളും മനസ്സിലാക്കാതെ ശ്രമകരമായ ജോലിയിൽ ഏപ്പെട്ടിരിക്കുന്ന ഇവരെപ്പററി കുററംപറയുന്നവരുണ്ടു്. സഹാനുഭൂതിയോടുകൂടി വീക്ഷിക്കപ്പെടേണ്ട ഒരു ജോലിയാണു് ഗ്രാമസേവകന്റേതു്. നാട്ടുകാർ എത്രമാത്രം ഈ പ്രവത്തകനെ ഉപയോഗിക്കുന്നതിനുവേണ്ടി സൗമനസ്യബുദ്ധ്യാ തയ്യാറാകുന്നുവോ അത്രകണ്ടു് പ്രവത്തനങ്ങൾ ആ പ്രദേശത്തു നടക്കുമെന്നുള്ളതാണു് നേരു്. ഗ്രാമസേവകരും, നാട്ടുകാരും വികസനവുമായി ബന്ധപ്പെട്ട മററെല്ലാ ആളുകളും കൂടുതൽ ഉണർവോടും ഉത്തരവാദിത്വബോധത്തോടുംകൂടി പ്രവത്തിക്കാൻ തയ്യാറാകുകയാണെങ്കിൽ, ഈ പ്രസ്ഥാനംകൊണ്ടു് ഉദ്ദേശിക്കുന്ന കാര്യമെല്ലാം യാഥാർത്ഥ്യമാക്കിത്തീക്കാമെന്നുള്ളതു് തക്കമററ സംഗതിയാണു്.

ഒരു ബ്ലോക്കുപ്രദേശം സാധാരണയായി 10 ഗ്രാമസേവക സക്കിളുകളായി വിഭജിക്കപ്പെടുകയും, ഓരോ

സക്കിളിലും ഓരോ ഗ്രാമസേവകനെ വീതം നിയോഗി ക്കയുമാണു ചെയ്യുന്നതു്.

*ഗ്രാമസേവികമാർ*

നാട്ടിൻപുറങ്ങളിലെ സ്ത്രീകളുടെ സാമൂഹ്യമായും, സാമ്പത്തികമായും മററുമുള്ള അഭിവൃദ്ധി കൈവരുത്തു ന്നതിനു് മഹിളാരംഗത്തു് ചില പ്രവത്തനങ്ങളൊക്കെ നടക്കേണ്ടതായുണ്ടു്. ഈ ആവശ്യത്തിനായി ഒരു ബ്ലോ ക്കിൽ രണ്ടു ഗ്രാമസേവികമാരെ നിയമിക്കുന്നു. ഗൃഹപ രിചരണം, പോഷകാഹാരം, ശിശുസംരക്ഷണം, വിശ്ര മവേളകളിൽ ചെയ്യാവുന്ന തയ്യൽ മുതലായ ജോലിയി ലുള്ള അഭ്യസനം ഈ വിഷയങ്ങളിൽ ഒരു വഷ ത്തെ പരിശീലനം ഇവക്കു നൽകിയശേഷമാണു് ബ്ലോ ക്കുകളിലേക്കു നിയമിക്കുന്നതു്. ഇവർ ഗൃഹസന്ദശ്നം നടത്തി വീട്ടമ്മമാക്കു്, പരിസരശുചീകരണം, പോഷ കാഹാരം, ശിശുസംരക്ഷണം, അടുക്കളത്തോട്ടനിമ്മാ ണം, കോഴിവളത്തൽ, വളംനിമ്മാണം എന്നിവയെപ്പ ററിയെല്ലാം വേണ്ട ബോധനം നൽകുന്നു. സ്ത്രീകളുടെ സംഘടനകൾ അവർ രൂപീകരിച്ചു് മഹിളകളുടെ സാ മൂഹ്യബോധം വളത്തുന്നതിനും അവർ പ്രത്യേകം ശ്രദ്ധി ക്കുന്നു. ജോലിയില്ലാത്ത സമയം പ്രയോജനകരമാംവണ്ണം വിനിയോഗിക്കുന്നതിനും സ്ത്രീകളുടെ സാമ്പത്തികപരാ ധീനത കുറയ്ക്കുന്നതിനുമായി, തയ്യൽ, തുന്നൽവേല, പാ നെയ്ത്തു്, നൂൽനൂൽപ്പു് മുതലായ കുടിൽവ്യവസായ ങ്ങൾ മഹിളാസമാജങ്ങൾവഴി നടത്തുന്നു. സ്ത്രീകളുടെ സാംസ്കാരികമായ അഭിവൃദ്ധിക്കുള്ള പ്രവത്തനങ്ങളും ഈ സമാജങ്ങളിൽ നടത്തുന്നതിനുള്ള ഉത്തേജനം ഗ്രാമ സേവികമാർ നൽകുന്നുണ്ടു്. ഗ്രാമീണവനിതകളിൽ

സംഘടനാബോധം, സ്വാശ്രയശീലം, മുതലായ ഗുണ ങ്ങൾ വളർത്തുന്നതിനും, നാടിന്റെ നന്മയ്ക്കായി മഹിളക ളുടെ സംഭാവനകൂടി നൽകത്തക്കവണ്ണം അവരെ രംഗത്തു കൊണ്ടുവരുന്നതിനുമെല്ലാം ഗ്രാമസേവികമാരുടെ പ്രവ ർത്തനം സഹായിക്കുന്നുണ്ട്.

*സാമൂഹ്യവികസനപദ്ധതിയുടെ പ്രാധാന്യം*

സാമൂഹ്യവികസനപരിപാടിയുടെ നടത്തിപ്പിനാ യി ഒന്നാം പഞ്ചവത്സരപദ്ധതിയിൽ 30 കോടി രൂപാ വകകൊള്ളിച്ചിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ വകുപ്പിന് കൊള്ളിച്ചിരിക്കുന്ന തുക 200 കോടി രൂപായാണ്. ഭാരതത്തിലെ 82 ശതമാനം ആളുകൾ അധിവസിക്കുന്ന ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്ര ത്യേകം രൂപപ്പെടുത്തിയിരിക്കുന്ന സാമൂഹ്യവികസന പദ്ധതിയുടെ വ്യാപ്തിയും മഹത്വവും നാം നോക്കിക്കാ ണേണ്ടതാണ്. സാമൂഹ്യവികസനപരിപാടിയെ പരാ മർശിച്ച്, ഡവലപ്പ്മെൻറ് കമ്മീഷണറന്മാരുടെ സ മ്മേളനത്തിനയച്ച ഒരു സന്ദേശത്തിൽ നമ്മുടെ പ്രധാന മന്ത്രി ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "സാമൂഹ്യവികസന പദ്ധതിയുടെ പുരോഗതിയിൽ ഏററവും താല്പര്യമുള്ള ഒരാളാണു ഞാൻ. ഈ പരിപാടിക്ക് ഞാൻ പരമപ്രാ ധാന്യം നൽകുന്നു." വികസന ബ്ലോക്കുകളെപ്പററി അ ദ്ദേഹം മറെറാരവസരത്തിൽ പറഞ്ഞിരിക്കുന്നതു നോ ക്കുക. "ചുററും മുററിനിൽക്കുന്ന ഇരുട്ടിലേക്ക് കൂടുതൽ കൂടുതൽ പ്രകാശം പരത്തുന്നതിനായി കൊളുത്തപ്പെട്ട ദീപങ്ങളെപ്പോലെ, മനുഷ്യപ്രവർത്തനത്തിന്റെ പ്രതീ കങ്ങളായ കേന്ദ്രങ്ങൾ, ഭാരതത്തിൽ അങ്ങോളമിങ്ങോ ളം നമുക്കുണ്ട്." (All over India, we have centres

of human activity which are like lamps spreading their light more and more in the surrounding darkness.) ഒരു നിശ്ശബ്ദവിപ്ലവത്തിലൂടെ, ഗ്രാമജീവിതത്തിന്ന കാന്തിയും, മിഴിവും, സൗഭാഗ്യവും കലത്തുന്നതിന്ന കരുത്തുള്ള ഈ പരിപാടിയുടെ മഹത്വത്തെ മാനിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് ഇതു്. ഈ പ്രസ്ഥാനത്തെപ്പററി, അങ്ങേയററം ശുഭാപ്തിവിശ്വാസമാണ് പ്രധാനമന്ത്രി ശ്രീ. നെഹറുവിനുള്ളതു്. ഈ പരിപാടിയുടെ വിജയത്തിനുവേണ്ടി അകമഴിഞ്ഞു് ആഗ്രഹിക്കുകയും, കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്ന ഊജ്ജസ്വലനായ കേന്ദ്രസാമൂഹ്യവികസനവകുപ്പുമന്ത്രി ശ്രീ. എസ്. കെ. ഡേയുടെ ചിത്രവും നമുക്കു് ആശയ്ക്കു വഴിനൽകുന്നു.

സർവ്വകലാശാലകളിൽ 'സാമൂഹ്യവികസനം' ഒരു പഠനവിഷയമാക്കുവാൻ ഗവണ്മെൻറ തീരുമാനിച്ചിരിക്കുകയാണ്. ഗവണ്മെൻറും സർവ്വകലാശാലകളും തമ്മിൽ നടന്ന ആലോചനയുടെ ഫലമായി ഡൽഹി, അലിഗാർ തുടങ്ങി 18 സർവ്വകലാശാലകളിൽ സാമൂഹ്യവികസനം ഒരു പഠനവിഷയമാക്കിയിട്ടുണ്ട്. 11 സർവ്വകലാശാലകളിൽക്കൂടി ഉടനെ ഇതു നടപ്പിലാകുന്നതുമാണ്. പഞ്ചാബിൻെറ തലസ്ഥാനമായ ചണ്ടിഗാറിൽവച്ചു നടത്തിയ 34-ാമതു് അഖിലേന്ത്യാ സർവ്വകലാശാലാവാർഷികസമ്മേളനത്തിൽ ഈ വിഷയത്തെപ്പററി ആലോചിക്കുകയും, ഭാരതത്തിലെ എല്ലാ കോളേജുകളിലും ഗ്രാഡ്വേററ് കോഴ്സിലേക്കും, പോസ്റ്റ് ഗ്രാഡ്വേററ് കോഴ്സിലേക്കുമുള്ള സിലബസ്സിൽ സാമൂഹ്യവികസനപരിപാടികൂടി ഉൾപ്പെടുത്തുന്നതിന്ന തീരുമാനിച്ചിരിക്കുകയുമാണ്. അഭ്യസ്തവിദ്യരായ ആളുകൾ ഈ പരിപാടി

യെപ്പററി മനസ്സിലാക്കുന്നതുകൊണ്ടു് അവക്കു ഗ്രാമങ്ങളുടെ പ്രശ്നങ്ങളിൽ താല്പര്യം ജനിക്കുന്നതിനും അവയ്ക്കു് ഉത്തരം കാണുന്നതിനു് അവരുടെ വിലപ്പെട്ട സംഭാവന കൂടി നല്കുന്നതിനും സാധിക്കുന്നതാണു്.

ഗ്രാമപ്രദേശങ്ങളുടെ അഭിവൃദ്ധിക്കായി നിലകൊള്ളുന്ന സാമൂഹ്യവികസന പരിപാടി ഭാരതത്തിൽ മാത്രമല്ല ഇപ്പോഠം നിലവിലുള്ളതു്. യു. എസ്. ഏ., ഇംഗ്ലണ്ടു്, ചൈന, ജപ്പാൻ, യൂഗോസ്ലോവിയാ, അറബിരാജ്യങ്ങഠം, ഇസ്രേൽ, പാകിസ്ഥാൻ, ബമ്മാ എന്നീ രാജ്യങ്ങളിലെല്ലാം സാമൂഹ്യവികസനപരിപാടി പ്രയോഗത്തിൽ ഇരിക്കുകയാണു്.

അദ്ധ്യായം നാല്

# ബ്ലോക്കപരിപാടിയിലെ പ്രധാന പ്രവത്തനങ്ങൾ

## *വിവിധ ഇനങ്ങൾക്ക് നീക്കിവച്ചിരിക്കുന്ന തുകകൾ*

ഒരു വികസന ബ്ളോക്കിൻെറ ഒന്നാം ഘട്ടത്തിൽ 12 ലക്ഷം രൂപായും, രണ്ടാം ഘട്ടത്തിൽ 5 ലക്ഷം രൂപായുമാണ് ചെലവാക്കുന്നതെന്നു പറഞ്ഞുകഴിഞ്ഞല്ലൊ. ഓരോ സംസ്ഥാനത്തിലേയും സാഹചര്യവും ആവശ്യവുമനുസരിച്ച് വിവിധ വികസനപ്രവത്തനങ്ങൾക്കായി ഈ തുക വിനിയോഗിച്ചുവരുന്നു. വിദ്യാഭ്യാസവിഷയത്തിൽ കേരളം മററു സംസ്ഥാനങ്ങളേക്കാൾ മുമ്പിലാണ്. അതുകൊണ്ടു് മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ ഈ വകുപ്പിനു കൊള്ളിച്ചിരിക്കുന്ന തുക കുറവാണ്. എന്നാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, ചെറുകിടവ്യവസായങ്ങൾ തുടങ്ങിയവയ്ക്കു് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ടു്.

വികസനപ്രസ്ഥാനം ഉത്തരേന്ത്യയിലെ ഗ്രാമങ്ങൾക്കു യോജിച്ച വിധമാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതെന്നും, അതു നമ്മുടെ നാട്ടിലെ സാഹചര്യത്തിനു പററിയതല്ലെന്നും കേരളത്തിൽ പരക്കെ ഒരു പരാതി ഉണ്ടായിരുന്നു. അതുകൊണ്ടു്, കേരളത്തിലെ സാഹചര്യമനുസരിച്ച് പരിപാടികൾ രൂപപ്പെടുത്തുന്നതിനു ഗവണ്മെൻറ് ശ്രമിക്കുകയും, സാരമായ പല പരിവത്തനങ്ങളും വരുത്തുകയും, ചെയ്തിട്ടുണ്ടു്. ഓരോ ബ്ലോക്കു പ്രദേശത്തെയും, സാഹചര്യമനുസരിച്ച് പല ഇനങ്ങൾക്കായി ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുക

കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനു് ഗവണ്മെന്റി നോടു് ആവശ്യപ്പെടാൻ ബ്ലോക്കുവികസനസമിതി ക്കു് അവകാശമുണ്ടു്. അതതു സ്ഥലത്തിന്റെ പ്രത്യേക സാഹചര്യം മനസ്സിലാക്കി ഗവണ്മെന്റു് അതിനു് അ നുമതിയും നൽകാറുണ്ടു്.

ഒരു പ്രഥമഘട്ടബ്ലോക്കിൽ ചെലവാകുന്ന 12 ലക്ഷം രൂപായിൽ 8 ലക്ഷം രൂപാ ഗ്രാന്റിനത്തിൽ പെടുന്നതും 4 ലക്ഷം രൂപാ ലോൺ (കടം) ആയി കൊ ടുക്കാനുള്ളതുമാണു്. ദ്വിതീയഘട്ടബ്ലോക്കുകളിൽ ഈ തുക യഥാക്രമം 3,95,000 രൂപായും, 1,05,000 രൂപായുമാണു്. കേരളത്തിലെ ഒരു പ്രഥമഘട്ടബ്ലോ ക്കിൽ ചെലവാകുന്ന 12 ലക്ഷം രൂപായിൽ 3,15,000 രൂപാ ബ്ലോക്കു് ഹെഡ്ക്വാർട്ടേഴ്സിന്റെ നിർമ്മാ ണം, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം എന്നിവയ്ക്കുവേണ്ടി വിനിയോഗിക്കുന്നു. ഇതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പ ളത്തിനു് 2,60,000 രൂപായും, ഓഫീസുസാധനങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്കു് 25,000 രൂപായും, ഓഫീ സുകെട്ടിടം ഇൻഫർമേഷൻ സെന്റർ എന്നിവയുടെ നി ർമ്മാണത്തിനു് 25,000 രൂപായും, ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടിക്കായി 15,000 രൂപായും കൊള്ളിച്ചിരിക്കുന്നു. ഈ തുകകൾ കഴിച്ചുള്ള 8,85,000 രൂപായാണു് വിവി ധവികസനപ്രവർത്തനങ്ങൾക്കായി ചെലവാകുന്നതു്. ഈ തുകയിൽനിന്നും കൃഷിവികസനത്തിനായി 1,19,810 രൂപായും, മൃഗസംരക്ഷണത്തിനു് 1,06,700 രൂപായും സ ഹകരണത്തിനു് 20,400 രൂപായും, ജലസേചനത്തിനു് 2,65,000 രൂപായും, പൊതുജനാരോഗ്യത്തിനു് 1,13,000 രൂപായും, ചെറുകിടവ്യവസായത്തിനു്

1,07,590രൂപായും, ഭവനനിർമ്മാണത്തിന് 45,000 രൂപായും, വിദ്യാഭ്യാസത്തിന് 5,000രൂപായും, സാമൂഹ്യവിദ്യാഭ്യാസത്തിന് 37,500 രൂപായും ചെലവാക്കുന്നു.

ബ്ളോക്കുകളുടെ പ്രവർത്തനത്തിനു ചെലവാകുന്ന തുക കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുംകൂടിയാണ് വഹിക്കുന്നതു്. ശമ്പളം തുടങ്ങി ആവർത്തിക്കുന്ന ചെലവിൻെറ 50 ശതമാനവും ആവർത്തിക്കാത്ത ചെലവിൻെറ 75 ശതമാനവും കേന്ദ്രഗവണ്മെൻറും ബാക്കി സംസ്ഥാനഗവണ്മെൻറും വഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ ബ്ളോക്കുപ്രവർത്തനങ്ങളെപ്പററി പൊതുവെ ചിന്തിക്കുന്നതോടൊപ്പം ഓരോ ഇനത്തിനും കൊള്ളിച്ചിരിക്കുന്ന തുക എങ്ങനെയെല്ലാം വിനിയോഗിക്കുന്നു എന്നു പരിശോധിക്കാം.

## 1. കൃഷിവികസനം

ഭാരതത്തിലെ 70 ശതമാനം ആളുകളുടെയും മുഖ്യമായ തൊഴിൽ കൃഷിയാണ്. എങ്കിലും ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തിൽ നാം ഇന്നും സ്വയംപര്യാപ്തതയിൽ എത്തിച്ചേർന്നിട്ടില്ല. പ്രതിവർഷം 20 ലക്ഷം ടൺ ഭക്ഷണസാധനങ്ങൾ ഭാരതം ഇറക്കുമതിചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു നമുക്ക് അഭിമാനിക്കാൻ കൊള്ളാവുന്ന ഒരു കാര്യമല്ല. ഈ ദുഃസ്ഥിതി മാററുന്നതിനായി കൃഷിവികസനത്തിന് പഞ്ചവത്സരപദ്ധതികളിൽ വമ്പിച്ച പ്രാധാന്യം നൽകുന്നുണ്ടു്. ഈ പദ്ധതികളുടെ ഫലമായി, കാർഷികവിഭവങ്ങളുടെ ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ വർദ്ധിച്ചുവരുന്ന ജനതതിയെ തീററിപ്പോററു

ന്നതിന്നു തക്കവണ്ണമുള്ള വിളവുവർദ്ധനവു് ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

### കേരളം—ഭക്ഷ്യകാര്യത്തിൽ ഒരു കമ്മിസംസ്ഥാനം

ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ ഭാരതത്തിലെ കമ്മിരാജ്യങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണു്. പ്രതിവർഷം ഇവിടെ 16 ലക്ഷം ടൺ അരി ആവശ്യമുണ്ടു്. എന്നാൽ 8 ലക്ഷം ടൺ അരി മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു. ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തിൽ കേരളീയർ എത്രമാത്രം ശുഷ്കാന്തി കാണിക്കേണ്ടിയിരിക്കുന്നു എന്നു് ഈ വസ്തുത നമ്മെ അനുസ്മരിപ്പിക്കുന്നു. കാഷികവിളവുകളുടെ ഉല്പാദനത്തിൽ പ്രത്യേകിച്ചും ഭക്ഷണസാധനങ്ങളുടെ ഉല്പാദനം വർദ്ധിച്ച തോതിൽ ഉയർത്തുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ ഗവണ്മെൻറു സ്വീകരിച്ചുവരികയാണു്.

### കൃഷിവികസനത്തിനുള്ള പ്രധാന ഘടകങ്ങൾ

കൃഷിവികസനത്തിനുള്ള പ്രധാന ഘടകങ്ങൾ ജലസേചനസൗകര്യം, നല്ല വിത്തു്, വളം എന്നിവയുടെ ഉപയോഗം, മണ്ണുസംരക്ഷണം, സസ്യസംരക്ഷണം തുടങ്ങിയവയാണല്ലോ. ഈ സൗകര്യങ്ങളെല്ലാം കർഷകർക്കു് എത്തിച്ചുകൊടുക്കുന്നതിന്നു വികസനബ്ളോക്കുകൾ ആവോളം പരിശ്രമിക്കുന്നുണ്ടു്. വിളഭൂമി നനയ്ക്കുന്നതിനായി കർഷകർക്കു ബ്ളോക്കിൽനിന്നു പമ്പുസെററുകളും മററും സൗജന്യനിരക്കിൽ നൽകിവരുന്നു. ഈ പമ്പുസെററുകളുടെ വില പല തവണകളായി അടച്ചാൽ മതിയാകുന്നതാണു്. കൂടാതെ, തോടുകൾ, കുളങ്ങൾ മുതലായവയും ജലസേചനത്തിനായി ബ്ളോക്കിൻെറ ചുമതലയിൽ നിർമ്മിച്ചുവരുന്നു.

*വിത്തുഗുണം പത്തുഗുണം*

വിളവു വർദ്ധിപ്പിക്കുന്നതിനുള്ള മുഖ്യമായ ഒരു ഘടകമാണ് നല്ലയിനം വിത്തുകൾ. "വിത്തുഗുണം പത്തുഗുണം" എന്നുള്ള തത്വം കർഷകർക്കെല്ലാം അറിയാവുന്നതുമാണ്. കർഷകക്കു നല്ലയിനം വിത്തുകളും തൈകളും വിതരണംനടത്തുന്നതിനായി ഗവണ്മെന്റുവക കൃഷിത്തോട്ടങ്ങളിൽ നല്ലയിനം നെല്ലുവിത്ത്, മലക്കറിവിത്ത്, തെങ്ങിൻതൈകൾ, ഫലവൃക്ഷങ്ങളുടെ തൈകൾ മുതലായവ ഉല്പാദിപ്പിച്ചുവരുന്നു. വർദ്ധിച്ചുവരുന്ന ആവശ്യത്തെ നേരിടുന്നതിനായി ബ്ളോക്കാടിസ്ഥാനത്തിലും തെങ്ങിൻതൈകളും മററും ഉല്പാദിപ്പിക്കുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്തുണ്ടാക്കുന്ന ഈ വിത്തുകളും, തൈകളുമെല്ലാം മേൽത്തരമാണ്. ബ്ളോക്കുകളിലെ ഗ്രാമസേവകന്മാരിൽക്കൂടി നല്ലയിനം നെല്ലുവിത്തുകൾ, തെങ്ങിൻതൈകൾ, കമുകിൻതൈകൾ, കുരുമുളകുവള്ളികൾ, മരച്ചീനിക്കമ്പുകൾ, ഒട്ടുമാവ്, സപ്പോട്ട, പേര, നാരകം, മാംഗോസ്റ്റീൻ എന്നിവയുടെ തൈകൾ ഇവയെല്ലാം വിതരണം നടത്തിവരുന്നു.

*രാസവളവും ജൈവവളവും*

സസ്യങ്ങൾ തഴച്ചു വളരുന്നതിനും, കൂടുതൽ വിളവു ലഭിക്കുന്നതിനും ശരിയായ തോതിൽ വളം ഉപയോഗിക്കണമെന്നുള്ളതു് തക്കമററ സംഗതിയാണ്. രാസവളങ്ങൾ വിതരണം ചെയ്യുന്നതിനു് സഹകരണസംഘങ്ങളുടെ ചുമതലയിലും, സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലും വളംഡിപ്പോകൾ നടത്തിവരുന്നു. വളത്തിന്റെ ആവശ്യം വർദ്ധിച്ച തോതിൽ ഉണ്ട്. ഭാരതത്തിൽ ഇപ്പോൾ ആവശ്യമുള്ള രാസവളത്തിന്റെ നാലിൽ ഒരു

ഭാഗം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളു. സാധാരണക്കാരായ കർഷകൎക്ക് രാസവളങ്ങൾ വാങ്ങുന്നതിന്ന് അവരുടെ സാമ്പത്തികനില അനുവദിക്കുന്നില്ല. പണം ഉണ്ടാക്കിയാൽത്തന്നെയും ആവശ്യത്തിന്ന് രാസവളങ്ങൾ കിട്ടാനും പ്രയാസമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന്നുള്ള ഏകമാൎഗ്ഗം കാലിവളം, കമ്പോസ്റ്റുവളം, പച്ചിലവളം മുതലായ ജൈവവളങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കുകയെന്നുള്ളതാണ്. നാടൻവളങ്ങളുടെ ഉല്പാദനം ഗണ്യമായ തോതിൽ വൎദ്ധിപ്പിക്കുന്നതിന്ന് ബ്ളോക്കുകൾ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചർച്ചകൾ, കഷീക ക്യാമ്പുകൾ, ഭവനസന്ദർശനം എന്നിവ നടത്തി കൂട്ടവളം, മൂത്രവളം, പച്ചിലവളം എന്നിവ നിൎമ്മിക്കുന്നതിന് ആളുകൾക്കുവേണ്ട പ്രേരണ നൽകുന്നുണ്ട്.

*കമ്പോസ്റ്റുവളം—കർഷകൻെറ കാമധേനു*

കമ്പോസ്റ്റുവളം (കൂട്ടുവളം) കർഷകൻെറ കാമധേനുവാണെന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ഈ വളത്തെപ്പററി രാഷ്ട്രപിതാവിൻെറ അഭിപ്രായം നോക്കുക: "അന്നന്നുണ്ടാകുന്ന ത്യാജ്യവസ്തുക്കളെ യഥോചിതം കൂട്ടുവളമായി പാകപ്പെടുത്തി, ഭൂമിക്കു നൽകിയാൽ ഭക്ഷ്യവിളവുകൾ വമ്പിച്ചതോതിൽ വൎദ്ധിക്കുന്നതും തന്മൂലം അനേകലക്ഷം രൂപായുടെ ആദായം കൈവരുന്നതുമാണ്. കൂടാതെ, പരിസരശുചിത്വം കൈവരുത്തുന്നതിന്നും ഈ നടപടി അത്യന്തം സഹായകമാണ്." വലിയ പ്രയാസംകൂടാതെ നിൎമ്മിക്കാവുന്ന ഈ നല്ല വളക്കൂട്ട് ഓരോ കർഷകഭവനത്തിലും ഉണ്ടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**കൂട്ടവളനിർമ്മാണം**

കൂട്ടവളം നിർമ്മിക്കുന്നതിനു് ചില കാര്യങ്ങളൊക്കെ അറിഞ്ഞിരിക്കേണ്ടതുണ്ടു്. വളക്കുഴി കഴിയുന്നത്ര തൊഴുത്തിനു് അടുത്തും അല്പം ഉയർന്ന ഭാഗത്തും ഉണ്ടാകുന്നതിനു ശ്രദ്ധിക്കണം. കുഴിയുടെ ആഴം മൂന്നടിയിൽ കൂടാൻ പാടില്ല. താഴ്ച കൂടിയാൽ പരമാണുക്കളുടെ പ്രവർത്തനം നടക്കുകയില്ല എന്നുള്ളതാണു കാരണം. കുഴിയുടെ നീളം 10 അടി മുതൽ 30 അടിവരെയും, വീതി 4 അടിമുതൽ 5 അടിവരെയും സൗകര്യംപോലെ ആകാം. കുഴിയുടെ വശങ്ങൾ മുകളിൽനിന്നും അടിയിലേയ്ക്കല്പം ചരിഞ്ഞിറങ്ങണം. കുഴിയുടെ അടിഭാഗം ഉടനീളമായി ഒരു വശത്തുനിന്നു് എതിർവശത്തേയ്ക്കു് അല്പം ചരിവുള്ളതായിരിക്കണം. വെള്ളം കുഴിയിലിറങ്ങിയാൽത്തന്നെ താണ വശത്തേയ്ക്കു് ഒലിച്ചിറങ്ങി അവിടെ കിടന്നുകൊള്ളും. അതുകൊണ്ടു് കുഴിയിൽ കിടക്കുന്ന വളത്തിനു് വലിയ കേടുപററാതെ സൂക്ഷിക്കാം. കുഴിയിൽനിന്നെടുക്കുന്ന മണ്ണുകൊണ്ടു് നാലുകരകളിലും വരമ്പുകൂടിയുണ്ടാക്കുന്നതു മഴവെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ സഹായകമായിരിക്കും. മേൽക്കൂര ഉണ്ടായിരിക്കുന്നതു നല്ലതാണു്.

ചപ്പുചവറുകൾ, എച്ചിലില, വാഴപ്പോളകൾ, മലക്കറികളുടെ അവശിഷ്ടങ്ങൾ, മത്സ്യത്തിൻെറ ചെതുമ്പലുകൾ തുടങ്ങി അഴുകുന്ന എല്ലാ പാഴ്സാധനങ്ങളും കുഴിയിൽ ഇടാവുന്നതാണു്. കന്നുകാലികളുടെ മൂത്രം ഒട്ടും നഷ്ടപ്പെടുത്താതെ, ചപ്പും, വൈക്കോലും മററും തൊഴുത്തിൽ വിരിച്ചു് മൂത്രം ഗ്രഹിച്ചശേഷം വളക്കുഴിയിൽ നിക്ഷേപിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഉടനീളം മൂന്നടി നീളത്തിൽ ഭാഗിച്ചു് വള

ക്കഴി നിറയ്ക്കുന്നതാണ് ഉത്തമം. അരയടി കനത്തിൽ ചവറിട്ട് ചവുട്ടി അമർത്തിയശേഷം അതിനുമീതെ രണ്ടിഞ്ചു കനത്തിൽ കട്ടിയായി കലക്കിയ ചാണകവെള്ളം ഒഴിക്കണം. അതിനുമീതെയായി അരയിഞ്ചു കനത്തിൽ ഉണക്കമണ്ണു വിതറേണ്ടതാണ്. കുറെ എല്ലുപൊടികൂടി ഇടുന്നപക്ഷം വളത്തിൻെറ ഗുണം കൂടും. ഈ വിധം ചവറും ചാണകവും മററും കുഴിക്കുമീതെ 2 അടിയോളം പൊങ്ങുന്നതുവരെ അട്ടികളായി ഇട്ട് നിറയ്ക്കാവുന്നതാണ്. ഒടുവിൽ മണ്ണും ചാണകവുംകൂടി കുഴച്ചു വളത്തിനു മീതെ കൂമ്പാരമായി പൊതിയേണ്ടതാണ്. ഇങ്ങനെ കുഴി മൂടുന്നതുകൊണ്ട് വളത്തിലെ ഈർപ്പവും, പാകൃജനകവും നഷ്ടപ്പെടാതെയും ഈച്ചകളുടെ ശല്യം ഉണ്ടാകാതെയും സൂക്ഷിക്കാം. ഈ വിധം വളക്കുഴിയിൽ ശേഷിക്കുന്ന ഭാഗങ്ങളെല്ലാം ഏകദേശം മുമ്മൂന്നടിവീതം നിറച്ചു പൂർത്തിയാക്കി മൂടിയിടണം. മൂടിയിട്ട് അഞ്ചുമാസം കഴിയുമ്പോഴേയ്ക്കും വളം നല്ലപോലെ ദ്രവിച്ച് ശരിയായ പാകത്തിലെത്തുന്നു.

*കൂട്ടുവളത്തിൻെറ സവിശേഷതകൾ*

കൂട്ടുവളം ഏതുതരം കൃഷിക്കും പററിയ നല്ല ഒരു ജൈവവളമാണ്. ഇതു് എല്ലാത്തരം മണ്ണിൻെറയും ഫലപുഷ്ടി വർദ്ധിപ്പിക്കുകയും, മണ്ണിൻെറ വീര്യം നിലനിറുത്തുകയും ചെയ്യുന്നു. മണൽപ്രദേശത്തിന് ജലഗ്രാഹശക്തിയും, കളിമണ്ണിനു നീർവാർച്ചയും നൽകുന്നതിന് കൂട്ടുവളത്തിനു കഴിവുണ്ട്. മണ്ണിലെ പരമാണുക്കളുടെ പ്രവർത്തനത്തിനു സഹായിക്കുന്ന ഈ വളക്കൂട്ട് സസ്യങ്ങൾ തഴച്ചുവളരാനും സഹായിക്കുന്നു. പാകൃജനകം,ഭാവഹം, ക്ഷാരം തുടങ്ങിയ പ്രധാന സസ്യപോഷകങ്ങളും ഇന്ദ്രി

യാംശങ്ങളും കൂട്ടവളത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് ഇതു് ഒരു സമ്പൂർണ്ണവളമാണു്.

### കൂട്ടവളത്തിൻെറ പ്രചാരം

സാധാരണ വലിപ്പമുള്ള ഒരു കുഴിയിൽനിന്നു പ്രതിവർഷം കുറഞ്ഞതു് 50 രൂപാ വിലയ്ക്കുള്ള വളമെങ്കിലും ഉണ്ടാക്കാൻ സാധിക്കും. പാഴ്സാധനങ്ങളിൽനിന്നു മാത്രം ഉണ്ടാക്കാവുന്ന ഒരു നേട്ടമാണു് ഇതു്. എല്ലാ വീടുകളിലും കമ്പോസ്ററുനിർമ്മാണം പ്രചരിക്കുകയാണെങ്കിൽ കൈവരുത്താവുന്ന സാമ്പത്തികനേട്ടം ഊഹിക്കാവുന്നതാണല്ലോ. കമ്പോസ്ററുനിർമ്മാണം പ്രചരിപ്പിക്കുന്നതിനായി ബ്ളോക്കുകളുടെ ചുമതലയിൽ കമ്പോസ്ററുമത്സരം നടത്തി ഏററവും നല്ല രീതിയിൽ വളം നിർമ്മിക്കുന്നവർക്ക സമ്മാനങ്ങൾ നൽകുന്നുണ്ടു്. മണൽപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ബ്ളോക്കുകളിൽ കമ്പോസ്ററു കുഴി കെട്ടിയുണ്ടാക്കുന്നതിനു് ഇഷ്ടികകൾ ബ്ളോക്കിൽനിന്നും നൽകുന്നതാണു്. കമ്പോസ്ററുനിർമ്മാണം വ്യാപകമായ തോതിൽ പ്രചരിപ്പിക്കുന്നതിനായി ഓരോ ബ്ളോക്കിലും ഒരു കമ്പോസ്ററ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ടു്. കൂട്ടവളത്തിൻെറ ഗുണങ്ങൾ കർഷകർ മനസ്സിലാക്കിയതിൻെറ ഫലമായി കമ്പോസ്റ്റ്നിർമ്മാണം വൻതോതിൽ പ്രചരിച്ചുവരുന്നു.

### മൂത്രവളം

നമ്മുടെ ഭവനങ്ങളിൽ ഉണ്ടാക്കാവുന്ന മറെറാരു നല്ല വളമാണു് മൂത്രവളം. സസ്യവളർച്ചയ്ക്കു് അത്യന്താപേക്ഷിതമായ പാക്യജനകം മൂത്രത്തിൽ ധാരാളമായി അടങ്ങിയിട്ടുണ്ടു്. മനുഷ്യൻെറ മൂത്രം വളമാക്കി രൂപാ

ത്തർപ്പെടുത്തുന്നതിന മൂത്രവളക്കുഴികൾ ഉണ്ടാക്കാവുന്നതാണു്. മൂന്നടി സമചതുരത്തിൽ മൂന്നടി താഴ്ചയുള്ള ഒരു കുഴിയാണു് സാധാരണ ഇതിനു് ഉപയോഗിക്കുന്നതു്. കുഴിയുടെ നടുക്കു് മൂന്നടിയിൽ അല്പംകൂടി നീളമുള്ള ഒരു മുളയുടെ കഷണം നിറുത്തണം. മുളയുടെ മുട്ടുകൾ തട്ടിക്കളഞ്ഞു്, മുട്ടുകൾക്കു ചുററും കുറേ സുഷിരങ്ങൾ ഉണ്ടാക്കേണ്ടതുണ്ടു്. കുഴിയിൽ ഒരടി കനത്തിൽ കരിയില ഇട്ടശേഷം രണ്ടിഞ്ചു കനത്തിൽ മണ്ണു നിരത്തണം. വീണ്ടും കരിയിലയും, മണ്ണും ഈ രീതിക്കു് ഇട്ടു കുഴി നിറയ്ക്കുന്നു. മണ്ണുകൊണ്ടു് കുഴി ക്രമ്പാരത്തിൽ മൂടുന്നു. മുളയുടെ കഷണത്തിൻെറ അഗ്രഭാഗത്തു ചുവടു കിഴിച്ച ഒരു അടപ്പു ചട്ടി വച്ചാൽ മതിയാകും. മൂത്രവിസർജ്ജനം ചെയ്യാനുള്ള സൗകര്യത്തിനായി രണ്ടു കല്ലുകൾ ചട്ടിയുടെ ഇരുവശത്തും വയ്ക്കേണ്ടതാണു്. മൂത്രവളക്കുഴിയുടെ ചുററും മറച്ചുകെട്ടുന്നതുകൊണ്ടു് ഏതവസരത്തിലും കുഴി ഉപയോഗിക്കാൻ സാധിക്കും. സ്ക്രൂളുകളിലും ഇത്തരം കുഴികൾ ഉണ്ടാക്കി ഉപയോഗിക്കാവുന്നതാണു്. വിസർജ്ജനംചെയ്യപ്പെടുന്ന മൂത്രം ഒട്ടും നഷ്ടപ്പെടാതെ ചവറിലും മണ്ണിലുമായി വലിഞ്ഞുചേരുന്നു. കുറേക്കാലം ഉപയോഗിച്ചുകഴിയുമ്പോൾ പുറത്തേക്കു മൂത്രത്തിൻെറ നാററം വമിക്കാൻ തുടങ്ങും. പിന്നീടു് ആ കുഴി ഉപയോഗിക്കരുതു്. ഒന്നോ രണ്ടോ മാസം കഴിയുമ്പോഴേയ്ക്കും നല്ല പാകത്തിൽ എത്തിച്ചേർന്ന ഒന്നാന്തരം വളം ഈ കുഴിയിൽനിന്നും ലഭിക്കുന്നതാണു്.

***മനുഷ്യമലവും വളമായി ഉപയോഗിക്കാം***

മനുഷ്യമലവും ഒന്നാന്തരം വളമാണു്. എന്നാൽ അജ്ഞതയും, അവജ്ഞയുംനിമിത്തം നമ്മുടെ കൃഷിക്കാർ

മലം വളമാക്കിയെടുക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല. മനുഷ്യമലം വളമാക്കിയെടുക്കാൻ പററിയ മാർഗ്ഗം, വാർദ്ധാമാതൃകയിലുള്ള കക്കൂസുകൾ ഉണ്ടാക്കുകയെന്നുള്ളതാണു്. രണ്ടടി വീതിയും, മൂന്നടി താഴ്ച്ചയുമുള്ള കുഴി 25 അടി വരെ നീളത്തിൽ നിർമ്മിച്ചു് അതിനെ പരമ്പുതട്ടികൾ കെട്ടി മറയ്ക്കുകയും, 6 ഭാഗങ്ങളായി വിഭജിക്കുകയും ചെയ്യാം. സൗകര്യമായി ഇരുന്നു് മലവിസർജ്ജനം ചെയ്യത്തക്കവണ്ണം രണ്ടു തടിക്കഷണങ്ങൾ കുഴിയുടെ കുറുകെയായി ഇടണം. കുഴിയുടെ അടിയിൽ കുറെ ചവറു് ഇടേണ്ടതാണു്. മലവിസർജ്ജനം ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ കുറെ മണ്ണോ ചവറോ ഇട്ടു് മലം മൂടണം. കുഴി ക്രമേണ നിറയുമ്പോൾ മണ്ണിട്ടു മൂടേണ്ടതാണു്. ഏകദേശം ആറു മാസം കഴിയുമ്പോൾ ഒട്ടും ദുർഗ്ഗന്ധമില്ലാത്ത, നല്ല പാകമായ വളം ഈ കുഴിയിൽനിന്നു കിട്ടുന്നു. സസ്യവളർച്ചയ്ക്കു് ആവശ്യമായ പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവയെല്ലാം ഈ വളത്തിൽ എമ്പാടും അടങ്ങിയിട്ടുണ്ടു്.

കമ്പോസ്ററുവളം, മൂത്രവളം, കക്കൂസുവളം എന്നിവ പണംമുടക്കില്ലാതെതന്നെ നമ്മുടെ ഭവനങ്ങളിൽ നിർമ്മിക്കാവുന്ന ഒന്നാന്തരം വളക്കൂട്ടുകളാണു്. പരിസരശുചീകരണത്തിനും, ആരോഗ്യസംരക്ഷണത്തിനും ഇതു സഹായിക്കുന്നതോടൊപ്പം, നമ്മുടെ കൃഷിക്കു് ആവശ്യമുള്ളത്ര വളം പണം മുടക്കാതെ ലഭിക്കുകയും ചെയ്യുന്നു. കാർഷികവിളവുകളുടെ ഉല്പാദനത്തിൽ ഉന്നതമായ ഒരു നിലവാരം പുലർത്തുന്ന ജപ്പാൻ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ മനുഷ്യമലവും, മൂത്രവുമെല്ലാം നഷ്ടപ്പെടുത്താതെ വളമാക്കി രൂപാന്തരപ്പെടുത്തുകയാണെന്നുള്ള കാര്യം ഈ അവസരത്തിൽ സ്മരണീയമാണു്.

*പച്ചിലവളം*

സസ്യവളർച്ചയ്ക്കു പച്ചിലവളം വളരെ ആവശ്യമാണ്. എന്നാൽ ആവശ്യത്തിനു പച്ചിലവളം ലഭിക്കുന്നതിന് ഇപ്പോൾ പ്രയാസമായിട്ടാണിരിക്കുന്നതു്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗ്ലൈറിസീഡിയാ (ശീമക്കൊന്ന), സസ്ബേനിയ, സൺഹെമ്പ് തുടങ്ങിയ പച്ചിലവളച്ചെടികൾ പ്രചരിപ്പിക്കുന്നതിനു വികസനബ്ലോക്കുകളും, കൃഷിഡിപ്പാർട്ടുമെൻറും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു.

*ഗ്ലൈറിസീഡിയാ—ഏററവും നല്ല പച്ചിലവളച്ചെടി*

സസ്യവളർച്ചയ്ക്ക് ആവശ്യമായ പാകൃജനകം ധാരാളമായി അടങ്ങിയിട്ടുള്ള ഗ്ലൈറിസീഡിയായ്ക്ക് ഒരു നല്ല പച്ചിലവളച്ചെടിയായി ഇതിനകം പരക്കെ അംഗീകാരം ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ ചെടിയുടെ ഇലകൾ അതിവേഗം മണ്ണിൽ അഴുകിച്ചേരുന്നു. വേലിപ്പത്തലായിട്ടു് ഉപയോഗിക്കാമെന്നുള്ളതും, ഏതു മണ്ണിലും വളരുമെന്നുള്ളതും, കന്നുകാലി തിന്നുകയില്ലെന്നുള്ളതും ഈ ചെടിയുടെ സവിശേഷതകളാണ്. പയറുവർഗ്ഗത്തിൽപ്പെട്ട ഈ ചെടി അന്തരീക്ഷത്തിൽനിന്നും ധാരാളം പാകൃജനകം അതിൻെറ ഇലകളിലും വേരുകളിലുമായി ശേഖരിക്കുന്നു.

ഒരു ഗ്ലൈറിസീഡിയാച്ചെടിയിൽനിന്നു് ഒരാണ്ടിൽ 30 മുതൽ 50 റാത്തൽവരെ പച്ചിലവളം ലഭിക്കുന്നതാണ്. ഒരേക്കർ നെല്പാടത്തിന് 100 ചെടിയിൽനിന്നു കിട്ടുന്ന പച്ചില മതിയാകും. ഒരു തെങ്ങിന് ഒരു ചെടിയിൽനിന്നു ലഭിക്കുന്ന പച്ചില ആവശ്യത്തിനു

ണ്ടു്. കേരളത്തിൽ 1,92,000 ഏക്കർ നെല്പാടവും 7കോടി തെങ്ങുകളും ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത്രയും നിലത്തിനും, തെങ്ങുകൾക്കും പച്ചിലവളം ഉപയോഗിക്കുന്നതിനു് 26 കോടിയിൽപ്പരം ശീമക്കൊന്ന ച്ചെടികൾ നട്ടുവളർത്തിയാൽ മതിയാകുന്നതാണു്. ഈ ലക്ഷ്യം മുൻനിറുത്തി ഗവണ്മെൻറ് 1958 മുതൽ ശീമക്കൊന്നവാരം ആഘോഷിക്കുകയും ഇക്കാലത്തു് സംസ്ഥാനത്തൊട്ടാകെ ലക്ഷക്കണക്കിനു ചെടികൾ നടുകയും ചെയ്തു. ശീമക്കൊന്നച്ചെടികൾ സംസ്ഥാനവ്യാപകമായി പ്രചരിപ്പിക്കുന്നതിനു് ഇപ്പോൾ ജൂൺമാസം മുഴുവൻ ശീമക്കൊന്നമാസമായി ആഘോഷിച്ചുവരുന്നു.

അരികൾ കിളിർപ്പിച്ചും, കമ്പുകൾ നാട്ടിയും ഈ ചെടി വളർത്തിയെടുക്കാവുന്നതാണു്. ബ്ലോക്കുകളുടെ ചുമതലയിൽ ശീമക്കൊന്നക്കമ്പുകളും, ഈ ചെടിയുടെ അരിയും കർഷകൎക്കു ധാരാളമായി വിതരണം നടത്തുന്നുണ്ടു്. എല്ലാ വർഷവും ജൂൺമാസത്തിൽ ഈ ചെടികൾ ധാരാളമായി പ്രചരിപ്പിക്കുന്നതിനുള്ള ഊൎജ്ജിതമായ എല്ലാ നടപടികളും ബ്ലോക്കുകളും കൃഷിഡിപ്പാർട്ടുമെന്റും കൈക്കൊള്ളുന്നു.

*സസ്യസംരക്ഷണം*

കാർഷികപ്രവൎത്തനങ്ങളുടെ പ്രയോജനം പരമാവധി കൈവരുത്തുന്നതിനു് നാം സസ്യസംരക്ഷണനടപടികൾ കാര്യമായ രീതിയിൽ കൈക്കൊള്ളേണ്ടതായിരിക്കുന്നു. ഭാരതത്തിലെ കാർഷികവിളവിൻെറ 5 മുതൽ 20 ശതമാനംവരെ, പ്രാണികളുടെ ഉപദ്രവംമൂലം പ്രതിവർഷം നഷ്ടപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ടു്. സസ്യസംരക്ഷണനടപടികൾ യഥാസമയം കൈക്കൊള്ളുക

യാണെങ്കിൽ ഈ വമ്പിച്ച നഷ്ടം ഒഴിവാക്കാൻ സാധി ക്കും. സസ്യസംരക്ഷണത്തിനുള്ള പ്രാണിസംഹാരി മരു ന്നുകൾ ബ്ലോക്കുകളിൽനിന്നും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. ഡി. ഡി. റ്റി., ഗമാക്സിൻ, എൻഡ്രിൻ, ഫോളിഡോൾ, ബോർഡോമിശ്രം, എലിവിഷം തുട ങ്ങിയ പ്രാണിസംഹാരി മരുന്നുകൾ ഗ്രാമസേവകർ മു ഖാന്തിരം കൃഷിക്കാർക്കു നൽകുന്നു. ഈ മരുന്നുകൾ പ്ര യോഗിക്കുന്നതിനുള്ള സ്പ്രേയർ, ഡസ്റ്റർ, തുടങ്ങിയ ഉ പകരണങ്ങളും ഗ്രാമസേവകരിൽനിന്നും കർഷകർക്ക് എടുക്കാൻ സാധിക്കും. സംസ്ഥാനവ്യാപകമായ തോ തിൽ ബാധിച്ചിരിക്കുന്ന തെങ്ങുരോഗത്തെ തടയുന്നതി നുള്ള മരുന്നുതളിപ്പ് ബ്ലോക്കിന്റെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടത്തിവരുന്നു എന്നുള്ള കാര്യവും ഈ അവസരത്തിൽ സ്മരണീയമാണ്.

### *മണ്ണുസംരക്ഷണം*

ഭൂമിയിലെ വളമുള്ള മേൽമണ്ണ് ഒലിച്ചുപോകാ തെ സൂക്ഷിക്കേണ്ടതു് നമ്മുടെ കൃഷിപോഷണത്തിനു തികച്ചും ആവശ്യമാണ്. ഭക്ഷ്യപ്രശ്നം പരിഹരിക്കുന്ന തിനായി നമ്മുടെ സംസ്ഥാനത്തിന്റെ കിഴക്കൻ ഭാഗ ങ്ങൾ 1948-ലും, 1950-ലും കർഷകർക്കു പതിച്ചുകൊ ടുക്കുകയുണ്ടായി. തൂക്കനെയുള്ള കുന്നിൻചരിവുകളിൽ മണ്ണുസംരക്ഷണത്തിനുള്ള നടപടികൾ കൈക്കൊള്ളാ തെ, അശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതു കൊണ്ട് മണ്ണൊലിപ്പ് വൻതോതിൽ ഉണ്ടായിക്കൊ ണ്ടിരിക്കുകയാണ്. കേരളത്തിൽ 1,50,000 ഏക്കർ സ്ഥലത്തു് മണ്ണൊലിപ്പിന്റെ കെടുതികൾ ഉണ്ടാ യിക്കൊണ്ടിരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

മണ്ണൊലിപ്പു തടയുന്നതിനുള്ള കാര്യമായ പ്രവർത്തനങ്ങൾ 1957 മുതൽ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വിവിധജില്ലകളിലായി 20,000 ഏക്കർ സ്ഥലത്തു് മണ്ണൊലിപ്പുനിവാരണപ്രവർത്തനങ്ങൾ നടപ്പിൽവരുത്താനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടു്.

ചരിവുഭൂമികളിൽ മണ്ണൊലിപ്പു തടയുന്നതിനു് കൈക്കൊള്ളാവുന്ന ഒരു മാർഗ്ഗം തട്ടുകൾ തിരിച്ചു വരമ്പുകളിടുക എന്നതാണു്. ചരിവുള്ള സ്ഥലത്തിനു കുറുകെ ഇടയ്ക്കിടയ്ക്കു്, കുറച്ചു സ്ഥലം കൃഷിചെയ്യാതിടുകയാണെങ്കിൽ പുല്ലും മററും അവിടെ വളരുന്നതിനും മണ്ണൊലിപ്പു് ഒരു പരിധിവരെ തടയുന്നതിനും സാധിക്കുന്നതാണു്. കയ്യാലകളിൽ കന്നുകാലിപ്പുല്ലുകളും മററും വച്ചു പിടിപ്പിക്കുന്നതു് മറെറാരു മാർഗ്ഗമാണു്. റബ്ബർത്തോട്ടങ്ങളിലും, തെങ്ങിൻതോപ്പുകളിലും, മണ്ണൊലിപ്പു തടയുന്നതിനു്, വളരെവേഗം വളരുകയും, പടരുകയും ചെയ്യുന്ന ആവരണച്ചെടികൾ നട്ടുപിടിപ്പിക്കാവുന്നതാണു്. പയറുവർഗ്ഗത്തിൽപ്പെട്ട ഈ ചെടികൾ മണ്ണിൻെറ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും സഹായകമാണു്.

ബ്ളോക്കുപ്രദേശങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനായി, ബണ്ടുകളും കയ്യാലകളും മററും ഉണ്ടാക്കുന്നതിനു പണം ഗ്രാൻറായും കടമായും കർഷകൎക്കു ബ്ളോക്കിൽനിന്നും നൽകാവുന്നതാണു്. ഈ ആവശ്യത്തിനു കടമായി കൊടുക്കുന്ന തുക പല ഗഡുക്കളായി തിരിച്ചടച്ചാൽ മതിയാകും.

*മണ്ണുപരിശോധന*

വിളഭൂമികളിലെ മണ്ണ് സൗജന്യമായി പരിശോധിക്കുന്നതിനും, മണ്ണിനെപ്പററിയുള്ള വിവരം അറിയുന്നതിനും വേണ്ട ഏർപ്പാടുകൾ ബ്ലോക്കിൽനിന്നും ചെയ്തു കൊടുക്കുന്നു. മണ്ണിൻെറ 'സാമ്പിൾ' എടുത്തു വെള്ളായണി കാർഷികകോളേജിലേക്ക് അയയ്ക്കുന്നു. അവിടെ വേണ്ട പരിശോധന നടത്തി മണ്ണിൻെറ ന്യൂനതകളും, മററും അറിയിക്കുന്നതാണ്. തന്മൂലം കർഷകർക്ക് അവരുടെ മണ്ണിൽ ഏതെല്ലാം വളമാണു ചേർക്കേണ്ടതെന്നും, അതനുസരിച്ചു പ്രവർത്തിച്ച് വിളവു വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

*ശാസ്ത്രീയവിജ്ഞാനത്തിൻെറ ആവശ്യം*

കാർഷികാഭിവൃദ്ധി കൈവരുത്തുന്നതിനു കൃഷിസംബന്ധമായ ശാസ്ത്രീയവിജ്ഞാനം കർഷകർ നേടേണ്ടതു് വളരെ ആവശ്യമാണ്. കൃഷിസംബന്ധമായ പുതിയ അറിവുകൾ കർഷകർക്ക് നൽകുന്നതിനു വികസനബ്ലോക്കുകൾ ആവോളം ശ്രദ്ധിക്കുന്നുണ്ട്. ബ്ലോക്കിലെ കൃഷിവികസന ഓഫീസറും, ഗ്രാമസേവകന്മാരും കൃഷിയുടെ വിവിധവശങ്ങളെപ്പററിയുള്ള ചർച്ചകൾ, 'ഡമൺസ്റ്റ്രേഷൻ' മുതലായവ നടത്തി കർഷകർക്കു പുതിയ അറിവും ഉത്തേജനവും നൽകുന്നു. കൃഷിസംബന്ധമായ വിജ്ഞാനം നൽകുന്നതിനും മററുമായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കുവേണ്ടി ക്യാമ്പുകൾ ബ്ലോക്കിൻെറ ചുമതലയിൽ നടത്തുന്നുണ്ട്. കാർഷികവിഷയങ്ങളെപ്പററി കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനു കർഷകക്ലാസ്സുകളിലെ ചർച്ചകളും മററും സഹായകമാണ്.

കാർഷികപ്രധാനമായ നല്ല ഫിലിമുകൾ പ്രദർ

പ്പിക്കുന്നതുകൊണ്ടു്, കർഷകക്കു പുതിയ അറിവു് ലഭിക്കുന്നതോടൊപ്പം കൃഷികാര്യങ്ങളിൽ അവക്കു കൂടുതൽ താല്പര്യവും ജനിക്കുന്നു. കൂടാതെ കൃഷിയെ സംബന്ധിക്കുന്ന ധാരാളം ലഘുപത്രികകൾ, ചെറിയ ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, മാസികകൾ മുതലായവ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്നുണ്ടു്. കൃഷിയെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന മാസികകൾ ഭാരതത്തിലെ എല്ലാ സംസ്ഥാനഭാഷകളിലും സംസ്ഥാനഗവണ്മെൻറിൽനിന്നു പ്രസിദ്ധീകരിച്ചുവരുന്നു.

*'കേരളകഷ്കൻ'—കൃഷിക്കാരുടെ സ്വന്തം മാസിക*

കേരളത്തിലെ കർഷകക്കു കൃഷിയുടെ നാനാവശങ്ങളെപ്പററി തുടരെ വിജ്ഞാനം നൽകുന്നതിനായി കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു മാസികയാണു്, 'കേരളകഷ്കൻ'. കൃഷിവിഷയങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതും, കൃഷിക്കാരുടെ സ്വന്തം മാസികയെന്നറിയപ്പെടുന്നതുമായ 'കേരളകഷ്കൻ' കഷ്കക്കു് ഒരനുഗ്രഹമാണു്. ആകഷ്കമായ പുറംചട്ട; കൃഷി, മൃഗസംരക്ഷണം എന്നിവയെപ്പററിയുള്ള നല്ല ലേഖനങ്ങൾ, കൃഷിക്കാരുടെ ചോദ്യങ്ങൾക്കുള്ള മറുപടി, ഓരോ മാസത്തിലും ചെയ്യേണ്ട കൃഷിപ്പണിയെപ്പററിയുള്ള വിവരങ്ങൾ, ചിത്രങ്ങൾ, എന്നിവയെല്ലാം കേരളകർഷകൻെറ ചില പ്രത്യേകതകളാണു്. ഈ മാസികയുടെ വാർഷിക വരിസംഖ്യ 1 രൂപാ 44 ന:പൈസാ മാത്രമേയുള്ളതാനും. ഈ തുക ഗ്രാമസേവകൻ മുഖാന്തിരം ട്രെഷറിയിൽ അടച്ചു് രസീതു വാങ്ങിയാൽ, മാസംതോറും പോസ്റ്റാഫീസുമുഖേന ഈ മാസിക കിട്ടിക്കൊണ്ടിരിക്കും: കാർഷികമായ അഭിവൃദ്ധി കൈവരു

ത്തുന്നതിനു് ഓരോ കർഷകനും ഈ മാസിക വായി ക്കേണ്ടതു് വളരെ ആവശ്യമാണു്.

*കാഷികപ്രദർശനം*

ശരിയായി സംഘടിപ്പിക്കപ്പെടുന്ന പ്രദശ്നങ്ങൾ എല്ലാംതന്നെ, ആളുകളെ ആകഷിക്കുന്നതിനും, കൂടുതൽ വിജ്ഞാനം നൽകുന്നതിനും പര്യാപ്തമാണു്. കൃഷിസംബന്ധമായ വിജ്ഞാനവും, കർഷകർക്കു് ഈ വിഷയത്തിൽ കൂടുതൽ താല്പര്യവും നൽകുന്നതിനായി ബ്ളോക്കുകളുടെ ചുമതലയിൽ കാർഷികപ്രദശ്നങ്ങൾ നടത്താറുണ്ടു്. ശരിയായ രീതിയിൽ കൃഷിപ്പണി നടത്തുകയാണെങ്കിൽ അത്ഭുതാവഹമായ നേട്ടങ്ങൾ ഈ രംഗത്തു് കൈവരുത്താമെന്നു് കാർഷികപ്രദർനം നോക്കിക്കാണുന്ന ഒരാൾക്കു് ബോദ്ധ്യമാകുന്നതാണു്. ബ്ളോക്കുപ്രദേശത്തു് ഉല്പാദിപ്പിക്കുന്നതും മെച്ചപ്പെട്ടതുമായ വിവിധ കാഷികവിഭവങ്ങളാണു് പ്രദശിപ്പിക്കപ്പെടുന്നതു്. ഓരോ ഇനത്തിലും ഏററവും മെച്ചമായവയ്ക്കു് ബ്ളോക്കിൽനിന്നും സമ്മാനം നൽകുന്നു. നവീനരീതിയിലുള്ള കാർഷികായുധങ്ങൾ, പ്രാണിസംഹാരത്തിനുള്ള ഉപകരണങ്ങൾ, നല്ലയിനം വിത്തുകൾ, കീടനാശിനികൾ, വളങ്ങൾ, കാഷികപ്രധാനമായ ചിത്രങ്ങൾ, ചാർട്ടുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയെല്ലാമാണു് പ്രദർശിപ്പിക്കുന്നതു്. പുതിയ മാറ്റങ്ങൾ തേടിപ്പിടിച്ചു കൂടുതൽ വിളവുണ്ടാക്കുന്നതിനുള്ള ആന്തരികമായ ഒരു പ്രേരണ നൽകുന്നതിനു് കാർഷികപ്രദർശനങ്ങൾ സഹായകമാണു്.

*മാതൃകാകൃഷി*

നെല്ല്, കപ്പ, കരിമ്പ്, ഏത്തവാഴ മുതലായവയ്ക്കുള്ള മാതൃകാകൃഷി ബ്ളോക്കിൻെറ ചുമതലയിൽ നടത്തുക സാധാരണയാണ്. ഒരോ ഗ്രാമസേവകൻെറയും പ്രവത്തനമേഖലയിൽ ഓരോ കൃഷിക്കുമുള്ള മാതൃകാകൃഷിത്തോട്ടങ്ങൾ ഉണ്ടായിരിക്കും. ബ്ളോക്കിലെ നിർദ്ദേശപ്രകാരം കൃഷി ചെയ്യാൻ തയ്യാറാകുന്ന ആളുകൾക്ക് ആ കൃഷിക്ക് ആവശ്യമായ വളവും മററും സൗജന്യമായി നൽകുന്നു. കൂടുതൽ ആളുകൾക്ക് ഇത്തരം കൃഷിത്തോട്ടങ്ങൾ കാണത്തക്കവണ്ണം പൊതുനിരത്തുകളുടെ അടുത്തായിരിക്കും മാതൃകാകൃഷിത്തോട്ടങ്ങൾ തെരഞ്ഞെടുക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ വളംചേർത്തും, സസ്യസംരക്ഷണനടപടികൾ കൈക്കൊണ്ടും നടത്തപ്പെടുന്ന ഇത്തരം മാതൃകാകൃഷിത്തോട്ടങ്ങൾ തുടങ്ങുന്നതു് മററു കർഷകരും ഈ രീതി പകർത്തുന്നതിനാണ്. അങ്ങനെ വിദ്യാഭ്യാസപരമായ ഒരുദ്ദേശ്യമാണ് മാതൃകാകൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന്റെ പിന്നിൽ ഉള്ളതു്.

*വിളവുമത്സരം*

കൃഷികാര്യങ്ങളിൽ ആളുകൾക്ക് കൂടുതൽ താല്പര്യം നൽകുന്നതിനും, ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ ആളുകൾ സ്വീകരിക്കുന്നതിനും അങ്ങനെ വിളവ് വദ്ധമാനമായ തോതിൽ ഉയത്തുന്നതിനും വിളവുമത്സരങ്ങൾ സഹായിക്കുന്നുണ്ടു്. ബ്ളോക്കിൻെറ ചുമതലയിൽ നെല്ല്, കപ്പ, ഏത്തവാഴ എന്നിവയ്ക്കുള്ള കൃഷിമത്സരങ്ങൾ നടത്തിവരുന്നു. വളരെയധികം കൃഷിക്കാർ ഈ മത്സരത്തിൽ ചേരുന്നതുകൊണ്ടുതന്നെ കാഷികോ

ല്പാദനം സാധാരണഗതിയിൽ കൂടുതലായി വർദ്ധിക്കുന്ന തിന് ഇടയാകുമല്ലോ. ഓരോ ഗ്രാമസേവകന്റെ പ്രവർത്തനമേഖലയിലും ഏററവും കൂടുതൽ വിളവ് ഓരോ ഇനത്തിലും ഉല്പാദിപ്പിക്കുന്ന കർഷകർക്ക് ബ്ളോക്കിൽ നിന്നും സമ്മാനവും സർട്ടിഫിക്കററും നൽകുന്നു.

*നെൽകൃഷി*

കേരളത്തിൽ ആവശ്യമുള്ള അരിയുടെ പകുതി മാത്രമേ ഇപ്പോഴും ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു എന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്. നെല്ലിൻെറ ഉല്പാദനം ഇന്നത്തേതിലും ഇരട്ടിയാക്കി വർദ്ധിപ്പിക്കേണ്ടതു് ഈ നാടിൻെറ ഒരാവശ്യം മാത്രമാണു്. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, ജലസേചനസൗകര്യങ്ങളും മററും ഏർപ്പെടുത്തി കൂടുതൽ സ്ഥലത്തു നെൽകൃഷി നടത്തുന്നതിനും, കർഷകരെ സഹായിക്കുന്നതിനായി സഹകരണസംഘങ്ങൾ നടപ്പാക്കുന്നതിനുമെല്ലാം ഗവണ്മെൻറ് ആവോളം പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്. നെൽകൃഷിക്കാർക്ക് വളം വാങ്ങുന്നതിന് ഏക്കറിന് 40 രൂപാ ക്രമത്തിൽ കടമായി ബ്ളോക്കിൽനിന്നും നൽകുന്നുണ്ടു്. കൃഷി മെച്ചപ്പെടുത്തുന്നതിനും, കർഷകരുടെ സമ്പത്തികനില ഉയർത്തുന്നതിനുമൊക്കെ കൂട്ടുകൃഷിസഹകരണസംഘങ്ങൾ സഹായിക്കുന്നു. നെല്ലുവിളവു മെച്ചമാകുന്നതിനുള്ള പല പരീക്ഷണങ്ങളും നടത്തിവരുന്നുണ്ടു്. നമ്മുടെ നാട്ടിൽ കൃഷിമത്സരങ്ങൾ നടത്തിയതിൻെറ ഫലമായി ഒരേക്കറിൽനിന്നു് 750 പറ നെല്ലുവരെ ഉല്പാദിപ്പിച്ചിട്ടുള്ള ചരിത്രമുണ്ടു്. വിളവ് വൻതോതിൽ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടെന്നുള്ളതിന് തെളിവാണല്ലോ ഇതു്. നെല്ലിൻെറ

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ജപ്പാൻനെൽക്കൃഷിസമ്പ്രദായം അംഗീകരിക്കപ്പെട്ടിരിക്കുകയാണു്.

*ജപ്പാൻനെൽക്കൃഷിസമ്പ്രദായം*

ജപ്പാൻനെൽക്കൃഷിസമ്പ്രദായം നാടെങ്ങും പ്രചരിപ്പിക്കുന്നതിന് വികസനബ്ളോക്കുകളും കൃഷിഡിപ്പാർട്ടുമെൻറും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. ഉല്പാദനവർദ്ധനവിന് ഉതകുന്ന സകല ഉപാധികളും ചേർത്തിണക്കിയ ഒരു കൃഷിസമ്പ്രദായമാണു് ഇതു്. ഈ നെൽക്കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

*കുറച്ചു വിത്തുമാത്രം ഉപയോഗിക്കുക*

ആവശ്യത്തിലധികം വിത്തു് ഉപയോഗിക്കുന്ന സമ്പ്രദായം നാട്ടിൽ നടപ്പുണ്ടു്. ഒരേക്കർ സ്ഥലത്തു് 100 മുതൽ 120 വരെ റാത്തൽ വിത്തു് ഉപയോഗിച്ചുവരുന്നു. ഞാറു പാകി പറിച്ചുനടുന്നതിന് ഒരേക്കർ സ്ഥലത്തേക്കു് 20 റാത്തൽ (ഒന്നേകാൽ പറ) വിത്തു മതിയാകുന്നതാണു്. വിരിപ്പുകൃഷിയിൽ പൊടിവിതയ്ക്കു് ഒരേക്കറിന് 50 റാത്തൽ വിത്തു മതിയാകും. കുട്ടനാടൻ പാടങ്ങളിൽ 80 റാത്തൽ വരെ വേണ്ടിവരും. വിത്തു്, കുറച്ചുമാത്രം ഉപയോഗിക്കുന്നതുകൊണ്ടുതന്നെ, ലക്ഷക്കണക്കിന് ഏക്കർ പാടങ്ങളുള്ള നമ്മുടെ നാട്ടിൽ കുറെ അധികംനെല്ലു് ഈയിനത്തിൽ മിച്ചം ഉണ്ടാക്കാവുന്നതാണു്.

*വിത്തു തെരഞ്ഞെടുക്കേണ്ട വിധം*

നല്ല വിത്തുകൾ ഉപയോഗിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇപ്പോൾ ഉപയോഗിച്ചുവരുന്ന

വിത്തിൽ അരമങ്കും; പതിരും കാണും. ഇവ മാററുന്നതിനായി വിത്തു് ഉപ്പുലായിനിയിൽ ഇട്ടു് പൊങ്ങിക്കിടക്കുന്നവ വാരിക്കളയാവുന്നതാണു്. ഒരുതൊട്ടി വെള്ളത്തിൽ അരറാത്തൽ ഉപ്പു് എന്ന കണക്കിനു കലക്കി, ഈ വെള്ളത്തിൽ വിത്തിടണം. അടിയിൽ താഴാതെ പകുതി പൊങ്ങിക്കിടക്കുന്നതെല്ലാം നീക്കംചെയ്യണം. ഉപ്പു കലക്കുന്നതു വെള്ളത്തിൻെറ സാന്ദ്രത കൂട്ടുവാൻവേണ്ടി മാത്രമാണു്. ഈ വിധം വിത്തു തെരഞ്ഞെടുക്കുക എന്നുള്ളതു പ്രധാനമായൊരു കാര്യമാണു്.

*വിത്തിൽ മരുന്നുപുരട്ടുക*

നെൽച്ചെടിയിൽ ചില കൃമിരോഗങ്ങൾ കണ്ടുവരാറുണ്ടു്. വിത്തുമുഖാന്തിരം കൃമിരോഗം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണു് വിത്തിൽ മരുന്നു പുരട്ടുന്നതു്. അൻപതു ഗ്യാലൻ വെള്ളത്തിൽ ഒന്നര റാത്തൽ 'പെരിനോക്സു്' എന്ന കണക്കിനു കലക്കി, വിത്തു് ചാക്കു കഷണത്തിൽ കെട്ടി 15 മിനിട്ടുമുതൽ 30 മിനിട്ടുവരെ താഴ്ത്തിവച്ചതിൻെറശേഷം ഉപയോഗിക്കാവുന്നതാണു്. 'സെറിസാൻ' എന്ന മരുന്നും 20 ഗ്യാലൻ വെള്ളത്തിൽ ഒരു റാത്തൽ എന്ന കണക്കിൽ കലക്കി വിത്തു മുക്കുന്നതിനു് ഉപയോഗിക്കാം. കൂടാതെ അഗ്രസ്സൻ, സെറിസൻ, എന്നിവയിൽ ഏതെങ്കിലും പൊടിയായി ഒരു ശതത്തുക്കത്തിനു് 5 ഔൺസു് എന്ന ക്രമത്തിൽ ഉപയോഗിക്കാം. ഈ മരുന്നു വിത്തിൽ സൗകര്യമായി പുരട്ടുന്നതിനുള്ള ഒരുപകരണം (Seed dressing drum) ഗ്രാമസേവക ഓഫീസിൽനിന്നും ലഭിക്കുന്നതാണു്. ഈ മരുന്നുകൾ എല്ലാം വിഷാംശമുള്ളതാകയാൽ ഈ വിത്തു്

പക്ഷിമൃഗാദികൾക്കുപോലും കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

### *നല്ല ഞാററടികൾ*

ഞാററടികൾ പൊടിയിലോ, ചെളിയിലോ സൗകര്യംപോലെയാകാം. ഞാററടികളിൽ വിത്തു് തിങ്ങിവിതയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഞാററടികൾ ശരിയായ രീതിയിൽ ഉഴുതു് പാകപ്പെടുത്തിയിരിക്കേണ്ടതാണു്. ഞാററടികളിൽ ധാരാളം വളവും ചേർത്തിരിക്കണം. കമ്പോസ്റ്റു്, കാലിവളം, പച്ചിലവളം മുതലായവ ചേർക്കണം. ഇവ കൂടാതെ 200 ചതുരശ്ര അടിക്കു് ഒരു റാത്തൽ അമോണിയം സൾഫേററും, ഒരു റാത്തൽ സൂപ്പർ ഫോസ്ഫേററും ഇട്ടുകൊടുക്കുന്നതു നല്ലതാണു്. ഞാററടിയിൽ വളം ചെയ്യുന്നതുകൊണ്ടു് ഞാറു വേഗത്തിൽ വളരുകയും, തന്മൂലം നേരത്തെ നിലത്തിൽ നടുന്നതിനു സാധിക്കുകയും ചെയ്യും.

### *ഞാറുകൾ വരിയായി നടണം*

ഞാറുകൾക്കു് ഉദ്ദേശം ആറിലയാകുമ്പോൾ പറിച്ചുനടാം. നിലത്തിൽ കയറുപിടിച്ചു് വരിയായി നടുന്നതു നന്നായിരിക്കും. 'ജപ്പാൻ ഹോ' എന്നറിയപ്പെടുന്ന മണ്ണുമാന്തുപ്പല്ലി ചെടികളുടെ ഇടയിൽക്കൂടി ഉരുട്ടി മണ്ണിളക്കാവുന്നതാണു്. വരികൾ തമ്മിൽ എട്ടിഞ്ചു് അകലമുണ്ടെങ്കിൽ ഈ പല്ലി ഉപയോഗിക്കുവാൻ സൗകര്യമുണ്ടായിരിക്കും. നെൽച്ചെടികൾ തമ്മിലുള്ള അകലം ഓരോ ഇനം നെല്ലിന്റെ മൂപ്പും, കിളിയൽ പൊട്ടുന്നതിനു് അവയ്ക്കുള്ള സ്വതസ്സിദ്ധമായ ശക്തിയേയും ആശ്രയിച്ചിരിക്കും. മൂപ്പു കുറഞ്ഞവയും, കിളിയൽ കുറ

വുള്ളതുമായ വിത്തുകൾ ഓരോ വരികൾ തമ്മിൽ എട്ടിഞ്ച് അകലത്തിലും, ഒരു വരിയിലുള്ള ഞാറുകൾ തമ്മിൽ നാലിഞ്ചകലത്തിലും നടണം. മൂപ്പു കൂടിയവയും കിളിയൽ കൂടുതൽ ഉണ്ടാകുന്നവയുമായ വിത്തിൻെറ ഞാറുകൾ, വരികൾ തമ്മിലും ഓരോ വരിയിലുമുള്ള ഞാറുകൾ തമ്മിലും എട്ടിഞ്ച് അകലം വീതം ഉണ്ടായിരിക്കണം. ഞാറുകൾ ചരിച്ചുനടാതെ തൂക്കനെ നടുന്നതാണ് നല്ലതു്.

*നല്ലപോലെ വളംചേർക്കേണ്ടതു് വളരെ ആവശ്യമാണ്*

വിളവു വർദ്ധിപ്പിക്കുന്നതിന്, ശരിയായ രീതിയിൽ വളം ഉപയോഗിക്കേണ്ടതു് ഏററവും പ്രധാനമായ ഒരു സംഗതിയാണ്. വളത്തിൻെറ അളവു് സ്ഥലത്തിൻെറയും, കൃഷിയുടെയും രീതിയെ ആശ്രയിച്ചിരിക്കും.

കുംഭപ്പൂകൃഷിക്ക് നിലം ഒരുക്കുമ്പോൾ, ഏക്കറിന് 15 വണ്ടി ചാണകമോ, അത്രയും കമ്പോസ്റ്റുവളമോ അല്ലെങ്കിലത്രയും പച്ചിലവളമോ, 200 റാത്തൽ സൂപ്പർ ഫോസ്ഫേറേറാ, 100 റാത്തൽ അമോണിയം സൾഫേറേറാ ഉപയോഗിക്കാം. വിത്തിട്ട് ഒരുമാസം കഴിയുമ്പോൾ 100 റാത്തൽ അമോണിയം സൾഫേററ് ഇട്ടുകൊടുക്കേണ്ടതാണ്.

വിരിപ്പുകൃഷിക്ക് (പൊടിയിൽ) ഏക്കറൊന്നിനു 15 വണ്ടി കന്നുകാലിവളമോ, കമ്പോസ്റ്റോ, 2 ശതത്തുക്കം എല്ലുപൊടി, ഹൈപ്പർ ഫോസഫേററ്, സൂപ്പർ ഫോസ്ഫേറ്റ് എന്നിവയിൽ ഏതെങ്കിലുമോ ചേർക്കേ

ണ്ടതാണ്. വിതച്ച് ഒരു മാസം കഴിയുമ്പോൾ 75 റാത്തൽ അമോണിയം സൾഫേററ് ഇട്ടുകൊടുക്കണം.

മുണ്ടകകൃഷിക്ക് (ചെളിയിൽ)അടിസ്ഥാനവളമായി 15 വണ്ടി കാലിവളമോ, അത്രയും കമ്പോസ്റ്റോ, 500 റാത്തൽ പച്ചിലവളമോ, അല്ലെങ്കിൽ 200 റാത്തൽ എല്ലുപൊടി, ഹൈപ്പർ ഫോസ്ഫേററ്, സൂപ്പർഫോസ്ഫേററ് എന്നിവയിൽ ഏതെങ്കിലുമോ ചേർക്കണം. നട്ട് ഒരുമാസം കഴിഞ്ഞു് മേൽവളമായി 84 റാത്തൽ അമോണിയം സൾഫേററ് ഇട്ടുകൊടുക്കേണ്ടതാണ്.

പുഞ്ചനിലങ്ങളിലും, കോൾനിലങ്ങളിലും കൊയ്ത്തിനുശേഷം പൊടിയിൽ ഉഴുമ്പോൾ ഏക്കറൊന്നിന് ഒന്നര ശതത്തൂക്കം ഹൈപ്പർ ഫോസ്ഫേറ്റ് ഉഴുതു ചേർക്കണം. കൂടാതെ രണ്ടുകൊല്ലത്തിലൊരിക്കൽ 600 റാത്തൽ കുമ്മായവും ഉഴുതു ചേർക്കേണ്ടതാണ്. നിലം വിതച്ച് ഉറവയെടുത്തശേഷം തലവെള്ളം കയററി വററിച്ച് ഏക്കറിന് 84 റാത്തൽ എല്ലുപൊടി എന്ന ക്രമത്തിൽ വിതറണം. നടീലിനുശേഷം, 100 റാത്തൽ അമോണിയം സൾഫേററ് ഇടേണ്ടതാണ്. പുളിയില്ലാത്ത നിലങ്ങളിൽ എല്ലുപൊടിക്കു പകരം സൂപ്പർ ഫോസ്ഫേററ് ഉപയോഗിക്കാം.

ചേർത്തല, വൈക്കം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഓരുനിലങ്ങളിൽ കൂനക്കൂട്ടി കൂനയ്ക്കു മുകളിൽ വിത്തു വിതയ്ക്കുന്നതിനുമുമ്പായി ഏക്കറൊന്നിന് ഒന്നര ശതത്തൂക്കം എന്ന ക്രമത്തിന് എല്ലുപൊടിയോ, ഹൈപ്പർ ഫോസ്ഫേറേറാ ചേർത്തു മണ്ണിളക്കിയശേഷം വിത്തു വിതയ്ക്കണം.

നെടുമങ്ങാട്ട് മുതലായ സ്ഥലങ്ങളിൽ വിത്ത് ചാണകത്തിൽ ഇട്ടു ചവുട്ടി, ചെളിയിൽ നിലം ഒരുക്കി, നരിയിടുന്ന സമ്പ്രദായം നടപ്പിലുണ്ട്. ചാണകത്തിൻെറ കൂടെ വിത്തിട്ട് ചവിട്ടുമ്പോൾ ഏക്കറൊന്നിനു രണ്ടു ശതത്തുക്കം എല്ലുപൊടി എന്ന ക്രമത്തിൽ കൂട്ടിച്ചേർത്ത് വിത്തിൻെറ കൂടെയിടുന്നതു വളരെ പ്രയോജനകരമായിരിക്കും.

### *ശ്രദ്ധിക്കേണ്ട മററു കാര്യങ്ങൾ*

ഞാറു നട്ടതിൻെറശേഷം രണ്ടാഴ്ച ഇടവിട്ടു മൂന്നു പ്രാവശ്യം ഇടയിളക്കേണ്ടതു് ആവശ്യമാണ്. വരിയായി നടുന്നതു് 'ജപ്പാനീസ് ഹോ' കൊണ്ടു് ഇടയിളക്കുന്നതിനുള്ള സൗകര്യവും തന്മൂലമുള്ള ആദായത്തെയും കരുതിയാണ്. പ്രാണികളുടെ ആക്രമണത്തിൽനിന്നും നെൽച്ചെടികളെ സംരക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ആധുനികവും ഫലപ്രദവുമായ പ്രാണിസംഹാരിമരുന്നുകൾ ഇപ്പോൾ സുലഭമാണ്. പ്രാണിശല്യം ഉണ്ടായാൽ തുടക്കത്തിൽത്തന്നെ തടയുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. നെല്ലു കതിരാകുമ്പോൾ ചെടികൾ താഴെ വീഴാതിരിക്കുന്നതിനു നിലത്തിൽ വിലങ്ങനെ നാലഞ്ചടി അകലത്തിൽവീതം കയറു കെട്ടുന്നതു പ്രയോജനകരമായിരിക്കും.

### *ജപ്പാൻരീതി—ആവോളം പ്രചരിപ്പിക്കേണ്ടതിൻെറ ആവശ്യം*

വിളവ് ഇന്നത്തേതിലും നാലിരട്ടിവരെ വർദ്ധിപ്പിക്കുന്നതിനു ജപ്പാൻനെൽക്കൃഷിസമ്പ്രദായം സഹായകമാണെന്നു തെളിഞ്ഞിട്ടുണ്ട്. ഈ പേരു കേൾക്കു

മ്പോഠം അല്പം ചിന്താക്കുഴപ്പം ഉണ്ടായേക്കാം. ജപ്പാനിലെ കൃഷി നമുക്കെന്തിനാണ് എന്നു ചിലർ ചോദിക്കുന്നുമുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഏററവും കൂടുതൽ വിളവ് ഉല്പാദിപ്പിക്കുന്നതിന് ഏററവും കൂടുതൽ വളം ചേർത്ത് കൃഷിചെയ്യുന്ന ഒരു സമ്പ്രദായമായി ഇതിനെ കരുതിയാൽ മതി. വിളവു കൂടുതൽ ഉല്പാദിപ്പിക്കുകയെന്നുള്ളതാണ് ഇന്നു നാടിൻെറ ആവശ്യം. കൂടുതൽ വളം ചേർക്കേണ്ടതുകൊണ്ട് കൂടുതൽ പണം ചെലവാകുന്നുണ്ട്. എന്നാൽ കൂടുതലായി കിട്ടുന്ന നെല്ലിൻെറ വിലയുമായി തട്ടിച്ചുനോക്കുമ്പോഴും ഈ കൃഷിസമ്പ്രദായം സ്വീകാര്യമാണെന്ന് ബോദ്ധ്യപ്പെടുന്നതാണ്. കൃഷിഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെയും വികസന ബ്ലോക്കുകളിലെ കൃഷിവികസന ഉദ്യോഗസ്ഥൻ, ഗ്രാമസേവകർ എന്നിവരുടെയും ഉപദേശവും നിർദ്ദേശവുമെല്ലാം മററു കൃഷികാര്യങ്ങളിലെന്നപോലെ, ജപ്പാൻകൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിലും കർഷകൎക്കു ലഭിക്കുന്നതാണ്. നമ്മുടെ നാട്ടിലെ നെല്ലിൻകതിരുകളിൽനിന്നും ഇന്നത്തേതിലും കൂടുതൽ നെന്മണികഠം വിളയിക്കുന്നതിനു കർഷകർ ആഞ്ഞു പരിശ്രമിക്കേണ്ടതു് ഈ നാടിനെ സംബന്ധിച്ചിടത്തോളം ഒരത്യാവശ്യം മാത്രമാണ്.

***തെങ്ങുകൃഷി***

കേരളം കേരവൃക്ഷങ്ങളുടെ ഒരു നാടാണല്ലോ. നമ്മുടെ കല്പവൃക്ഷമായ തെങ്ങ് ഇന്നാട്ടുകാരുടെ അഭിമാനസമ്പത്താണ്. കേരളീയരുടെ വരുമാനത്തിൽ ഗണ്യമായ ഒരു ഭാഗം കേരോല്പന്നങ്ങളിൽനിന്നാണ് ഉണ്ടാകേണ്ടതു്. എന്നാൽ വ്യാപകമായ തോതിൽ പടൎന്നുപി

ടിച്ചിരിക്കുന്ന തെങ്ങുരോഗംനിമിത്തം നാട്ടിലെ നാളികേര ഉല്പാദനത്തിൽ സാരമായ ഇടിവു സംഭവിച്ചിട്ടുണ്ടു്. തെങ്ങുരോഗങ്ങളുടെ നിവാരണത്തിനായി സംസ്ഥാനവ്യാപകമായ തോതിൽ മരുന്നുതളിപ്പു് ഗവണ്മെന്റിൽനിന്നും നടത്തിവരുന്നു. മരുന്നുതളിപ്പുമൂലം രോഗം ബാധിച്ചിട്ടില്ലാത്ത തെങ്ങുകൾക്കു രോഗം വരാതിരിക്കുന്നതിനും, രോഗബാധ ഏററിട്ടുള്ള തെങ്ങുകൾക്കു പലപ്രാവശ്യം മരുന്നുതളിപ്പു നടത്തുന്നതുകൊണ്ടു് രോഗം മാറിക്കിട്ടുന്നതിനും സാധിക്കുന്നു. രോഗികൾക്കു് ഔഷധവും ശുശ്രൂഷയും ഒരുപോലെ ആവശ്യമാണല്ലോ. തെങ്ങു പുഷ്ടിയായി വളരുന്നതിനുള്ള വളം ഇട്ടുകൊടുക്കുന്നതിനു കൂടി നാം ശ്രദ്ധിക്കണം.

*തെങ്ങിനു വളംചേർക്കൽ*

മഴക്കാലം ആരംഭിക്കുന്നതിനുമുമ്പാണു് വളം ഇടേണ്ടതു്. തെങ്ങിന്റെ ചുവട്ടിൽനിന്നും നാലടി അകലെയായി ഒരടി വീതിയും, ഒരടി താഴ്ചയുമുള്ള ഒരു കുഴി ചുററും എടുത്തു് അതിൽ 50 റാത്തൽ പച്ചിലവളമോ, കമ്പോസ്റ്റുവളമോ നിരത്തണം. 10 റാത്തൽ തെങ്ങുവളവും (Cocoanut mixture), ഏഴുറാത്തൽ കുമ്മായവും ഇട്ടശേഷം കുഴി മൂടണം. മഴക്കാലം ആരംഭിച്ചു കുറെ, കഴിയുമ്പോഴേക്കും തെങ്ങിന്റെ മട്ടു മാറുകയായി. കുലകൾ തിങ്ങി പെരുകുംഭങ്ങൾ ഉണ്ടായിവരുന്ന ആ കാഴ്ച ഉടമസ്ഥനു് ആഹ്ലാദം നൽകുകതന്നെ ചെയ്യും. ഈ രീതിയിൽ വളം ചേർക്കുന്നതിനു തെങ്ങൊന്നുക്കു് ഒരു രൂപായോ ഒന്നേകാൽ രൂപായോ ചെലവായേക്കാം. എന്നാൽ കൂടുതലായി ഉണ്ടാകുന്ന നാളികേരത്തിനു് അഞ്ചു രൂപായിലധികം ലഭിച്ചെന്നുവരും.

തെങ്ങുകൃഷിയിൽ കർഷകർ കൂടുതൽ താല്പര്യം കാണിക്കേണ്ടതു് നമ്മുടെ സാമ്പത്തികനില ഉയർത്തുന്നതിന്ന തികച്ചും ആവശ്യമാണ്. കേരകർഷകരെ സഹായിക്കുന്നതിന്നുവേണ്ടി വമ്പിച്ച ചെലവു സഹിച്ചാണ് ഗവർമ്മെൻറു മരുന്നുതളിപ്പു നടത്തുന്നതു്. ഒരു തെങ്ങിനു മരുന്നു തളിക്കുന്നതിനു ഗവർമ്മെൻറിനു് 15 നയാപൈസാ ചെലവുണ്ടു്. എന്നാൽ അതിൻെറ ഒരംശമായ 6 നയാപൈസയേ കർഷകരിൽനിന്നും ഈടാക്കുന്നുള്ളു. നല്ല തെങ്ങിൻതൈകൾ നട്ടു വളർത്തുന്നതിനും, ശാസ്ത്രീയമായ രീതിയിൽ വളം ചേർക്കുന്നതിനും, വേനൽ ആരംഭിക്കുന്നതിനു മുമ്പു് ഇട കിളയ്ക്കുന്നതിനും, മരുന്നു തളിപ്പു നടത്തുന്നതിനുമെല്ലാം കർഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. തെങ്ങുകൃഷി മെച്ചമായി നടത്തുന്നതിനും, രോഗനിവാരണമാർഗ്ഗങ്ങൾ കൈക്കൊള്ളുന്നതിനുമൊക്കെ ബ്ലോക്കിലെ കൃഷിവികസന ഉദ്യോഗസ്ഥൻെറയും ഗ്രാമസേവകരുടെയും നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണു്. തെങ്ങുകൃഷിയഭിവൃദ്ധിപ്പെടുത്തേണ്ടതു് കർഷകരുടെനില മെച്ചമാകുന്നതിനും, നാടിൻെറ പൊതുവായ നന്മയ്ക്കും തികച്ചും ആവശ്യമാണു്. തെങ്ങുകൃഷിയുടെ നാനാവശങ്ങളെപ്പററി പ്രതിപാദിക്കുന്ന 'നാളികേരബുള്ളററിൻ' കേന്ദ്രഗവർമ്മെൻറിൻെറ നാളികേരക്കമ്മററിയുടെ ചുമതലയിൽ മാസംതോറും എറണാകുളത്തുനിന്നും പ്രസിദ്ധീകരിക്കുന്നുണ്ടു്.

### കൃഷിയുടെ പ്രാധാന്യം

ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനും വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുമെല്ലാം കാർഷികവിഭവങ്ങൾ ആവശ്യമായതുകൊണ്ടു് കൃഷി വൻതോതിൽ

വികസിപ്പിക്കേണ്ടതു് നാടിന്റെ ആവശ്യം മാത്രമാണു്. നാടിൻെറ പ്രശ്നങ്ങളെപ്പററി ചിന്തിക്കുന്ന നമ്മുടെ ദേശീയനേതാക്കന്മാരെല്ലാം ഈ വസ്തുത നമ്മെ ആവർത്തിച്ചു് അനുസ്മരിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഊർജ്ജിതമായ കൃഷിപ്പണികഠം നടത്തി ഇന്നത്തേതിൽനിന്നും കൂടുതലായി വിളവു വർദ്ധിപ്പിക്കുന്നതിനു് ഓരോ കർഷകനും ആവോളം ശ്രമിക്കേണ്ടതു് ധാർമ്മികമായ ഒരു ചുമതല മാത്രമാണു്.

### *കൃഷിവികസനത്തിനു ബ്ലോക്കുബഡ്ജററിലുള്ള തുകയും ചെലവിനങ്ങളും*

കൃഷിവികസനത്തിനു് ഒരു പ്രഥമഘട്ടബ്ലോക്കിൽ 1,19,810 രൂപായാണു നീക്കിവച്ചിരിക്കുന്നതെന്നു് നാം മനസ്സിലാക്കി. വളംഡിപ്പോ സ്ഥാപിക്കുക, കാർഷികോപകരണങ്ങഠം വാങ്ങി വിതരണം ചെയ്യുക, കൃമി–കീടനാശിനികഠം വിതരണംചെയ്യുക, വിത്തുല്പാദനകേന്ദ്രങ്ങഠം ആരംഭിക്കുക, മണ്ണുപരീക്ഷണം നടത്തുക, പച്ചിലവളച്ചെടികളുടെ നഴ്സറി ആരംഭിക്കുക, വിളവുമത്സരം, കാർഷികപ്രദർശനം, കമ്പോസ്ററുനിർമ്മാണമത്സരം എന്നിവ നടത്തുക, മാതൃകാകൃഷിത്തോട്ടങ്ങഠം ഉണ്ടാക്കുക, കർഷകസംഘടനകഠംക്കും യുവകർഷകസംഘടനകഠംക്കും സഹായം നൽകുക, തെങ്ങിനു മരുന്നു തളിക്കുക, അടുക്കളത്തോട്ടം ഉണ്ടാക്കുന്നവർക്കു് ഗ്രാന്റുനൽകുക, എന്നീ ഇനങ്ങഠംക്കു് ഈ തുക വിനിയോഗിക്കുന്നു. ഇവയിൽ ഗ്രാന്റു നൽകാവുന്ന ഇനങ്ങഠംക്കു് ചെലവാക്കാവുന്ന തുകയും ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. മാതൃകാകൃഷിക്കു് 25 സെൻറു സ്ഥലത്തിനു് 40 രൂപാ ക്രമത്തിൽ 50 സെന്റിനു് 80 രൂപായ്ക്കുവരെ വിലയുള്ള വളം നൽകാൻ

സാധിക്കും. പച്ചിലവളച്ചെടികളുടെ നഴ്സറിക്ക് 50 സെൻറു സ്ഥലത്തിനു് 100 രൂപാവരെ ചെലവാക്കാം. കർഷകസംഘടനകൾക്കു് 50 രൂപാ വിലയ്ക്കുള്ള ഉപകരണങ്ങൾ നൽകാൻ സാധിക്കും. മഹിളാസമാജം, സ്കൂളുകൾ എന്നിവയുടെ മേൽനോട്ടത്തിൽ നടത്തുന്ന മലക്കറിത്തോട്ടങ്ങൾക്കു് 50 സെൻറു സ്ഥലത്തിനു് 50 രൂപാ ഗ്രാന്റു നൽകുന്നതാണു്.

## 2. മൃഗസംരക്ഷണം

ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ ക്ഷീരോല്പന്നങ്ങൾക്കുള്ള പ്രാധാന്യത്തെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമില്ല. ചാണകവും കാലിമൂത്രവുമാണു് കൃഷിക്കു നാം ഉപയോഗിക്കുന്ന പ്രധാന വളം. കാളയെയും, പോത്തിനെയും ഉപയോഗിച്ചെങ്കിലേ നമ്മുടെ നിലം ഉഴാനും നമുക്കു സാധിക്കുകയുള്ളു. അങ്ങനെ, കാർഷികവകുപ്പുമായി അഭേദ്യമായ ബന്ധമാണു് മൃഗസംരക്ഷണത്തിനുള്ളതു്.

***ഏററവും കൂടുതൽ കന്നുകാലികളുള്ള ഭാരതം ഏററവും കുറച്ചു് പാൽ ഉല്പാദിപ്പിക്കുന്നു***

ലോകത്തിൽ ഏററവും കൂടുതൽ കന്നുകാലികളുള്ളതു് ഭാരതത്തിലാണു്. ഇവിടെ 18 കോടിയിലധികം കന്നുകാലികളുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഗുണത്തിലും തരത്തിലും ഏററവും മോശമായ കന്നുകാലികൾ ഉള്ളതും ഇവിടെയാണു്. നോർവ്വേ, സ്വീഡൻ, യു. എസ്സ്. ഏ. തുടങ്ങിയ രാജ്യങ്ങളിൽ ഒരു പശുവിൽനിന്നു് ഒരാണ്ടിൽ ശരാശരി 300 ഗ്യാലനിൽ കൂടുതൽ പാൽ ലഭിക്കുമ്പോൾ, ഭാരതത്തിലെ ഒരു പശുവിൽനിന്നു ലഭിക്കുന്നതു് വെറും 30 ഗ്യാലൻ പാലാണു്.

*വർഗ്ഗശുദ്ധി വരുത്തുകയെന്നുള്ളതാണ് ആവശ്യം*

കാലിവളർത്തൽ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുന്നതിന് നമ്മുടെ കന്നുകാലികളുടെ ഇനം നന്നാക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ഊർജ്ജിതമായ നടപടികൾ വികസനബ്ലോക്കുകളിൽ സ്വീകരിച്ചുവരുന്നുണ്ട്. നല്ലയിനം വിത്തുകാളകൾ, വിത്തുപോത്ത്, മുട്ടാടുകൾ എന്നിവയെ ഇനം നന്നാക്കുന്നതിനായി ബ്ലോക്കുകളിൽ സൂക്ഷിക്കുന്നുണ്ട്. ബ്ലോക്കുപ്രദേശത്തുള്ള പശുക്കളെയെല്ലാം ഇണചേർക്കുന്നതിന് ബ്ലോക്കിൽ സൂക്ഷിക്കുന്ന ഒന്നോ രണ്ടോ കാളകളെക്കൊണ്ടു സാധിക്കുന്നതല്ല. ഈ പ്രശ്നം, കൃത്രിമഗർഭോല്പാദനസമ്പ്രദായംമൂലം പരിഹരിച്ചുവരുന്നു.

*കൃത്രിമഗർഭോല്പാദനം*

ബ്ലോക്കിന്റെ ചുമതലയിൽ മൂന്നും നാലും കേന്ദ്രങ്ങളിൽ കൃത്രിമഗർഭോല്പാദനകേന്ദ്രങ്ങൾ തുറന്നു പ്രവർത്തനം നടത്തുന്നുണ്ട്. പശുക്കൾ ചനയ്ക്കു് അമറുമ്പോൾ ഈ കേന്ദ്രങ്ങളിൽ കൊണ്ടുചെന്നാൽ സൗജന്യമായി ബീജസങ്കലനം നടത്തുന്നതാണ്. നല്ലയിനം കാളകളുടെ ബീജം ശേഖരിച്ച് കുത്തിവയ്ക്കുകയാണു ചെയ്യുന്നതു്. ഒരു പ്രാവശ്യം കാള ചാടിയാൽ ഉണ്ടാകുന്ന ബീജംകൊണ്ട് അനവധി പശുക്കളെ കുത്തിവയ്ക്കാൻ സാധിക്കുമെന്നുള്ളതാണ് ഈ സമ്പ്രദായത്തിനുള്ള മേന്മ. പ്രസവിക്കാത്ത (വന്ധ്യത്വമുള്ള) പശുക്കളെ, കൃത്രിമഗർഭോല്പാദനത്തിന് കുത്തിവച്ചതുകൊണ്ടു ഫലമില്ല. ചനയ്ക്കു് അമറി 24 മണിക്കൂറിനുമുമ്പ് കുത്തിവയ്പു നടത്തുകയെന്നുള്ളതും ആവശ്യമാണ്. ഈ സമ്പ്രദായംമൂലം മെച്ചമായ കാലിക്കുട്ടികൾ ജനിക്കുന്നു. ഈ കാലിക്കുട്ടികൾ വളർ

വരുന്നതോടുകൂടി മെച്ചമായ ഫലം നമുക്കു ലഭിക്കുകയും ചെയ്യും.

*മൃഗാശുപത്രി*

ഓരോ ബ്ലോക്കിൻെറയും ചുമതലയിൽ രണ്ടോ മൂന്നോ മൃഗാശുപത്രികൾ പ്രവൎത്തിക്കുന്നതായിരിക്കും. കന്നുകാലികൾക്കു വരുന്ന സുഖക്കേടുകളിൽനിന്നും അവയെ രക്ഷിക്കുന്നതിനായി ഈ ആശുപത്രികളിൽനിന്നും സൗജന്യമായി മരുന്നുകൾ നൽകുന്നു.

*കോഴിവളൎത്തൽ*

പാലുപോലെതന്നെ, മുട്ടയും ഒരു പരിരക്ഷക ആഹാരമാണു്. നല്ല ഒരു ആഹാരസാധനമാണെങ്കിലും നമ്മുടെ നാട്ടുകാർ വളരെ കുറച്ചു മുട്ടമാത്രമേ കഴിക്കുന്നുള്ളു എന്നതാണു് പരമാൎത്ഥം. നല്ലയിനം കോഴികളെ വളൎത്തുകയാണെങ്കിൽ ധാരാളം മുട്ട ഉല്പാദിപ്പിക്കുന്നതിനു സാധിക്കും. പ്രതിവൎഷം 200 മുതൽ 300 വരെ മുട്ടയിടുന്ന 'വൈററ് ലഗോൺ', 'റോഡ് ഐലൻഡ് റെഡ്', 'പ്ലിമത് റാക്ക്' തുടങ്ങിയ കോഴികളെ നമുക്കു വളൎത്താവുന്നതാണു്. ബ്ലോക്കിൽനിന്നും നല്ലയിനം കോഴികളെയും, വിരിക്കാനുള്ള മുട്ടയും ആവശ്യക്കാൎക്കു് വരുത്തിക്കൊടുക്കുന്നുണ്ടു്. നല്ലയിനം കോഴികളെ വലയിട്ടു സൂക്ഷിക്കുന്നവൎക്കു് ബ്ലോക്കിൽനിന്നും ഗ്രാൻറു നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു.

കോഴിവളൎത്തൽ ആദായകരമായി നടത്താവുന്ന ഒരു കുടിൽവ്യവസായംകൂടിയാണു്. പോഷകപ്രധാനമായ മുട്ട ധാരാളം ഉപയോഗിക്കണമെങ്കിൽ ധാരാളം മുട്ടയും നാം ഉല്പാദിപ്പിക്കേണ്ടതുണ്ടു്. നമ്മുടെ ഭക്ഷ്യപ്രശ്ന

ത്തിനും ഒരുപശാന്തിയാണ് ഇതു്. ഗ്രാമീണരിൽ ചിലർ മുട്ട ഉപയോഗിക്കാതെ, വില്ക്കാൻവേണ്ടി മാത്രം കോഴിവളർത്തൽ നടത്തുന്നുണ്ടു്. ശരീരത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമായ മുട്ടയും, പാലും കൂടുതൽ ഉപയോഗിക്കേണ്ടതു് വളരെ ആവശ്യമാണു്. അതുകൊണ്ടു് നിവൃത്തിയുള്ളിടത്തോളം ഈ സാധനങ്ങൾ ആവശ്യത്തിനു് ഉപയോഗിച്ചതിന്റെ ശേഷം ഉള്ളതു് വില്ക്കുകയായിരിക്കും ഉത്തമം.

*മത്സ്യം വളർത്തൽ*

മത്സ്യം വളർത്തൽ പ്രചരിപ്പിക്കുന്നതിനും ബ്ലോക്കുകൾ ശ്രദ്ധിക്കുന്നുണ്ടു്. വേഗത്തിൽ വളരുന്നതും, പെരുകുന്നതുമായ തിലോപ്പിയാ തുടങ്ങിയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ആവശ്യക്കാർക്കു ബ്ലോക്കിൽനിന്നും വിതരണം നടത്തുന്നതാണു്. മത്സ്യം വളർത്തുന്നവർക്കും ബ്ലോക്കിൽനിന്നും ഗ്രാന്റു നൽകുന്നുണ്ടു്.

*മൃഗസംരക്ഷണത്തിനുള്ള തുക*
*എങ്ങനെ ചെലവാക്കുന്നു?*

മൃഗസംരക്ഷണവകുപ്പിലേക്കു് കൊള്ളിച്ചിരിക്കുന്ന തുക 1,06,700 രൂപായാണു്. മൃഗാശുപത്രികൾ സ്ഥാപിക്കുക, കൃത്രിമഗർഭോൽപാദനകേന്ദ്രങ്ങൾ തുറക്കുക, നല്ലയിനം വിത്തുപോത്തു്, വിത്തുകാള, മുട്ടാടു് എന്നിവയെ വാങ്ങി സൂക്ഷിക്കുക,—വിരിക്കാനുള്ള നല്ലയിനം മുട്ടകൾ വിതരണം നടത്തുക, നല്ലയിനം കോഴികളെ വളർത്തുന്നവർക്കു ഗ്രാന്റ് നൽകുക, കന്നുകാലിപ്രദർശനം, കോഴിപ്രദർശനം എന്നിവ നടത്തുക, കന്നുകാലിപ്പുല്ലു നട്ടുവളർത്തുക, കന്നുകാലികൾക്കുള്ള നല്ല ഒരു തീററിസ്സാധന

മായ മിനറൽ മിക്സ്ച്ചർ വിതരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നു. വലയിട്ട് നല്ലയിനത്തിലുള്ള 10 കോഴികളെ വളർത്തുന്നതിന് 25 രൂപാക്രമത്തിൽ 40 കോഴികൾക്കുവരെ ഒരാൾക്കു ഗ്രാന്റ നൽകാൻ സാധിക്കും. ഒരു മീൻകുളത്തിൻെറ സംരക്ഷണത്തിനായി 25 രൂപാ ഗ്രാൻറ് നൽകുന്നതാണ്. നല്ലയിനം വിത്തുകാളയേയോ, വിത്തുപോത്തിനേയോ സൂക്ഷിക്കുന്ന ഒരാൾക്ക് 100 രൂപാ കൊടുക്കാൻ സാധിക്കും.

## 3. സഹകരണം

സഹകരണപ്രസ്ഥാനം ഭാരതത്തിൽ ആരംഭിച്ചിട്ട് അര നൂററാണ്ടോളമായിട്ടുണ്ട്. അടുത്തകാലം മുമ്പുവരെ ഈ വകുപ്പിൽ ഉണ്ടായ പുരോഗതി അത്ര അഭിമാനകരമായിരുന്നില്ല. ഈ പ്രസ്ഥാനം കൈകാര്യം ചെയ്തിരുന്നവരിൽ പലരും സത്യസന്ധമായി പെരുമാറാഞ്ഞതിനാൽ ആളുകൾക്ക് ഈ പ്രസ്ഥാനത്തിലുള്ള വിശ്വാസം നഷ്ടപ്പെടുകയും അങ്ങനെ ഈ മഹൽപ്രസ്ഥാനം വളരുന്നതിനുപകരം തളരുകയുമാണു ചെയ്തതു്. സഹകരണപ്രസ്ഥാനത്തിലൂടെ പാശ്ചാത്യരാജ്യങ്ങൾ വളരെയധികം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്ന ചിത്രം നാം കാണുകയും അവരുടെ വിജയത്തിനുള്ള രഹസ്യം മനസ്സിലാക്കുകയും ചെയ്യേണ്ടതു് വളരെ ആവശ്യമാണ്.

### *സഹകരണമാണ് നമ്മുടെ അഭിവൃദ്ധിയുടെ താക്കോൽ*

ഗ്രാമങ്ങളുടെ നിരവധി പ്രശ്നങ്ങൾക്കു സഹകരണപ്രസ്ഥാനംമൂലം ഉത്തരം കാണാൻ സാധിക്കും. "സഹ

കരണം നമ്മുടെ അഭിവൃദ്ധിയുടെ താക്കോൽ ആണ്," എന്നു നമ്മുടെ പ്രധാനമന്ത്രി പലപ്പോഴും നമ്മെ ഓർമ്മിപ്പിക്കാറുണ്ട്. അഭിവൃദ്ധിക്കായുള്ള ഒരു പാതയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന നാം സഹകരണപ്രസ്ഥാനത്തെ സംപുഷ്ടമാക്കേണ്ടതു് ആവശ്യം മാത്രമാണ്. കൃഷി, വ്യവസായം മുതലായവ സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതുകൊണ്ട് മദ്ധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കുന്നതിനും അങ്ങനെ ഉല്പാദകനും ഉപഭോക്താവിനും പരമാവധി പ്രയോജനം ലഭിക്കുന്നതുമാണ്. ഗ്രാമീണർ ഒത്തുചേരുകയും, ചെറിയ ഓഹരിത്തുകകൾ നൽകി സഹകരണസംഘത്തിൽ അംഗങ്ങളാകുകയും ചെയ്യേണ്ടതു് ആവശ്യമാണ്. 25 അംഗങ്ങൾ ഉണ്ടെങ്കിൽ ഒരു സംഘം രജിസ്റ്റർചെയ്തു കിട്ടുന്നതാണ്. ഏററവും കുറഞ്ഞതു് 500 രൂപാ ഒരു സംഘത്തിനു മൂലധനമുണ്ടായിരിക്കണം. മൂലധനത്തിൻെറ എട്ടിരട്ടിവരെ ഗവൺമെൻറിൽനിന്നും സംഘത്തിനു കടമായി ലഭിക്കുന്നതാണ്. വിവിധോദ്ദേശസഹകരണസംഘം, കൃഷിസഹകരണസംഘം, വ്യവസായ സഹകരണസംഘം തുടങ്ങി കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം സംഘങ്ങൾ രൂപീകരിക്കാൻ സാധിക്കും. സഹകരണസംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനംമൂലം നാട്ടിൽ തൊഴിലിനുള്ള സൗകര്യം വളരുന്നതും ആളുകളുടെ ജീവിതത്തോതു് ഉയരുന്നതുമാണ്. മനുഷ്യജീവിതം മഹത്തരമാക്കുന്നതിനുള്ള തത്വസംഹിതകളും സഹകരണപ്രസ്ഥാനത്തിൽ അടങ്ങിയിട്ടുണ്ട്. സാമ്പത്തികാഭിവൃദ്ധി കൈവരുന്നതോടൊപ്പം പരസ്പരധാരണ, സ്നേഹം, ഐക്യബോധം, ആത്മവിശ്വാസം തുടങ്ങിയ ഗുണങ്ങൾ വളരുന്നതിനും ഈ പ്രസ്ഥാനത്തിൻെറ പ്രവ

ത്തനംമൂലം സാധിക്കുന്നു. ഈ നേട്ടങ്ങളെല്ലാം കൈവരുത്തുന്നതിനു് ആദർശനിഷ്ഠയും, സത്യസന്ധതയും, ആത്മാർത്ഥതയുമുള്ള ആളുകൾ ഇമ്മാതിരി പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്തു വരണമെന്നുള്ളതു് വളരെ ആവശ്യമാണു്.

ഭാരതത്തിൽ സഹകരണപ്രസ്ഥാനം ഏററവും കൂടുതൽ വളർന്നിട്ടുള്ള സംസ്ഥാനം കേരളമാണു്. ഇവിടത്തെ 99 ശതമാനം ഗ്രാമങ്ങളിലും ഈ പ്രസ്ഥാനം കടന്നുകൂടിയിട്ടുണ്ടു്. 1959 അവസാനംവരെ കേരളത്തിൽ 10 ലക്ഷം അംഗങ്ങളെ ഉൾക്കൊള്ളുന്ന 4,323 സഹകരണസംഘങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവയിൽ 2,220 സംഘങ്ങൾ കാർഷികവായ്പ സഹകരണസംഘങ്ങളാണു്. എന്നാൽ ഈ സംഘങ്ങളിൽ പകുതിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നവയല്ല എന്നാണു പരിശോധനയിൽനിന്നും തെളിഞ്ഞിരിക്കുന്നതു്.

കൃഷി, കോഴിവളർത്തൽ, ക്ഷീരവ്യവസായം, നെയ്ത്തു്, കയർപിരിപ്പു് തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണു്.

### *കൂട്ടുകൃഷിസംഘം*

കൂട്ടുകൃഷിസംഘം സ്ഥാപിച്ചു് കൃഷി കൂടുതൽ മെച്ചമായും, ആദായകരമായും നടത്താൻ സാധിക്കും. ഈ സംഘത്തിനു നല്ല തുകകൾ ഗ്രാൻറായും, കടമായും ഗവൺമെൻറിൽനിന്നും ലഭിക്കുന്നതാണു്. ബണ്ടുകൾ നിർമ്മിക്കുക, ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക, ട്രാക്ടർ തുടങ്ങിയ കാർഷികോപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കു് ഈ തുകകൾ ചെലവാക്കുന്നതിനു സാധിക്കുന്നു.

വിത്തു്, വളം എന്നിവ ശേഖരിക്കുന്നതിനും, സസ്യസംരക്ഷണനടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനും, ഈ സംഘങ്ങൾ ശ്രദ്ധിക്കുന്നതാണു്. കൂട്ടുകൃഷിസംഘത്തിൻെറ പ്രവൎത്തനംമൂലം വിളവു വൻതോതിൽ വൎദ്ധിപ്പിക്കുന്നതിനു സാധിക്കുന്നു. കർഷകർ യോജിച്ചു വളരെ കാര്യക്ഷമമായി നടത്തുന്ന പല കൂട്ടുകൃഷി സംഘങ്ങളും ഈ സംസ്ഥാനത്തു് ഇപ്പോൾ ഉണ്ടു്.

*സഹകരണബാങ്കു്*

ഗ്രാമപ്രദേശങ്ങളിൽ ബാങ്കുകളുടെ പ്രവൎത്തനം കുറവാണു്. അതുകൊണ്ടു് ഗ്രാമവാസികൾക്കു്, തങ്ങളുടെ കൃഷിയും, കൈത്തൊഴിലുമെല്ലാം ശരിയായ രീതിയിൽ നടത്തുന്നതിനു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. നമ്മുടെ സമ്പദ്‌വ്യവസ്ഥ മെച്ചമാക്കുന്നതിനുള്ള ഒരു പ്രധാന ഘടകമാണു് ബാങ്കുകളുടെ പ്രവൎത്തനം. സഹകരണബാങ്കുകൾ സ്ഥാപിച്ചു ഗ്രാമങ്ങളിലെ സാമ്പത്തികപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിക്കും. 5,000 രൂപായോ അതിലധികമോ മൂലധനമായി ശേഖരിക്കുന്ന സഹകരണസംഘത്തിനു്, സഹകരണബാങ്കു തുടങ്ങാൻ സാധിക്കുന്നതാണു്. മൂലധനത്തിൻെറ എട്ടിരട്ടിവരെയുള്ള തുക സഹകരണബാങ്കിനു് ഗവൺമെൻറിൽനിന്നും കടമായി ലഭിക്കും. ഗ്രാമങ്ങളിലെ കൃഷി, കച്ചവടം, ചെറുകിട വ്യവസായങ്ങൾ എന്നിവയെല്ലാം അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഈ സംഘം ഗണ്യമായ സംഭാവനയാണു നൽകുന്നതു്. നല്ല രീതിയിൽ പ്രവൎത്തനം നടത്തുന്ന സഹകരണബാങ്കുകൾ സംസ്ഥാനത്തിൻെറ പല ഭാഗത്തും ഇപ്പോൾ പൊന്തിവന്നിട്ടുണ്ടു്.

*സേവനസഹകരണസംഘങ്ങൾ*

കേന്ദ്രഗവണ്മെൻറ് ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയനുസരിച്ച് ഭാരതത്തിലൊട്ടാകെ സേവനസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങൾ എല്ലാ സംസ്ഥാനത്തും ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യോല്പാദനം ഗണ്യമായ തോതിൽ ഉയർത്തുകയും ഗ്രാമീണരുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുകയെന്നുള്ളതാണ് ഈ സംഘങ്ങളുടെ പ്രധാന ഉദ്ദേശ്യം. 1960—61-ൽ കേരളത്തിൽ 750 സഹകരണസംഘങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. രണ്ടു വർഷങ്ങൾകൊണ്ടു 1,500 സേവനസഹകരണസംഘങ്ങൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നതു്. ഒരു പഞ്ചായത്തിൽ ഒരു സംഘം ഉണ്ടായിരിക്കുക എന്നുള്ളതാണ് ലക്ഷ്യം.

ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ നാണയവായ്പയും, വിത്തു്, വളം, കാർഷികോപകരണങ്ങൾ എന്നിവയും കർഷകർക്കു നൽകുന്നതാണ്. ഇന്നാട്ടിലെ ഓരോ കർഷകകുടുംബത്തെയും ഈ സംഘത്തിന്റെ അധീനതയിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതു്. കർഷകർ പലവിധത്തിലും ക്ലേശങ്ങൾ സഹിക്കുന്നുണ്ടു്. ഒരു സേവനസഹകരണസംഘത്തിൽ അംഗമായാൽ ഈ പ്രയാസം ഒഴിവാക്കാൻ സാധിക്കും.

നാട്ടുകാരുടെ സാമ്പത്തികവൈഷമ്യങ്ങളെ നേരിടുന്നതിനും, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും അന്യോന്യം സഹായിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിനുമായി ഒരു ഗ്രാമപ്രദേശത്തെ കുറെ നല്ല മനഃസ്ഥിതിയുള്ള ആളുകൾ ധനികദരിദ്രഭാവം കൂടാതെ നടത്തുന്ന ഒരു സംഘടനയെ സേവനസഹകരണസംഘം എന്നു വിളിക്കാവുന്നതാണ്. ഈ സംഘം വലിയ വിഷമം കൂടാതെ

തന്നെ രജിസ്റ്റർചെയ്തു കിട്ടും. അംഗമായി ചേരുന്നതിന് ഓരോരുത്തരും ഒരു രൂപായിൽകുറവായ ഒരു ചെറിയ തുക പ്രവേശനഫീസായി നൽകേണ്ടതാണ്. ഇതു കൂടാതെ പത്തുരൂപാ വിലവരുന്ന ഒരു ഓഹരിയെങ്കിലും വാങ്ങുകയും വേണം. ഓഹരിത്തുക ഒന്നിച്ചുകൊടുക്കുന്നതിന് കഴിവില്ലെങ്കിൽ തവണകളായി അടച്ചുതീർത്താലും മതിയാകുന്നതാണ്. പതിനെട്ടു വയസ്സു പൂർത്തിയായ ഒരാൾക്ക് ഇതിൽ അംഗമായി ചേരാം. ഒരു ഗ്രാമത്തിന് ഒരു സംഘം ഉണ്ടായിരിക്കുന്നതു നല്ലതാണ്. ഇപ്പോൾ ഉള്ള സഹകരണസംഘത്തെ, സേവനസഹകരണസംഘമായി മാററാവുന്നതാണ്. സംഘത്തിൽ എത്രമാത്രം അംഗങ്ങൾ ചേരുന്നുവോ അതനുസരിച്ച് മൂലധനവും വർദ്ധിക്കുന്നതാണല്ലോ. ഈ സംഘത്തിന് അതിനുള്ള മൂലധനത്തിൻെറ എട്ടോ പത്തോ ഇരട്ടിവരെ കടം കൊടുക്കുന്നതിനായി ഗവൺമെൻറ് ജില്ലാ സഹകരണബാങ്കുകളെ ഏല്പിക്കുന്നതാണ്. പലിശനിരക്ക് വളരെ കുറവാണ്. സൗകര്യംപോലെ മടക്കിക്കൊടുത്താലും മതി. ഈ സംഘത്തിൻെറ ഒരു പ്രത്യേകത വിളവിൻെറ ഉറപ്പിന്മേൽ കൃഷിക്കാർക്ക് കടം നൽകും എന്നുള്ളതാണ്. ചെറിയ തുകയാണെങ്കിൽ പ്രോമിസ്സറി നോട്ടിൻെറ ഉറപ്പിലും കൊടുക്കും. സംഘത്തിൽ ഓഹരിയായി അടച്ചിട്ടുള്ള തുകയുടെ അഞ്ചോ എട്ടോ ഇരട്ടിവരെ കടമായി എടുക്കാവുന്നതാണ്.

വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയെല്ലാം ഈ സംഘത്തിന് മൊത്തമായി വാങ്ങി ന്യായമായ വിലയ്ക്ക് വില്ക്കാൻ സാധിക്കും. കൃഷിചെയ്തുണ്ടാക്കുന്ന വിളവുകൾ സംഘംമുഖേന നല്ല വിലയ്ക്ക് വില്ക്കാവുന്നതുമാണ്. കടം എടുത്തിട്ടുണ്ടെങ്കിൽ അതു ക

ഴിച്ച്, ബാക്കി വാങ്ങാവുന്നതാണ്. ഉഴവുമാടുകളെ വാങ്ങുന്നതിനും, വളം വാങ്ങുന്നതിനുമൊക്കെ മൂന്നുകൊല്ലംകൊണ്ടു് തവണകളായി അടച്ചുതീർക്കത്തക്ക മദ്ധ്യകാല വായ്പകളും സേവനസംഘങ്ങൾ അനുവദിക്കാറുണ്ടു്. കൃഷിക്കു് ആവശ്യമായ വളം, വിത്തു്, കീടനാശിനികൾ മുതലായവ താണനിരക്കിൽ നൽകുന്നതുപോലെ നിത്യോപയോഗസാധനങ്ങളായ, അരി, ഉപ്പു്, പഞ്ചസാര തുടങ്ങിയ സാധനങ്ങളും സേവനസംഘങ്ങൾവഴി കുറഞ്ഞ വിലയ്ക്കു് ഗ്രാമീണർക്കു് കൊടുക്കാൻ സാധിക്കും.

സേവനസഹകരണപദ്ധതിക്കു് പരമമായ പ്രാധാന്യവും മുൻഗണനയുമാണു് ഗവണ്മെൻറ് നൽകിയിരിക്കുന്നതു്. സാമൂഹ്യവികസനവകുപ്പു്, കൃഷിഡിപ്പാർട്ടുമെൻറ്, സഹകരണഡിപ്പാർട്ടുമെൻറ് എന്നിവയെല്ലാം ഇത്തരം സേവനസഹകരണസംഘങ്ങൾ നാട്ടിലാകെ സംഘടിപ്പിക്കുന്നതിനുള്ള വിവിധ ചുമതലകൾ ഏറെറടുത്തു് യത്നം ആരംഭിച്ചിരിക്കുകയാണു്. ഈ സംഘങ്ങളുടെ വിജയകരമായ പ്രവർത്തനംമൂലം മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ഭക്ഷ്യോല്പാദനം ഇരട്ടിയാക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഈ പ്രതീക്ഷ ഒരു യാഥാർത്ഥ്യമാക്കുന്നതിനു്, നാട്ടുകാർ ആവേശപൂർവ്വം ഈ സംഘങ്ങളിൽ ചേരുകയും ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്യുകയെന്നുള്ളതാണു് ആവശ്യം.

*ബ്ലോക്കുബഡ്ജററിൽ സഹകരണത്തിനുള്ള തുക*

സഹകരണവകുപ്പിലേക്കു് 20,400 രൂപായാണു് ബ്ലോക്കുബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. കൃഷിസഹകരണസംഘങ്ങളെ സഹായിക്കുക, വളം വിതരണം

നടത്തുന്ന സംഘങ്ങൾക്ക് 'സബ്സിഡി' നൽകുക, സഹകരണസംഘത്തിന് കെട്ടിടനിർമ്മാണത്തിനും മററും ഗ്രാന്റനൽകുക തുടങ്ങിയ ഇനങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നു.

## 4. ജലസേചനവും മണ്ണുസംരക്ഷണവും

ജലസേചനം, മണ്ണുസംരക്ഷണം എന്നിവയെപ്പററി നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. തോടുകൾ, കുളങ്ങൾ മുതലായവ നിർമ്മിച്ചും, കൃഷിത്തോട്ടങ്ങൾ നനയ്ക്കുന്നതിന് പമ്പുസെററുകൾ സൗജന്യനിരക്കിന് വിതരണം ചെയ്തും ജലസേചനസൗകര്യം പരമാവധി വർദ്ധിപ്പിച്ച് കൃഷിക്കാരെ സഹായിക്കുന്നതിന് ബ്ലോക്കുകൾക്കു പരിപാടിയുണ്ട്. കാർഷികാഭിവൃദ്ധി കൈവരുത്തുന്നതിന് ജലസേചനം മുഖ്യമായ ഒരു ഘടകമായതുകൊണ്ടും തോടുകളും കുളങ്ങളും ആവശ്യമുള്ളത്ര കുഴിക്കുന്നതിന് ധാരാളം പണം വേണ്ടതുമൂലവും ബ്ലോക്കുബഡ്ജററിൽ ഏററവും കൂടുതൽ തുക ജലസേചനത്തിനാണു കൊള്ളിച്ചിരിക്കുന്നത്. ഈ ഇനത്തിനു കൊള്ളിച്ചിരിക്കുന്ന തുക 2,65,000 രൂപായാണ്. പമ്പുസെററുകൾ യഥാർത്ഥവിലയുടെ നാലിൽ ഒരു ഭാഗം കുറച്ച് കർഷകർക്കു വിതരണം നടത്തുന്നു. ഈ തുകതന്നെ പല ഗഡുക്കളിലായി കൊടുത്താൽ മതിയാകുന്നതാണ്. ഒരാൾക്കു തനിച്ചു വാങ്ങാൻ പ്രയാസമുണ്ടെങ്കിൽ, കർഷകർ കൂട്ടുചേർന്നും, സഹകരണസംഘങ്ങൾ വഴിയായും ഇവ വാങ്ങാൻ സാധിക്കും.

മണ്ണൊലിപ്പു തടയുന്നതിനും ജലസേചനത്തിനു കൊള്ളിച്ചിരിക്കുന്ന തുക ഉപയോഗിച്ചുവരുന്നു. മണ്ണു സംരക്ഷണാർത്ഥം ബണ്ടുകളും, കയ്യാലകളും മററും നിർമ്മി

ക്കുന്നതിന്ന് കർഷകർക്ക് പണം കടമായും ഗ്രാൻറായും കൊടുക്കാൻ സാധിക്കുന്നതാണ്.

ജലസേചനത്തിന്ന കൊള്ളിച്ചിരിക്കുന്ന തുക മുഴുവനും ചെലവാകാൻ പ്രയാസമുള്ളിടത്തു ബ്ലോക്കുവികസനസമിതിയുടെ ആവശ്യപ്രകാരം കുറെ പണം ഗ്രാമവൈദ്യുതീകരണത്തിന്ന ഗവണ്മെൻറ് അനുവദിക്കുന്നുണ്ടു്. ഈ തുക എലക്ട്രിസിററി ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കുന്നു. ഇതുമൂലം ബ്ലോക്കുപ്രദേശത്തു് കൂടുതൽ ഗ്രാമങ്ങളിലേക്ക് വൈദ്യുതീകരണം നടത്തുന്നതിന്ന സാധിക്കുന്നുണ്ടു്.

## 5. ഗതാഗതം

ഒരു പ്രദേശത്തിൻെറ അഭിവൃദ്ധിക്ക് ഏററവും പ്രധാനമായ ഒരു ഘടകമാണ് അവിടത്തെ ഗതാഗതസൗകര്യം. ഗ്രാമങ്ങളിൽ നല്ല റോഡുകൾ വളരെ കുറവാണ്. ഇതു ഗ്രാമങ്ങളുടെ ഐശ്വര്യത്തിന്ന് വിലങ്ങുതടിയായി നിലകൊള്ളുന്ന ഒരു ഘടകമാണ്. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ ഗതാഗതസൗകര്യം ഉണ്ടാക്കുന്നതിനും വികസനബ്ലോക്കുകൾ ശ്രദ്ധിക്കുന്നു. റോഡുനിർമ്മാണത്തിന്ന് ബഡ്ജററിൽ 65,000 രൂപാ വകകൊള്ളിച്ചിട്ടുണ്ടു്. ഈ തുകകൊണ്ടു് ഒരു ബ്ലോക്കുപ്രദേശത്തേക്ക് ആവശ്യമുള്ളത്ര റോഡുകൾ നിർമ്മിക്കാൻ സാധിക്കുകയില്ല. സാമൂഹ്യവികസനം, സമൂഹത്തിൻെറ നന്മക്കായി ചെയ്യപ്പെടുന്ന ആളുകളുടെ കൂട്ടുചേർന്നുള്ള പ്രവൎത്തനമാണെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു. നാട്ടുകാൎക്കെല്ലാം ഉപയോഗപ്പെടുന്നതും, ആളുകൾക്ക് കൂട്ടുചേൎന്നു പ്രവൎത്തിക്കാവുന്നതുമായ ജോലിയാണ് റോഡ്, തോട്, കുളങ്ങൾ മുതലായവയുടെ നിർമ്മാണം.

ആളുകളുടെ ആവേശകരമായ അദ്ധ്വാനത്തിന്റെ ഫലമായി നാട്ടിൻപുറങ്ങളിൽ അനവധി നടക്കാവുകൾ പൊന്തിവന്നുകൊണ്ടിരിക്കുകയാണു്. യുവജനസംഘടനകളും, ഭാരത്സേവക്സമാജവുമൊക്കെ ക്യാമ്പുകളും ശ്രമദാനപ്രവർത്തനങ്ങളും നാട്ടിൽ സംഘടിപ്പിക്കുന്നുണ്ടു്. തൽഫലമായി പല ഗ്രാമങ്ങളിലും നാട്ടുകാർ ഒത്തുചേർന്നു് ഉത്സാഹത്തിമിർപ്പോടുകൂടി റോഡുകൾ ഉണ്ടാക്കിപ്പോരുന്ന ചിത്രം നമുക്കു കാണാൻ സാധിക്കും. ആളുകൾ നിർമ്മിച്ചുകൊടുക്കുന്ന റോഡുകളിൽ ആവശ്യമുള്ള കലുങ്കുകളും മററും നിർമ്മിച്ചു ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിനു ബ്ലോക്കുകൾ ശ്രദ്ധിക്കുന്നു. 'കച്ചാ' റോഡുകളുടെ നിർമ്മാണത്തിൽ ആകെയുള്ള ചെലവിൻെറ 75 ശതമാനം ശ്രമദാനമിനത്തിലുംമറ്റും നാട്ടുകാർ വഹിക്കേണ്ടതുണ്ടു്. ബ്ലോക്കു തുടങ്ങുന്നതിനുമുമ്പുണ്ടായിരുന്ന കച്ചാ റോഡുകളിൽ കലുങ്കുകളുംമററും നിർമ്മിക്കുന്നതിനു ചെലവാകുന്ന തുകയുടെ പകുതി നാട്ടുകാർ വഹിക്കണം. ബ്ലോക്കിൻെറ പ്രവർത്തനകാലത്തുതന്നെ കച്ചാറോഡുകളുടെ നിലയിൽനിന്നും 'പക്കാ'റോഡുകളുടെ സ്ഥിതിയിലേക്കു മെച്ചപ്പെടുന്ന റോഡുകളിൽ ആവശ്യമുള്ള കലുങ്കുകളുടെ നിർമ്മാണത്തിനു വേണ്ടിവരുന്ന തുകയുടെ 50 ശതമാനം നാട്ടുകാർ വഹിക്കേണ്ടതാണു്. ബ്ലോക്കു തുടങ്ങുന്നതിനുമുമ്പുതന്നെ ആവശ്യമുള്ളത്ര കലുങ്കുകൾ ഉണ്ടായിരുന്ന കച്ചാറോഡുകളിൽ ഗ്രാവലോ, മെററലോ ഇട്ടു് ഉറപ്പിക്കുന്നതിനു വേണ്ടിവരുന്ന ചെലവിൻെറ 25 ശതമാനം നാട്ടുകാരുടെ വിഹിതമായി ഉണ്ടാകണം.

ഭൂമിദാനം, ശ്രമദാനം, സമ്പത്ദാനം എന്നിവ കഴിയുന്നതും നൽകി, നാട്ടിലെ ഗതാഗതസൗകര്യങ്ങൾ മെച്ചമാക്കുന്നതിനു് വികസനബ്ലോക്കുകളുമായി സഹ

കരിക്കുകയും, അങ്ങനെ ഐശ്വര്യത്തിൻേറതുകൂടിയായ പാതകൾ നിർമ്മിക്കുന്നതിന്ന നാട്ടുകാർ പരമാവധി പരിശ്രമിക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണു്.

## 6. ആരോഗ്യസംരക്ഷണം

മനുഷ്യൻെറ ഏററവും വിലപ്പെട്ട സമ്പത്തു് അവൻെറ ആരോഗ്യമാണു്. ആരോഗ്യമുള്ള ഒരാൾക്കുമാത്രമേ ജീവിതം സൗഭാഗ്യപൂർണ്ണമായി തോന്നുകയുള്ളൂ. ആരോഗ്യസംരക്ഷണത്തിന്നു് ശുദ്ധജലം, ശുദ്ധവായു, പോഷകാഹാരം, ശുചിത്വം, വ്യായാമം എന്നിവയെല്ലാം അത്യന്താപേക്ഷിതങ്ങളായ ഘടകങ്ങളാണു്. ഗ്രാമീണരെ സംബന്ധിച്ചിടത്തോളം ആരോഗ്യസംബന്ധമായ വിഷയങ്ങളിൽ അജ്ഞത അവരെ വലയംചെയ്തുനില്പുണ്ടു്. നമ്മുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന്നു് ആവോളം ശ്രദ്ധ പതിപ്പിക്കേണ്ടതു് ആവശ്യമാണു്.

### ശുദ്ധജലം

ശുദ്ധജലം ലഭിക്കാൻ നാട്ടിൻപുറങ്ങളിൽ പലേടത്തും സാദ്ധ്യതയുണ്ടെങ്കിലും പല വീടുകളിലും ശുദ്ധജലം ഉപയോഗിക്കുന്നുണ്ടു് എന്നു പറയാൻ സാധിക്കുകയില്ല. മുകൾഭാഗം കെട്ടി ഉയർത്താത്ത കിണറുകളിൽ മഴക്കാലത്തു് മലിനജലം ഒലിച്ചിറങ്ങുന്നു. ഈ വെള്ളം ഉപയോഗിച്ചാൽ പല ഉദരരോഗങ്ങളും ഉണ്ടാകുന്നതാണു്. ശുദ്ധജലവിതരണം നടത്തുന്നതിനായി ബ്ലോക്കിൻെറ ചുമതലയിൽ ബ്ലോക്കുപ്രദേശത്തിൻെറ പലഭാഗത്തും കിണറുകൾ കെട്ടിക്കൊടുക്കുന്നുണ്ടു്.

*ശുദ്ധവായു*

ഗ്രാമങ്ങൾ പൊതുവേ സസ്യസമൃദ്ധമാകയാൽ ശുദ്ധവായു അവിടെ എമ്പാടുമുണ്ടു്. എന്നാൽ ഗ്രാമീണരുടെ പല വീടുകളും കാററും വെളിച്ചവും കയറാത്ത രീതിയിൽ കുടുസ്സായി നിർമ്മിച്ചിട്ടുള്ളതാണു്. വായുസഞ്ചാരമില്ലാത്തതും, വെളിച്ചം കയറാത്തതുമായ സ്ഥലത്തു കഴിയുന്നതുകൊണ്ടു് ക്ഷയം തുടങ്ങിയ രോഗങ്ങൾ പിടിപെടുന്നതിനു് ഹേതുവാകുന്നതാണു്. അതുകൊണ്ടു ചെറിയ വീടുകളാണെങ്കിൽത്തന്നെയും ജന്നാലുകളും വാതിലുകളും ആവശ്യത്തിനു വയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

*പോഷകാഹാരം*

പോഷകാഹാരസാധനങ്ങളെപ്പററിയും ശരിയായ അറിവു് ഗ്രാമവാസികൾക്കുണ്ടെന്നു വിശ്വസിക്കാൻ തരമില്ല. പാൽ, മുട്ട, മലക്കറി, പഴവർഗ്ഗങ്ങൾ മുതലായവ നമ്മുടെ ശരീരവളർച്ചയ്ക്കു് അത്യന്താപേക്ഷിതമാണു്. വിലകൂടിയ പോഷകാഹാരങ്ങൾ ഉപയോഗിക്കുന്നതിനു് ഗ്രാമീണരുടെ സാമ്പത്തികനില അനുവദിച്ചെന്നു വരികയില്ല. എന്നാൽ വിലകുറഞ്ഞതും അവരവരുടെ ഭവനങ്ങളിൽ ഉല്പാദിപ്പിക്കാവുന്നതുമായ മലക്കറികൾ, പയറുവർഗ്ഗങ്ങൾ, ചീര തുടങ്ങിയ പച്ചിലവകകൾ എന്നിവ ഉപയോഗിക്കുന്നതിനു പ്രയാസമില്ലല്ലോ. കോഴിവളർത്തൽ, കന്നുകാലിവളർത്തൽ മുതലായവകൊണ്ടു് പാൽ, മുട്ട തുടങ്ങിയ പരിരക്ഷക ആഹാരസാധനങ്ങൾ ലഭിക്കുന്നു. നമ്മുടെ ഭക്ഷണത്തിൽ ഈ സാധനങ്ങൾക്കെല്ലാം ശരിയായ സ്ഥാനം ഉണ്ടായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

*പരിസരശുചീകരണം*

ശുചിത്വത്തിൻെറ കാര്യത്തിൽ നമ്മുടെ നാട്ട് വളരെ പിന്നോക്കമാണു്. ലോകത്തിൽ ഏററവും ശുചിത്വം കുറഞ്ഞ രാജ്യം ഭാരതമാണെന്നു്, വിദേശപര്യടനം കഴിഞ്ഞു് അടുത്തകാലത്തു് തിരിച്ചെത്തിയ ശ്രീ. ജയപ്രകാശ് നാരായണൻ പ്രസ്താവിക്കുകയുണ്ടായി. ഭാരതത്തിലെ പല തെരുവുകളും, ചന്തസ്ഥലങ്ങളും, നാട്ടമ്പുറങ്ങളുമെല്ലാം ഇക്കാര്യം വിളിച്ചറിയിക്കുന്നുണ്ടു്. വെളിം പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്ന ഒരു ചീത്ത സ്വഭാവം ഗ്രാമങ്ങളിൽ പരക്കെ കണ്ടുവരുന്നു. ഇതുമൂലം പല സുഖക്കേടുകളും നാട്ടിൽ പരക്കുന്നുമുണ്ടു്. കക്കൂസുകൾ ഉപയോഗിക്കുന്നതുകൊണ്ടു് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ബ്ലോക്കിൽനിന്നു് കക്കൂസുകൾ നിർമ്മിക്കുന്നതിനു് ആവശ്യമുള്ള ക്ലോസ്സററ്, സ്ലാബ് തുടങ്ങിയവ സൗജന്യനിരക്കിനു് വിതരണം നടത്തുന്നുണ്ടു്. ബോർഹോൾ കക്കൂസുകൾ, ട്രെഞ്ചുകക്കൂസുകൾ എന്നിവയും വലിയ ചെലവുകൂടാതെ നിർമ്മിക്കാവുന്നവയാണു്. വാൾമാതൃകയിലുള്ള ട്രെഞ്ചുകക്കൂസുകൾ ഉണ്ടാക്കുന്ന വിധം നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

*വ്യായാമം*

ശരീരത്തിൻെറ വളർച്ചയ്ക്കും ആരോഗ്യസംരക്ഷണത്തിനും വ്യായാമം വളരെ ആവശ്യമാണു്. കുട്ടികൾ കളിവിനോദങ്ങളിലേർപ്പെടുന്നതിനെ തടയുന്നതു നന്നല്ല. ശരീരത്തിനു് ആയാസവും, മനസ്സിനു് ഉല്ലാസവും ഈ കളിവിനോദങ്ങൾമൂലം അവർക്കു ലഭിക്കുന്നു. മുതിർന്ന ആളുകളും വിവിധ കായികവിനോദങ്ങളിൽ ഏർപ്പെടേണ്ടതു് വളരെ ആവശ്യമാണു്. കായികവിനോദങ്ങളെ

പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണു് ബ്ലോക്കിൻെറ ചുമതലയിൽ സ്പോർട്ട്സ് ക്ലബ്ബുകൾ രൂപീകരിച്ചു് കളിക്കാനുള്ള ഉപകരണങ്ങളും മററും നൽകുന്നതു്. ബാലസമാജങ്ങൾക്കും മഹിളാസമാജങ്ങൾക്കും സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുന്നുണ്ടു്. ഇതുമൂലം വിനോദവും, വ്യായാമവും ഈ സംഘടനകളിലെ അംഗങ്ങൾക്കു ലഭ്യമാകുന്നു. വ്യായാമം ചെയ്യുന്നതുകൊണ്ടു് ശരീരം വിയർത്തു് ശരീരത്തിലെ മാലിന്യങ്ങൾ പുറത്തുപോകുകയും, രക്തശുദ്ധി ഉണ്ടാകുകയും ചെയ്യുന്നു. ധാരാളം ശുദ്ധവായു ശ്വസിക്കുന്നതിനും ഇടയാകുന്നു. ദഹനക്രിയയെ സഹായിക്കുന്നതിനും, നല്ല വിശപ്പുണ്ടാകുന്നതിനുമെല്ലാം വ്യായാമം ആവശ്യമാണു്. മിതമായും ക്രമമായും വ്യായാമം ചെയ്യുന്നതു് നമ്മുടെ ആരോഗ്യത്തിനു് അത്യന്താപേക്ഷിതമാണു്.

*രോഗനിവാരണം*

രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിൽ ഭേദം രോഗം വരാതെ സൂക്ഷിക്കുകയാണല്ലോ. രോഗം വരാതിരിക്കുന്നതിനുള്ള എല്ലാ കരുതൽനടപടികളും നാം കൈക്കൊള്ളേണ്ടതാണു്. എത്ര ശ്രദ്ധിച്ചാലും പല രോഗങ്ങളും മനുഷ്യനെ കടന്നാക്രമണം നടത്താറുണ്ടു്. ഗ്രാമപ്രദേശങ്ങളിൽ വൈദ്യസഹായം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ താരതമ്യേന കുറവാണു്. അതുകൊണ്ടു് ബ്ലോക്കിൻെറ ചുമതലയിൽ നാട്ടിൻപുറങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. തന്മൂലം സൗജന്യമായ വൈദ്യസഹായം ഗ്രാമവാസികൾക്കു ലഭിക്കുന്നതാണു്.

*ബ്ലോക്കുബഡ്ജറ്റിലുള്ള തുകയും ചെലവിനങ്ങളും*

പൊതുജനാരോഗ്യത്തിന് 1,13,000 രൂപയാണ് പ്രഥമഘട്ടബ്ലോക്കിലെ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതു്. ആശുപത്രികൾ നിർമ്മിക്കുന്നതുകൂടാതെ മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ, കുടുംബാസൂത്രണകേന്ദ്രങ്ങൾ, ആയുർവ്വേദാശുപത്രി എന്നിവ സ്ഥാപിക്കുന്നതിനും ഈ തുക വിനിയോഗിക്കുന്നു. ആയുർവ്വേദവൈദ്യന്മാർ, വിഷവൈദ്യന്മാർ, ഹോമിയോ ഡോക്ടർമാർ എന്നിവക്ക് ചെറിയ തുകകൾ ഗ്രാൻറായി നൽകുന്നതിനും ഈ തുക ഉപയോഗിക്കുന്നുണ്ടു്. കൂടാതെ ശുദ്ധജലവിതരണത്തിനായി കിണറുകൾ കെട്ടുക, കുളിക്കടവുകൾ കെട്ടുക, പൊതുസ്ഥലങ്ങളിൽ കക്കൂസുകൾ, മൂത്രപ്പുരകൾ, എന്നിവ നിർമ്മിക്കുക, കക്കൂസുനിർമ്മാണത്തിനുള്ള സാധനങ്ങൾ സൗജന്യനിരക്കിന് വിതരണം ചെയ്യുക മുതലായ ഇനങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നു.

## 7. ഗ്രാമവ്യവസായങ്ങൾ

ഗ്രാമീണരുടെ മുഖ്യമായ തൊഴിൽ കൃഷിയാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തു്, ആണ്ടിൽ നാലോ അഞ്ചോ മാസം മാത്രമേ കൃഷിപ്പണിക്ക് വേണ്ടിവരുന്നുള്ളു. ബാക്കി സമയം ആളുകൾ അലസമായി തള്ളിനീക്കുകയാണ്. ഗ്രാമീണസമ്പദ്‌വ്യവസ്ഥ മോശമായിരിക്കുന്നതിൻെറ ഒരു പ്രധാനകാരണം ഇതാണ്.

ഗ്രാമവാസികളുടെ സാമ്പത്തികക്ലേശങ്ങൾ പരിഹരിക്കുന്നതിനായി, നൂൽനൂൽപ്പ്, ഖാദിനെയ്ത്തു്, കൈക്കുത്തരിവ്യവസായം, എണ്ണയാട്ടു്, സോപ്പുനിർമ്മാണം, വളംനിർമ്മാണം, പഞ്ചസാരനിർമ്മാണം തുടങ്ങി നിരവധി ഗ്രാമവ്യവസായങ്ങൾ ഗാന്ധിജി സംഭാവന

ചെയ്തിട്ടുണ്ട്. ഗ്രാമീണരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇമ്മാതിരിയുള്ള ഗ്രാമവ്യവസായങ്ങൾ ഒരനുഗ്രഹമായിത്തീൎന്നിട്ടുണ്ട്. നമ്മുടെ സമ്പദ്‌വ്യവസ്ഥ മെച്ചമാക്കാനുള്ള ഒരു പ്രധാനമാൎഗ്ഗമാണ് വ്യവസായവൽക്കരണം. ഈ തത്വം മനസ്സിലാക്കിയിട്ടാണ് പഞ്ചവത്സരപദ്ധതികളിൽ വ്യവസായത്തിന് ഗണ്യമായ സ്ഥാനം നൽകിയിരിക്കുന്നതു്. ഇപ്പോൾ ഭാരതത്തിൽ നിൎമ്മിക്കാത്ത വ്യാവസായികോല്പന്നങ്ങൾ വളരെ കുറച്ചുമാത്രമാണ്. എങ്കിലും പാശ്ചാത്യരാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വ്യവസായത്തിൽ ഇന്നും നാം പിന്നിലാണെന്നു കാണാൻ സാധിക്കും. എന്നാൽ കൂടുതൽകൂടുതൽ വ്യവസായങ്ങൾ തുടങ്ങുകയും, കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുകയും ചെയ്തു് നമ്മുടെ സമ്പദ്‌വ്യവസ്ഥ മെച്ചമാക്കുന്നതിനുള്ള തിരക്കിട്ട ശ്രമത്തിൽ ഭാരതം ഏൎപ്പെട്ടിരിക്കുകയാണ്. ചെറുതും വലുതുമായ പുതിയ പല വ്യവസായങ്ങളും നാടിന്റെ പല ഭാഗത്തുമായി പൊന്തിവന്നുകൊണ്ടുമിരിക്കുകയാണ്. പഞ്ചവത്സരപദ്ധതിയുടെ ഒരു പ്രധാന ഉദ്ദേശ്യംതന്നെ, ഘനവ്യവസായങ്ങൾക്കും, അടിസ്ഥാനവ്യവസായങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടു്, രാജ്യത്തെ വൻതോതിൽ വ്യവസായവൽക്കരിക്കുകയെന്നുള്ളതാണ്. ഇതിനകംതന്നെ അനവധി ഘനവ്യവസായങ്ങളും, അടിസ്ഥാനവ്യവസായങ്ങളും ഭാരതത്തിൽ രൂപമെടുത്തു് പ്രവൎത്തനം തുടങ്ങിയിട്ടുണ്ട്. ഘനവ്യവസായങ്ങൾകൂടാതെ, ഗ്രാമവാസികൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ധാരാളം ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിനും, അങ്ങനെ അവരുടെ സാമ്പത്തികനില മെച്ചമാക്കുന്നതിനുംകൂടി ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ട്.

*ഖാദിബോർഡിന്റെ പ്രവർത്തനം*

ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒന്നാം പഞ്ചവത്സരപദ്ധതിയിൽ 30 കോടി രൂപാ വകകൊള്ളിച്ചിരുന്നു. വിവിധ ഗ്രാമവ്യവസായങ്ങൾ നാട്ടിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു കേന്ദ്ര ഖാദി-ഗ്രാമവ്യവസായബോർഡ് രൂപീകരിക്കപ്പെട്ടു. ഈ കേന്ദ്രബോർഡിന്റെ ശാഖകൾ എല്ലാ സംസ്ഥാനങ്ങളിലും ആരംഭിച്ച് പ്രവർത്തനം തുടങ്ങുകയുംചെയ്തു. ഗ്രാമവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സാധ്യതകളും അവകൊണ്ടുണ്ടാകാവുന്ന നേട്ടങ്ങളും ബോദ്ധ്യമായതിന്റെ ഫലമായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 200 കോടി രൂപാ ഈയിനത്തിനു വകകൊള്ളിക്കുകയുണ്ടായി. ഖാദിബോർഡിന്റെ ആവിർഭാവത്തോടുകൂടി, മണ്ണടിഞ്ഞുകിടന്ന പല ഗ്രാമവ്യവസായങ്ങളും നാമ്പെടുത്തു വളരാൻ തുടങ്ങിയിട്ടുണ്ട്. ഗ്രാമവ്യവസായങ്ങൾ എല്ലാംതന്നെ സഹകരണാടിസ്ഥാനത്തിലാണ് പ്രവർത്തനം നടത്തുന്നതു്. ഈ സംഘങ്ങൾക്കു പണം കടമായും ഗ്രാൻറായും ഖാദിബോർഡിൽനിന്നും നൽകിവരുന്നു.

ഖാദിനിർമ്മാണം, കൈക്കുത്തരിവ്യവസായം, മൺപാത്രനിർമ്മാണം, പഞ്ചസാരയുണ്ടാക്കൽ, തേനീച്ചവളർത്തൽ, എണ്ണയാട്ടുവ്യവസായം, സോപ്പുനിർമ്മാണം, തുകൽ ഊറയ്ക്കിടീൽ, എല്ലുപൊടിനിർമ്മാണം, കടലാസ്, തീപ്പെട്ടി എന്നിവയുടെ നിർമ്മാണംതുടങ്ങി ഗ്രാമങ്ങളിൽ നടത്താവുന്ന എല്ലാ വ്യവസായങ്ങളും ഖാദിബോർഡിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. കേരളത്തിലെ പ്രത്യേകപരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് കയറുവ്യവസായം, പാ നെയ്ത്തു് എന്നിവയും ഖാദി

ബോർഡിൻെറ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഗ്രാമവ്യാവസായികോല്പന്നങ്ങൾ എല്ലാംതന്നെ പരിശുദ്ധവും, കലർപ്പില്ലാത്തതുമാണു്. ഈ സാധനങ്ങൾ വാങ്ങുന്നതുകൊണ്ടു് ധാരാളം ഗ്രാമീണർക്കു തൊഴിൽ ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിതനിലവാരം ഉയരുന്നതിനും ഇടയാകുന്നതാണു്. ഖാദിബോർഡിന്റെ പ്രവൎത്തനം രാജ്യത്തിൻെറ എല്ലാ ഭാഗത്തും എത്തിയിട്ടുണ്ടു്. എന്നാൽ 50 ശതമാനം പ്രവൎത്തനവും ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നതു ബ്ലോക്കുപ്രദേശങ്ങളിലാണു്.

### *ബ്ലോക്കിൻെറ ചുമതലയിൽ നടത്തുന്ന വ്യാവസായികപ്രവൎത്തനങ്ങൾ*

ബ്ലോക്കുബഡ്ജററിൽ വ്യവസായത്തിനു് 1,07,590 രൂപാ വകകൊള്ളിച്ചിട്ടുണ്ടു്. ഇരുമ്പുപണി, മരപ്പണി, ചൂരൽവ്യവസായം, നെയ്ത്തു്, സോപ്പു്, മെഴുകുതിരി ചന്ദനത്തിരി എന്നിവയുടെ നിൎമ്മാണം, ക്ഷീരവ്യവസായം, ചവുരി ഉണ്ടാക്കൽ മുതലായവ സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിനു് ഈ തുക വിനിയോഗിക്കുന്നു. പല തൊഴിലുകളിലും ആളുകൾക്കു പരിശീലനം നൽകുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. മരപ്പണി, ഇരുമ്പുപണി, തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവൎക്കു പണിയായുധങ്ങൾ വാങ്ങുന്നതിനായി ഒരു പണിക്കാരനു് 25 രൂപാവീതം ബ്ലോക്കിൽനിന്നും ഗ്രാന്റായി നൽകാൻ സാധിക്കും.

സ്ത്രീകളെക്കൂടി വ്യവസായരംഗത്തു കൊണ്ടുവന്നു്, അവരുടെ സാമ്പത്തികപരാധീനത അവസാനിപ്പിക്കുന്നതിനായി ഗണ്യമായ ഒരു തുക അവൎക്കു നടത്താവുന്ന വ്യവസായങ്ങൾക്കായി വകകൊള്ളിച്ചിട്ടുണ്ടു്. തയ്യൽ,

ന്തൽ നൂൽപ്പ്, നെയ്ത്ത്, പാനെയ്ത്ത്, കൗതുകസാധനങ്ങളുടെ നിർമ്മാണം തുടങ്ങിയ കുടിൽവ്യവസായങ്ങൾക്കുള്ള പരിശീലനം ഗ്രാമീണവനിതകൾക്കു നൽകുന്നതിനായി ബ്ലോക്കിന്റെ ചുമതലയിൽ പരിശീലനകേന്ദ്രങ്ങൾ നടത്താറുണ്ട്. സ്ത്രീകൾ നിർമ്മിക്കുന്നതായ വിവിധ സാധനങ്ങൾ വിററഴിക്കുന്നതിനും മററുമായി ഓരോ ബ്ലോക്കിലും സ്ത്രീകളുടെ ഒരു വ്യവസായസഹകരണസംഘം ഉണ്ടായിരിക്കണമെന്നുള്ളതു നിർബ്ബന്ധമാണ്. ബ്ലോക്കുപ്രദേശത്തുള്ള വനിതകൾക്ക് ഈ സംഘത്തിൽ അംഗങ്ങളായി ചേരാവുന്നതും, സ്ത്രീകൾ നിർമ്മിക്കുന്നതായ വിവിധസാധനങ്ങൾ പ്രചരിപ്പിക്കുന്നതിനും മററും വേണ്ടതു ചെയ്യാവുന്നതുമാണ്.

വ്യവസായപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും മററുമായി ഓരോ ബ്ലോക്കിലും ഒരു വ്യവസായവികസന ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽകൂടുതൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും ഈ വ്യവസായങ്ങളെ ആവോളം പ്രോത്സാഹിപ്പിക്കുന്നതിനും നാട്ടുകാർ ഉഷാറായി മുമ്പോട്ടു വരേണ്ടിയിരിക്കുന്നു. കാരണം, നമ്മുടെ സാമ്പത്തികനില കുറേക്കൂടി മെച്ചമാക്കുന്നതിന് ഇതൊന്നുകൊണ്ടുമാത്രമേ സാധിക്കുകയുള്ളു എന്നതാണ്.

## 8. ഭവനനിർമ്മാണം

ഉല്ലാസകരമായ നല്ല ഒരു ജീവിതം നയിക്കുന്നതിനു മെച്ചപ്പെട്ട ഭവനങ്ങൾ ആവശ്യമാണ്. ഭാരതത്തിലെ ബഹുഭൂരിപക്ഷം ആളുകളും നല്ല പാർപ്പിടസൗകര്യങ്ങൾ ഇല്ലാത്തവരാണ് എന്നുള്ള കാര്യം നാം ഓർക്കേ

ണ്ടതുണ്ടു്. ഭാരതത്തിലെ 32 ശതമാനം വീടുകളും ഒരു മുറിവീതം മാത്രമുള്ളതാണു്. 34 ശതമാനം വീടുകൾക്കു രണ്ടുമുറികൾ വീതമുണ്ടു്. ഈ കണക്കുകൊണ്ടു നാട്ടിലെ ബഹുഭൂരിപക്ഷം ഭവനങ്ങളുടെയും ചിത്രം നമുക്കു കാണാവുന്നതാണല്ലോ. ഒന്നും രണ്ടും മുറികൾ മാത്രമുള്ള കൊച്ചു വീടുകളിൽ ഒരു കുടുംബം കഴിഞ്ഞുകൂടുകയെന്നുള്ളതു് എത്രമാത്രം പ്രയാസമാണെന്നുള്ളതു് ഊഹിക്കാവുന്നതേയുള്ളു.

പഞ്ചവത്സരപദ്ധതിയിൽക്കൂടി നാം കൈവരിക്കുന്ന പുരോഗതിക്കൊപ്പം ആളുകളുടെ പാർപ്പിടസൗകര്യങ്ങളും മെച്ചപ്പെടത്തക്കവണ്ണം നല്ല ഭവനങ്ങൾ നിർമ്മിക്കുന്നതിന്നു് ആളുകൾക്കു ദീർഘകാലവായ്പകൾ നൽകാൻ പദ്ധതിയിൽ തുക കൊള്ളിച്ചിട്ടുണ്ടു്. ഭവനരഹിതരായ പാവപ്പെട്ട ആളുകൾക്കും പണം കടം കൊടുക്കാൻ ഗവണ്മെൻറിനു പരിപാടിയുണ്ടു്. കുറഞ്ഞ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർക്കു പാർക്കുന്നതിനു കെട്ടിടങ്ങൾ ഗവണ്മെൻറ് നിർമ്മിച്ചുകൊടുക്കുന്നു. ഹരിജനങ്ങൾക്കും കോളനി അടിസ്ഥാനത്തിൽ നല്ല പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കുന്നു.

ബ്ളോക്ക്ബഡ്ജററിൽ ഭവനനിർമ്മാണത്തിനായി ആളുകൾക്കു വായ്പ നൽകാൻ 45,000 രൂപാ വകകൊള്ളിച്ചിട്ടുണ്ടു്. ശരിയായ ഉറപ്പു കൊടുക്കുന്നവർക്കു ഭവനനിർമ്മാണത്തിനുള്ള വായ്പ ബ്ളോക്കിൽനിന്നും ലഭിക്കുന്നതാണു്. ഒരാൾക്കു പരമാവധി 3,000 രൂപാവായ്പവരെയുള്ള വായ്പ ബ്ളോക്കിൽനിന്നും നൽകാൻ സാധിക്കും.

## 9. വിദ്യാഭ്യാസം

### *തൊഴിലിൽക്കൂടിയുള്ള വിദ്യാഭ്യാസം*

വിദ്യാഭ്യാസരംഗത്തു കേരളം നേടിയിട്ടുള്ള സ്ഥാനം അദ്വിതീയമാണു്. എന്നാൽ നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായം കുററമററതാണെന്നു് ആക്കും അഭിപ്രായമില്ല. വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിന്ന ഗാന്ധിജി പരിശ്രമിക്കുകയും, അടിസ്ഥാനവിദ്യാഭ്യാസം അഥവാ തൊഴിലിൽക്കൂടിയുള്ള വിദ്യാഭ്യാസസമ്പ്രദായം അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്തു. ഈ സമ്പ്രദായം ഉദ്ദിഷ്ടരീതിയിൽ നാട്ടിൽ ഉടനീളം വ്യാപിക്കുകയാണെങ്കിൽ ഒരു നല്ല ജീവിതം രൂപമെടുക്കുന്നതിന്നു് അതു ഗണ്യമായ സംഭാവന നൽകുന്നതായിരിക്കും. ഒരു പുതിയ തലമുറയെ കരുപ്പിടിപ്പിച്ചെടുക്കുന്നതിന്ന വിദ്യാലയങ്ങൾക്കുള്ള പങ്കു് അതിപ്രധാനമാണു്. അടിസ്ഥാനവിദ്യാഭ്യാസംമൂലം തൊഴിലിൽക്കൂടി വിദ്യ അഭ്യസിക്കുന്നതിന്ന സാധിക്കുന്നു. കൂടാതെ കായികവും, സാംസ്കാരികവുമായ അഭിവൃദ്ധി കൈവരുത്തുന്നതിന്നുള്ള വകകളും ഈ സമ്പ്രദായത്തിൽ നിരത്തിയിട്ടുണ്ടു്. ഈ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു് ഒരു നല്ല ജീവിതം നയിക്കുന്നതിന്നുള്ള അടിത്തറപാകുന്നതിന്നുകൂടി സാധിക്കുന്നതാണു്. നൂൽനൂൽപ്പു്, കൃഷിത്തോട്ടനിർമ്മാണം തുടങ്ങിയ ലഘുവായ ജോലികൾ കുട്ടികൾ ചെയ്തുതുടങ്ങുന്നതോടുകൂടി ഇളംപ്രായത്തിൽത്തന്നെ തൊഴിൽ അഭ്യസിക്കുന്നതോടൊപ്പം തൊഴിലിൻെറ മാഹാത്മ്യം മനസ്സിലാക്കുകയും ചെയ്യുന്നു. പ്രവൃത്തിയിൽക്കൂടി വിദ്യ അഭ്യസിക്കുന്ന ഈ സമ്പ്രദായംമൂലം കുട്ടികൾ ചിട്ടയായും, അച്ചടക്കബോധത്തോടുംകൂടി കൂട്ടു

ചെന്ന് ജോലികൾചെയ്യുകയും,പലതും അഭ്യസിക്കുകയും ആണു ചെയ്യുന്നതു്. സ്വാശ്രയശീലം, അച്ചടക്കബോധം, പരിശ്രമശീലം തുടങ്ങിയ പല ഗുണങ്ങളും വിദ്യാത്ഥികൾക്കു് ഈ അഭ്യസനരീതിമൂലം ലഭിക്കുന്നു.

അടിസ്ഥാനവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു് എല്ലാ സംസ്ഥാനങ്ങളും ഇന്നു് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. പല സംസ്ഥാനങ്ങളിലും വികസനബ്ലോക്കുകളുടെ ചുമതലയിൽ അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് നേരിട്ടു് ഈ പരിപാടി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു. ഈ വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ നാട്ടിൽ പ്രചരിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് വേണ്ട പരിഷ്കാരങ്ങൾ വരുത്തി ഈ സമ്പ്രദായം നാട്ടിൽ പരക്കെ നടപ്പാക്കുന്നതു് വളരെ അനുഗ്രഹമായിരിക്കുമെന്നാണു് എല്ലാ വിദ്യാഭ്യാസധുരന്ധരന്മാരുടെയും അഭിപ്രായം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വളരെ കൂടുതലുള്ള ഒരു സംസ്ഥാനമാണു് കേരളം. അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ടു് ഈ പ്രശ്നത്തിനു് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കുന്നതാണു്. കുട്ടികൾക്കുള്ള സാങ്കേതികസ്കൂളുകൾ (ജൂണിയർ ടെക്നിക്കൽ സ്കൂളുകൾ), വിവിധ സാങ്കേതികകോളേജുകൾ, പോളിടെക്നിക്കുകൾ മുതലായവ സ്ഥാപിക്കുന്നതിനു കേരളഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ടു്.

### ബ്ളോക്കിൻെറ ചുമതലയിൽ നടത്തുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങൾ

കേരളത്തിലെ ബ്ലോക്കുബഡ്ജററിൽ വിദ്യാഭ്യാസത്തിനു കൊള്ളിച്ചിരിക്കുന്ന തുക 5,000 രൂപാ മാത്രമാണു്. ബ്ലോക്കിൻെറ ചുമതലയിൽ നഴ്സറിസ്ക്കൂളുകൾ നടത്താവുന്നതാണു്. നഴ്സറിസ്ക്കൂളിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനു് 1,000 രൂപാവരെ ഗ്രാൻറായി നൽകാൻ സാധിക്കും. കെട്ടിടം നിർമ്മിക്കുന്നവക്കു് 1,000 രൂപായ്ക്കുവരെ ഉപകരണങ്ങൾ നൽകാനും സാധിക്കുന്നതാണു്. പ്രി-പ്രൈമറിസ്ക്കൂൾ, പ്രൈമറിസ്ക്കൂൾ, അപ്പർപ്രൈമറിസ്ക്കൂൾ എന്നിവയ്ക്കു് ബ്ലാക്ക്ബോർഡ്, ചിത്രങ്ങൾ, മോഡലുകൾ, ഭൂപടങ്ങൾ തുടങ്ങിയ ദൃശ്യവിദ്യാഭ്യാസത്തിനുള്ള ഉപകരണങ്ങളും, ബഞ്ചു്, ഡസ്കു്, തുടങ്ങിയ അകസാമാനങ്ങളും നൽകുന്നതിനു് ഈ തുക വിനിയോഗിക്കുന്നു. ഒരു സ്ക്കൂളിനു് 200 രൂപായ്ക്കുള്ള സാധനങ്ങൾവരെ നൽകാവുന്നതാണു്. ലോവർ പ്രൈമറിസ്ക്കൂൾ, അപ്പർ പ്രൈമറിസ്ക്കൂൾ എന്നിവ നിർമ്മിക്കുന്നതിനു് 1,500 രൂപാവരെ കൊടുക്കാൻ സാധിക്കും. സ്ക്കൂളുകളിൽ കിണറു നിർമ്മിക്കുന്നതിനു് 200 രൂപാവരെ ബ്ലോക്കിൽനിന്നും നൽകാവുന്നതാണു്. ഈ പ്രവർത്തനങ്ങൾക്കെല്ലാം ആകെയുള്ള ചെലവിൻെറ 50 ശതമാനം സംഭാവന പൊതുജനങ്ങളിൽനിന്നു് ഉണ്ടാകണമെന്നുള്ളതു് ഓക്കേണ്ടതാണു്. ഹൈസ്ക്കൂളുകളിൽ, വികസനപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രസംഗമത്സരം, ഉപന്യാസമത്സരം എന്നിവ നടത്തി വിജയികൾക്കു സമ്മാനവും സർട്ടിഫിക്കററും നൽകുന്നതിനും ബ്ളോക്കുകൾക്കു പരിപാടിയുണ്ടു്.

*വിദ്യാൎത്ഥികളുമായുള്ള ബന്ധം*

വികസനപ്രവൎത്തനങ്ങളിൽ വിദ്യാൎത്ഥികൾക്കു കൂടുതൽ താല്പൎയ്യം ജനിപ്പിക്കുന്നതിനായി ഹൈസ്കൂളുകളിൽ 'സ്റ്റഡി സൎക്കിൾസ്' സംഘടിപ്പിച്ചു് ബ്ലോക്കു പരിപാടികളെപ്പററിയുള്ള ചൎച്ചകൾ നടത്താവുന്നതാണു്. കൂടാതെ ബ്ലോക്കുമായി അടുത്ത സമ്പൎക്കം പുലൎത്തുന്നതിനു് അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാൎത്ഥികളെ ഒരു പഠനയാത്രയെന്നവണ്ണം പല സംഘങ്ങളായി പലപ്പോൾ ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സിലേക്കു കൊണ്ടുപോകാൻ സാധിക്കും. അവിടെയുള്ള മാതൃകാകൃഷിത്തോട്ടം, ഫലവൃക്ഷങ്ങൾ, മൃഗാശുപത്രി, കൃത്രിമ ഗൎഭോൽപാദനകേന്ദ്രം, ഇണചേൎക്കാൻ നിറുത്തിയിരിക്കുന്ന നല്ലയിനം കാള, ആടുകൾ, ഇൻഫർമേഷൻ സെന്റർ തുടങ്ങിയവയെല്ലാം വിദ്യാൎത്ഥികൾക്കു നോക്കിക്കാണാവുന്നതാണു്. പുതിയ പല അറിവും ഈ യാത്രകൊണ്ടു് അവർക്കു ലഭിക്കുകയും, വികസനപ്രവൎത്തനത്തിൽ താല്പൎയ്യം ജനിക്കുകയും ചെയ്യും. കൂടാതെ ഒരു ഉല്ലാസയാത്രയുടെ ആസ്വാദ്യതയും, അനുഭവവും അവൎക്കു് കിട്ടുകയും ചെയ്യും. സമാകൎഷകമായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഇൻഫർമേഷൻ സെന്റർ അവരെ ആകൎഷിക്കാതിരിക്കുകയില്ല. ഈ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ പ്രദൎശനവസ്തുക്കൾ, ചിത്രങ്ങൾ, ചാർട്ടുകൾ, ഗ്രന്ഥങ്ങൾ, ലഘുപത്രികകൾ എന്നിവയെല്ലാം നോക്കി പലതും അവൎക്കു ഗ്രഹിക്കാൻ സാധിക്കും. നേരത്തേ ബ്ലോക്കധികൃതരെ അറിയിക്കുകയാണെങ്കിൽ കുട്ടികൾക്കു് സാമൂഹ്യവികസനപരിപാടിയെപ്പററിയോ, ബന്ധപ്പെട്ട മറ്റു വിഷയങ്ങളെപ്പറ്റിയോ ഉള്ള ഒരു ചൎച്ചയും ഈ കേന്ദ്രത്തിൽവച്ചു നടത്താൻ സാധിക്കും. അതിനു

ശേഷം വികസനപ്രവത്തനങ്ങളെക്കുറിച്ചുള്ള ലഘു പത്രികകൾ, ചിത്രങ്ങൾ മുതലായവ വിദ്യാത്ഥികളുടെ പഠനത്തിനായി നൽകാവുന്നതാണ്. ബ്ലോക്കിലെ സാമൂഹ്യവിദ്യാഭ്യാസസംഘാടകന് ഇത്തരം ചച്ചകളും, മറ്റും സ്കൂളധികൃതരുമായി ആലോചിച്ച് നടത്താവുന്നതാണ്. അദ്ധ്യാപകർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കണമെന്നുള്ളതു് വളരെ ആവശ്യമാണ്. അങ്ങനെ വിദ്യാത്ഥികളെ വികസനപ്രസ്ഥാനവുമായി അടുപ്പിക്കുന്നതിന്, നാടിൻെറ നന്മയ്ക്കുവേണ്ടി തങ്ങളുടെ സംഭാവനയും നൽകുന്നതിന് അവരെ പ്രേരിപ്പിക്കുന്നതിനും സാധിക്കും.

### *വികസനപ്രവത്തനങ്ങളെ ഊജ്ജിതപ്പെടുത്തുവാൻ അദ്ധ്യാപകർക്ക് ഗണ്യമായ സംഭാവന നല്കാൻ സാധിക്കും*

ബ്ളോക്കുപരിപാടികൾ പ്രചരിപ്പിക്കുന്നതിനും, വിജയിപ്പിക്കുന്നതിനും അദ്ധ്യാപകക്ക് ഗണ്യമായ സംഭാവന നൽകാൻ സാധിക്കും. വികസനപരിപാടി തികച്ചും ഒരു വിദ്യാഭ്യാസമാഗ്ഗമായതുകൊണ്ടു്, അദ്ധ്യാപകർ ഈ പ്രസ്ഥാനത്തെപ്പററി ശരിയായ അറിവുനേടുകയാണെങ്കിൽ ഗ്രാമീണരുടെ തെററിദ്ധാരണകൾ നീക്കുന്നതിനും, അവർക്ക് ഈ പരിപാടിയെപ്പററി വേണ്ട വിജ്ഞാനം നൽകി ബ്ളോക്കുപ്രവത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും സാധിക്കും. ഈ ഉദ്ദേശ്യം മുൻനിത്തി ബ്ളോക്കുപ്രദേശത്തുള്ള പ്രൈമറിസ്കൂളുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകക്ക് ഓറിയൻ്റേഷൻ ട്രെയിനിംഗ് നൽകുന്ന ഒരു പരിപാടി സാമൂഹ്യവികസനവകുപ്പു സ്വീകരിച്ചിട്ടുണ്ടു്. ഒരു സമയം 50

അദ്ധ്യാപകക്കാണു് ഈ പരിശീലനം നല്കുന്നതു്. സാമൂഹ്യവികസനം, പഞ്ചവത്സരപദ്ധതി, സാമൂഹ്യക്ഷേമപ്രവത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പററിയുള്ള ചച്ചകൾ, പ്രഭാഷണങ്ങൾ, മുതലായവ അതതു വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ ആളുകൾ ഈ ക്യാമ്പുകളിൽ നടത്തുന്നതാണു്. ശ്രമദാനം, കലാപരിപാടികൾ, ഫിലിംപ്രദർശനങ്ങൾ, അസംബ്ളിയോഗങ്ങൾ തുടങ്ങിയ ഇതര ചടങ്ങുകളും ഈ ക്യാമ്പുകളിൽ ഉണ്ടായിരിക്കും. ഇത്തരം ക്യാമ്പുകളിൽ പരിശീലനം നേടിയിട്ടുള്ള അദ്ധ്യാപകർ ബ്ളോക്കിന്റെ സന്ദേശം നാട്ടിൽ പരക്കെ എത്തിക്കുന്നതിനും, ബ്ളോക്കുപരിപാടികൾ നടപ്പിലാക്കുന്നതിനും മുൻകയ്യെടുത്തു് പ്രവത്തിക്കുന്നതായിട്ടാണു് കണ്ടുവരുന്നതു്.

## 10. സാമൂഹ്യവിദ്യാഭ്യാസം

### *സാമൂഹ്യവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം*

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. അവന്റെ ജീവിതം വൈവിദ്ധ്യം നിറഞ്ഞതും, സാമൂഹ്യബന്ധം കെട്ടുറപ്പുള്ളതുമായിരിക്കണം. സ്നേഹം, പരസ്പരധാരണ, കൂട്ടുചേൎന്നുള്ള പ്രവത്തനം എന്നിവയെല്ലാം ഇതിനാവശ്യമാണു്. മനുഷ്യനു കായികമായും സാംസ്കാരികമായും പല കഴിവുകളുമുണ്ടു്. അവ വികസിക്കുന്നതുകൊണ്ടു് വ്യക്തിക്കും സമൂഹത്തിനും ഗുണമാണുണ്ടാകുന്നതു്. വ്യക്തിയുടെ കഴിവുകൾ സമൂഹത്തിന്റെ നന്മയ്ക്കായിക്കൂടി തിരിയേണ്ടതാണു്. "ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയുംചെയ്യുക," എന്നുള്ള മഹത്തായ തത്വം ഓരോരുത്തരും അംഗീകരിച്ചു നടപ്പാക്കേണ്ട ഒരു പരിപാടിയാണു്. നാം ഒരു നല്ല ജീവിതം നയിക്കാൻ ശ്രമിക്കുന്ന

തോടൊപ്പം മററുള്ളവരും വളരുന്നതിനും വികസിക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കാൻ ശ്രമിക്കുകയല്ലാതെ അവയ്ക്കെതിരായി നിൽക്കുന്നതു് ഒരു സാമൂഹ്യവിരുദ്ധപ്രവർത്തനമാണു്. ആളുകളിൽ സാമൂഹ്യബോധം, ഐകൃചിന്ത, കൂട്ടായി പ്രവർത്തിക്കാനുള്ള വാസന, ദേശീയബോധം മുതലായവ വളർത്തുകയെന്നുള്ളതാണു് സാമൂഹ്യവിദ്യാഭ്യാസത്തിൻെറ മൗലികമായ ലക്ഷ്യം. മറെറാരു വിധത്തിൽ പറഞ്ഞാൽ സാമൂഹ്യവിദ്യാഭ്യാസം യഥാർത്ഥ പൗരത്വപരിശീലനംതന്നെയാണു്.

സാമൂഹ്യവികസനപരിപാടിതന്നെ പ്രധാനമായും ഒരു വിദ്യാഭ്യാസമാർഗ്ഗമാണല്ലോ. നിറപ്പകിട്ടും, സൗഭാഗ്യവും നിറഞ്ഞ ഒരു ജീവിതം കൈവരുത്തുന്നതിനുള്ള വിദ്യാഭ്യാസം. ഇതിനുള്ള പ്രേരണ ഉളവാകുന്നതു് സാമൂഹ്യവിദ്യാഭ്യാസത്തിൽക്കൂടിയാണെന്നു പറയുന്നതിൽ തെററില്ല. മനുഷ്യനിൽ മാനസികമായ ഒരു പരിവർത്തനം വരുത്തി അവനെ ആശയും ആവേശവുമുള്ളവനാക്കിത്തീർക്കുന്നതിനു് ഈ വകുപ്പിലെ ആകർഷകങ്ങളായ ഘടകങ്ങൾക്കു കരുത്തുണ്ടു്. മാനുഷികമൂല്യവുമായി ബന്ധം പുലർത്തുന്ന ഈ വകുപ്പിൻെറ ലക്ഷ്യം നാട്ടിൽ ഐശ്വര്യം, സ്നേഹം, സമാധാനം, സന്തോഷം എന്നിവയെല്ലാം കൈവരുത്തുകയെന്നുള്ളതാണു്.

***ബഹുജനങ്ങളെ സംഘടനകളുടെ കീഴിൽ അണിനിരത്തുന്നു***

നാട്ടിൻപുറത്തുകാരെ വിവിധസംഘടനകളുടെ കീഴിൽ അണിനിരത്തുകയും, അങ്ങനെ അവരുടെ സാമൂഹ്യബോധം ഉണർത്തി അവരെ കർമ്മമാർഗ്ഗത്തിലേക്കു തിരിച്ചുവിടുകയും ചെയ്യുകയെന്നുള്ളതാണു് സാമൂഹ്യവിദ്യാഭ്യാ

സത്തിന്റെ പ്രധാന കര്‍ത്തവ്യം. കുട്ടികള്‍, യുവാക്കന്മാര്‍, മഹിളകള്‍ എന്നിവരുടെയെല്ലാം സംഘടനകള്‍ രൂപീകരിച്ച്, സംഘടനാബോധവും സാമൂഹ്യചിന്തയും അവരില്‍ ഉളവാക്കുകയാണു ചെയ്യുന്നതു്. ഈ ഉദ്ദേശ്യം മുന്‍നിര്‍ത്തി ബാലസമാജങ്ങള്‍, സ്പോര്‍ട്ട്സ് ക്ലബ്ബുകള്‍, കലാസമിതികള്‍, മഹിളാസമാജങ്ങള്‍ എന്നീ സംഘടനകള്‍ സംഘടിപ്പിക്കപ്പെടുന്നു. ജനാധിപത്യമര്യാദകള്‍ മനസ്സിലാക്കുന്നതിനും, നേതൃത്വപരിശീലനം ലഭിക്കുന്നതിനും, നേതൃത്വത്തെ ബഹുമാനിക്കുന്നതിനുമൊക്കെ ഈ സംഘടനകളിലെ പ്രവര്‍ത്തനംമൂലം നാട്ടുകാര്‍ക്കു് അവസരം ലഭിക്കുന്നു. കായികവിനോദങ്ങള്‍, കലാപരിപാടികള്‍, പൊതുയോഗങ്ങള്‍, ചര്‍ച്ചകള്‍, തൊഴില്‍ പരിശീലനം, റോഡുനിര്‍മ്മാണം മററു സാമൂഹ്യക്ഷേമ പ്രവര്‍ത്തനങ്ങള്‍ എന്നിവയെല്ലാം ഈ സംഘടനകള്‍വഴി നടന്നുകൊണ്ടിരിക്കുകയാണു്.

*കായികവിനോദങ്ങള്‍*

യുവജനങ്ങളുടെ കായികമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനാണു് സ്പോര്‍ട്ട്സ് ക്ലബ്ബുകള്‍ സംഘടിപ്പിച്ചു് അവയെ സഹായിക്കുന്നതു്. കായികവിനോദങ്ങളില്‍ക്കൂടി ഒരേസമയം ശരീരത്തിനു വ്യായാമവും മനസ്സിനു് ഉല്ലാസവും ലഭിക്കുന്നു. ആരോഗ്യത്തിനു വ്യായാമം അത്യന്താപേക്ഷിതമാണുതാനും. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യകരമായ വളര്‍ച്ചയ്ക്കു് കായികവിനോദങ്ങള്‍ ഗണ്യമായ സംഭാവന നല്‍കുന്നുണ്ടു്. മാത്രവുമല്ല, സഹകരണബോധം, 'സ്പോര്‍ട്ട്സ്മാന്‍ സ്പിരിററ്' തുടങ്ങിയ ഗുണങ്ങള്‍ യുവജനങ്ങളില്‍ വളരുന്നതിനും കായികമത്സരങ്ങള്‍ സഹായക

മാണ്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അവിടത്തെ സ്പോട്ട്സ്‌രംഗത്തും, കലാവിഭാഗത്തിലും കൈവന്നിട്ടുള്ള പുരോഗതിയിൽനിന്നും ഏറെക്കുറെ മനസ്സിലാക്കാൻ സാധിക്കും. രാജ്യങ്ങൾതമ്മിൽത്തന്നെയുള്ള മൈത്രിയും, പരസ്പരധാരണയും പുലത്തുന്നതിന് അന്തർദ്ദേശീയകായികമത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിവ വളരെ സഹായിക്കുന്നു.

ബ്ളോക്കിൽ രജിസ്റ്റർ ചെയ്തു് പ്രവത്തനം നടത്തുന്ന സ്പോട്ട്സ്ക്ലബ്ബുകൾക്ക് ബ്ളോക്കിൽനിന്നും സ്പോട്ട്സ് ഉപകരണങ്ങൾ നല്കാറുണ്ട്. ഒരു സ്പോട്ട്സ്ക്ലബ്ബിന് 50 രൂപാവരെ വിലയുള്ള സ്പോട്ട്സ് ഉപകരണങ്ങൾ നല്കാൻ സാധിക്കും. ബ്ളോക്കിൻെറ ചുമതലയിൽ നാടൻപന്തുകളി, വോളീബോൾ, ഫുട്ബോൾ, ബാഡ്മിൻറൻ തുടങ്ങിയവയ്ക്കുള്ള മത്സരങ്ങളും, മററു കായികമത്സരങ്ങളും നടത്തി വിജയികൾക്ക് സമ്മാനവും സട്ടിഫിക്കററും നല്കി പ്രോത്സാഹിപ്പിക്കുന്നു. ഈ കായികമത്സരങ്ങളും വിനോദങ്ങളുമെല്ലാം നാട്ടിൻപുറങ്ങളിലെ ജീവിതം കൂടുതൽ ഉല്ലാസകരമാക്കുന്നതിനു സഹായിക്കുന്നുണ്ട്.

***കല; മനുഷ്യമനസ്സിനെ ഹഠാദാകഷിക്കുന്ന ഒരു ഘടകം***

മനുഷ്യമനസ്സിന് ആനന്ദവും ആശ്വാസവും നല്കുന്നതിനു കലാശില്പങ്ങൾക്കുള്ള കഴിവ് ഒന്നു വേറെയാണ്. കലകൾ മനുഷ്യമനസ്സിനെ ഹഠാദാകഷിക്കുന്നു. ഇമ്പമുള്ള ഒരു ഗാനം കേൾക്കുമ്പോൾ നാം ചെവികൂപ്പിച്ചു് അതു ശ്രദ്ധിക്കുകയും നയനാഭിരാമമായ ഒരു കലാപ്രകടനം ദശിക്കുമ്പോൾ ഇമവെട്ടാതെ നോക്കിയിരിക്കു

കയും ചെയ്യുന്നു. സൗകുമാര്യം തുളുമ്പുന്ന കലാശില്പങ്ങളിൽക്കൂടി അവതരിപ്പിക്കുന്ന ജീവിതസന്ദേശങ്ങൾ മനുഷ്യമനസ്സിന്റെ ശ്രീകോവിലിലേക്കുതന്നെ ഇറങ്ങിച്ചെല്ലുന്നുണ്ട്. പുരാതനകാലംമുതല്ക്കേ കേരളം കലയുടെ കലവറയായിരുന്നു. എന്നാൽ വിദേശഭരണത്തിൻകീഴിൽ അവയെല്ലാം വളച്ചുമുട്ടിനില്ക്കുകയാണുണ്ടായത്. എല്ലാ കലാവേലകളെയും ഉയത്തിയെടുക്കുന്നതിനുള്ള ഒരു സംരംഭമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഒരു കലാസമ്പത്തായ കഥകളി ഇന്ന് കടലുകൾക്കും അപ്പുറത്തുള്ള രാജ്യങ്ങളിൽപ്പോലും പ്രചരിച്ചു കഴിഞ്ഞിരിക്കുന്നു. കഥകളി, നൃത്തം തുടങ്ങിയ കലകൾ, റഷ്യ, അമേരിക്കാ, ആസ്ട്രേലിയാ മുതലായ രാജ്യങ്ങളിലെ ആളുകൾ, കേരളത്തിലെ അനുഗൃഹീതന്മാരായ കലാകാരന്മാരിൽനിന്നും അഭ്യസിച്ചുവരുന്നു എന്നുള്ള വിവരം ഈയവസരത്തിൽ സ്മരണീയമാണ്.

ഗ്രാമീണരുടെ സാംസ്കാരികമായ കഴിവുകളെ പോഷിപ്പിക്കുന്നതിനുവേണ്ടിയാണ് ബ്ലോക്കുകളുടെ ചുമതലയിൽ കലാസമിതികൾ സംഘടിപ്പിക്കുന്നത്. പാടുന്നതിനും, അഭിനയിക്കുന്നതിനും, കഥയെഴുതുന്നതിനുമെല്ലാം നല്ല കഴിവുള്ള ആളുകൾ നാട്ടിൻപുറങ്ങളിൽ ഉണ്ടെന്ന് ഈ കലാസമിതികൾ അവതരിപ്പിക്കുന്ന പരിപാടികളിൽനിന്നും സ്പഷ്ടമായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. സംഗീതം, നാടകം, നൃത്തം, തിരുവാതിര, കോലടി, പരിശമുട്ടുകളി, കഥാപ്രസംഗം തുടങ്ങിയ കലാപരിപാടികൾ ഈ സംഘടനകളിലെ അംഗങ്ങൾ പരിശീലിക്കുകയും അവ നാട്ടുകാരുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുന്നു. ഈ കലാവേലകളെയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ളോക്കിന്റെ

ആഭിമുഖ്യത്തിൽ കലാമത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നല്കുന്നു. നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മുടെ റേഡിയോപ്രക്ഷേപണകേന്ദ്രങ്ങളും ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതു് ഈയവസരത്തിൽ പ്രസ്താവയോഗ്യമാണു്. വിവിധ ബ്ളോക്കുകളിൽനിന്നും ഗ്രാമീണർ അവതരിപ്പിക്കുന്ന നാടൻപാട്ടുകൾ, നാടൻ നൃത്തങ്ങൾ മുതലായവ റെക്കാർഡു ചെയ്തു് റേഡിയോ സ്റ്റേഷനിൽനിന്നും പ്രക്ഷേപണം ചെയ്യുന്നു. ഈ കലാശില്പങ്ങളെല്ലാംതന്നെ നാട്ടുമ്പുറത്തുകാരുടെ ജീവിതത്തിന് കൂടുതൽ ആസ്വാദ്യത കലർത്തുന്നതോടൊപ്പം അവർക്ക് ആനന്ദവും ആശ്വാസവും നൽകുകയും ചെയ്യുന്നു. അന്തിയാവോളം പണിയെടുത്തു തളരുന്ന ഗ്രാമീണർക്ക്, ഈ കലാശില്പങ്ങളുടെ മധുരിമ തീർച്ചയായും ഉണർവ്വും ഉത്തേജനവും നൽകുന്നുണ്ടു്. ഗ്രാമവാസികളുടെ ജീവിതം ഉല്ലാസകരമാക്കിത്തീർക്കുകയും നിറപ്പകിട്ടുള്ളതാക്കിത്തീർക്കുകയും ചെയ്യുന്ന കലാസമിതികളെ പ്രോത്സാഹിപ്പിക്കുന്നതിനും വികസനബ്ളോക്കുകൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. ബ്ളോക്കിൽനിന്നും കലാസമിതികൾക്കു് സംഗീതോപകരണങ്ങളും മററും നൽകുന്നു. ഒരു സമിതിക്കു് 250 രൂപാവരെ വിലയുള്ള സംഗീതോപകരണങ്ങൾ ബ്ളോക്കിൽനിന്നും നല്കാൻ സാധിക്കും.

***കലകളെ എങ്ങനെ കൈകാര്യം ചെയ്യണം?***

"കല കലയ്ക്കുവേണ്ടിയാണു്" എന്നൊരു പ്രമാണമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇതു് ഒരു പഴഞ്ചൻ പ്രമാണമായി മാറിയിരിക്കുകയാണു്. "കല ജീവിതത്തിനുവേണ്ടിയാണു്," ഇതാണു് ഇന്നത്തെ പ്രമാണം. ആസ്വാദനത്തിനുവേണ്ടി മാത്രമാണു് മുമ്പെല്ലാം കീല

കൈകാര്യം ചെയ്യപ്പെട്ടിരുന്നതു്. ആസ്വാദനം നൽകുന്നതോടൊപ്പം ഒരു പുത്തൻജീവിതത്തിനു് തയ്യാറെടുപ്പിക്കുക എന്നുള്ളതുകൂടിയാണു് കലയുടെ ഇന്നത്തെ ലക്ഷ്യം. മുമ്പെല്ലാം രാജാക്കന്മാരെപ്പററിയും, പ്രഭുക്കന്മാരെപ്പററിയുമുള്ള കഥകളും കവനങ്ങളുമൊക്കെയാണു് ചമയ്ക്കപ്പെട്ടിരുന്നതു്. ഇന്നു് രീതിയെല്ലാം മാറിക്കൊണ്ടിരിക്കുകയാണു്. നമ്മുടെ ചുററും കാണുന്ന ജീവിതപ്രശ്നങ്ങളെ പൊളിച്ചുകാണിക്കുന്നതിനും അവയ്ക്കുള്ള ഉത്തരം നൽകുന്നതിനുമാണു് ഇന്നു് കലാകാരന്മാരുടെ ശ്രദ്ധ തിരിയേണ്ടതു്. കഥകളിലും, പാട്ടുകളിലും, നാടകത്തിലും, സിനിമയിലുമെല്ലാം ഇപ്പോൾ നമ്മുടെ ചുററുമുള്ള ജീവിതത്തിന്റെ ചിത്രീകരണങ്ങൾ കാണാൻ സാധിക്കുന്നതാണു്. ഞാറുനടുന്ന ചെറുമിയുടേയും, റിക്ഷാ വലിക്കുന്ന വേലുവിൻെറയും, അയലത്തെ വീട്ടിലെ മറിയക്കുട്ടിയുടെയുമൊക്കെ കഥയാണു് ഇന്നു നമ്മുടെ മുമ്പാകെ അവതരിപ്പിക്കപ്പെടുന്നതു്. നമ്മുടെ ചുററും തങ്ങിനിൽക്കുന്ന ജീവിതത്തിൻെറ ഏടുകളിൽനിന്നും പിച്ചിച്ചീന്തിയെടുത്ത കഥകളും, കവനങ്ങളും, മററു കലാവേലകളും രൂപംകൊള്ളുകയാണു്.

നാടിൻെറ നന്മയ്ക്കായുള്ള നീക്കത്തിനു്, പ്രചോദനം നൽകത്തക്ക പാട്ടുകളും, കഥകളും, നാടകവും, നൃത്തവുമൊക്കെ അവതരിപ്പിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം, നമ്മുടെ നാട്ടിൽ കൂടുതൽ ഐശ്വര്യം കൈവരുത്തുന്നതിനു് കരുപ്പിടിപ്പിച്ചിരിക്കുന്ന വികസനപദ്ധതികളിലേക്കു് ആളുകളുടെ ശ്രദ്ധയെ അതിവേഗം ആകർഷിക്കുന്നതിനും അവരെ ആവേശപൂർവ്വം വികസനപ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി അണിനിരത്തുന്നതിനും ഈ രീതിയിൽ

കൈകാര്യം ചെയ്യപ്പെടുന്ന കലാശില്പങ്ങൾക്ക് കൂടുതൽ കരുത്തുണ്ട്. സാമൂഹ്യമായ അനീതികൾക്കും, സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കും, അനാചാരങ്ങൾക്കും എതിരായി വിരൽ ചൂണ്ടുന്നതിനും, ആളുകളെ സന്മാർഗ്ഗികപാതകളിലേക്ക് തിരിച്ചുവിടുന്നതിനുമായി കലകളെ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കും. വികസനപ്രവർത്തനങ്ങളെ ഇതിവൃത്തമാക്കിക്കൊണ്ടുള്ള കഥകൾ, നാടകം, നൃത്തം, കഥാപ്രസംഗം, സംഗീതം എന്നിവ അവതരിപ്പിക്കുന്നതിന് ബ്ലോക്കുമായി ബന്ധപ്പെട്ടിട്ടുള്ള കലാസമിതികൾ പ്രത്യേകം ശ്രദ്ധിക്കുന്നു. കലാസൗകുമാര്യം കലർത്തി അവതരിപ്പിക്കപ്പെടുന്ന പ്രസ്തുത ശില്പങ്ങൾ നാട്ടിൻപുറത്തുകാർക്ക് മാനസികോല്ലാസം നൽകുന്നതോടൊപ്പം ഒരു പുത്തൻ ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള പ്രചോദനവും നൽകുന്നുണ്ട്.

*നമ്മുടെ സൗന്ദര്യബോധവും വളരണം*

കലയെപ്പററി ചിന്തിക്കുമ്പോൾ കലാബോധം അഥവാ സൗന്ദര്യബോധത്തെപ്പററിയും നാം ഓർക്കുന്നതാണ്. സൗന്ദര്യമുള്ള വസ്തുക്കൾ ലോകത്തിന് എന്നെന്നും പ്രചോദനം നൽകിയിട്ടുണ്ട്. കാരണം സുന്ദരങ്ങളായ എന്തും ആരെയും ആകർഷിക്കുമെന്നുള്ളതാണ്. പ്രസിദ്ധ ആംഗ്ലേയകവിയായ കീററ്സ് ഇതു പ്രഖ്യാപിച്ചിട്ടുണ്ട്. "സൗന്ദര്യമുള്ള ഒരു വസ്തു എന്നെന്നും ആനന്ദസന്ദായകമാണ്." (A thing of beauty is a joy for ever.) മനുഷ്യൻെറ വാക്കിലും, നോക്കിലും, പ്രവൃത്തിയിലുമെല്ലാം ഈ സൗന്ദര്യം കൂട്ടിക്കലർത്താവുന്നതും അങ്ങനെ ജീവിതം സമാകർഷകമാക്കാവുന്നതുമാണ്. ക്രിസ്തുവിലും, ബുദ്ധനിലും, ഗാന്ധിജിയിലുമെല്ലാം നാം ഒരു പ്രത്യേക

സൗന്ദൎയ്യംതന്നെ കാണുന്നുണ്ടു്. യഥാൎത്ഥസൗന്ദൎയ്യം കണ്ടെത്തുന്നതിനും, അതിനെ മാനിക്കുന്നതിനും നാം തയ്യാറാകേണ്ടതാണു്.

ഒരു കൊച്ചു വീടാണെങ്കിൽത്തന്നെയും അവിടെ ഒരു ചിട്ടയും ക്രമവും ശുചിത്വവുമൊക്കെയുണ്ടെങ്കിൽ അവിടെ നമുക്കു് സൗന്ദൎയ്യം കണ്ടെത്താൻ സാധിക്കും. വീട്ടുമുററത്തു് പുഞ്ചിരിച്ചുനിൽക്കുന്ന പുഷ്പങ്ങൾ ആ സൗന്ദൎയ്യത്തിന്റെ മാററിനെ തേച്ചുമിനുക്കുന്നതാണു്. പണം അധികം ചെലവാക്കാതെതന്നെ പലതിലും നമുക്കു ഭംഗി വരുത്തുവാൻ സാധിക്കും. ഈ സൗന്ദൎയ്യബോധം നമ്മുടെ എല്ലാ പ്രവൎത്തനരംഗത്തും കടന്നുകൂടേണ്ടതാണു്. വൎണ്ണവൈചിത്ര്യവും കെട്ടുറപ്പുള്ളതുമായ ഒരു സാമൂഹ്യജീവിതം പടുത്തുയൎത്തുന്നതിനു് ഇതു് അത്യന്താപേക്ഷിതമാണുതാനും. ഇമ്മാതിരിയുള്ള സ്വഭാവവൈശിഷ്ട്യങ്ങൾ കൈവരുത്തുന്നതിനുള്ള പ്രേരണകൂടി പ്രത്യക്ഷമായും പരോക്ഷമായും ആളുകൾക്കു നൽകുന്നതിനു് വികസനപ്രസ്ഥാനംകൊണ്ടു് ഉദ്ദേശിക്കുന്നു.

**കുഞ്ഞോമനകൾക്കും സംഘടനകൾ**

കുട്ടികളുടെ സംഘടന രൂപീകരിക്കുന്നതിലും ബ്ലോക്കുകൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. 'നാളെ'യുടെ ചുക്കാൻ പിടിക്കേണ്ടവരാണു് ഇന്നത്തെ കുട്ടികൾ. അതിനുള്ള പരിശീലനം അവൎക്കു ലഭിക്കേണ്ടതുണ്ടു്. കുട്ടികളുടെ കായികവും, സാംസ്കാരികവും, സാമ്പത്തികവുമായ അഭിവൃദ്ധിക്കുവേണ്ടിയാണു് ബാലസമാജങ്ങൾ നിലകൊള്ളുന്നതു്. പാടുന്നതിനും പറയുന്നതിനും കൂട്ടുചേൎന്നു പണിയെടുക്കുന്നതിനുമെല്ലാം അവൎക്കും അവസരം ലഭിക്കുന്നു. ബാലസമാജങ്ങളിൽ നടത്തപ്പെടുന്ന ചർ

ച്ചുകളുടെയും മററും ഫലമായി കോഴിവളത്തൽ, തേനീച്ചവളത്തൽ, കൂട്ടവളനിർമ്മാണം, മലക്കറിത്തോട്ടങ്ങളുടെ നിർമ്മാണം എന്നിവയിൽ അവർ ഏർപ്പെടുന്നു. കുട്ടികളുടെ സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ളോക്കിൽനിന്നും ബാലസാഹിത്യങ്ങൾ, സ്പോർട്ട്സ് ഉപകരണങ്ങൾ, സംഗീതോപകരണങ്ങൾ എന്നിവ നൽകുന്നുണ്ട്. ഒരു ബാലസമാജത്തിനു 200 രൂപാവരെ വിലയുള്ള സാധനങ്ങൾ കൊടുക്കാൻ സാധിക്കും.

കുട്ടികൾക്കു സ്വച്ഛന്ദം വിഹരിക്കുന്നതിനും കൂടുതൽ മാനസോല്ലാസം നൽകുന്നതിനുമായിട്ടാണു് ബ്ളോക്കിന്റെ ചുമതലയിൽ കുട്ടികൾക്കുള്ള പാർക്കുകൾ നിർമ്മിക്കുന്നതു്. കുറഞ്ഞതു് 10 സെൻറു സ്ഥലമെങ്കിലും ഈ ആവശ്യത്തിനു നാട്ടുകാർ നൽകേണ്ടതുണ്ടു്. സ്കൂളുകൾ, ബാലസമാജങ്ങൾ എന്നിവയിൽ ഏതെങ്കിലും സ്ഥാപനത്തോടടുത്തു് പാർക്കു നിർമ്മിക്കുവാൻ യോജിച്ച സ്ഥലമായിരിക്കും സാധാരണ തെരഞ്ഞെടുക്കുന്നതു്. ഒരു പാർക്കിനു് 1,000 രൂപാവരെ വിലയുള്ള ഉപകരണങ്ങൾ ബ്ളോക്കിൽനിന്നു് നൽകാൻ സാധിക്കും. നാട്ടുകാരുടെ സംഭാവനയായി അത്രയും തുക ഉണ്ടാകേണ്ടതാണു്. സ്ഥലത്തിന്റെ വിലയുടെ പകുതി സംഭാവനയായി കണക്കാക്കും. ബാക്കി തുകയ്ക്കു് പാർക്കിനു ചുററും അരമതിൽ കെട്ടുക, ആളുകൾക്കു് ഇരിക്കുന്നതിനുള്ള കോൺക്രീററ് ബെഞ്ചുകൾ ഉണ്ടാക്കിയിടുക മുതലായവ ചെയ്യേണ്ടതാണു്. നല്ല ചെടികളും, ഫലവൃക്ഷങ്ങളുമെല്ലാം നട്ടുപിടിപ്പിച്ചു് ഈ പാർക്കു മനോഹരമാക്കാൻ സാധിക്കും. ബാലികാബാലന്മാർ ബ്ളോക്കിൽനിന്നു കൊടുക്കുന്ന, സീ-സോ-സ്ലിംഗ്, സ്ലൈഡു്, 'മെറിഗോ-റൗണ്ട്' തുടങ്ങിയ ഉപകരണങ്ങളിൽ കയറി സോല്ലാസം ലീലാ

വിനോദങ്ങൾ നടത്തുന്നു. വളൎന്നുവരുന്ന ഒരു തലമുറയുടെ ഉത്തരവാദികളായ ഈ കുഞ്ഞോമനകളുടെ അഭിവൃദ്ധിക്കുവേണ്ടി വികസനബ്ലോക്കുകൾ അത്രവോളം ശ്രമിക്കുന്നതായി കാണാം. ലോകത്തിലെ കുട്ടികളുടെയെല്ലാം അമ്മാവനായ 'ചാച്ചാ–നെഹറു' കുട്ടികളോടു കാണിക്കുന്ന വാത്സല്യവും താല്പര്യവും ഈയവസരത്തിൽ നാം ഓൎത്തുപോകുന്നു. അതിൻെറ പിന്നിലുള്ള മഹത്തായ ആശയത്തെപ്പററിക്കൂടി ചിന്തിക്കുന്നതു നന്നായിരിക്കും.

*ബാലകൎഷകസംഘടനകൾ*

കൃഷിയുടെ പ്രാധാന്യം നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇളംതലമുറയുടെ ശ്രദ്ധയും ഈ വിഷയത്തിലേക്ക് ആകർഷിക്കേണ്ടതു് നാളത്തെ കൃഷിയുടെ പോഷണത്തിനു തികച്ചും ആവശ്യമാണു്. 12 വയസ്സുമുതൽ 16 വയസ്സുവരെ പ്രായമുള്ള ബാലന്മാർ ഉൾക്കൊള്ളുന്ന കർഷകസംഘടനകൾ ഓരോ ഗ്രാമസേവകൻെറയും മണ്ഡലങ്ങളിൽ രൂപീകരിക്കുന്നു. കൃഷി, മൃഗസംരക്ഷണം, കോഴിവളർത്തൽ, തേനീച്ചവളർത്തൽ എന്നീ വിഷയങ്ങളെപ്പററിയുള്ള ചർച്ചകൾ ഈ സംഘടനകളിൽ നടത്തുകയും ഈവിധ വിഷയങ്ങളിൽ അവൎക്കു താല്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു. കുട്ടികൾ പാട്ടത്തിനു സ്ഥലം വാങ്ങി വാഴ, കപ്പ, മലക്കറികൾ മുതലായവ കൂട്ടുചേൎന്നു കൃഷിചെയ്യുകയും അവർ ഉല്പാദിപ്പിക്കുന്ന വിളവുകൾ ലേലംചെയ്തു സംഘടനയുടെ ആസ്തി വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. കുട്ടികൾ കൂട്ടുചേൎന്നു് ഉല്ലാസത്തോടുകൂടി കൃഷിപ്പണികൾ നടത്തുന്നതും കൃഷിയുടെ ഫലം കാത്തുകാത്തു കഴിയുന്ന ആ ബാലകർഷകർ ഒരുദിനം അവരുടെ അദ്ധ്വാനത്തിൻെറ ഫലം കാണുന്നതും, ഈ ഫലങ്ങളെ ത

ഴകി താലോലിച്ചു വൎത്തിക്കുന്നതുമായ ചിത്രമാണു് നമു ക്കു കാണാൻ സാധിക്കുന്നതു്. വിളവുണ്ടാക്കുകയും, അവ വില്ക്കുകയും, അതിൻെറ കണക്കും പണവുമെല്ലാം സൂ ക്ഷിക്കുകയുമൊക്കെ ചെയ്യുന്നതിൽനിന്നു് അവർ പല തും പഠിക്കുകകൂടിയാണു്.

ബാലകൎഷകർ അവരുടെ വീടുകളിലും ഇമ്മാതിരി പണികളിൽ ഏൎപ്പെടുകയും രക്ഷാകൎത്താക്കളെ കൃഷിപ്പ ണിയിൽ സഹായിക്കുകയും ചെയ്യുന്നു. ബ്ളോക്കുകളിൽ നിന്നു് പകുതിവിലയ്ക്കു് തേനീച്ചപ്പെട്ടികൾ ബാലക ൎഷകൎക്കു നല്കുന്നതാണു്. അവരുടെ വീട്ടുകളിൽ തേനീ ച്ചവളൎത്തൽ നടത്തുന്നതിനും അങ്ങനെ ഒരു വിനോദ ത്തോടൊപ്പം ആരോഗ്യസന്ദായകമായ നല്ല ഒരു പാനീ യം ഉല്പാദിപ്പിക്കുന്നതിനും അവൎക്കു സാധിക്കുന്നു. കൃഷി ആയുധങ്ങൾ, വളം, വിത്തു് മുതലായവ ബാലകൎഷകസം ഘടനകൾക്കു് ബ്ളോക്കിൽനിന്നും നല്കുന്നു. ഒരു സംഘ ടനയ്ക്കു് 200 രൂപാവരെ വിലയുള്ള സാധനങ്ങൾ ബ്ളോ ക്കിൽനിന്നും നല്കാൻ സാധിക്കും.

*വനിതാസമാജങ്ങൾ*

ഭാരതത്തിലെ ജനസംഖ്യയിൽപകുതിയോളം സ്ത്രീ കളാണു്. കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ ഒരുലക്ഷത്തിലധികം കൂടുതലാണെന്നു് കണക്കുകൾകൊ ണ്ടു കാണാം. ഏതൊരു പരിഷ്കൃതരാജ്യത്തും പുരുഷന്മാ ൎക്കൊപ്പം സ്ഥാനം സ്ത്രീകൾക്കും സമുദായത്തിൽ നല്കി വരുന്നു. സ്ത്രീകൾക്കു് എല്ലാ രംഗങ്ങളിലും വളരാനും വി കസിക്കാനുമുള്ള സ്വാതന്ത്ര്യവും അവസരവും നമ്മുടെ ഭരണഘടനയിൽ ഉറപ്പുചെയ്തിട്ടുണ്ടു്. പുരുഷന്മാർ ചെ യ്യുന്ന മിക്കവാറും എല്ലാ ജോലികളും വളരെ കാൎയ്യക്ഷ

മമായി കൈകാര്യം ചെയ്യാൻ സ്ത്രീകൾക്ക് സാധിക്കു മെന്ന് അമേരിക്കാ, ഇംഗ്ലണ്ട്, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ വനിതകൾ തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. ഭാരതത്തിലെ വനിതകളും എല്ലാ തുറകളിലും സധൈര്യം പ്രവർത്തിച്ച് അവർ അർഹിക്കുന്ന സ്ഥാനം നേടുന്ന കാലം വളരെ വിദൂരത്തിലായിരിക്കുകയില്ല.

സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ ഉന്നമനത്തിനായി നിലകൊള്ളുന്ന സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും എത്തിച്ചേർന്നിട്ടുണ്ട്. മഹിളാസമാജങ്ങൾ സംഘടിപ്പിച്ച് സ്ത്രീകളുടെ കായികവും, സാംസ്കാരികവും, സാമ്പത്തികവുമായ ഉന്നമനത്തിനായി പ്രവർത്തിപ്പിക്കുന്നതിന് ബ്ളോക്കുകൾ ശ്രദ്ധിക്കുന്നുണ്ട്. ഗ്രാമീണവനിതകളിൽ ഭൂരിഭാഗവും സാമ്പത്തികമായ പരാധീനതകൾ അനുഭവിക്കുന്നവരാണ്. ഇതു പരിഹരിക്കുന്നതിനുവേണ്ടിയാണ് സ്ത്രീകൾക്കു നടത്താവുന്ന വ്യവസായങ്ങൾക്കുവേണ്ടിയും കൈത്തൊഴിലുകളിൽ അവക്ക് പരിശീലനം നല്കുന്നതിനുമായി ഒരു തുക കൊള്ളിച്ചിരിക്കുന്നതു്. സ്ത്രീകളുടെയും, കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിമാത്രം ബ്ളോക്കുബഡ്ജററിൽ 40,000 രൂപാ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് ഈയവസരത്തിൽ സ്മരണീയമാണ്. നൂൽനൂപ്പ്, തയ്യൽ, പാ നെയ്ത്തു് മുതലായ തൊഴിലുകളിൽ പരിശീലനം ലഭിച്ച സ്ത്രീകൾക്ക് വിശ്രമവേളകൾ പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിനു സാധിക്കുന്നതാണ്. നെയ്ത്തു്, മെഴുകുതിരിനിർമ്മാണം, ചന്ദനത്തിരിനിർമ്മാണം, കൈക്കുത്തരി വ്യവസായം എന്നിവയെല്ലാം സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കു നടത്താൻ സാധിക്കും.

ഒരു മഹിളാസമാജത്തിന് 300 രൂപായ്ക്കുവരെയുള്ള സാധനസാമഗ്രികൾ ബ്ളോക്കിൽനിന്നു നല്കിവരുന്നു. സാധാരണയായി, തയ്യൽമെഷീൻ, ചക്കകൾ, ഗ്രന്ഥങ്ങൾ, സംഗീതോപകരണങ്ങൾ എന്നീ സാധനങ്ങളാണ് മഹിളാസമാജങ്ങൾക്ക് ബ്ളോക്കിൽനിന്നു നൽകുന്നത്. മഹിളാസമാജത്തിനു കെട്ടിടം നിർമ്മിക്കുന്നതിന് 1,000 രൂപാവരെ ബ്ളോക്കിൽനിന്നു ഗ്രാന്റായി നല്കാൻ സാധിക്കും.

വനിതാസമാജങ്ങളിലും, വനിതാക്യാമ്പുകളിലും നടത്തുന്ന ചർച്ചകളുടെ ഫലമായി കോഴിവളർത്തൽ, അടുക്കളത്തോട്ടനിർമ്മാണം, കുട്ടവളനിർമ്മാണം എന്നിവയിൽ സ്ത്രീകൾക്കും താല്പര്യം ജനിക്കുകയും സമാജാംഗങ്ങളുടെ വീടുകളിൽ ഇവ നടത്തുന്നതിന് അവർ തയ്യാറാകുകയും ചെയ്യുന്നു. പല സമാജങ്ങളിലും തയ്യൽക്ലാസ്സുകൾ, പാചകക്ലാസ്സുകൾ മുതലായവ നടത്താറുണ്ട്. ഗ്രാമസേവിക, മുഖ്യസേവിക എന്നിവർ സ്ത്രീസമാജങ്ങളിൽ ശിശുസംരക്ഷണം, ശുചിത്വം, ഗൃഹപരിചരണം, പോഷകാഹാരം, ആരോഗ്യസംരക്ഷണം തുടങ്ങിയ വിഷയങ്ങളെപ്പററിയുള്ള ചർച്ചകൾ നടത്തുന്നുണ്ട്. സമാജാംഗങ്ങൾ നേടുന്ന അറിവ് എല്ലാ വീടുകളിലും എത്തിക്കുന്നതിനും അവർ ശ്രദ്ധിക്കുന്നു. മഹിളാസമാജങ്ങളുടെ പ്രവർത്തനംമൂലം സ്ത്രീകളുടെ കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിനും, രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ അവരുടെ സംഭാവനകൂടി നൽകുന്നതിനും സാധിക്കുന്നുണ്ട്.

*സംഘടനകളുടെ പ്രാധാന്യം*

മേൽപ്രസ്താവിച്ച വിവിധ സംഘടനകളിൽക്കൂടിയാണ് ബ്ളോക്കിൻെറ സന്ദേശം നാട്ടിൽ പരക്കെ എത്തിച്ചേരുന്നത്. ബ്ളോക്കുപരിപാടികളെപ്പററിയുള്ള ചർച്ചകൾ ഗ്രാമസേവകരും, വികസനോദ്യോഗസ്ഥന്മാരും ഈ സംഘടനകളിൽ നടത്തി ഈ വിഷയങ്ങളിൽ ആളുകളെ ആകൃഷ്ടരാക്കുന്നു. തൽഫലമായി വികസനപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് സംഘടനകളിലെ ആളുകൾ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നുണ്ട്. കായികവിനോദങ്ങൾ, സാംസ്കാരികപ്രവർത്തനങ്ങൾ, സാമ്പത്തികാഭിവൃദ്ധിക്കുള്ള പ്രവർത്തനങ്ങൾ ഇവയെല്ലാമാണ് ഈ സംഘടനകൾവഴി നടക്കുന്നത്. വികസനം ഒരു നല്ല ജീവിതത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസമാണെങ്കിൽ അതു കൂടുതലായും സാധിക്കുന്നത് ഇമ്മാതിരിയുള്ള സംഘടനകളിൽക്കൂടിയാണെന്നു പറയുന്നതിൽ തെററില്ല.

*സമാകർഷകങ്ങളായ മററു പ്രവർത്തനങ്ങൾ*

പൊതുയോഗങ്ങൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, കലാപരിപാടികൾ, ഫിലിം പ്രദർശനങ്ങൾ, പഠനയാത്രകൾ തുടങ്ങിയ സമാകർഷകങ്ങളായ നിരവധി പ്രവർത്തനങ്ങളും സാമൂഹ്യവിദ്യാഭ്യാസവകുപ്പിൻെറ ചുമതലയിൽ നടത്തിവരുന്നു. വിനോദം, വിജ്ഞാനം, പൗരത്വപരിശീലനം എന്നിവയെല്ലാം നേടുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായകമാണ്. കർഷകർ, യുവാക്കന്മാർ, വനിതകൾ എന്നിവർക്കായി നടത്തുന്ന വിവിധ ക്യാമ്പുകൾമൂലം പൗരൻെറ ചുമതലകൾ മനസ്സിലാക്കുന്നതിനും ജനാധിപത്യമര്യാദകൾ പരിച

യിക്കുന്നതിനും ജീവിതത്തിൽ തങ്ങളുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുന്നതിന് അവർക്ക് പ്രേരണ ലഭിക്കുന്നതിനും ഇടയാകുന്നു. ബ്ലോക്കിൻെറ ചുമതലയിൽ നടത്തുന്ന സെമിനാറുകളുടെ ഫലമായി ബ്ലോക്കുപരിപാടികളെപ്പററി ആളുകൾക്കു വേണ്ട അറിവു ലഭിക്കുന്നതിന് ഇടയാകുന്നു. കൂടാതെ നാടിൻെറ ആവശ്യത്തിന് ഉപകരിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും, ബ്ലോക്കുപ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിനും ബ്ലോക്കുപ്രദേശത്തുള്ള ജനപ്രതിനിധികളെയും വിവിധ സംഘടനകളുടെ പ്രതിനിധികളെയും ചേർത്തു നടത്തുന്ന സെമിനാറുകൾ മൂലം സാധിക്കുന്നു.

ഫിലിം പ്രദർശനം വിനോദസന്ദായകവും, വിജ്ഞാനപ്രദവുമായ ഒരു പരിപാടിയാണ്. നാട്ടിലെങ്ങും നടക്കുന്ന വികസനപ്രവർത്തനങ്ങളെപ്പററിയുള്ള ചിത്രങ്ങൾ, സന്മാർഗ്ഗികബോധം പൗരബോധം എന്നിവ നൽകാൻ പര്യാപ്തമായ ചിത്രങ്ങൾ എന്നിവയെല്ലാം വെള്ളിത്തിരയിലൂടെ അവതരിപ്പിക്കുകയാണു ചെയ്യുന്നതു്. കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ എന്നിവയെപ്പററിയുള്ള ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു. കലാസൗകുമാര്യംകലർത്തി അവതരിപ്പിക്കുന്ന ഈ ചിത്രങ്ങൾ നമ്മെ ആകർഷിക്കുകയും വിനോദത്തിൽക്കൂടി വിജ്ഞാനവും പ്രചോദനവും നൽകുകയും ചെയ്യുന്നു.

*പ്രദർശനങ്ങൾ*

വികസനപ്രവർത്തനങ്ങളിലേക്കു് ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും പല കാര്യങ്ങളിലും ഗ്രാമീണർക്കു് പുതിയ അറിവുകൾ നൽകുന്നതിനുമൊക്കെയായിട്ടാണു് ബ്ലോക്കിൻെറ ചുമതലയിൽ പ്രദർശനങ്ങൾ

നടത്തുന്നതു്. ആളുകൾ ധാരാളമായിക്കൂടുന്ന ഉത്സവം തുടങ്ങിയ പരിപാടികളോടനുബന്ധിച്ചാണു് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതു്. തന്മൂലം ധാരാളം ആളുകൾക്കു് ഈ പ്രദർശനം നോക്കിക്കാണുന്നതിനു് അവസരം ലഭിക്കുന്നു. ബ്ളോക്കുപ്രദേശത്തെ കാർഷികവിഭവങ്ങൾ, വ്യാവസായികോല്പന്നങ്ങൾ, ചിത്രങ്ങൾ, കൊത്തുപണികൾ, തുന്നൽ വേലകൾ, കൗതുകസാധനങ്ങൾ മുതലായവയും, ബ്ളോക്കുപരിപാടികളെപ്പററിയുള്ള ചിത്രങ്ങൾ, ചാർട്ടുകൾ, മോഡലുകൾ എന്നിവയും നവീനങ്ങളായ കാർഷികോപകരണങ്ങൾ, നല്ലയിനം വിത്തുകൾ, വളം, കീടനാശിനികൾ എന്നിവയെല്ലാം പ്രദർശിപ്പിക്കപ്പെടുന്നു. ബ്ളോക്കുപ്രവർത്തനംമൂലം ഉണ്ടായിട്ടുള്ളതും ഉണ്ടാകാവുന്നതുമായ നേട്ടങ്ങൾ ഇത്തരം പ്രദർശനങ്ങൾ നടത്തുന്നതുകൊണ്ടു് കാണികൾക്കു് മനസ്സിലാക്കാവുന്നതാണു്.

*ഉല്ലാസകേന്ദ്രങ്ങൾ*

ഗ്രാമീണർക്കു് വിനോദവും, വിജ്ഞാനവും നൽകുന്നതിനായി ബ്ളോക്കിൻെറ ചുമതലയിൽ സാമൂഹ്യവിനോദകേന്ദ്രങ്ങൾ സ്ഥാപിക്കുന്നു. മാനസോല്ലാസവും വിജ്ഞാനവും നൽകുന്നതിനുള്ള ഈ കേന്ദ്രങ്ങളിൽ, കായികവിനോദങ്ങൾക്കുള്ള കളിസാധനങ്ങൾ, വിജ്ഞാനത്തിനും മററുമായുള്ള ഗ്രന്ഥങ്ങൾ, റേഡിയോ തുടങ്ങിയവ നൽകുന്നുണ്ടു്. റേഡിയോമുഖാന്തിരം വാർത്തകൾ, മധുരമോഹനങ്ങളായ ഗാനങ്ങൾ, വിജ്ഞാനപ്രദങ്ങളായ പ്രഭാഷണങ്ങൾ, ഹൃദയാവർജ്ജകങ്ങളായ നാടകങ്ങൾ തുടങ്ങി നിരവധി പരിപാടികൾ നമുക്കു് ശ്രവിക്കാൻ സാധിക്കുന്നു. ദിവസവും വൈകിട്ടു് 6. 15 മുതൽ 7 വരെ,

നമ്മുടെ റേഡിയോസ്റ്റേഷൻ പ്രക്ഷേപണം ചെയ്യുന്ന നാട്ടിൻപുറംപരിപാടി ഗ്രാമീണരെ വളരെ ആകർഷിക്കു ന്ന ഒരിനമാണു്. ഗ്രാമീണഗാനങ്ങൾ, മററു നാടൻകല കൾ എന്നിവയോടൊപ്പം ഗ്രാമീണജീവിതവുമായി ബ ന്ധപ്പെട്ട കൃഷി, കന്നുകാലിവളർത്തൽ, ആരോഗ്യം തുട ങ്ങിയ വിഷയങ്ങളെപ്പററിയുള്ള ചർച്ചകൾ, പ്രഭാഷ ണങ്ങൾ, ചിത്രീകരണങ്ങൾ, ചോദ്യോത്തരങ്ങൾ എ ന്നിവയെല്ലാം ഈ പരിപാടിയിൽ ഉൾപ്പെടുന്നു.

ഗ്രാമജീവിതത്തിൻെറ ആസ്വാദ്യത വർദ്ധിപ്പി ക്കാൻ ഈ വിനോദകേന്ദ്രങ്ങൾ വളരെ സഹായിക്കുന്ന താണു്. കളിവിനോദങ്ങളിൽ ഏർപ്പെടുന്നതിനും, റേ ഡിയോപരിപാടികൾ ശ്രവിക്കുന്നതിനുമായി നാട്ടിൻ പുറത്തുകാർ ഈ ഉല്ലാസകേന്ദ്രങ്ങളിൽ വരികയും അങ്ങ നെ അവർ തമ്മിലുള്ള ധാരണയും സാമൂഹ്യബന്ധവും ഉ റയ്ക്കുകയും ചെയ്യുന്നു. വേല, വിനോദം, വിശ്രമം എന്നീ ജീവിതാവശ്യങ്ങളിൽ വിനോദത്തിനുള്ള വകകൾ ഗ്രാ മീണർക്കു് ഇത്തരം ഉല്ലാസകേന്ദ്രങ്ങളിൽ കണ്ടെത്താവു ന്നതാണു്. ഒരു സാമൂഹ്യവിനോദകേന്ദ്രത്തിനു് 1,000 രൂപാവരെയുള്ള തുക ബ്ളോക്കിൽനിന്നും ചെലവാ ക്കാൻ സാധിക്കും.

*പഠനയാത്രകൾ*

കർഷകർ, ബാലകർഷകർ, യുവാക്കന്മാർ, വനി തകൾ എന്നിവർക്കായി ബ്ളോക്കിൻെറ ആഭിമുഖ്യത്തിൽ പഠനയാത്രകളും നടത്തുന്നുണ്ടു്. അണക്കെട്ടുകൾ, വിദ്യു ച്ഛക്തി ഉല്പാദനകേന്ദ്രങ്ങൾ, ഗവണ്മെൻറുവകയായുള്ള കൃഷിസ്ഥലങ്ങൾ, കൃഷിഗവേഷണകേന്ദ്രങ്ങൾ, വ്യവസാ യകേന്ദ്രങ്ങൾ, മററു കാഴ്ചസ്ഥലങ്ങൾ മുതലായവ സന്ദർ

ശിച്ച് പഠനം നടത്തുകയെന്നുള്ളതാണ് ഈ ഉല്ലാസ യാത്രയുടെ ഉദ്ദേശ്യം. ഇവയെല്ലാം നേരിൽ കാണുന്നതു കൊണ്ട് പുതിയ വിജ്ഞാനം അവക്ക് ലഭിക്കുന്നു. പഠനത്തിനും ഉല്ലാസത്തിനും വേണ്ടിയുള്ള ഈ യാത്രകൊണ്ട് ഹൃദ്യമായ പല അനുഭവങ്ങളും പ്രചോദനവും നേടുന്നതിനും ഇടയാകുന്നു.

*ദേശീയപ്രാധാന്യമുള്ള ദിനങ്ങൾ ആഘോഷിക്കപ്പെടുന്നു*

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്കുദിനം, ഗാന്ധിജയന്തി തുടങ്ങി ദേശീയപ്രാധാന്യമുള്ള ദിനങ്ങൾ ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ സാഘോഷം കൊണ്ടാടുന്നുണ്ട്. ആളുകളിൽ ദേശസ്നേഹം, പൗരബോധം എന്നിവ വളർത്തുന്നതിന് ഇതു സഹായിക്കുന്നു. കൂടാതെ ശിശുദിനം ലോകാരോഗ്യദിനം, ഐക്യരാഷ്ട്രദിനം എന്നിവയും ആഘോഷിക്കുകയും അവയുടെ പ്രാധാന്യത്തെപ്പററി ജനങ്ങളെ ധരിപ്പിക്കുകയും ചെയ്യുന്നു.

*പ്രസിദ്ധീകരണങ്ങൾ*

നമ്മുടെ നാട്ടിൽ വികസനപരിപാടി തികച്ചും ഒരു നവീനപ്രസ്ഥാനമാണ്. ഈ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവൎത്തനത്തിന്, ആളുകൾ ഈ പരിപാടിയെപ്പററി മനസ്സിലാക്കേണ്ടതു് ആവശ്യം മാത്രമാണ്. സാമൂഹ്യവികസനപദ്ധതിയുടെ വിവിധ വശങ്ങളെപ്പററി ആളുകൾക്കു വേണ്ട ധാരണ നൽകുന്നതിനായി ഗവണ്മെൻറിൽനിന്നും ധാരാളം ഗ്രന്ഥങ്ങൾ, ലഘുഗ്രന്ഥങ്ങൾ, ലഘുപത്രികകൾ, മാസികകൾ, ദ്വൈവാരികകൾ, പോസ്റ്ററുകൾ, ചിത്രങ്ങൾ എന്നിവയെല്ലാം പ്രസിദ്ധീകരിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വ്യവ

സായം, സാമൂഹ്യവിദ്യാഭ്യാസം, പഞ്ചവത്സരപദ്ധതി, ദേശീയസമ്പാദ്യപദ്ധതി എന്നിവയെപ്പററിയുള്ള പ്രസിദ്ധീകരണങ്ങളും പൊതുജനങ്ങളുടെ ഉപയോഗത്തിനായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. കൂടാതെ വികസനരംഗത്തു് പ്രവത്തിക്കുന്ന വിവിധ ഉദ്യോഗസ്ഥന്മാക്കുവേണ്ട നിർദ്ദേശങ്ങളും ആശയങ്ങളും നൽകുന്നതിനുള്ള ഗ്രന്ഥങ്ങളും ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. ഉന്നതതലസമ്മേളനങ്ങൾ, സെമിനാറുകൾ മുതലായവയെപ്പററിയുള്ള പ്രസിദ്ധീകരണങ്ങൾ പുതിയ പല ആശയങ്ങളും ഈ രംഗത്തു പ്രവത്തിക്കുന്നവക്കു നൽകാൻ പര്യാപ്തമാണു്.

സാമൂഹ്യവികസനവകുപ്പിൻെറ പ്രസിദ്ധീകരണവിഭാഗത്തിൽനിന്നും ചില മാസികകളും, ദ്വൈവാരികകളുമെല്ലാം പ്രസിദ്ധീകരിക്കുന്നുണ്ടു്. ഇവയിൽ 'കുരുക്ഷേത്ര'യെന്ന മാസികയും, 'പഞ്ചായത്തുരാജ്', 'യോജന' എന്നീ ദ്വൈവാരികകളും വിലപ്പെട്ട പ്രസിദ്ധീകരണങ്ങളാണു്. കേന്ദ്ര വാത്താവിതരണവകുപ്പിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'ഇൻഡ്യൻ ഇൻഫർമേഷൻ' എന്ന ദ്വൈവാരികയും ഒരു പ്രധാന പ്രസിദ്ധീകരണമാണു്. ഇവയെല്ലാം ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണങ്ങളാണു്. വികസനപദ്ധതികളെപ്പററിയുള്ള നല്ല ലേഖനങ്ങൾ, അഭിവൃദ്ധിക്കായുള്ള മാർഗ്ഗങ്ങൾ, വികസനപ്രവത്തകരുടെ അനുഭവങ്ങൾ, വികസനവാത്തകൾ, ചിത്രങ്ങൾ, കാർട്ടൂണുകൾ എന്നിവയെല്ലാം ഈ പ്രസിദ്ധീകരണങ്ങളിൽ സ്ഥലംപിടിക്കുന്നു. കേന്ദ്ര കൃഷിവകുപ്പിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'ഇൻഡ്യൻ ഫാമിംഗ്' എന്ന ദ്വൈവാരിക കൃഷിസംബന്ധമായ ലേഖനങ്ങളും ചിത്രങ്ങളും മററും ഉൾക്കൊള്ളുന്ന ഒരു പ്രസിദ്ധീകരണമാണു്.

വികസനപദ്ധതികളെപ്പററിയുള്ള ധാരാളം ഗ്രന്ഥങ്ങളും മററും മലയാളത്തിലും കേന്ദ്രവാർത്താവിതരണവകുപ്പിൽനിന്നും പ്രസിദ്ധീകരിക്കുന്നുണ്ടു്. കൂടാതെ നമ്മുടെ സംസ്ഥാനഗവണ്മെൻറിൻെറ പബ്ലിക്ക്റിലേഷൻസ് ഡിപ്പാർട്ടുമെൻറുവകയായുള്ള ധാരാളം പ്രസിദ്ധീകരണങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുകയാണു്. പഞ്ചവത്സരപദ്ധതി, ദേശീയസമ്പാദ്യപദ്ധതി മുതലായവയെപ്പററിയുള്ള ധാരാളം ലഘുഗ്രന്ഥങ്ങൾ ഈ വകുപ്പിൽനിന്നും പ്രസിദ്ധീകരിക്കുന്നുണ്ടു്. കൃഷിസംബന്ധമായ ധാരാളം ലഘുപത്രികകൾ, ലഘുഗ്രന്ഥങ്ങൾ മുതലായവ നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്നു. സഹകരണമാസിക, ഭാരത് സേവക് തുടങ്ങിയ മാസികകളും ബ്ലോക്കിൽ വരുത്തുന്നുണ്ടു്. വിനോബാജിയുടെ ഭൂദാനപരിപാടികളെപ്പററി പ്രതിപാദിക്കുന്ന 'ഭൂദാനകാഹളം' എന്ന പ്രസിദ്ധീകരണവും ബ്ലോക്കിൽ ലഭിക്കുന്നു. മേൽ പ്രസ്താവിച്ച പ്രസിദ്ധീകരണങ്ങൾ എല്ലാം പൊതുജനങ്ങളുടെ ഉപയോഗത്തിനായി ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സിലുള്ള ഇൻഫർമേഷൻ സെൻററിൽ സൂക്ഷിക്കുന്നുണ്ടു്. ഗ്രാമസേവകരുടെ ഓഫീസുകളിലും ഇവയിൽ പലതും നാട്ടുകാരുടെ ഉപയോഗത്തിനായി സൂക്ഷിച്ചുവരുന്നു.

### *ഇൻഫർമേഷൻ സെൻറർ*

ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സിനോടു് അനുബന്ധിച്ചു് ഇൻഫർമേഷൻസെൻറർ പ്രവർത്തിക്കുന്നുവെന്നും ധാരാളം പ്രസിദ്ധീകരണങ്ങളും മററും ഇവിടെ സൂക്ഷിക്കുന്നുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ടല്ലോ. ബ്ലോക്കുപ്രവർത്തനത്തെപ്പററിയും മററും വേണ്ട അറിവു നൽകുന്ന

തിനായിട്ടാണു് ഈ വിജ്ഞാനകേന്ദ്രം പ്രവത്തിക്കുന്നതു്. നേരത്തേ പ്രസ്താവിച്ചുകഴിഞ്ഞ പ്രസിദ്ധീകരണങ്ങൾ കൂടാതെ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ദിനപ്പത്രങ്ങൾ ഇല്ലസ്ത്രേററഡ്‌വീക്കിലി മലയാളത്തിലുള്ള ആഴ്ചപ്പതിപ്പുകൾ, എന്നിവ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഈ കേന്ദ്രത്തിൽ സൂക്ഷിക്കുന്നു. വികസനപ്രവത്തനങ്ങളെപ്പററിയുള്ള പോസ്റ്ററുകൾ, ദേശീയനേതാക്കന്മാരുടെ ഫോട്ടോകൾ, ബ്ളോക്കുപ്രവത്തനങ്ങളെപ്പററിയുള്ള ഫോട്ടോകൾ എന്നിവകളാൽ ഈ കേന്ദ്രം കമനീയമായി അലങ്കരിക്കപ്പെട്ടിരിക്കും. ഗ്രന്ഥങ്ങൾ, ലഘുഗ്രന്ഥങ്ങൾ എന്നിവ ചിട്ടയായും ഭംഗിയായും റാക്കുകളിലും മറ്റും സൂക്ഷിക്കുന്നു. ആളുകൾക്കു് സൗകര്യമായി ഇരുന്നു വായിക്കുന്നതിനു് ധാരാളം കസേരകളും, ഹാളിൻെറ നടുക്കായി വലിയ ഒരു മേശയും ഉണ്ടായിരിക്കും. സന്ദർശകക്ക് റേഡിയോപരിപാടികൾ ശ്രവിക്കുന്നതിനായി ഇൻഫർമേഷൻസെൻ്ററിൽ ഒരു റേഡിയോയും സൂക്ഷിക്കുന്നുണ്ടു്.

ഈ വിജ്ഞാനകേന്ദ്രം ഏററവും സമാകർഷകമായി സൂക്ഷിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നു. ഒരു സ്ഥിരം പ്രദർശനകേന്ദ്രം കൂടിയായി ഇവിടം സൂക്ഷിക്കുന്നു. നവീനകാർഷികായുധങ്ങൾ, കാഷികോപകരണങ്ങൾ, ആരോഗ്യശാസ്ത്രസംബന്ധമായ മോഡലുകൾ, കൃഷിയെപ്പററിയും മററുമുള്ള ചാർട്ടുകൾ, കുടിൽവ്യവസായങ്ങൾക്കു് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ മുതലായവ ഇവിടെ സൂക്ഷിക്കുന്നു. കൂടാതെ ബ്ലോക്കുപ്രദേശത്തുനിന്നും ശേഖരിച്ചിട്ടുള്ള വിവിധ പ്രദർശനവസ്തുക്കളും ഇവിടെ സ്ഥിരമായി പ്രദർശിപ്പിക്കാവുന്നതാണു്. തുന്നൽവേലകൾ, ചെറുകിടവ്യാവസായികോല്പന്നങ്ങൾ, കരകൗശല

വേലകൾ, കൗതുകസാധനങ്ങൾ, ചിത്രങ്ങൾ, പെയി ന്റിംഗുകൾ, കയ്യെഴുത്തുമാസികകൾ മുതലായവ വ്യക്തികളിൽനിന്നും വിവിധ സംഘടനകളിൽനിന്നും വാങ്ങി പ്രദർശിപ്പിക്കാൻ സാധിക്കും. ഓരോ ഇനത്തിലും മെച്ചമായയവയ്ക്കു് സമ്മാനങ്ങൾ നൽകാവുന്നതാണു്. ഇതുമൂലം ബ്ലോക്കുപ്രദേശത്തുണ്ടാകുന്ന സാധനങ്ങളെപ്പററിയും പല ശാഖകളിൽ കഴിവുള്ള ആളുകളെപ്പററിയുമുള്ള വേണ്ട അറിവു് നാട്ടുകാക്കു ലഭിക്കുന്നു.

ഇൻഫർമേഷൻ സെന്ററിന്റെ ചുമതല വഹിക്കുന്നതു് സാമൂഹ്യവിദ്യാഭ്യാസസംഘാടകരാണു്. ഈ കേന്ദ്രത്തിലേക്കു് ആവശ്യമായ അകസാമാനങ്ങൾ, ഗ്രന്ഥങ്ങൾ, റേഡിയോ മുതലായവ വാങ്ങുന്നതിനു് സാമൂഹ്യവിദ്യാഭ്യാസവകുപ്പിൽ കൊള്ളിച്ചിരിക്കുന്ന തുകയാണു് ഉപയോഗിക്കുന്നതു്. ഈ വിജ്ഞാനകേന്ദ്രം സന്ദർശിച്ചു് ഈവിധ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു് നാട്ടുകാർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടു്. ഈ കേന്ദ്രം ആളുകൾ എത്രമാത്രം ഉപയോഗിക്കുന്നുണ്ടു് എന്നറിയുന്നതിനു് ഒരു സന്ദർശകഡയറി ഇവിടെ സൂക്ഷിക്കുന്നു. ബ്ലോക്കുവികസനസമിതിയോഗം, ബ്ലോക്കിലെ വികസനപ്രവത്തകരുടെ യോഗം എന്നിവയെല്ലാം ഈ സെന്ററിൽവെച്ചാണു് നടത്താറുള്ളതു്. വിവിധ സംഘടനകളിലെ പ്രവത്തകർ,വിദ്യാത്ഥികൾ, പൊതുജനങ്ങൾ എന്നിവക്കായുള്ള ചർച്ചകളും മററു യോഗങ്ങളും ഈ കേന്ദ്രത്തിൽവെച്ചു് നടത്തുന്നുണ്ടു്.

***സാമൂഹ്യവിദ്യാഭ്യാസത്തിനുള്ള തുകയും ചെലവിനങ്ങളും***

ഒന്നാംഘട്ട ബ്ലോക്കിൽ സാമൂഹ്യവിദ്യാഭ്യാസത്തിനു് കൊള്ളിച്ചിരിക്കുന്ന തുക 37,500 രൂപായാണു്.

നേരത്തേ സൂചിപ്പിച്ചിട്ടുള്ളതുപോലെ, സ്പോർട്ട്സ് ക്ലബ്ബു കൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുന്നതിനും, കലാസമിതികൾക്ക് സംഗീതോപകരണങ്ങൾ നൽകു ന്നതിനും, ബാലസമാജങ്ങൾക്ക് ബാലസാഹിത്യങ്ങൾ, സ്പോർട്ട്സ് ഉപകരണങ്ങൾ, സംഗീതോപകരണങ്ങൾ എന്നിവ നൽകുന്നതിനും, മഹിളാസമാജങ്ങൾക്ക് ത യ്യൽമെഷീൻ, ചക്കകൾ, ഗ്രന്ഥങ്ങൾ മുതലായവ നൽ കുന്നതിനും, ബാലകർഷകസംഘടനകൾക്ക് കാർഷി കോപകരണങ്ങളും മററും നൽകുന്നതിനും ഈ തുക വി നിയോഗിക്കുന്നു. കൂടാതെ സാമൂഹ്യവിനോദകേന്ദ്രങ്ങൾ കുട്ടികളുടെ പാർക്കകൾ മുതലായവ സ്ഥാപിക്കുക, പ്രദ ർശനങ്ങൾ, കലാമത്സരങ്ങൾ, കായികമത്സരങ്ങൾ, ടൂർണ്ണ മെന്റുകൾ, ഗ്രാമസഹായകപരിശീലനക്യാമ്പുകൾ, വ നിതാക്യാമ്പുകൾ, പഠനയാത്രകൾ, സെമിനാറുകൾ മു തലായവ നടത്തുന്നതിനും ഈ തുക വിനിയോഗിക്കുന്നു.

*സാമൂഹ്യവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം*

വിദ്യാഭ്യാസവിഷയത്തിൽ വളരെ പുരോഗതി നേടിയിട്ടുള്ള കേരളത്തിൽ സാമൂഹ്യവിദ്യാഭ്യാസത്തി ന്റെ ആവശ്യമില്ലെന്നു പറയുന്ന ചില ആളുകളും ഉണ്ട്. അവരുടെ ന്യായം, ഇവിടെ ധാരാളം വിദ്യാഭ്യാസസ്ഥാ പനങ്ങളും, ഗ്രന്ഥശാലകളും, മററു സാംസ്കാരികസംഘ ടനകളും, ബ്ലോക്കിന്റെ പ്രവർത്തനംകൂടാതെതന്നെ പ്ര വർത്തിച്ചുവരുന്നു എന്നുള്ളതാണ്. ഇതൊരു യാഥാർത്ഥ്യ വുമാണ്. എന്നാൽ സാമൂഹ്യവിദ്യാഭ്യാസത്തിന്റെ ആ വശ്യത്തെ ചോദ്യം ചെയ്യുന്നവർ ഈ വിദ്യാഭ്യാസരീതി എന്താണെന്നോ, അതുകൊണ്ടുണ്ടാകാവുന്ന നേട്ടങ്ങൾ എ ന്തെല്ലാമാണെന്നോ മനസ്സിലാക്കിയിരിക്കുകയില്ല. വിദ്യാ

ഭ്യാസസ്ഥാപനങ്ങൾ അധികമുള്ളതുകൊണ്ടു് നമ്മുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കപ്പെട്ടു എന്നു കരുതുന്നതു ശരിയല്ല. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം പൂർണ്ണമല്ലാത്തിടത്തോളംകാലം, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സംഖ്യയും, സാക്ഷരതത്തിൻെറ ശതമാനവും കണക്കാക്കി നമ്മുടെ സാംസ്കാരികപുരോഗതി തിട്ടപ്പെടുത്തുവാൻ ഒരുമ്പെടുന്നതു് ശരിയാണെന്നു സമ്മതിക്കാൻ പററുകയില്ല. വിദ്യയും, ബിരുദവും നേടിയതുകൊണ്ടു് എല്ലാമായി എന്നു കരുതാൻ പ്രയാസമായിട്ടാണിരിക്കുന്നതു്.

വിദ്യാഭ്യാസത്തിൽ മികച്ച സംസ്ഥാനമാണെങ്കിലും, ഇന്നും നമ്മുടെ നാടിനെ അലട്ടുന്ന പ്രശ്നങ്ങൾ നിരവധിയാണെന്നു കാണാം. വർഗ്ഗീയചിന്താഗതി, രാഷ്ട്രീയമായ പകയും കക്ഷിമത്സരങ്ങളും, സ്വാർത്ഥത, പരനിന്ദ, അസൂയ, സത്യസന്ധതയില്ലായ്മ മുതലായവ നമ്മുടെ സാമൂഹ്യപശ്ചാത്തലമാകുന്ന തിരശ്ശീലയിലെ കറുത്ത പാടുകളാണു്. ഈ കറുത്ത പാടുകൾ മാറേണ്ടതു് നമ്മുടെ നാടിൻെറ പുരോഗതിക്കു തികച്ചും ആവശ്യമാണു്. ഇമ്മാതിരിയുള്ള മാലിന്യങ്ങളെ മാററുന്നതിനു് സാമൂഹ്യവിദ്യാഭ്യാസത്തിനു കഴിവുണ്ടോയെന്നു പരിശോധിക്കുന്നതു് നന്നായിരിക്കും.

സാമൂഹ്യവിദ്യാഭ്യാസം എന്താണെന്നും, അതിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്നും, ഈ വിദ്യാഭ്യാസംമൂലം കൈവരുത്താവുന്ന നേട്ടങ്ങളെപ്പററിയുമെല്ലാം ഇതിനകം പ്രസ്താവിച്ചിട്ടുണ്ടു്. ജനങ്ങളിൽ വിശാലവീക്ഷണവും, മാനസികമായ ഒരു പരിവർത്തനവും വരുത്തി നാടിന്റെ പൊതുവായ നന്മയ്ക്കുവേണ്ടി അവരെ നീക്കുന്നതിനു് ഈ വിദ്യാഭ്യാസസമ്പ്രദായത്തിനു കഴിവുണ്ടു്. വർഗ്ഗീയ

ചിന്താഗതികളും, രാഷ്ട്രീയപരിഗണനയും അതീതമായി, ഒരു രാജ്യത്തിലെ തുല്യാവകാശമുള്ള പൗരന്മാർ എന്ന ചിന്താഗതിയോടുകൂടി വർത്തിക്കുന്നതിനുവേണ്ട പ്രേരണ സാമൂഹ്യവിദ്യാഭ്യാസം നൽകുന്നുണ്ട്. ഏകോദരസഹോദരന്മാരെപ്പോലെ ആളുകൾ സസന്തോഷം കൂട്ടുചേർന്നു പ്രവർത്തിക്കുന്ന രംഗങ്ങൾ ഈ വകുപ്പിന്റെ പ്രവർത്തനമണ്ഡലത്തിൽ പലപ്പോഴും കാണാൻ സാധിക്കും. സങ്കുചിതങ്ങളും സ്വാർത്ഥപരവുമായ ചിന്താഗതികൾ എല്ലാംതന്നെ ഈ വേലിയേററത്തിൽ മങ്ങിമറയുകയാണു ചെയ്യുന്നതു്. ആകർഷകങ്ങളായ വിവിധ പരിപാടികളിൽക്കൂടി അമൂല്യങ്ങളായ ജീവിതസന്ദേശങ്ങൾ നൽകുന്നതുകൊണ്ടു്, നല്ല ഒരു ജീവിതം നയിക്കുന്നതിനുള്ള പ്രചോദനം ആളുകൾക്കു ലഭിക്കുകയും അതനുസരിച്ചു് ജീവിതരീതി ക്രമപ്പെടുത്തുന്നതിനു് അവർ ശ്രമിക്കുകയും ചെയ്യുന്നു. സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ശക്തിവിശേഷംമൂലം നേരത്തേ പ്രസ്താവിച്ചിട്ടുള്ള സ്നേഹം, സാഹോദര്യം, ദേശസ്നേഹം, പൗരബോധം തുടങ്ങിയ ഗുണങ്ങളെല്ലാം ആളുകളിൽ വളരുന്നു.

വികസനപ്രവർത്തനങ്ങൾ, നാട്ടിൻപുറങ്ങളെ സംബന്ധിച്ചിടത്തോളം പുതുമയുള്ള കാര്യങ്ങളാണു്. എന്നാൽ ആളുകൾ അറയ്ക്കാതെ ഈ പ്രവർത്തനങ്ങളിലേക്കു മുമ്പോട്ടുവരുന്നതിനു് സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനം വളരെ സഹായിക്കുന്നു. ബഹുജനസംഘടനകളുമായി ബന്ധംപുലർത്തുന്ന ഒരു വകുപ്പായതുകൊണ്ടും ആളുകളെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി ഉണർവും ഉത്തേജനവും നൽകി അണിനിരത്തുന്നതിനു സാമൂഹ്യവിദ്യാഭ്യാസവകുപ്പിനു സാധിക്കുന്നു. റോഡു വെട്ടുന്നതിനും, തോടുകൾ കുഴിക്കുന്നതിനും, കാർഷികപരിപാടികൾ

നടപ്പിലാക്കുന്നതിനും, സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനും അങ്ങനെ ബ്ലോക്കിന്റെ എല്ലാ പ്രവത്തനങ്ങളെപ്പററിയും എളുപ്പത്തിൽ പ്രചരണം നൽകി അവയെ ഊജ്ജിതപ്പെടുത്തുന്നതിന് സാമൂഹ്യവിദ്യാഭ്യാസപ്രവത്തനങ്ങൾക്കു വലിയ സ്വാധീനശക്തിയുണ്ട്. സാമൂഹ്യവിദ്യാഭ്യാസപ്രവത്തനങ്ങൾ ഊജ്ജിതപ്പെടുത്തി അവയുടെ സ്വാധീനവലയത്തിൽക്കൂടി വികസനപ്രവത്തനം നടത്തുന്ന ബ്ലോക്കുകളും, അല്ലാത്തവയും തമ്മിലുള്ള അന്തരം വളരെ സ്പഷ്ടമായി കാണാൻ സാധിക്കും. ബഹുജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ സഹകരണത്തോടുകൂടി നടത്തുന്ന ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, കലാപരിപാടികൾ, പൊതുയോഗങ്ങൾ മുതലായവമൂലം ആളുകൾക്ക് ഈ പ്രസ്ഥാനത്തെപ്പററി കൂടുതലായി അറിയുന്നതിനും ഈ പരിപാടിയുമായി കൂടുതൽകൂടുതൽ അടുക്കുന്നതിനും സാധിക്കുന്നു. തൽഫലമായി ആളുകളുടെ സഹകരണം വദ്ധിച്ച തോതിൽ ലഭിക്കുന്നതിന് ഇടയാകുന്നു. നമ്മുടെ നാട്ടിൽ എല്ലാവിധത്തിലുമുള്ള പുരോഗതിയും, സാമൂഹ്യക്ഷേമവും കൈവരുത്തുന്നതിന് സാമൂഹ്യവിദ്യാഭ്യാസപ്രവത്തനങ്ങൾ ഏററവും അത്യന്താപേക്ഷിതമാണെന്ന് ഈ വകുപ്പിനെപ്പററി മനസ്സിലാക്കിയിട്ടുള്ളവരും മനസ്സിലാക്കാൻ ശ്രമിക്കുന്നവരും സമ്മതിക്കുകമാത്രമല്ല, കാലോചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തി ഈ വകുപ്പിന്റെ പ്രവത്തനം കൂടുതൽ ഊജ്ജിതപ്പെടുത്തണമെന്നു ശക്തിയായി വാദിക്കുകയുംചെയ്യും.

11. ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ്

ബ്ലോക്കുപ്രദേശത്തിന്റെ മിക്കവാറും കേന്ദ്രസ്ഥാനത്താണു് ബ്ലോക്ക്ഹെഡ്ക്വാർട്ടേഴ്സ് (സാമൂഹ്യ

വികസനകേന്ദ്രം) നിർമ്മിക്കാനുള്ളതു്. ആളുകൾക്കു സൗകര്യമായി വന്നെത്തത്തക്കവണ്ണം യാത്രാസൗകര്യവുംമററും ഉള്ള സ്ഥാനം തെരഞ്ഞെടുക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. വികസനകേന്ദ്രം സ്ഥാപിക്കുന്നതിനു പൊതുജനങ്ങൾ രണ്ടേക്കർ സ്ഥലം സൗജന്യമായി നൽകേണ്ടതായിട്ടുണ്ടു്. എല്ലാവിധത്തിലും യോജിച്ച സ്ഥലം കണ്ടുപിടിച്ചു കൊടുക്കുന്നതിനു് നാട്ടുകാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ബ്ളോക്ക് ഓഫീസ്, ഇൻഫർമേഷൻ സെൻ്റർ, മൃഗാശുപത്രി എന്നീ സ്ഥാപനങ്ങൾ ഈ വികസനകേന്ദ്രത്തിൽ ഉണ്ടായിരിക്കും. ഇവയിൽ ബ്ളോക്ക് ഓഫീസ്, ഇൻഫർമേഷൻ സെൻ്റർ എന്നിവ നിർമ്മിക്കുന്നതിനു് 25,000 രൂപായും, ഓഫീസ് സാധനങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു് 25,000 രൂപായും വകകൊള്ളിച്ചിട്ടുണ്ടെന്നു നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മാതൃകാ കൃഷിത്തോട്ടങ്ങൾ, ഫലവൃക്ഷങ്ങൾ, അലങ്കാരത്തിനുള്ള ചെടികൾ, കന്നുകാലിപ്പുല്ലു്, പച്ചിലവളച്ചെടികൾ എന്നിവകളാൽ ഓഫീസ് പരിസരം സസ്യസമൃദ്ധവും, സമാകർഷകവുമായിരിക്കും. പീലി വിടർത്തിയാടുന്ന തെങ്ങിൻതൈകളും, തഴച്ചുവളരുന്ന ഒട്ടുമാവു്, സപ്പോട്ട, പേര, നാരകം, പറങ്കിമാവു്, പ്ലാവു് തുടങ്ങിയ ഫലവൃക്ഷങ്ങളും ഇവിടത്തെ തോട്ടത്തിൽ കാണാൻ സാധിക്കും. കൂടാതെ വാഴക്കൂട്ടങ്ങളും മലക്കറിത്തോട്ടവും തണൽവൃക്ഷങ്ങളുമെല്ലാം ഇവിടെ ഉണ്ടായിരിക്കും. കുട്ടികൾക്കു കളിക്കുവാനുള്ള മനോഹരമായ ഒരുദ്യാനവും ഇവിടെ നിർമ്മിക്കാവുന്നതാണു്. ഫലവൃക്ഷങ്ങളുടെ ശീതളച്ഛായയിൽ തേനീച്ചക്കൂടുകൾ സ്ഥാപിച്ചിരിക്കുന്നതുകാണാം. പൂക്കളിൽനിന്നു മധുവും

പേറിക്കൊണ്ടു് നൂറു നൂറു തേനീച്ചകൾ അവയുടെ കൊട്ടാരത്തിലേക്കു ചുണ്ടത്തു മൂളിപ്പാട്ടുമായി പറന്നടുക്കുകയാണു്. അങ്ങു് അകലെയായി, കമനീയമായി നിമ്മിച്ചിട്ടുള്ള മത്സ്യക്കുളത്തിലെ നീലനിമ്മലമായ ജലത്തിൽ പായലുകളുടെയും, ആമ്പലിൻെറയും ഇടയിൽ കൂടി കൂട്ടംകൂട്ടമായി സ്വച്ഛന്ദം വിഹരിക്കുന്ന തിലോപ്പിയാമത്സ്യങ്ങൾ നമ്മെ ആകഷിക്കാതിരിക്കുകയില്ല.

ഗ്രാമാന്തർഭാഗത്തു്, സസ്യസമൃദ്ധവും പ്രശാന്തസുന്ദരവുമായ ഒരന്തരീക്ഷത്തിൽ കലാഭംഗിയോടുകൂടി സംവിധാനംചെയ്യപ്പെട്ടിട്ടുള്ള സാമൂഹ്യവികസനകേന്ദ്രം അങ്ങനെ നിലകൊള്ളുകയാണു്. ബ്ളോക്കുപ്രദേശം മുഴുവൻ ഒരു പ്രത്യേകമായ പ്രകാശം പരത്തുന്ന, അണയാത്ത ഒരു ദീപമായി ഈ കേന്ദ്രത്തെ നാം കാണേണ്ടതാണു്. ഇവിടം സന്ദർശിക്കുന്ന ആക്കും ഒരു പ്രത്യേകപ്രചോദനം നൽകത്തക്കവണ്ണം ഈ കേന്ദ്രം ആദശസുന്ദരമായിരിക്കുന്നതിനു ബന്ധപ്പെട്ട എല്ലാ ആളുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. നാട്ടിൻപുറത്തുകാർ അവരുടേതായ ഈ കേന്ദ്രം കൂടെക്കൂടെ സന്ദർശിക്കുന്നതിനും, വേണ്ട പ്രചോദനം നേടുന്നതോടൊപ്പം ബ്ളോക്കുമായുള്ള ബന്ധം കൂടുതൽ ഉറപ്പിക്കുന്നതിനും തയ്യാറാകേണ്ടതാണു്.

അദ്ധ്യായം അഞ്ച്

## പരിശീലനപരിപാടി

*പരിശീലനത്തിൻെറ ആവശ്യം*

ഏതൊരു പ്രവൎത്തനത്തിൻെറയും കാര്യക്ഷമത വൎദ്ധിപ്പിക്കുന്നതിന്ന പരിശീലനം സിദ്ധിച്ച പ്രവൎത്തകർ ആവശ്യമാണു്. സാമൂഹ്യവികസനം തികച്ചും ഒരു നവീനപരിപാടിയാണു്. മഹത്തായ ഈ പ്രസ്ഥാനം വിജയിപ്പിക്കുന്നതിന്ന് ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകൾക്ക വിവിധരീതിയിലുള്ള പരിശീലനം നൽകുന്നതിന്ന പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. ഈ പ്രസ്ഥാനം നടപ്പിൽ വരുത്തുന്നതിന്ന് ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥന്മാരും ഒരുപോലെ ചുമതലയുള്ളവരാണു്. അതുകൊണ്ടു് ഇരുകൂട്ടൎക്കും ആവശ്യമായ പരിശീലനം ലഭിക്കേണ്ടതു് ആവശ്യംമാത്രമാണു്.

*പഠനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രസ്ഥാപനം*

ഭാരതത്തിലെ വിവിധസംസ്ഥാനങ്ങളിലെ ഡവലപ്പ്മെൻറ് കമ്മീഷണറന്മാർ, ജോയൻറ് ഡവലപ്പ്മെൻറ് കമ്മീഷണറന്മാർ, കളക്ടറന്മാർ, പാർലമെൻറംഗങ്ങൾ, സംസ്ഥാനങ്ങളിലെ അസംബ്ളിമെമ്പറന്മാർ എന്നിവൎക്കെല്ലാം പരിശീലനം നൽകുന്നതിനുള്ള ഒരു ഉന്നതസ്ഥാപനം 'മുസ്സൂറി' എന്ന സ്ഥലത്തു സ്ഥാപിതമായിട്ടുണ്ടു്. സെൻട്രൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്റ്റഡി ആൻഡ് റിസേർച്ച് (Central Institute of Study

and Research) എന്നാണു് ഈ സ്ഥാപനത്തിൻെറ പേരു്. പഠനത്തിനും ഗവേഷണത്തിനുമുള്ള ഈ ഉന്നത സ്ഥാപനത്തിൽ സാമൂഹ്യവികസനത്തെപ്പററിയുള്ള സമഗ്രമായ ഒരു പഠനമാണു നടക്കുന്നതു്.

പരിശീലകർ പല സംഘങ്ങളായി തിരിഞ്ഞു് വികസനപരിപാടിയുമായി ബന്ധപ്പെട്ട ഓരോ വിഷയത്തെപ്പററി പ്രബന്ധങ്ങൾ തയ്യാറാക്കുന്നു. ഇവ പരിശീലകരുടെയെല്ലാം പൊതുവായ ചർച്ചയ്ക്കും അംഗീകാരത്തിനും വിധേയമാകുന്നതാണു്. ഈ സ്ഥാപനത്തോടു ചേർന്നു് വിപുലമായ ഒരു ഗ്രന്ഥശാലയുണ്ടു്. സാമൂഹ്യവികസനപരിപാടി പ്രയോഗത്തിലിരിക്കുന്ന എല്ലാ രാജ്യങ്ങളിൽനിന്നും ഈ പരിപാടിയെപ്പററിയുള്ള പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിൽ സൂക്ഷിക്കുന്നു. ഒരു ഗവേഷണകേന്ദ്രവും ഇവിടെ പ്രവത്തിക്കുന്നുണ്ടു്. വിവിധ സംസ്ഥാനങ്ങളിലും, ലോകത്തിലെ ഇതരരാജ്യങ്ങളിലും ഈ വകുപ്പിനുണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളുടെ വെളിച്ചത്തിലാണു് ഈ ഗവേഷണങ്ങൾ നടക്കുന്നതു്. സെൻട്രൽ ഇൻസ്റ്റിററ്യൂട്ടു് ഓഫു് സ്റ്റഡി ആൻഡു് റിസർച്ചു്, ഏഷ്യയിലെ ഇമ്മാതിരിയുള്ള സ്ഥാപനങ്ങളിൽവച്ചു് ഏററവും വിപുലമായ തോതിൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണു്.

*വിവിധ ഉദ്യോഗസ്ഥന്മാക്കുള്ള പരിശീലനം*

റവന്യൂഡിവിഷനൽ ഓഫീസർമാർക്കു് അതതു സംസ്ഥാനങ്ങളിലെ വികസനപരിശീലനകേന്ദ്രത്തിൽനിന്നും പരിശീലനം നൽകുന്നുണ്ടു്. നിലോഖരി, ഹിമായത്‌സാഗർ, റാഞ്ചി, ഉദയപ്പൂർ, ഭക്ഷി-കാ-താലാബു്

എന്നിവിടങ്ങളിൽ രണ്ടുമാസം നീണ്ടുനിൽക്കുന്ന പരിശീലനം ബ്ളോക്കു ഡവലപ്പ് ഓഫീസറന്മാക്ക് നൽകുന്നു. സാമൂഹ്യവിദ്യാഭ്യാസസംഘാടകർ, മുഖ്യസേവികമാർ എന്നിവക്ക് അഞ്ചുമാസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നുണ്ടു്. നിലോഖരി, ശ്രീനികേതൻ, ഹിമായത്സാഗർ, ഗാന്ധിഗ്രാം കോയമ്പത്തൂർ എന്നിവയാണു് സാമൂഹ്യവിദ്യാഭ്യാസസംഘാടകക്ക് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ: കൃഷിവികസന ഉദ്യോഗസ്ഥന്മാർ വ്യവസായവികസന ഉദ്യോഗസ്ഥന്മാർ എന്നിവർക്കും പരിശീലനം നൽകുന്നുണ്ടു്. ഗ്രാമസേവകർക്കു് രണ്ടു കൊല്ലത്തേക്കു നീണ്ടുനിൽക്കുന്ന ഊർജ്ജിതമായ പരിശീലനമാണു നൽകുന്നതു്. ഗ്രാമസേവികമാർക്കു് ഒരു വഷത്തേക്കുള്ള പരിശീലനം നൽകുന്നു. കേരളത്തിൽ ഗ്രാമസേവകർക്കു് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ, കൊട്ടാരക്കര, തളിപ്പറമ്പ്, ഒല്ലൂക്കര, പേരൂർക്കട എന്നിവയാണു്. ഗ്രാമസേവികമാക്ക് കൊട്ടാരക്കരയുള്ള പരിശീലനകേന്ദ്രത്തിൽനിന്നും പരിശീലനം നൽകിവരുന്നു.

വിവിധ വികസനോദ്യോഗസ്ഥന്മാർക്കു് പരിശീലനം നൽകുന്ന ഉദ്യോഗസ്ഥന്മാക്കും പരിശീലനം നൽകുന്നുണ്ടു്. എക്സ്റ്റൻഷൻ ട്രെയിനിംഗ്സെന്റർ, അടിസ്ഥാനകാർഷികസ്ക്കൂൾ, സഹകരണപരിശീലനകേന്ദ്രം, സാമൂഹ്യവിദ്യാഭ്യാസസംഘാടകരുടെ പരിശീലനകേന്ദ്രം, എന്നിവടങ്ങളിലെ പ്രിൻസിപ്പൽമാക്കും, മററദ്ധ്യാപകക്കുമാണു് ഈ കേന്ദ്രത്തിൽ പരിശീലനം നൽകുന്നതു്. പരിശീലനപരിപാടി കൂടുതൽ കാര്യക്ഷമവും പ്രയോജനകരവുമാക്കുന്നതിനു് ഈ പരിശീലനം സഹായകമാണു്.

*അനുദ്യോഗസ്ഥന്മാർക്കുള്ള പരിശീലനം*

വികസനപ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ള അനുദ്യോഗസ്ഥാംഗങ്ങൾക്കും പരിശീലനം നൽകുന്നുണ്ടു്. നാട്ടുകാർക്കു് വികസനപ്രസ്ഥാനത്തിൽ താല്പര്യം ജനിക്കുന്നതിനും, അവരുടെ പിൻതുണ എമ്പാടും ലഭിക്കുന്നതിനും ഈ പരിശീലനം വളരെ സഹായകമാണു്. ബ്ലോക്ക് വികസനസമിതിയംഗങ്ങൾക്കു് രണ്ടാഴ്ചയോളം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നതിനുള്ള ഒരു പരിപാടിയുണ്ടു്. സാമൂഹ്യവികസനപരിപാടിയുടെ ചരിത്രം, തത്വസംഹിത, ഉദ്ദേശ്യം, പ്രാധാന്യം, നേട്ടങ്ങൾ എന്നിവയെപ്പററിയും ബ്ലോക്കുപ്രവർത്തനങ്ങൾ, വിജയിപ്പിക്കുന്നതിനു് പൊതുജനങ്ങൾക്കുള്ള പങ്കിനെപ്പററിയും അധികാരവികേന്ദ്രീകരണപരിപാടിയായ പഞ്ചായത്തുരാജ് എന്നിവയെപ്പററിയെല്ലാമുള്ള അറിവു് ഈ പരിശീലനംമൂലം അവക്കു ലഭിക്കുന്നു.

അദ്ധ്യാപകർ, യുവാക്കന്മാർ, കർഷകർ, മഹിളകൾ എന്നിവർക്കുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചു് പരിശീലനം നൽകുന്നുണ്ടു്. സാമൂഹ്യവികസനം, പഞ്ചവത്സരപദ്ധതി തുടങ്ങിയ വിഷയങ്ങളെപ്പററി ആളുകൾക്കു് ശരിയായ ധാരണ നൽകുന്നതിനും അവരുടെ പിൻതുണയോടുകൂടി ബ്ലോക്കുപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും ഇമ്മാതിരിയുള്ള പരിശീലനക്യാമ്പുകൾ സഹായകമാണു്.

## ഗ്രാമസഹായക പരിശീലനക്യാമ്പുകൾ

*ഗ്രാമീണർക്കായുള്ള ഒരു പരിശീലനപരിപാടി*

ബ്ലോക്കുകളുടെ ചുമതലയിൽ നടത്തുന്ന പരിശീലനക്യാമ്പുകളെപ്പററി ചിന്തിക്കുമ്പോൾ ഗ്രാമസഹായക

പരിശീലനക്യാമ്പിനെപ്പററി ഒക്കാതിരിക്കാൻ സാധിക്കുകയില്ല. രാജ്യമൊട്ടാകെ ഈ ക്യാമ്പുകൾക്ക് അത്രമാത്രം പൊതുജനസമ്മതി ഇതിനകം ലഭിച്ചിട്ടുണ്ട്. ഗ്രാമീണർക്ക് വികസനവിഷയങ്ങളെക്കുറിച്ചുള്ള അറിവു നൽകുകയെന്നുള്ളതാണ് ഈ ക്യാമ്പിൻെറ പ്രധാന ഉദ്ദേശ്യം. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമീണർക്ക് വികസനവിഷയങ്ങളെപ്പററിയുള്ള അറിവുനൽകുകയും ഈ ഗ്രാമനേതാക്കന്മാർ മുഖാന്തിരം മററു ഗ്രാമീണർക്കും ഈ അറിവ് പകരുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം. 1957 ഒക്ടോബർ 2-ാംതീയതിയാണ് ഗ്രാമീണർക്കായുള്ള ഈ പരിശീലനപരിപാടി ആരംഭിച്ചത്. 'ഗ്രാമീണ നേതൃത്വ പരിശീലനക്യാമ്പ്' എന്നാണ് ഇതു് അറിയപ്പെട്ടിരുന്നതു്. എന്നാൽ ഇപ്പോഴത്തെ പേരു് 'ഗ്രാമസഹായക പരിശീലനക്യാമ്പ്' എന്നാണ്. ഈ ക്യാമ്പുകളിൽനിന്നും പരിശീലനം നേടുന്ന ആളുകൾ തങ്ങളുടെ ഗ്രാമത്തിൻെറ സഹായകരായി വർത്തിക്കണമെന്നാണ് ഇതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഓരോ ഗ്രാമസേവകൻെറ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 50 ഗ്രാമീണർക്ക് മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകിയിരുന്നതു്. ബ്ലോക്കുപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ വിഷയങ്ങളെയുംപററിയുള്ള ചർച്ചാക്ലാസ്സുകൾ നടത്തി ഗ്രാമീണർക്ക് വേണ്ട വിജ്ഞാനം നൽകാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

*കൃഷിവിഷയങ്ങൾക്കു് മുൻഗണന*

കൃഷിവിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കിക്കൊണ്ടുള്ള ക്യാമ്പുകളാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതു്. അതിൻെറ കാരണം സ്പഷ്ടമാണ്. 70-ശത

മാനത്തിലധികം ആളുകൾ ഭാരതത്തിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നെങ്കിലും ഇപ്പോഴും വിദേശങ്ങളിൽനിന്നും ഭക്ഷണസാധനങ്ങൾ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണെന്നു് നാം കണ്ടുകഴിഞ്ഞു. കാർഷികോല്പാദനം വർധിപ്പിക്കുന്നതിനുള്ള എല്ലാ പരിപാടികളും ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. വിളവിന്റെ ഉല്പാദനം വർധിക്കണമെങ്കിൽ കൃഷിസംബന്ധമായ ശാസ്ത്രീയവിജ്ഞാനം കർഷകർ നേടേണ്ടതു് അത്യന്താപേക്ഷിതമാണു്. നമ്മുടെ കൃഷി അശാസ്ത്രീയമായ രീതിയിൽ തുടൻവന്നതാണു് ഉല്പാദനക്ഷമത വർധിക്കാതിരുന്നതിന്റെ ഒരു കാരണം. ഗ്രാമീണർക്കു് കൃഷിവിഷയങ്ങളിൽ കൂടുതൽ അറിവും താല്പര്യവും നല്കുന്നതിനു് ഈ കർഷകക്യാമ്പുകൾ വളരെ സഹായിക്കുന്നുണ്ടു്. ക്യാമ്പിൽനിന്നും നേടുന്ന പുതിയ വിജ്ഞാനം സഹോദരകർഷകരെക്കൂടി അറിയിക്കുന്നതിനു് പരിശീലനം സിദ്ധിച്ച ആളുകൾ ബാദ്ധ്യസ്ഥരാണു്. കാർഷികരംഗത്തു് ഒരു പുതിയ ഉണർവ്വും ഉത്തേജനവും നാട്ടിൽ ഉടനീളം നൽകുന്നതിനു് ഈ ക്യാമ്പുകൾക്കു് സാധിച്ചിട്ടുണ്ടു്.

***ബ്ലോക്കുപരിപാടിയിലെ ഇതരവിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടു്***

കൃഷിവിഷയങ്ങൾക്കൂടാതെ മററു ബ്ലോക്കുപരിപാടികളെപ്പററിയുള്ള ക്യാമ്പുകൾ നടത്തുന്നതിനും പരിപാടിയുണ്ടു്. താഴെപ്പറയുന്ന അഞ്ചിനങ്ങളായി ക്യാമ്പുപരിപാടി തരംതിരിക്കപ്പെട്ടിരിക്കുന്നു.

1. കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം.

2. പഞ്ചായത്തു്, സഹകരണം, ഗ്രാമഗതാഗതം.

3. ഗ്രാമവ്യവസായങ്ങൾ, ഭവനനിർമ്മാണം.

4. വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം, പൊതുജനാരോഗ്യം.

5. സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങൾ.

*ഇപ്പോൾ നടന്നുവരുന്ന ക്യാമ്പുകൾ*

കാർഷികവിളവുകളുടെ ഉല്പാദനം വർദ്ധമാനമായ തോതിൽ ഉയർത്തേണ്ടതു് നാടിന്റെ ആവശ്യമായതുകൊണ്ടു് ഇപ്പോഴും കർഷകപ്രധാനമായ ക്യാമ്പുകൾ തുടൎന്നു നടത്തിക്കൊണ്ടിരിക്കുകയാണു്. കൃഷിവിഷയങ്ങളോടൊപ്പം രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട സഹകരണം, പഞ്ചായത്തു് എന്നിവകൂടി ക്യാമ്പുപരിപാടിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു മൂന്നുദിവസത്തിനുപകരം അഞ്ചുദിവസത്തേക്കുള്ള പരിപാടിയാണു് ഇപ്പോൾ ഉള്ളതു്. ഒരു ഗ്രാമസേവകന്റെ പ്രവർത്തനമണ്ഡലത്തിൽ ഒരുവർഷം ഒരു ക്യാമ്പു നടത്തുകയെന്നതായിരുന്നു നേരത്തേയുള്ള നയം. എന്നാൽ ഇപ്പോൾ അതു് ഒരു പഞ്ചായത്തിനു് ഒരുവർഷം ഒന്നു് എന്ന കണക്കിൽ ആക്കിയിരിക്കുകയാണു്.

മൂന്നു ദിവസത്തേക്കുള്ള ക്യാമ്പിനു് ഗവണ്മെന്റിൽനിന്നും അനുവദിച്ചിരുന്നതു് 50 രൂപായായിരുന്നു. പിന്നീടു് അതു് 65രൂപായാക്കി ഉയർത്തി. ഇപ്പോൾ അഞ്ചുദിവസത്തേക്കുള്ള ക്യാമ്പിനു നൽകുന്നതു് 75 രൂപായാണു്. നാമമാത്രമായ ഒരു തുക മാത്രമേ ഗവണ്മെൻറിൽനിന്നും നൽകുന്നുള്ളു. എന്നാൽ നാട്ടുകാർ സംഘടിച്ചു് പണം പിരിക്കുകയും വൻതോതിൽ ക്യാമ്പുകൾ നടത്തി

വിജയിപ്പിക്കുകയും ചെയ്യുന്ന ചിത്രമാണു് പലേടത്തും നാം കാണുന്നതു്.

*ക്യാമ്പിലെ പ്രധാന പരിപാടികൾ*

നെൽക്കൃഷി, തെങ്ങുകൃഷി, കപ്പക്കൃഷി, വളവും വളംചേർക്കലും, സസ്യസംരക്ഷണം, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, കോഴിവളർത്തൽ, ജലസേചനം, സഹകരണം, പഞ്ചായത്തു് തുടങ്ങിയ വിഷയങ്ങളെപ്പററിയാണു് ക്യാമ്പിൽ ചർച്ചകൾ നടത്തുന്നതു്. ഓരോ വിഷയത്തിലും പരിചയം സിദ്ധിച്ചിട്ടുള്ള വികസന ഉദ്യോഗസ്ഥന്മാരും, മററു വിദഗ്ദ്ധന്മാരുമാണു് ചർച്ചകൾ നയിക്കുന്നതു്. പരിചയസമ്പന്നന്മാരായ കർഷകർക്കു് അവരുടെ അനുഭവങ്ങളും, അറിവും മററുള്ളവരെ അറിയിക്കുന്നതിനും ക്യാമ്പംഗങ്ങളുടെ സംശയങ്ങൾക്കു നിവാരണം വരുത്തുന്നതിനും ചർച്ചാക്ലാസ്സുകളിൽ അവസരം ലഭിക്കുന്നു.

'ഡമൺസ്റ്റ്റേഷൻ' ക്യാമ്പുകളിലെ പ്രധാന ഒരിനമാണു്. കമ്പോസ്റ്റുവളം നിർമ്മിക്കുന്ന രീതി, മൂത്രവളം ശേഖരിക്കുന്ന വിധം, തെങ്ങിനു വളംചേർക്കുന്ന വിധം, തെങ്ങിനു മരുന്നുതളിക്കൽ, ജപ്പാൻരീതിയിൽ ഞാറുനടുന്ന വിധം മുതലായവയെല്ലാം ഈയിനത്തിൽ പെടുന്നു. സസ്യസംരക്ഷണത്തിനായി സ്പ്രേയർ, ഡസ്റ്റർ മുതലായവ ഉപയോഗിക്കേണ്ട രീതിയും കർഷകരെ മനസ്സിലാക്കുന്നതാണു്. ഇവയെല്ലാം നേരിൽക്കണ്ടും, ചെയ്തും കർഷകർ നല്ലവണ്ണം പഠിക്കുന്നു. കൃഷിപ്രധാനമായ ഒരു പ്രദർശനവും ക്യാമ്പിനോടനുബന്ധിച്ചു് നടത്താറുണ്ടു്. നവീന കാർഷികോപകരണങ്ങൾ, നല്ലയിനം വിത്തുകൾ, വളം, കൃഷിസംബന്ധമായ ചിത്രങ്ങൾ, ചാർട്ടു

കൾ, ലഘുലേഖകൾ, മാസികകൾ, ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നു.

*ക്യാമ്പിലെ ഒരു ദിവസം*

ഓരോ ദിവസത്തെയും പരിപാടി രാവിലെ 7.30-ന് പതാക ഉയർത്തൽകർമ്മത്തോടുകൂടി ആരംഭിക്കുന്നു. അനന്തരം 8.30 വരെയുള്ള സമയം പ്രഭാതഭക്ഷണത്തിന് ഉപയോഗിക്കുന്നു. 8.30 മുതൽ 9.30 വരെ ശ്രമദാനമാണ്. കമ്പോസ്റ്റ് നിർമ്മാണം, തെങ്ങിനു വളം ചേർക്കൽ മുതലായവ ഈയവസരത്തിൽ നടത്തുന്നു. 10 മണിമുതൽ 1 മണിവരെ ചർച്ചാക്ലാസ്സുകൾ നടക്കുന്നു. ഒരു മണിമുതൽ രണ്ടുമണിവരെയുള്ള സമയം ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി വിനിയോഗിക്കുന്നു. വീണ്ടും 2 മണിമുതൽ 5 മണിവരെ ചർച്ചകൾ നടക്കുന്നു. ഒരു ചർച്ചാക്ലാസ്സിന് ഒന്നോ ഒന്നരയോ മണിക്കൂർ വീതം എടുക്കുന്നതാണ്. വൈകിട്ടത്തെ ചായ കുടിക്കു ശേഷം ക്യാമ്പംഗങ്ങൾ വിവിധ കായികവിനോദങ്ങളിൽ ഏർപ്പെടുന്നു. ഈയവസരത്തിൽ നാടൻ പന്തുകളി, കിളിത്തട്ട്, വടംവലി തുടങ്ങിയ വിനോദങ്ങളിൽ ഗ്രാമീണർ ഏർപ്പെടുകയും ഒരു പ്രത്യേകമായ ആനന്ദം അവർ നേടുകയും ചെയ്യുന്നതു കാണാൻ സാധിക്കും. ചില ദിവസങ്ങളിൽ വൈകിട്ട് ക്യാമ്പംഗങ്ങൾ സംഘങ്ങളായി തിരിഞ്ഞു് ഗ്രാമസന്ദർശനവും നടത്താറുണ്ട്. അവർ ഈ സമയം ഭവനങ്ങൾ സന്ദർശിച്ച് ക്യാമ്പിന്റെ ഉദ്ദേശ്യത്തെപ്പറ്റിയും ക്യാമ്പിൽ നടക്കുന്ന പരിപാടികളെപ്പററിയുമൊക്കെ പ്രചരണം നടത്തുകയും രാത്രിയിൽ നടക്കുന്ന കലാപരിപാടികൾ, ഫിലിംപ്രദർശനം എന്നിവ കാണാൻ ആളുകളെ ക്ഷണിക്കുകയും ചെയ്യുന്നു. വൈ

കിട്ടത്തെ ഭക്ഷണത്തിനുശേഷം രാത്രി 8 മണിമുതൽ ക്യാമ്പംഗങ്ങളുടെയും, ആ പ്രദേശത്തുള്ള കലാസമിതികളുടെയും വകയായുള്ള വിവിധ കലാപരിപാടികൾ നടത്തുന്നു. പല ഗ്രൂപ്പുകളായി തിരിക്കപ്പെട്ടിരിക്കുന്ന ക്യാമ്പംഗങ്ങൾ, ഓരോ ഗ്രൂപ്പിൻെറയും വകയായുള്ള വിവിധ വിനോദപ്രകടനങ്ങൾ നടത്തുന്നതിനു് പ്രത്യേകം ശ്രദ്ധിക്കുന്നു. ചില രാത്രികളിൽ ഫിലിംപ്രദർശനവും നടത്താറുണ്ടു്. കൃഷിവിഷയങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയെപ്പററിയുള്ള ചിത്രങ്ങളാണു് പ്രദർശിപ്പിക്കാറുള്ളതു്. രാത്രി 10 മണിയോടുകൂടി അന്നത്തെ പരിപാടി അവസാനിക്കുന്നു. ക്യാമ്പംഗങ്ങൾ ക്യാമ്പുസ്ഥലത്തുതന്നെ താമസിക്കണമെന്നുള്ളതു് നിർബ്ബന്ധമാണു്. എങ്കിൽമാത്രമേ ക്യാമ്പുജീവിതത്തിൻെറ മുഴുവൻ ആസ്വാദ്യതയും പ്രയോജനവും ലഭിക്കുകയുള്ളു.

*ക്യാമ്പിൻെറ ജനാധിപത്യസ്വഭാവം*

ജനാധിപത്യരീതിയിലാണു് ക്യാമ്പിൻെറ ആദ്യന്തമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതു്. ക്യാമ്പിൻെറ പ്രവർത്തനങ്ങൾ എല്ലാം നടത്തുന്നതും നിയന്ത്രിക്കുന്നതും തെരഞ്ഞെടുക്കപ്പെടുന്ന നിർവ്വാഹകസമിതികളാണു്. ഭക്ഷണകാര്യം, പൊതുയോഗം, കലാപരിപാടികൾ, ശ്രമദാനം എന്നിവയെല്ലാം നടത്തുന്നതിനു് ഉപസമിതികളും ഉണ്ടായിരിക്കും. പഞ്ചായത്തുപ്രസിഡൻറ്, പഞ്ചായത്തു് അംഗങ്ങൾ, ഗ്രാമസേവകൻ എന്നിവരെല്ലാം നിർവ്വാഹകസമിതിയുടെ അനൗദ്യോഗിക അംഗങ്ങളായിരിക്കുന്നതാണു്. ക്യാമ്പിനു് ഒരു കാര്യദർശിയുണ്ടായിരിക്കും. കൂടാതെ ഓരോ ദിവസത്തേക്കും അന്നത്തെ നടപടികൾ ഭംഗിയായി നടത്തുന്നതിനും, നിയന്ത്രിക്കുന്നതി

നമായി ഒരു നേതാവിനെ തെരഞ്ഞെടുക്കുന്നു. 50 ക്യാമ്പംഗങ്ങളെ അഞ്ചു ഗ്രൂപ്പായി വിഭജിക്കുന്നു. ഓരോ ഗ്രൂപ്പിനും നേതാവുണ്ട്. ഓരോ ദിവസത്തേക്കും ഗ്രൂപ്പുനേതാവിനെ തെരഞ്ഞെടുക്കാവുന്നതാണ്. ഇതുമൂലം പലർക്കും നേതൃത്വം വഹിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. അതേസമയം നേതൃത്വത്തെ ബഹുമാനിക്കാനുള്ള അവസരവും ലഭിക്കുന്നുണ്ട്.

*ക്യാമ്പുജീവിതത്തിന്റെ ആസ്വാദ്യത*

കൂട്ടുചേർന്നുള്ള പ്രവർത്തനം, ഒരുമിച്ചുള്ള ഭോജനം മുതലായവ നിമിത്തം ആളുകൾതമ്മിൽ കൂടുതൽ അടുത്ത് ഇടപഴകുന്നതിനും സ്നേഹവും പരസ്പരധാരണയും പുലർത്തുന്നതിനും ഇടയാകുന്നു. കക്ഷിരാഷ്ട്രീയത്തിനോ, വർഗ്ഗീയചിന്തയ്ക്കോ അതീതമായ ഒരന്തരീക്ഷമാണ് ക്യാമ്പുകളിൽ സംജാതമാകുന്നത്. സൗഹാർദ്ദമനോഭാവം, ശിക്ഷണബോധം, 'ടീം സ്പിരിററ്' തുടങ്ങിയ ഗുണങ്ങൾ ക്യാമ്പുകൾമൂലം നാട്ടുകാരിൽ വളരുന്നു. സമഭാവനയോടും സൗഹാർദ്ദത്തോടുംകൂടി ഗ്രാമീണർ ഉല്ലാസകരമായ ഒരു ജീവിതം നയിക്കുന്ന ചിത്രമാണ് ഈ ക്യാമ്പുകളിൽക്കൂടി കാണാൻ സാധിക്കുന്നത്. പാടുകയും, പറയുകയും, കളിക്കുകയും, നേതാവാകുകയും, അനുസരിക്കുകയും, ഒന്നിച്ചു പ്രവർത്തിക്കുകയും, ഉണ്ണുകയുമൊക്കെയായിട്ടുള്ള ഈ അനുഭവം ഗ്രാമീണരുടെ മനസ്സിൽ എന്നെന്നും പച്ചയായി പരിലസിക്കുന്ന ഒരനുഭവമാണ്. ഹൃദ്യമോഹനമായ ഈ അനുഭവംമൂലം ഒരു പ്രാവശ്യം ക്യാമ്പിൽ സംബന്ധിച്ചവർ വീണ്ടും ക്യാമ്പു നടക്കുമ്പോൾ അതിൽ പങ്കുകൊള്ളാൻ താല്പര്യം കാണിക്കുന്നു. എന്നാൽ കൂടുതൽ ആളുകൾക്ക് അവസരം നൽകേണ്ടതു

ള്ളതുകൊണ്ടു് ഒരു പ്രാവശ്യം ക്യാമ്പിൽ സംബന്ധിച്ചവരെ ക്യാമ്പംഗങ്ങളായി വീണ്ടും ചേർക്കുന്നതല്ല.

*ക്യാമ്പിൻെറ ഉൽഘാടനയോഗവും സമാപനസമ്മേളനവും*

ക്യാമ്പിൻെറ ഉൽഘാടനച്ചടങ്ങിലും, സമാപനസമ്മേളനത്തിലും പൊതുജനങ്ങൾക്കു് സംബന്ധിക്കാവുന്നതാണു്. ക്യാമ്പിൻെറ ഉദ്ദേശ്യങ്ങളെപ്പററി ഉൽഘാടനയോഗത്തിൽ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസറോ, സോഷ്യൽ എഡ്യൂക്കേഷൻ ഓർഗനൈസറോ ഒരു ലഘുപ്രസംഗം നടത്തുന്നു. സ്ഥലത്തെ എം. എൽ. ഏ., പഞ്ചായത്തുപ്രസിഡൻറ് എന്നിവരും ഈ യോഗത്തിൽ സംബന്ധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതുമാണു്.

സമാപനസമ്മേളനത്തിൽ, ക്യാമ്പിൻെറ പ്രവർത്തനറിപ്പോർട്ടു് ഗ്രാമസേവകൻ വായിക്കുന്നു. ഉന്നതന്മാരായ ഉദ്യോഗസ്ഥന്മാർ, ജനനേതാക്കന്മാർ എന്നിവരെയെല്ലാം ഈ സമ്മേളനത്തിൽ സംബന്ധിപ്പിക്കുന്നതിന് ക്യാമ്പിൻെറ നടത്തിപ്പുകാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. അവരുടെയൊക്കെ പ്രസംഗങ്ങൾ കൂടാതെ, ക്യാമ്പംഗങ്ങളിൽനിന്നും ഒന്നോ രണ്ടോ പേർകൂടി സംസാരിക്കുന്നതാണു്. തങ്ങൾക്കു ക്യാമ്പിലുണ്ടായിരുന്ന ഹൃദ്യമായ അനുഭവങ്ങളും, ക്യാമ്പുകൊണ്ടു ലഭിച്ച പ്രത്യേക നേട്ടങ്ങളുമെല്ലാം അവർ വിവരിക്കുന്നു. ക്യാമ്പിൻെറ പ്രവർത്തനറിപ്പോർട്ടിൽനിന്നും, ക്യാമ്പംഗങ്ങളുടെ പ്രസംഗങ്ങളിൽനിന്നും ക്യാമ്പിൻെറ സവിശേഷതകളെപ്പററിയും, നേട്ടങ്ങളെക്കുറിച്ചുമെല്ലാം പൊതുജനങ്ങൾക്കു് അറിവു ലഭിക്കുന്നതാണു്. ഈ സമ്മേളനത്തിൻെറ

അവസാനത്തിൽ അദ്ധ്യക്ഷൻ ക്യാമ്പംഗങ്ങൾക്കു്, ജില്ലാകളക്ടരുടെ ഒപ്പോടുകൂടിയ, സട്ടിഫിക്കറ്റുകൾ നല്കുന്നുണ്ടു്. ഈ സർട്ടിഫിക്കററിൽ ഒരു പ്രതിജ്ഞാവാചകമുണ്ടു്. ക്യാമ്പിൽനിന്നും നേടിയ വിജ്ഞാനം സ്വയം നടപ്പിൽ വരുത്തുകയും സഹോദരകർഷകരെ അതു പറഞ്ഞു മനസ്സിലാക്കി കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു് പരമാവധി ശ്രമിക്കുകയും ചെയ്യുമെന്നാണു് പ്രതിജ്ഞയുടെ താല്പര്യം. സമാപനദിവസത്തിൽ ക്യാമ്പംഗങ്ങൾ എല്ലാം ചേർന്നുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും എടുക്കാവുന്നതാണു്. പരിശീലകൾക്കു് മറക്കാനാവാത്ത ആ ക്യാമ്പുജീവിതം ഈ ഫോട്ടോയിൽക്കൂടി കാണുന്നതിനും, ഓർമ്മകൾ പുതുക്കുന്നതിനും ഇതു സഹായകമായിരിക്കും.

### *ഭാവിപ്രവർത്തനത്തിനായുള്ള പ്രതിജ്ഞകൾ*

സമാപനസമ്മേളനത്തിനു മുമ്പായി അതിപ്രധാനമായ ഒരു ചടങ്ങു നടക്കുന്നുണ്ടു്. ഭാവിപരിപാടികളെപ്പററിയുള്ള ചർച്ചയാണു് അതു്. ക്യാമ്പിൽനിന്നു നേടിയ വിജ്ഞാനത്തിൻെറ വെളിച്ചത്തിൽ എന്തെല്ലാമാണു് ഓരോരുത്തരും ക്യാമ്പിനുശേഷം ചെയ്യാനുദ്ദേശിക്കുന്നതു് എന്നു് ഈ ചടങ്ങിൽവച്ചു് തീരുമാനിക്കുന്നു. സാധാരണ ക്യാമ്പംഗങ്ങൾ സ്വീകരിച്ചുകാണുന്ന പ്രതിജ്ഞകളാണു് ചുവടെ ചേർക്കുന്നതു്:

1. കമ്പോസ്റ്റുവളം, മൂത്രവളം എന്നിവ അവരവരുടെ വീടുകളിൽ ഉണ്ടാക്കുകയും, കുറഞ്ഞതു് ഒരു വർഷത്തിനുള്ളിൽ പത്തു വീട്ടുകാരെക്കൊണ്ടുകൂടി ഇവ ഉണ്ടാക്കിക്കുന്നതിനു് ശ്രമിക്കുകയും ചെയ്യുക.

2. തെങ്ങിന് മരുന്നു തളിപ്പിക്കുകയും, ശാസ്ത്രീയമായ രീതിയിൽ വളം ചേക്കുകയും ചെയ്യുക.

3. സസ്യസംരക്ഷണനടപടികൾ യഥാസമയം കൈക്കൊള്ളുക.

4. ജപ്പാൻമാതൃകയിൽ നെൽകൃഷി നടത്തി നെല്ലുവിളവിൻെറ ഉല്പാദനം പരമാവധി വദ്ധിപ്പിക്കുക.

5. നിവൃത്തിയുള്ളിടത്തോളം ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കുകയും കൃഷിവിഷയങ്ങളിൽ കൂടുതൽ വിജ്ഞാനം നേടുന്നതിന് 'കേരളകഷകൻ' എന്ന മാസിക വരുത്തി വായിക്കുകയും ചെയ്യുക.

6. ഗ്ലൈറിസീഡിയാ തുടങ്ങിയ പച്ചിലവളച്ചെടികൾ, കന്നുകാലിപ്പുല്ല്, മലക്കറിത്തോട്ടം എന്നിവ നട്ടുവളത്തുക.

7. നല്ലയിനം കോഴികൾ, കന്നുകാലികൾ ഇവയെ വളത്തുക. കന്നുകാലികളുടെ ഇനം നന്നാക്കുന്നതിനു പശുക്കളെ കൃത്രിമഗഭോല്പാദനത്തിനു കുത്തിവയ്പിക്കുകയോ ബ്ലോക്കിലെ നല്ലയിനം കാളയെക്കൊണ്ട് ഇണചേക്കുകയോ ചെയ്യുക. കന്നുകാലികൾക്ക് 'സൂപ്പർമിൻസിഫ്' എന്ന പോഷകാഹാരം കൊടുക്കുക.

8. സഹകരണസംഘങ്ങളിൽ അംഗങ്ങളായി ചേന്ന് സംഘങ്ങളെ പുഷ്ടിപ്പെടുത്തുകയും, സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മററും അവയെ ഉപയോഗിക്കുകയും ചെയ്യുക.

9. നാടിൻെറ ഐശ്വര്യത്തിനുവേണ്ടി നിലകൊള്ളുന്ന പഞ്ചവത്സരപദ്ധതിയിൽ പങ്കുചേരുന്നതിനും അതിനെ വിജയിപ്പിക്കുന്നതിനുമായി നിവൃത്തിയുള്ളിടത്തോളം പണം മിച്ചം വയ്ക്കുകയും അതു് ദേശീയസമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുകയും ചെയ്യുക.

10. വികസനപ്രവൎത്തനങ്ങളുടെ വിജയത്തിനായി ബ്ലോക്കുപരിപാടികളുമായി സഹകരിക്കുകയും, മററുള്ളവരെക്കൊണ്ടു് സഹകരിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ബ്ലോക്കധികൃതരെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

11. ക്യാമ്പിൽനിന്നും നേടിയ എല്ലാ അറിവും പ്രയോഗത്തിൽവരുത്തുകയും മററുള്ളവരെ അതു പറഞ്ഞു മനസ്സിലാക്കി കാർഷികമായുള്ള അഭിവൃദ്ധിക്കുവേണ്ടി പ്രവൎത്തിക്കുകയും, നാടിന്റെ നന്മയ്ക്കായുള്ള എല്ലാ നീക്കങ്ങളിലും പങ്കുചേരുകയും മററുള്ളവരെ പങ്കുകൊള്ളിക്കുകയും ചെയ്യുക.

ഇപ്രകാരം ഏററവും ആവേശപൂൎണ്ണമായ പ്രതിജ്ഞകളോടുകൂടിയാണു് ക്യാമ്പംഗങ്ങൾ ക്യാമ്പിൽനിന്നും തിരികെപ്പോകുന്നതു്.

*ക്യാമ്പിനുശേഷം*

മേൽപ്രസ്താവിച്ച പ്രതിജ്ഞകൾ എത്രമാത്രം ക്യാമ്പംഗങ്ങൾ പ്രവൃത്തിയിൽ വരുത്തുന്നു എന്നു് ബ്ലോക്കധികൃതർ ശ്രദ്ധിക്കുന്നതാണു്. ഒരു ക്യാമ്പു നടന്നുകഴിഞ്ഞാൽ 200 പേജുകളുള്ള ഒരു രജിസ്റ്റർ അവിടത്തെ ഗ്രാമസേവകനെ ഏല്പിക്കുന്നു. ഗ്രാമസേവകൻ ക്യാമ്പംഗങ്ങളെ സന്ദൎശിച്ചു് എന്തെല്ലാം പരിപാടികൾ അവർ നടപ്പിലാക്കിയെന്നു് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണു്. മാസത്തിൽ രണ്ടുപ്രാവശ്യം നടത്തുന്ന സ്റ്റാഫ് കോൺഫറൻസിൽ (ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം) ഇതു് ചൎച്ചചെയ്യപ്പെടുന്നു. ബ്ലോക്കുവികസനസമിതിയോഗങ്ങളിലും ഇതു ചൎച്ചചെയ്യപ്പെടുന്നുണ്ടു്. അങ്ങനെ ക്യാമ്പുകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങളെ ചില

യിരുത്തുന്നു. ക്യാമ്പുകൾ നടന്ന സ്ഥലങ്ങളിൽ മററു ഗ്രാമീണരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു പിന്നീട് ഏകദിനക്യാമ്പുകൾ നടത്താറുണ്ട്. പരിശീലനം ലഭിച്ചവരുടെ ഓർമ്മകൾ പുതുക്കുന്നതിനും, കൂടുതൽ ഗ്രാമീണർക്കു കൃഷിവിഷയങ്ങളിൽ പുതിയ അറിവു നൽകുന്നതിനും ഏകദിനക്യാമ്പുകൾ സഹായകമാണ്.

*ആശാവഹമായ നേട്ടങ്ങൾ*

ഭാരതത്തിൽ ഒട്ടാകെ 1959 സെപ്റ്റംബർ 30-ാംനുവരെ 22 ലക്ഷം ഗ്രാമസഹായകർക്ക് പരിശീലനം നൽകുന്നതിനു് സാധിച്ചിട്ടുണ്ട്. ഗ്രാമസഹായകക്യാമ്പിന്റെ ഫലമായി നാട്ടിൽ പരക്കെ ആശാവഹമായ നേട്ടങ്ങൾ കണ്ടുവരുന്നു. ബ്ലോക്കുപരിപാടികൾ നാട്ടുകാർ മനസ്സിലാക്കുന്നതോടുകൂടി അവരുടെ സഹകരണം ലഭിക്കുന്നതിനും അങ്ങനെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുന്നതിനും സാധിക്കുന്നുണ്ട്. ജനാധിപത്യസമ്പ്രദായങ്ങൾ മനസ്സിലാക്കുന്നതിനും നാട്ടുകാർക്ക് അവസരം ലഭിക്കുന്നു. നേതൃത്വപരിശീലനവും നേതൃത്വത്തെ ബഹുമാനിക്കാനുള്ള പരിചയവുമെല്ലാം നാട്ടുകാർക്കു ലഭിക്കുകയാണ്.

കൃഷി, മൃഗസംരക്ഷണം, സഹകരണം എന്നീ വകുപ്പുകളിൽ ഗണ്യമായ പുരോഗതി ബ്ലോക്കുപ്രദേശങ്ങളിൽ ക്യാമ്പുകളുടെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ജൈവവളം ധാരാളമായി ഉല്പാദിപ്പിക്കപ്പെടുന്നു. ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും, സഹകരണസംഘങ്ങളിൽ അംഗങ്ങളായി ചേരുന്നതിനും, വികസനപ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനുമെല്ലാം ആളുകൾക്കു വർദ്ധിച്ച തോതിലുള്ള

താല്പര്യം ഈ ക്യാമ്പുകൾ നടന്ന പ്രദേശങ്ങളിൽ കണ്ടുവരുന്നു. പാർലമെന്റ് അംഗങ്ങൾ, അസംബ്ലി അംഗങ്ങൾ, പഞ്ചായത്തുപ്രസിഡന്റുമാർ, കളക്ടർമാർ, ഡിസ്ട്രിക്ട് ഓഫീസരന്മാർ തുടങ്ങി നിരവധി ഉന്നതവ്യക്തികൾ ഈ ക്യാമ്പുകൾ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങളുംമററും നൽകുകയും ചെയ്യുന്നു. നാടിന്റെ വിഭവശക്തികൾ ശരിയായി ചൂഷണം ചെയ്യുന്നതിനും എല്ലാ രീതിയിലുമുള്ള അഭിവൃദ്ധി കൈവരുത്തി മെച്ചമായ ഒരു ജീവിതം കരുപ്പിടിപ്പിക്കുന്നതിനുള്ള ഉത്തേജനം നൽകുന്നതിനും ഗ്രാമസഹായകക്യാമ്പുകൾ ഗണ്യമായ സംഭാവന നൽകുന്നു എന്നു പറയുന്നതിൽ തെററില്ല. നേരത്തെ പ്രസ്താവിച്ചിട്ടുള്ള ഇതരവിഷയങ്ങളെപ്പററിയുള്ള ക്യാമ്പുകൾകൂടി നടക്കുമ്പോൾ ബ്ലോക്കിന്റെ എല്ലാ വകുപ്പുകളിലുമുള്ള പ്രവത്തനത്തെപ്പററി ആളുകൾക്കു ശരിയായ ധാരണ ലഭിക്കുന്നതിനും അങ്ങനെ അവയെല്ലാം പ്രയോജനപ്രദമായി നാട്ടിൽ പ്രയോഗിച്ച് എല്ലാ രംഗങ്ങളിലും ആശാവഹമായ പുരോഗതി നേടാവുന്നതുമാണു്.

*വനിതാക്യാമ്പുകൾ*

സ്ത്രീകളുടെ എല്ലാവിധ ഉയർച്ചയ്ക്കുംവേണ്ടി വികസനബ്ളോക്കുകളുടെ നേതൃത്വത്തിൽ ഇപ്പോൾ വനിതാക്യാമ്പുകൾ നടത്തുന്നുണ്ടു്. ഒരു പഞ്ചായത്തിൽ ഒന്നു് എന്ന കണക്കിനു തെരഞ്ഞെടുക്കപ്പെട്ട വനിതകൾക്കാണു പരിശീലനം നൽകുന്നതു്. ഗൃഹപരിചരണം, ആരോഗ്യം, പോഷകാഹാരം, പാചകം, ശിശുസംരക്ഷണം, കുടുംബസംവിധാനം കോഴിവളത്തൽ, അടുക്കളത്തോട്ടനിർമ്മാണം എന്നീ വിഷയങ്ങളെപ്പററിയുള്ള

ചച്ചകളും ക്യാമ്പിന്റെ ഇതരചടങ്ങുകളും വനിതാക്യാമ്പിൽ നടത്തുന്നുണ്ട്. ഗ്രാമീണവനിതകളെ വികസനപ്രസ്ഥാനവുമായി ബന്ധപ്പെടുത്തുന്നതിനും, അവരുടെ കായികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതി കൈവരുത്തുന്നതിന വേണ്ട ഉത്തേജനം നൽകുന്നതിനും ഈ ക്യാമ്പുകളും ഗണ്യമായ തോതിൽ സഹായിക്കുന്നുണ്ട്.

## അദ്ധ്യായം ആറ്

# സാമൂഹ്യവികസനവും പഞ്ചവത്സരപദ്ധതിയും

ഗ്രാമീണരുടെ നന്മയ്ക്കായുള്ള സാമൂഹ്യവികസനപ്രസ്ഥാനം, പഞ്ചവത്സരപദ്ധതിയുടെ ഒരു പ്രധാന ഇനമാണെന്നു നാം മനസ്സിലാക്കിയതാണു്. അതുകൊണ്ടു് ഈ ഗ്രാമവികസനപ്രസ്ഥാനത്തിനു പഞ്ചവത്സരപദ്ധതിയുമായി അഭേദ്യമായ ബന്ധമുണ്ടെന്നു കാണാൻ സാധിക്കും. ഭാരതത്തിൻെറ സവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന പഞ്ചവത്സരപദ്ധതിയെപ്പറ്റി ഈയവസരത്തിൽ അല്പം ചിന്തിക്കുന്നതു് അസ്ഥാനത്തായിരിക്കുകയില്ലല്ലോ. മാത്രവുമല്ല, ഗ്രാമീണർക്കു നമ്മുടെ നാടിൻെറ നന്മക്കായി രൂപപ്പെടുത്തിയിട്ടുള്ള വമ്പിച്ച ഈ പദ്ധതികളെപ്പററി വേണ്ട ധാരണ നല്കേണ്ടതു് സാമൂഹ്യവികസനവകുപ്പിൻെറ ഒരു പ്രധാന ചുമതലകൂടിയാണു്.

### *ഒന്നാം പഞ്ചവത്സരപദ്ധതിയുടെ രൂപവും ലക്ഷ്യവും*

1951-ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതിയിൽ വിവിധവകുപ്പുകൾക്കായി പൊതുമേഖലയിൽ 2,356 കോടി രൂപായാണു് വകകൊള്ളിച്ചിരുന്നതു്. കൃഷി, സാമൂഹ്യവികസനം എന്നിവയ്ക്കു് 372 കോടി രൂപായും ജലസേചനം, വിദ്യുച്ഛക്തി എന്നിവയ്ക്കു് 661 കോടി രൂപായും, വ്യവസായത്തിനും ഖനനത്തിനുംകൂടി 179 കോടി രൂപായും, ട്രാൻസ്പോർട്ടു് ഗതാഗതം മുതലാ

യവയ്ക്കു് 556 കോടി രൂപായും, വിദ്യാഭ്യാസം ആരോഗ്യം സഹകരണം മുതലായവയ്ക്കു് 547 കോടി രൂപായും പലവക ഇനത്തിൽ 41 കോടി രൂപായും ഈ പദ്ധതിയിൽ വകകൊള്ളിച്ചിരുന്നു.

ജീവിതനിലവാരം ഉയൎത്തുകയും ജനങ്ങൾക്കു് കൂടുതൽ സമ്പന്നവും, വൈവിദ്ധ്യമുള്ളതുമായ ഒരു ജീവിതത്തിനു പററിയ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുകയെന്നുള്ളതായിരുന്നു, ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. കൃഷി വികസിപ്പിച്ചു് ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കുവാനും, വസ്ത്രവ്യവസായം വികസിപ്പിച്ചു് ആവശ്യത്തിൽ കവിഞ്ഞതു കയററുമതി ചെയ്യത്തക്കനിലയിൽ ഉയൎത്താനും രണ്ടാം പദ്ധതിക്കു് കളമൊരുക്കത്തക്കവണ്ണം വിദ്യുച്ഛക്തിയും ഗതാഗതവും വൎദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചിരുന്നു.

*രണ്ടാംപഞ്ചവത്സരപദ്ധതി*

1956-ൽ ആരംഭിച്ച രണ്ടാംപഞ്ചവത്സരപദ്ധതി 1961 മാർച്ചുമാസംകൊണ്ടു് അവസാനിക്കുന്നതാണു്. ഈ പദ്ധപതിക്കാലത്തു് പൊതുമേഖലയിൽ 4,800 കോടി രൂപായും, സ്വകാര്യവകുപ്പിൽ 2,300 കോടി രൂപായും ചെലവാക്കുന്നതിനാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ പ്രതീക്ഷയ്ക്കനുസരണമായി പണം ലഭിക്കുന്നതിനുള്ള ചില പ്രയാസം നിമിത്തം പൊതുമേഖലയിലുള്ള തുക 4,500 കോടിരൂപായായി കുറവു ചെയ്തിട്ടുണ്ടു്. രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേൎക്കുന്നവയാണു്:

1) നാട്ടുകാരുടെ ജീവിതനിലവാരം ഉയൎത്തത്തക്കവണ്ണം ദേശീയവരുമാനം ഗണ്യമായി വൎദ്ധിപ്പിക്കുക.

2) അടിസ്ഥാനവ്യവസായങ്ങൾക്കും, ഖനനവ്യവസായങ്ങൾക്കും പ്രത്യേക പ്രധാന്യം നൽകിക്കൊണ്ട് ത്വരിതഗതിയിൽ വ്യവസായവൽക്കരണം നടത്തുക.

3) തൊഴിൽസൗകര്യങ്ങൾ വളരെയധികം വദ്ധിപ്പിക്കുക.

4) വരുമാനത്തിലും, സ്വത്തിലുമുള്ള അസമത്വങ്ങൾ കുറവുചെയ്തു് സാമ്പത്തികശക്തിയുടെ വിതരണം കുറേക്കൂടി സമീകൃതമാക്കുക.

*രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ചെലവിനങ്ങളും വരവിനങ്ങളും*

ചെലവിനങ്ങൾ

| | കോടിരൂപാ |
|---|---|
| 1) കൃഷിയും സാമൂഹ്യവികസനവും | 568 |
| 2) ജലസേചനവും വിദ്യുച്ഛക്തിയും | 913 |
| 3) വ്യവസായം | 891 |
| 4) ഗതാഗതം, വാത്താവിനിമയം | 1,385 |
| 5) സാമൂഹ്യസേവനപരിപാടികൾ | 945 |
| 6) പലവക | 98 |
| ആകെ | 4,800 |

വരവിനങ്ങൾ

| | കോടിരൂപാ |
|---|---|
| 1) നികുതിമിച്ചം | 800 |
| 2) പൊതുജനങ്ങളിൽനിന്നും എടുക്കുന്നവായ്പ | 700 |
| 3) ദേശീയസമ്പാദ്യപദ്ധതി | 500 |
| 4) റയിൽവേയിൽനിന്നുള്ള ആദായം | 150 |
| 5) പ്രോവിഡന്റ്ഫണ്ട്, ഇൻഷ്വറൻസ് | 250 |

| | | |
|---|---|---|
| 6) വിദേശവായ്പ | | 800 |
| 7) കമ്മിധനച്ചെലവുപരിപാടി (നോട്ടടിച്ച് ഉണ്ടാക്കുന്നതു്) | | 1200 |
| 8) വിടവ് ആഭ്യന്തരമാർഗ്ഗങ്ങളിൽ കൂടി ഉണ്ടാക്കേണ്ടതു് | | 400 |
| | ആകെ | 4800 |

രണ്ടാംപദ്ധതിക്കാലത്തു് കേരളത്തിനു ലഭിച്ചിട്ടുള്ള വിഹിതം 87 കോടി രൂപായാണെന്നുള്ള കാര്യം ഇവിടെ സ്മരണീയമാണു്.

*ഒരു വമ്പിച്ച യജ്ഞം*

ഒരു നവഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ഒരു വമ്പിച്ച യജ്ഞമാണു നമ്മുടെ പഞ്ചവത്സരപദ്ധതികളിൽ കൂടി നാം നടത്തുന്നതു്. രണ്ടാം പദ്ധതിക്കാലത്തു് ഒരു കോടി തൊഴിലാളികൾക്കും, 80 ലക്ഷം അഭ്യസ്തവിദ്യരായ ആളുകൾക്കും ജോലി നൽകാൻ സാധിക്കുമെന്നു പ്ലാനിംഗ്കമ്മീഷൻ അവകാശപ്പെട്ടിട്ടുണ്ടു്. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി ഒരാളിൻെറ ഒരു വർഷത്തെ വരുമാനം 254 രൂപായായിരുന്നതു് 281 രൂപായായി ഉയരുകയുണ്ടായി. രണ്ടാം പദ്ധതിക്കാലത്തു് ഇതു 331 രൂപായായി ഉയരുന്നതാണു്. ഈയവസരത്തിൽ മറ്റുചില രാജ്യങ്ങളിലെ കണക്കുകൾ അറിയുന്നതു നന്നായിരിക്കും. ഒരു അമേരിക്കക്കാരൻെറ ഒരുവർഷത്തെ ശരാശരി വരുമാനം ഒമ്പതിനായിരത്തിൽപ്പരം രൂപായും, ഇംഗ്ലീഷുകാരൻേറതു് നാലായിരത്തിൽ അധികം രൂപായും, ജർമ്മൻകാരൻേറതു് മൂവായിരത്തിൽ പരം രൂപായും, ജപ്പാൻകാരൻേറതു് തൊള്ളായിരം രൂപായു

മാണ്. ഇന്ത്യാക്കാരൻെറ സാമ്പത്തികനില എത്രമാത്രം താണതാണെന്ന് ഈ കണക്കുകൾ വെളിവാക്കുന്നുണ്ടല്ലോ. മററു രാഷ്ട്രങ്ങളോടൊപ്പം വളരുവാനും വികസിക്കുവാനും ഭാരതം വെമ്പൽകൊള്ളുകയാണ്. അതിനുള്ള ഉപാധികളാണു നമ്മുടെ പഞ്ചവത്സരപദ്ധതികൾ. ഈ പദ്ധതികൾ മാർഗ്ഗം പുരോഗതിയുടെ പാതയിലൂടെ നാം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആളൊന്നുക്കുള്ള വരുമാനം 1977 ആകുമ്പോഴേക്കും ഇന്നത്തേതിലും ഇരട്ടിയാക്കുന്നതിനാണു നമ്മുടെ ശ്രമം. ഈ അഭിലാഷം സാധിതപ്രായമാകണമെങ്കിൽ ഭാരതത്തിലെ ഓരോ പൗരൻെറയും അകമഴിഞ്ഞ സഹകരണവും, കഠിനമായ പ്രയത്നവും ഉണ്ടാകേണ്ടതു് ആവശ്യമാണ്. ഓരോരുത്തരും കൃഷി അഭിവൃദ്ധിപ്പെടുത്തിയും, കാലിസമ്പത്തു വർദ്ധിപ്പിച്ചും, വ്യവസായങ്ങളിൽ ഏർപ്പെട്ടുമൊക്കെ ഇന്നത്തേതിലും കുറേക്കൂടി മെച്ചമായ വരുമാനം ഉണ്ടാക്കുന്നതിനു കിണഞ്ഞു പരിശ്രമിക്കേണ്ടിയിരിക്കുന്നു. ജനലക്ഷങ്ങൾ ഈ രീതിയിൽ പ്രവർത്തിക്കുമ്പോൾ നമ്മുടെ ദേശീയവരുമാനം വർദ്ധിക്കുകയും ജീവിതനില മെച്ചപ്പെടുകയും ചെയ്യും.

*വളരുന്ന പദ്ധതികൾ*

നമ്മുടെ പദ്ധതികൾ ഗണ്യമായ തോതിൽ വളർച്ച്പ്രാപിച്ചുകൊണ്ടിരിക്കുകയാണെന്ന് അതിൻെറ രൂപംനോക്കിയാൽ അറിയാൻ സാധിക്കും. ഒന്നാംപദ്ധതിയുടെ ഇരട്ടിത്തുക രണ്ടാംപദ്ധതിക്കും, അതിന്റെ ഇരട്ടിയിൽ കൂടുതലായ പതിനായിരംകോടിയിലധികം രൂപാ മൂന്നാംപഞ്ചവത്സരപദ്ധതിക്കും വകകൊള്ളിച്ചിരിക്കുന്നതിൽനിന്നും ഈ വസ്തുത വെളിവാകുന്നതാണ്. ആഗ്രഹ

ത്തിന്റെ പേരിൽ കഴിവിനു് അപ്പുറമുള്ള ചുമട്ടമായി നാം നീങ്ങുകയാണു്. ജനലക്ഷങ്ങളുടെ ആവേശപൂർണ്ണമായ പരിശ്രമം ഒന്നുമാത്രമാണു് പദ്ധതികളുടെ വിജയത്തിനു നിദാനമായിട്ടുള്ളതു്. നമ്മുടെ വമ്പിച്ച ഉത്തരവാദിത്വത്തെ ബോധപൂർവ്വം കൈകാര്യംചെയ്യാൻ തയ്യാറായി ഓരോരുത്തരും മുമ്പോട്ടു വരികയെന്നുള്ളതാണു് ഇന്നു കരണീയമായിട്ടുള്ളതു്.

*പഞ്ചവത്സരപദ്ധതികൾകൊണ്ടുണ്ടായ നേട്ടങ്ങളിൽ ചിലതു്*

പഞ്ചവത്സരപദ്ധതികളെപ്പറ്റി ചിന്തിക്കുമ്പോൾ അവമൂലം നാട്ടിൽ ഇതിനകം ഉണ്ടായിട്ടുള്ള ചില നേട്ടങ്ങളിലേക്കു് ഒന്നു കണ്ണോടിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. ഭക്ഷണസാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാണു് ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകിയിരുന്നതു്. തൽഫലമായി കൂടുതൽ സ്ഥലം നനയ്ക്കുന്നതിനുള്ള വമ്പിച്ച ജലസേചനപദ്ധതികൾ ആരംഭിക്കപ്പെട്ടു. ഈ പദ്ധതിക്കാലത്തു് വലുതും ചെറുതുമായ 468 പദ്ധതികൾ ജലസേചന-വിദ്യുച്ഛക്തിരംഗത്തു് ആരംഭിക്കുകയുണ്ടായി. 970 കോടി രൂപായാണു് ഇക്കാലത്തു് ഈ ആവശ്യത്തിനു ചെലവഴിച്ചതു്. 1951-ൽ ഏകദേശം 510 ലക്ഷം ഏക്കർ സ്ഥലത്തു് ജലസേചനമുണ്ടായിരുന്നതു് 1956-ൽ 650 ലക്ഷം ഏക്കറായി വർദ്ധിക്കുകയും തന്നിമിത്തം ഭക്ഷ്യോൽപാദനം 500 ലക്ഷം ടണ്ണിൽനിന്നും 650 ലക്ഷം ടണ്ണായി ഉയരുകയുംചെയ്തു. ഈ പദ്ധതിക്കാലത്തു് വിദ്യുച്ഛക്തിയുല്പാദനം 23 ലക്ഷം കിലോവാട്ടിൽനിന്നും 34 ലക്ഷം കിലോവാട്ടായി വർദ്ധിച്ചു.

രണ്ടാം പദ്ധതിക്കാലത്തു് ജലസേചനത്തിനും, വിദ്യുച്ഛക്തിക്കുമായി 913 കോടി രൂപായാണു നീക്കിവെച്ചിരിക്കുന്നതു്.എന്നാൽ പദ്ധതിച്ചെലവു് 4,500 കോടി രൂപായായി പരിമിതപ്പെടുത്തണമെന്നുള്ള ദേശീയ വികസനകൗൺസിലിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ഇനങ്ങൾക്കുള്ള ചെലവു് 820 കോടി രൂപായായി ചുരുക്കേണ്ടിവരും. വൻകിട ജലസേചന പദ്ധതിക്കുവേണ്ടി 381 കോടി രൂപായാണു രണ്ടാംപദ്ധതിയിൽ നീക്കിവച്ചിരിക്കുന്നതു്. മൊത്തം 436 കോടി രൂപാ ചെലവുവരുന്ന 210 പുതിയ സംരംഭങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. രണ്ടാംപദ്ധതിയുടെ അവസാനത്തോടുകൂടി ജലസേചനം ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 865 ലക്ഷം ഏക്കറായി വർദ്ധിക്കുന്നതാണു്.

ലോകത്തിലെ ഏററവും നീളംകൂടിയ, മണ്ണുകൊണ്ടു നിർമ്മിച്ചിട്ടുള്ള ചിറയോടുകൂടിയ 'ഹിറാക്കുഡ്' അണക്കെട്ടു്' രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തെ നേട്ടങ്ങളിൽ ഒന്നാണു്. ഭക്രാനംഗൽ, ദാമോദർവാലി, ചാംബൽ, തുംഗഭദ്ര, മയൂരാക്ഷി എന്നീ അണക്കെട്ടുകളെപ്പററിയും നാം കേട്ടിട്ടുണ്ടു്. താരതമ്യേന ചെറുതെങ്കിലും കേരളത്തിലെ പീച്ചി, മലമ്പുഴ, വാഴാനി, നെയ്യാർ എന്നീ നദീതടപദ്ധതികളെപ്പററിയും നമുക്കു് അറിവുള്ളതാണു്. ഭാരതത്തിന്റെ ഒരററംമുതൽ മറേറ അററംവരെയുള്ള എല്ലാ നദികളിലെയും ജലം ഇന്നു് പരമാവധി ചൂഷണം ചെയ്യപ്പെടുന്നുണ്ടു്.

***ഒരു വലിയ പുണ്യക്ഷേത്രം***

ഏഷ്യയിലെ ഏററവും വലിയ അണക്കെട്ടായ ഭക്രാനംഗൽ ഇന്ത്യയ്ക്കു് അഭിമാനിക്കാവുന്ന ഒരു മുതൽ

ക്കൂട്ടാണു്. ഭാരതത്തിലെ ഏററവും വലിയ പുണ്യക്ഷേത്രമായിട്ടാണു് നമ്മുടെ പ്രധാനമന്ത്രി ഭക്രാനംഗലിനെ കാണുന്നതു്. "വിശക്കുന്നവനു്, ഭക്ഷണമാണു് ഈശ്വരൻ," എന്നു് ഗാന്ധിജി പറഞ്ഞിട്ടുണ്ടു്. ഇന്ത്യയിലെ ജനകോടികൾക്കു് ഭക്ഷണം നല്കാൻ പര്യാപ്തമായ അണക്കെട്ടുകളെ പുണ്യക്ഷേത്രങ്ങളായിത്തന്നെ പരിഗണിക്കാവുന്നതാണല്ലോ. ഭക്രാനംഗലിനെപ്പററിയുള്ള വിവരങ്ങൾ അറിയുന്നതു് രസാവഹമായിരിക്കും. 193·5 കോടി രൂപാ ചെലവുവരുന്ന, ഈ ഊക്കൻ അണക്കെട്ടു് സിന്ധുനദിയുടെ ഒരു പോഷകനദിയായ സട്ലജിന കുറുക്കെയാണു് പണിതുയർത്തുന്നതു്. ഡൽഹിയിൽ നിന്നും 228 മൈൽ വടക്കായിട്ടാണു് ഭക്രാനംഗൽ. പ്രതിദിനം 4,000 തൊഴിലാളികൾ ഷിഫ്ററനുസരിച്ചു് രാത്രിയും പകലും ഇടതടവില്ലാതെ ഈ അണക്കെട്ടിന്റെ പണിയിൽ വ്യാപൃതരായിരിക്കുന്നു. ഒരു മണിക്കൂറിൽ 400 ടൺ സിമന്റും മററും ഇലക്ട്രിക് ബെൽററുകളിൽ കൂടി ഇതിന്റെ നിർമ്മാണത്തിനുവേണ്ടി നീങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഇഞ്ചുകളായി അനുദിനം ഈ അണക്കെട്ടു് ഉയർന്നുകൊണ്ടിരിക്കുകയാണു്. ലോകത്തിലെ ഏററവും ഉയരംകൂടിയ ഈ അണക്കെട്ടിന്റെ പൊക്കം 740 അടിയാണു്. 66 നിലകളും 5,000 മുറികളുമുള്ള ഒരുക്കൻ കെട്ടിടം ഈ അണക്കെട്ടിൽ ഒതുങ്ങുമെന്നു പറഞ്ഞാൽ അതിന്റെ വ്യാപ്തിയും വലിപ്പവും കുറെ ഊഹിക്കാൻ സാധിക്കുമല്ലോ. ഭൂലോകത്തിനുചുററും 8 അടി വീതിയിൽ ഒരു കോൺക്രീററുറോഡു് നിർമ്മിക്കുന്നതിനു് എത്രമാത്രം സിമന്റുവേണമോ അത്രയും സിമന്റു് ഈ അണക്കെട്ടിന്റെ നിർമ്മാണത്തിനു വേണ്ടിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ അണക്കെ

ട്ടിൻെറ പണി പൂർത്തിയാകുന്നതോടുകൂടി പഞ്ചാബ്, രാജസ്ഥാൻ, പെപ്സു എന്നീ രാജ്യങ്ങളിലെ 36,13,000 ഏക്കർ സ്ഥലം ഒന്നാന്തരം വിളഭൂമിയാക്കത്തക്കവണ്ണം നനയ്ക്കുന്നതിനു സാധിക്കുന്നതാണു്. കൂടാതെ 5,94,000 കിലോവാട്ട് വിദ്യുച്ഛക്തിയും ഇവിടെനിന്നും ഉല്പാദിപ്പിക്കാൻ സാധിക്കും.

*മററു നദീതടപദ്ധതികൾ*

85·7 കോടിരൂപാ ചെലവുചെയ്തു് ഒറീസ്സായിൽ നിർമ്മിച്ചിരിക്കുന്ന ഹിറാക്കഡ് വമ്പിച്ച മറെറാരു നദീതടപദ്ധതിയാണു്. 22,68,000 ഏക്കർ സ്ഥലം നനയ്ക്കുന്നതിന് പര്യാപ്തമായ ഈ അണക്കെട്ട് വെള്ളപ്പൊക്കം തടയുന്നതിനും, ഒന്നാം ഘട്ടത്തിൽ 1,23,000 കിലോവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും കഴിവുള്ളതാണു്. ബംഗാളിലെ ദാമോദർവാലി നദീതടപദ്ധതിയും, ബംഗാൾ, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്കു പ്രയോജനമുള്ള മയൂരാക്ഷി പദ്ധതിയും, മദ്ധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്ക് പ്രയോജനപ്പെടുന്ന ചാംബൽ നദീതടപദ്ധതിയും, ആന്ധ്രാസംസ്ഥാനത്തിലെ തുംഗഭദ്രാ അണക്കെട്ടുമെല്ലാം ഇന്ത്യയിലെ എണ്ണപ്പെട്ട നദീതടപദ്ധതികളാണു്.

*വ്യവസായരംഗം*

വ്യവസായരംഗത്തേക്കു നോക്കിയാലും അഭിമാനിക്കത്തക്ക നേട്ടങ്ങൾ കാണാൻ സാധിക്കും. ഭാരതത്തിൽ ഇന്നു നിർമ്മിക്കാത്തതായ വ്യാവസായികസാധനങ്ങൾ വളരെ വിരളമാണു്. നമ്മുടേതായ വിമാനം, കപ്പൽ, മോട്ടോർകാർ, റയിൽവേ എൻജിനുകൾ, വാഗണുകൾ, സൈക്കിൾ, റേഡിയോ, ഫൗണ്ടൻപെൻ, ഔഷധങ്ങൾ,

ഗ്ലാസ്സ് സാധനങ്ങൾ, ചായങ്ങൾ, രാസദ്രവ്യങ്ങൾ തുടങ്ങിയവയെല്ലാം ഇന്ന് ഇവിടെ നിർമ്മിച്ചുവരുന്നു. വൻകിട വ്യവസായങ്ങൾക്ക് 691 കോടി രൂപായും, ഗ്രാമവ്യവസായങ്ങൾക്ക് 200 കോടി രൂപായുമാണ് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകകൊള്ളിച്ചിരിക്കുന്നത്. ഭാരതത്തിലെ ചില സുപ്രധാന വ്യവസായങ്ങളെപ്പററിയും വ്യവസായശാലകളെപ്പററിയുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*ഹിന്ദുസ്ഥാൻ കപ്പൽനിർമ്മാണശാല*

ഇന്ത്യയിൽ ഇദംപ്രഥമമായി കപ്പൽനിർമ്മാണം ആരംഭിക്കുന്നതു് വിശാഖപട്ടണത്തിലുള്ള ഈ നിർമ്മാണശാലയിലാണ്. 1952 മുതൽ ഭാരതസർക്കാർ ഇവിടെ കപ്പൽനിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ രണ്ടാമത്തെ കപ്പൽനിർമ്മാണശാല കൊച്ചിയിൽ നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നുള്ള വിവരം ഈ യവസരത്തിൽ ഓർക്കുമല്ലോ.

*ചിത്തരഞ്ജൻ ലോക്കമോട്ടീവ് ഫാക്ടറി*

ഭാരതത്തിൽ ആദ്യമായി റയിൽവേ എഞ്ചിൻ നിർമ്മിച്ചുതുടങ്ങിയതു് കൽക്കട്ടായിലുള്ള ഈ ഫാക്ടറിയിലാണ്. പ്രതിവർഷം ഇരുനൂറിൽ പരം ഒന്നാന്തരം എഞ്ചിനുകൾ ഇവിടെ നിർമ്മിച്ചുവരുന്നു.

*ഇൻറഗ്രൽ കോച്ചുഫാക്ടറി*

മദ്രാസിനടുത്തുള്ള പെരാമ്പൂരിൽ സ്ഥാപിച്ചിട്ടുള്ള ഈ ഫാക്ടറി ഉരുക്കുകൊണ്ടുമാത്രം റയിൽവേ കോച്ചുകൾ ഉണ്ടാക്കുന്ന, ഏഷ്യയിലെ ഏററവും വലിയ സ്ഥാപനമാണ്. ആണ്ടിൽ 350 മുതൽ 500 വരെ റെയിൽവണ്ടികൾ നിർമ്മിക്കുവാൻ ഈ ഫാക്ടറിക്കു കഴിവുണ്ടു്.

*റയിൽവേയുടെ കഥ*

ഈയവസരത്തിൽ ഇന്ത്യയിലെ റയിൽവേയുടെ ചരിത്രം അല്പം അറിയുന്നതു നന്നായിരിക്കും. 1853-ൽ ഡൽഹൗസിപ്രഭു വൈസ്രായി ആയിരിക്കുന്ന കാലത്താണു് ഇന്ത്യയിൽ ആദ്യമായി റയിൽവേ ആരംഭിച്ചതു്. ബോംബേ മുതൽ താനാവരെയുള്ള ആദ്യത്തെ ഈ റയിൽവേയ്ക്കു് 22 മൈൽ മാത്രമേ നീളമുണ്ടായിരുന്നുള്ളു. റയിൽവേപ്രസ്ഥാനത്തിനെതിരായി വലിയ ഒച്ച്പ്പാടുകൾ അന്നു് ഭാരതത്തിൽ ഉണ്ടായതായി ചരിത്രത്തിൽനിന്നും നാം മനസ്സിലാക്കിയിട്ടുണ്ടു്. ഇപ്പോൾ ഭാരതത്തിൽ 35,000 മൈൽ നീളത്തിൽ റയിൽവേയുണ്ടു്. ഏഷ്യയിൽ ഏററവും കൂടുതൽ നീളത്തിൽ റയിൽവേയുള്ളതു ഭാരതത്തിലാണു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 900 കോടി രൂപായാണു് റയിൽവേയുടെ വികസനത്തിനു് വകകൊള്ളിച്ചിരിക്കുന്നതു്. ഇന്ത്യയിലെ എല്ലാ റയിൽവേകളിലുമായി യാത്രക്കാരെയും വഹിച്ചുകൊണ്ടു 4,500 തീവണ്ടികൾ പ്രതിദിനം 6,500-ഓളം റയിൽവേസ്റ്റേഷനുകളിൽക്കൂടി കടന്നുപോകുന്നു. ഓരോ ദിവസവും 38 ലക്ഷം ആളുകളാണു് തീവണ്ടികളിൽ യാത്രചെയ്യുന്നതു്. ഇതു് ഇന്ത്യയുടെ ജനസംഖ്യയിൽ ഒരു ശതമാനത്തോളമാണു്. 3,400 സാമാനവണ്ടികളിലായി പ്രതിദിനം ഒരുകോടി മണ്ണു് സാധനങ്ങൾ കയറ്റി അയയ്ക്കപ്പെടുന്നു. ഗവണ്മെൻറിൻെറ ഏററവും കൂടുതൽ മുതൽമുടക്കുള്ള റയിൽവേവകുപ്പിൽ പതിനൊന്നു ലക്ഷത്തിലധികം ആളുകൾ പണിയെടുക്കുന്നുണ്ടു്.

*ഹിന്ദുസ്ഥാൻ എയാർ ക്രാഫ്ററ്*

ബാംഗ്ലൂരിലുള്ള ഈ വ്യവസായശാലയിൽ വിമാനങ്ങളും, റയിൽവേ കോച്ചുകളും നിർമ്മിച്ചുവരുന്നു.

*സിന്ദ്രി ഫെർട്ടിലൈസേഴ്സ്*

23 കോടി രൂപാ ചെലവുചെയ്തു് സിന്ദ്രിയിൽ സ്ഥാപിച്ചിരിക്കുന്ന ഈ ഫാക്ടറി ഏഷ്യയിലെ ഏററവും വലിയ വളംനിർമ്മാണശാലയാണു്.

*മററു വ്യവസായശാലകൾ*

ഹിന്ദുസ്ഥാൻ കേബിൾഫാക്ടറി, ഡൽഹിയിലെ ഡി. ഡി. ററി. ഫാക്ടറി, പൂനായിലെ പെൻസിലിൻ നിർമ്മാണശാല, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾ ഫാക്ടറി എന്നിവയെല്ലാം എണ്ണപ്പെട്ട മററു വ്യവസായശാലകളാണു്.

*ഇരുമ്പ്—ഉരുക്കു വ്യവസായം*

രാജ്യത്തെ വ്യാവസായികാഭിവൃദ്ധി കൈവരുത്തുന്നതിനു് ഗണ്യമായ ഒരു സ്ഥാനം ഇരുമ്പു്—ഉരുക്കു് വ്യവസായത്തിനുണ്ടു്. ജംഷഡ്പൂരിലുള്ള ടാററാ ഇരുമ്പു്—ഉരുക്കു നിർമ്മാണശാല ഏഷ്യയിലെ ഏററവും വലിയ ഉരുക്കു വ്യവസായശാലയാണു്. കൽക്കട്ടാ, മൈസൂർ എന്നിവിടങ്ങളിലും ഇരുമ്പുവ്യവസായശാലകളുണ്ടു്. രണ്ടാം പദ്ധതിക്കാലത്തു് വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടി ആരംഭിച്ചിരിക്കുന്ന മൂന്നു് ഇരുമ്പു്—ഉരുക്കു വ്യവസായശാലകളുടെ കാര്യം പ്രത്യേകം എടുത്തു പറയത്തക്കതാണു്. റഷ്യയുടെ സഹായത്തോടുകൂടി ആരംഭിച്ചിരിക്കുന്ന മദ്ധ്യപ്രദേശത്തുള്ള ഭിലായി ഇരുമ്പു്—ഉരുക്കു് നിർമ്മാണശാലയും, ഇംഗ്ലണ്ടിന്റെ സഹായത്തോടുകൂടിയുള്ള പശ്ചിമബംഗാളിലെ ദുർഗ്ഗാപ്പൂർ ഇരുമ്പു്—ഉരുക്കു് നിർമ്മാണശാലയും, പശ്ചിമജർമ്മനിയുടെ സഹായത്തോടുകൂടിയുള്ള ഒറീസ്സായിലെ റൂർക്കിലാ വ്യവസായശാലയുമാണു് ഇവ. ഈ മൂന്നു വ്യവസായശാലകളിലും ഇതിനകം ഉല്പാദനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. രണ്ടാം

പദ്ധതിക്കാലത്തുതന്നെ ഈ വ്യവസായശാലകളുടെ പണി പൂർത്തിയാകുന്നതാണ്. ഈ മൂന്നു വ്യവസായശാലകൾക്കുംകൂടി 425 കോടി രൂപാ ചെലവാകുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ വ്യവസായശാലകളിൽനിന്നു മാത്രം പ്രതിവർഷം 30 ലക്ഷം ടൺ ഇരുമ്പ്-ഉരുക്കുസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതാണ്. നമ്മുടെ വ്യവസായത്തിന്റെ നിർണ്ണായകഘടകങ്ങളായി പരിലസിക്കുന്ന ഈ ഉരുക്കു് വ്യവസായശാലകൾ നമുക്കു് അഭിമാനിക്കാവുന്ന നേട്ടങ്ങൾതന്നെയാണ്. രണ്ടാംപദ്ധതിയുടെ അവസാനത്തിൽ ഇന്ത്യയുടെ ഇരുമ്പ്-ഉരുക്കു് ഉല്പാദനം പ്രതിവർഷം 60 ലക്ഷം ടണ്ണായി ഉയരുന്നതാണ്.

*മററു പ്രവർത്തനങ്ങൾ*

വസ്ത്രനിർമ്മാണം, ചണം, സിമൻറ്, കടലാസ്, സോപ്പ്, കൽക്കരി, പെട്രോളിയം എന്നിവയുടെ ഉല്പാദനവും ഈ പദ്ധതിക്കാലത്തു് ഗണ്യമായ തോതിൽ അഭിവൃദ്ധിപ്പെടുന്നതാണ്. ആററംശക്തി ഉപയോഗിച്ചു് വമ്പിച്ചതോതിൽ വ്യവസായവൽക്കരണം നടത്തുന്നതിനായി ബോംബേയ്ക്കടുത്തുള്ള ട്രിംബേ എന്ന സ്ഥലത്തു് ഒരു ആററമിക്റിയാക്ടർകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസം, ആരോഗ്യം, വാർത്താവിനിമയം, ഗതാഗതം, സഹകരണം, മററു സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഗണ്യമായതോതിൽ നാം പുരോഗതി നേടിക്കൊണ്ടിരിക്കുകയാണ്. അതിബൃഹത്തായ പഞ്ചവത്സരപദ്ധതിയെപ്പററി ചില സൂചനകൾ മാത്രമാണ് ഇവിടെ നൽകിയിട്ടുള്ളതു്. നമ്മുടെ നാടിന്റെ നന്മയ്ക്കായി നിലകൊള്ളുന്ന മഹത്തായ ഈ പദ്ധതികളെപ്പററി കൂടുതൽ വിവരങ്ങൾ ഗ്രഹിക്കുന്നതിനു്

തയ്യാറാകുകയും, ഈ പദ്ധതികളുടെ വിജയത്തിനുവേണ്ടി പരമാവധി ശ്രമിക്കുകയും ചെയ്യേണ്ടതു് ഓരോ പൗരൻെറയും കടമയാണു്.

## ദേശീയസമ്പാദ്യപദ്ധതി

### *നമ്മുടെ വികസനപ്രവർത്തനങ്ങളെ വിജയിപ്പിക്കാനുള്ള വിദേശീയരുടെ സഹായം*

രണ്ടാംപഞ്ചവത്സരപദ്ധതിയിലെ വരവിനങ്ങളും, ഓരോ വകുപ്പിനും ചെലവാക്കുന്ന തുകയും നാം കണ്ടുകഴിഞ്ഞു. ഈ പദ്ധതിയുടെ ധനാഗമമാർഗ്ഗങ്ങൾ നമ്മുടെ പ്രത്യേകപരിചിന്തനത്തിന്നു് വിഷയീഭവിക്കേണ്ടതാണു്. പൊതുമേഖലയിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന 4,800 കോടി ക്രുപായിൽ 2,000 കോടി ക്രുപായും കടം എടുക്കുകയാണെന്നുള്ള കാര്യം പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്. പിൻബലമില്ലാതെ നോട്ടടിച്ചാണു് 1,200 കോടി ക്രുപായുണ്ടാക്കുന്നതു്. കടമായി എടുക്കുന്ന 2,000 കോടി ക്രുപായിൽ 700 കോടി ക്രുപാ പൊതുജനങ്ങളിൽനിന്നു വായ്പയായും, 500 കോടി ക്രുപാ ലഘുസമ്പാദ്യപദ്ധതിയിനത്തിലും, 800 കോടി ക്രുപാ വിദേശങ്ങളിൽനിന്നുള്ള വായ്പയിനത്തിലുമാണെന്നു് നാം കണ്ടതാണു്. ലോകത്തിലെ മിക്ക രാജ്യങ്ങളും നമ്മുടെ പദ്ധതിയുടെ വിജയത്തിനുവേണ്ടി സാമ്പത്തികമായും, സാങ്കേതികമായുമുള്ള സഹായം നൽകിക്കൊണ്ടിരിക്കുകയാണു്. യു. എസ്സ്. എ., റഷ്യാ, ക്യാനഡാ, ഇംഗ്ലണ്ടു്, ജർമ്മനി, ജപ്പാൻ തുടങ്ങി ധാരാളം രാജ്യക്കാർ ഇന്ത്യയ്ക്കു് ദീർഘകാലവായ്പകൾ നൽകി സഹായിക്കുന്നുണ്ടു്. രണ്ടുശതമാനം, രണ്ടരശതമാനം, എന്നീ കുറഞ്ഞ പലിശ

നിരക്കു മാത്രമേ ഈ ദീർഘകാലവായ്പകൾക്കു് വിദേശീയർ ചുമത്തുന്നുള്ളു.

### *നാട്ടുകാർ പണം മിച്ചംവച്ചു് ഗവണ്മെൻറിനെ സഹായിക്കേണ്ടിയിരിക്കുന്നു*

നമ്മുടെ വമ്പിച്ച പദ്ധതികൾ വിജയിപ്പിക്കുന്നതിനു് അതിപ്രധാനമായ ഒരു ധനാഗമമാർഗ്ഗം പൊതുജനങ്ങളുടെ മിച്ചംവയ്പുകൊണ്ടാണു് ഉണ്ടാകേണ്ടതു്. ഓരോരുത്തർക്കും മിച്ചമുണ്ടാകുന്ന തുക തുച്ഛമായിരിക്കാം. പക്ഷേ, "പലതുള്ളി പെരുവെള്ളമാണു്." ഈ തത്വം ആസ്പദമാക്കിയാണു് ലഘുസമ്പാദ്യപദ്ധതി (ദേശീയസമ്പാദ്യപദ്ധതി) രൂപപ്പെടുത്തിയിരിക്കുന്നതു്. രണ്ടാം പദ്ധതിക്കാലത്തു് 500 കോടി രൂപാ ഈയിനത്തിൽ പിരിയേണ്ടതുണ്ടു്. മൂന്നാംപദ്ധതിക്കാലത്തു് 550 കോടി രൂപായായി ഈ തുക വർദ്ധിപ്പിച്ചേക്കാനിടയുണ്ടു്. ഇന്ത്യയുടെ അഭിവൃദ്ധിക്കായുള്ള വികസനപ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതിനുവേണ്ടി ഓരോരുത്തരും മിച്ചംവച്ചു് ദേശീയസമ്പാദ്യപദ്ധതിയിൽ നിക്ഷേപിച്ചെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്നത്ര രീതിയിൽ നമ്മുടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് ദേശീയസമ്പാദ്യപദ്ധതിയുടെ സന്ദേശം ഭാരതത്തിലെ ഓരോ ഭവനത്തിലും എത്തിച്ചേരേണ്ടതായുണ്ടു്. നാടിനു് നന്മ കൈവരുന്നതോടൊപ്പം ആകർഷകമായ പലിശസഹിതം നിക്ഷേപകനു് തുക തിരിച്ചുകിട്ടുമെന്നുള്ളതാണു് ഈ പദ്ധതിയുടെ ഇരട്ട നേട്ടങ്ങൾ. നിക്ഷേപം ഗവണ്മെൻറിൻെറ പക്കലാകയാൽ മുതൽ സുരക്ഷിതമായിരിക്കുകയും, നികുതിക്കു് വിധേയമാകാത്ത ആദായം ലഭിക്കുകയും ചെയ്യുന്നു.

ദേശീയസമ്പാദ്യപദ്ധതി രാജ്യവ്യാപകമായ തോതിൽ പ്രചരിപ്പിക്കുന്നതിന്ന്, അദ്ധ്യാപകർ, വില്ലേജ് ഓഫീസറന്മാർ, ഗ്രാമസേവകർ എന്നിവരെ ഇതിൻെറ അംഗീകൃത ഏജൻറന്മാരായി നിയമിച്ചിരിക്കുകയാണ്. ഓരോ ബ്ലോക്കുപ്രദേശത്തുനിന്നും പ്രതിവർഷം ഒരു നിശ്ചിതതുക ഈയിനത്തിൽ പിരിക്കണമെന്നുള്ളത് നിർബ്ബന്ധമാണ്. ദേശീയസമ്പാദ്യപദ്ധതി പ്രചരിപ്പിക്കുന്നതിനും മററുമായി ജില്ലകൾതോറും ഓരോ സംഘാടകനെ നിയോഗിച്ചിട്ടുണ്ട്. ദേശീയസമ്പാദ്യപദ്ധതിയുടെ പ്രവത്തനം ഊജ്ജിതപ്പെടുത്തുന്നതിനും നിശ്ചിതതുക പിരിക്കുന്നതിനുമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരു പ്രത്യേകവകുപ്പുതന്നെ പ്രവത്തിക്കുന്നു. ഓരോ സംസ്ഥാനത്തുനിന്നും ഈയിനത്തിൽ പിരിയുന്ന തുകയുടെ മൂന്നിൽ രണ്ടുഭാഗം അതതു സംസ്ഥാനങ്ങളിലെ വികസനപ്രവത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നതാണെന്നുള്ള കാര്യവും ഇവിടെ സ്മരണീയമാണ്. അതുകൊണ്ടു നമ്മുടെ സംസ്ഥാനത്തെ വികസനപ്രവത്തനങ്ങൾ ഊജ്ജിതപ്പെടുത്തണമെങ്കിൽ ഈയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക മുഴുവനും ലഭിക്കണമെന്നുള്ളത് ആവശ്യംമാത്രമാണ്. ദേശീയസമ്പാദ്യസർട്ടിഫിക്കററുകൾ പോസ്റ്റാഫീസുകൾവഴിയാണു നമുക്കു ലഭിക്കുന്നത്. ആളുകളുടെ കഴിവും സൗകര്യവുമനുസരിച്ചു പണം നിക്ഷേപിക്കത്തക്കവിധം ഈ പദ്ധതിയിൽത്തന്നെ പല രീതിയിലുള്ള നിക്ഷേപസമ്പ്രദായങ്ങളുമുണ്ടു്.

*1. പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കക്കൗണ്ട്*

പ്രായപൂത്തിയുള്ള ഏതൊരാൾക്കും പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം.

ഒരു രക്ഷാകർത്താവിനു മൈനർക്കുവേണ്ടിയോ പ്രായപൂർത്തിയായ രണ്ടുപേർ കൂട്ടുചേൎന്നോ അക്കൗണ്ട് ആരംഭിക്കാവുന്നതാണു്. ഒരക്കൗണ്ട് ആരംഭിക്കുന്നതിതിനു കുറഞ്ഞതു് രണ്ടുരൂപാ മതി. തുടൎന്നു് ഒരു രൂപാമുതൽ മേല്പോട്ടുള്ള തുകകൾ നിക്ഷേപിക്കാം. എന്നാൽ ഒരാൾക്കു് പരമാവധി 15,000 രൂപായും രണ്ടു വ്യക്തികൾക്കു് 30,000 രൂപാ വരെയും മാത്രമേ നിക്ഷേപിക്കാൻ സാധിക്കുകയുള്ളു. ഒരു അക്കൗണ്ടിൽനിന്നും ആഴ്ചയിൽ ഒരു പ്രാവശ്യം പണമെടുക്കാം. 25 രൂപാ മുതൽ 10,000 രൂപാ വരെയും, കൂട്ടുചേൎന്ന നിക്ഷേപമെങ്കിൽ 20,000 രൂപാ വരെയുമുള്ള തുകയ്ക്കു് രണ്ടര ശതമാനം പലിശയും, 10,000 രൂപായിൽ അധികമുള്ള തുകയ്ക്കു് രണ്ടു ശതമാനം പലിശയും ലഭിക്കുന്നതാണു്. പലിശ ആദായനികുതിക്കും, അധികാദായനികുതിക്കും വിധേയമാകുന്നതല്ല.

*2. പത്തുവൎഷത്തെ ട്രഷറി സേവിംഗ്സ് ഡിപ്പോസിററു സർട്ടിഫിക്കററുകൾ*

പണം കുറേക്കാലത്തേക്കു് സുരക്ഷിതമായി സൂക്ഷിക്കണമെന്നു് ആഗ്രഹിക്കുന്നവൎക്കും, അതിൻെറ ആദായം പ്രതിവർഷം വേണമെന്നു് ആഗ്രഹിക്കുന്നവൎക്കും വേണ്ടിയാണു് ഈ നിക്ഷേപം. 50 രൂപാ മുതൽ അതിൻെറ ഗുണിതങ്ങൾ 25,000 രൂപാവരെ ഇതിൽ നിക്ഷേപിക്കാവുന്നതാണു്. സ്ഥാപനങ്ങൾക്കും, രണ്ടുപേർ ചേർന്നും പരമാവധി 50,000 രൂപായും, ധൎമ്മസ്ഥാപനങ്ങൾക്കു് ഒരുലക്ഷം രൂപായും ഈയിനത്തിൽ നിക്ഷേപിക്കാം. ട്രഷറി ഇടപാടു നടത്തുന്ന 'സ്റ്റേററ് ബാങ്ക് ഓഫ് ഇൻഡ്യ'യുടെ ശാഖകളിലും ഡിസ്ട്രിക്റ്റ് ട്രഷറികൾ

ളിലും സബ്ട്രഷറികളിലും ഈ നിക്ഷേപങ്ങൾ സ്വീക രിക്കുന്നതാണ്.

നിക്ഷേപകനു നൽകുന്ന പലിശനിരക്ക് നാലു ശ തമാനമാണ്. നിക്ഷേപിച്ച് പത്തുവർഷം കഴിയു മ്പോൾ തുക മടക്കിയെടുക്കാം. പണം നേരത്തേ പിൻ വലിക്കണമെന്ന് ആഗ്രഹിക്കുന്നപക്ഷം നിക്ഷേപിച്ച് 12 മാസം കഴിഞ്ഞ് അങ്ങനെ ചെയ്യാവുന്നതാണ്. നേരത്തേ പിൻവലിക്കുന്ന തുകയ്ക്ക് ഒരു ഡിസ്കൗണ്ട് ഈടാക്കുന്നുണ്ട്.

### 3. *പതിനഞ്ചുവർഷത്തെ ആന്യൂറ്റി സർട്ടിഫിക്കറ്റുകൾ*

പ്രതിമാസം ദീർഘകാലത്തേക്ക് ക്രമമായി ഒരു തുക ലഭിക്കുന്നതിന് ഈ നിക്ഷേപം സഹായിക്കുന്നു. ഈ സർട്ടിഫിക്കറ്റുകളിൽ പണം നിക്ഷേപിക്കുന്നതാ യാൽ പ്രതിവർഷം നാലേകാൽ ശതമാനം കൂട്ടുപലിശ യോടുകൂടിയുള്ള പ്രതിമാസത്തുകകൾ 15 വർഷത്തേക്ക് ലഭിക്കുന്നതാണ്. 3,325 രൂപാ 6,650 രൂപാ 13,300 രൂപാ, 26,600 രൂപാ എന്നീ തുകകളാണ് ഇതിൽ നി ക്ഷേപിക്കാൻ സാധിക്കുന്നത്. അവയ്ക്കു കിട്ടുന്ന പ്രതി മാസത്തുകകൾ യഥാക്രമം 25 രൂപാ, 50 രൂപാ, 100 രൂപാ, 200 രൂപാ എന്നിങ്ങനെയാണ്. നിക്ഷേപിച്ച് ഒരുമാസം കഴിയുമ്പോൾ മുതൽ ഈ തുക മാസംതോറും ക്രമമായി ലഭിച്ചുകൊണ്ടിരിക്കും. പ്രായപൂർത്തിയായ ഒ രാൾക്ക് 26,600 രൂപായും, രണ്ടുപേർ ചേർന്ന് 53,200 രൂപായും ഇതിൽ നിക്ഷേപിക്കാം.

*4. പന്ത്രണ്ടുവർഷത്തേക്കുള്ള നാഷണൽപ്ലാൻ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ*

ഈ സർട്ടിഫിക്കററുകൾ 5 രൂപാ, 10 രൂപാ, 50 രൂപാ, 100 രൂപാ, 500 രൂപാ, 1,000 രൂപാ, 5,000 രൂപാ എന്നീ ക്രമങ്ങളിൽ ഉള്ളതാണ്. സേവിംഗ്സ് ബാങ്ക് പ്രവൃത്തിനടത്തുന്ന എല്ലാ പോസ്റ്റാഫീസുകളിൽനിന്നും ഈ സർട്ടിഫിക്കററുകൾ ലഭിക്കുന്നതാണ്. പന്ത്രണ്ടുവർഷംകൊണ്ടു് സർട്ടിഫിക്കററിന്റെ കാലാവധി പൂർത്തിയാകുന്നു. ഈ സർട്ടിഫിക്കററുകളെ, നൽകിയ തീയതിമുതൽ 12 മാസം കഴിഞ്ഞാൽ വേണമെങ്കിൽ പണമായി മാററുവാൻ കഴിയും. എന്നാൽ രണ്ടാമത്തെ വർഷംമുതൽക്കേ പലിശ ലഭിക്കുകയുള്ളു. സർട്ടിഫിക്കററുകളിൽനിന്നും കിട്ടുന്ന പലിശ ക്രമേണ വർദ്ധിച്ചുവരുന്നതും കാലാവധി അവസാനിക്കുമ്പോൾ 5·41 ശതമാനം പലിശസഹിതം തിരികെ കിട്ടുന്നതുമാണ്. 5 രൂപാമുതൽ 25,000 രൂപാവരെ ഒരാൾക്കു് ഇതിൽ നിക്ഷേപിക്കാവുന്നതാണ്. രണ്ടുപേർ ചേർന്നു് 50,000 രൂപാവരെ ഇതിൽ നിക്ഷേപിക്കാം. ഇതിൽനിന്നു കിട്ടുന്ന പലിശ ആദായനികുതി, അധികാദായനികുതി എന്നിവയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്. പന്ത്രണ്ടുവർഷത്തിനുശേഷം 5 രൂപാ, 8·25 രൂപായായും, 10 രൂപാ 16·50 രൂപായായും 100 രൂപാ 165 രൂപായായും ഈ ക്രമത്തിനു വർദ്ധിക്കുന്നു.

*5. സഞ്ചിതനിക്ഷേപപദ്ധതി*

പ്രതിമാസം 5 രൂപാ, 10 രൂപാ, 20 രൂപാ, 50 രൂപാ, 100 രൂപാ, 200 രൂപാ എന്നീ ക്രമത്തിൽ 5 വർഷത്തേക്കോ, 10 വർഷത്തേക്കോ ഉള്ള സഞ്ചിതനിക്ഷേപ

പദ്ധതിയിൽ നിക്ഷേപിച്ചാൽ കാലാവധിക്കുശേഷം ഗണ്യമായ വദ്ധനവോടുകൂടി തിരിച്ചുകിട്ടുന്നതാണു്. 5 രൂപാവീതം അടയ്ക്കുന്ന ആളിനു് അഞ്ചുവഷത്തേക്കാണെങ്കിൽ കാലാവധിക്കുശേഷം 325 രൂപായും പത്തുവർഷത്തിനുശേഷം 725 രൂപായും തിരികെ കിട്ടും. പത്തുരൂപാവീതം യഥാക്രമം 650; 1450 എന്നീ ക്രമത്തിലും, 20 രൂപാ, 1,300 രൂപാ, 2,900 രൂപാ എന്നീ ക്രമത്തിലും 50 രൂപാ 3,250 രൂപാ, 7,250 രൂപാ എന്നീ ക്രമത്തിലും 100 രൂപാ 6,500 രൂപാ 14,500 രൂപാ എന്നീ ക്രമത്തിലും വദ്ധിക്കുന്നതാണു്.

പോസ്റ്റാഫീസിൽനിന്നും ലഭിക്കുന്ന നിദ്ദിഷ്ടഫാറം പൂരിപ്പിച്ചു് ആദ്യത്തെ തവണ അടച്ചാൽ ഒരു പാസ്സുബുക്കു് ലഭിക്കുന്നതാണു്. തുടന്നു് മാസംതോറും പണം നിക്ഷേപിച്ചുകൊണ്ടിരുന്നാൽ മതി. പ്രായപൂത്തിവന്ന ഒരാൾക്കോ, രണ്ടുപേർ ചേന്നോ നിക്ഷേപം ആരംഭിക്കാം. പ്രായപൂത്തിയാകാത്ത ആളിനുവേണ്ടി രക്ഷാകത്താവിനു ചേരാവുന്നതാണു്. പത്തുവഷനിക്ഷേപത്തിൽ ഒരാൾക്കു് പ്രതിമാസം 100 രൂപാവരെയും കൂട്ടുചേന്ന അക്കൗണ്ടാണെങ്കിൽ 200 രൂപാവരെയും നിക്ഷേപിക്കാം. അഞ്ചുവഷനിക്ഷേപത്തിൽ ഒരാളിനു് പ്രതിമാസം 200 രൂപാവരെയും രണ്ടുപേർ ചേന്നു് 400 രൂപാവരെയും നിക്ഷേപിക്കാം.

പണം നിക്ഷേപിച്ചു് ഒരുവർഷം കഴിഞ്ഞാൽ ആകെ നിക്ഷേപത്തിന്റെ പകുതിവരെ പിൻവലിക്കാൻ സാധിക്കും. അഞ്ചുവർഷ അക്കൗണ്ടാണെങ്കിൽ കാലാവധിക്കുമുമ്പു് ഒരു പ്രാവശ്യവും പത്തുവർഷ അക്കൗണ്ടാണെങ്കിൽ രണ്ടു പ്രാവശ്യവും പണം പിൻവലിക്കാവുന്നതാണു്. പിൻവലിച്ച തുക തിരിച്ചടയ്ക്കേണ്ട ആവശ്യ

മില്ല. ക്ലിപ്തകാലാവധി തീരുന്ന മുറയ്ക്കു് അക്കൗണ്ടനു സരിച്ചു് ലഭിക്കേണ്ട തുകയിൽനിന്നു് പിൻവലിച്ച തുകയും പ്രതിവർഷം ആറുശതമാനപ്രകാരം അതിന്മേലുള്ള സാധാരണപലിശയും കുറയ്ക്കുന്നതാണു്. നിക്ഷേപകൻ അന്തരിക്കുകയാണെങ്കിൽ നിയമാനുസൃതമുള്ള അനന്തരാവകാശിക്കോ കൂട്ടുചേർന്നുള്ള അക്കൗണ്ടാണെങ്കിൽ അയാളെ അതിജീവിക്കുന്ന പങ്കാളിക്കോ കാലാവധി അവസാനിക്കുന്നതുവരെ അക്കൗണ്ടു് തുടരാവുന്നതാണു്.

സഞ്ചിതനിക്ഷേപപദ്ധതിയിൽ ക്രമമായി നിക്ഷേപിക്കുന്ന തുച്ഛമായ തുക ക്രമേണ ഗണ്യമായ ഒരു സമ്പാദ്യമായി വളരുന്നു. ഭാവിയിൽ ഉണ്ടാകുന്ന ആവശ്യങ്ങൾക്കു് പണം കരുതിവയ്ക്കാൻ ഈ പദ്ധതി സഹായകമാണു്. നിക്ഷേപിക്കുന്ന പണം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിനു വിനിയോഗിക്കപ്പെടുകയും നിക്ഷേപകനു് ആകർഷകമായ പലിശയോടുകൂടി തുക തിരികെ കിട്ടുകയും ചെയ്യുന്നു.

### *6. സമ്പാദ്യസ്റ്റാമ്പുകൾ*

കുട്ടികൾ, തൊഴിലാളികൾ എന്നിവർക്കു് ദേശീയ സമ്പാദ്യപദ്ധതിയിൽ പങ്കുകൊള്ളത്തക്കവിധം ദേശീയസമ്പാദ്യസ്റ്റാമ്പുകൾ ഉണ്ടു്. പോസ്റ്റാഫീസിൽ നിന്നോ ഗ്രാമസേവകരിൽനിന്നോ സൗജന്യമായി ലഭിക്കുന്ന 20 ഖണ്ഡങ്ങളുള്ള ഒരു കാർഡിൽ ഈ സ്റ്റാമ്പുകൾ ഒട്ടിച്ചു സൂക്ഷിക്കാവുന്നതാണു്. 25 നയാപൈസാ 50 നയാപൈസാ ഒരു രൂപാ എന്നീ വിലയ്ക്കുള്ള ദേശീയ സമ്പാദ്യസ്റ്റാമ്പുകൾ പോസ്റ്റാഫീസിൽനിന്നും ലഭിക്കുന്നതാണു്. ഈ സ്റ്റാമ്പുകൾ സൗകര്യംപോലെ വാങ്ങി ഖണ്ഡങ്ങളിൽ ഒട്ടിക്കുകയും 5 രൂപായോ 10 രൂപായോ

20 രൂപായോ തികയുമ്പോഠം അതു കൊടുത്തിട്ട് പോസ്റ്റാഫീസിൽനിന്നും 12 വർഷത്തേക്കുള്ള ദേശീയസമ്പാദ്യ സർട്ടിഫിക്കറേറാ സമ്മാനപത്രമോ വാങ്ങാവുന്നതുമാണു്. സ്ക്കൂഠംക്കുട്ടികഠം, തൊഴിലാളികഠം എന്നിവർ ധാരാളമായി ഇത്തരം സ്റ്റാമ്പുകഠം വാങ്ങി മിച്ചംവയ്ക്കുകയും, പഞ്ചവത്സരപദ്ധതിക്കു് അവരുടെ സംഭാവന നൽകുകയും ചെയ്യുന്നു.

കുട്ടികഠംക്കു് ഇളംപ്രായത്തിൽ നല്ലകാര്യങ്ങഠംക്കു് മിച്ചംവയ്ക്കാനുള്ള ഒരു സ്വഭാവംകൂടിയാണു് ഇതോടൊപ്പം വളരുന്നതു്. ഈ സ്വഭാവം ദൃഢമൂലമാകുന്നതോടുകൂടി ശോഭനമായ ഒരു ജീവിതം നയിക്കുന്നതിനുള്ള വഴി തെളിയുകയും ചെയ്യുന്നു. കുട്ടികഠം പലപ്പോഴായി മിച്ചംവയ്ക്കുന്ന കൊച്ചുകൊച്ചു തുകകഠം അവരോടൊപ്പം വളരുകയും ഭാവിയിൽ കൊഴുത്ത സംഖ്യകളായി അവക്കു തിരിച്ചുകിട്ടുകയും ചെയ്യുന്നു. ഉയന്ന ക്ലാസുകളിലെത്തുമ്പോഠം നല്ല പേന, വാച്ചു്, ഗ്രന്ഥങ്ങഠം തുടങ്ങി അവക്കു് അത്യാവശ്യമുള്ള സാധനങ്ങഠം അന്നു വാങ്ങുന്നതിനും ഈ തുക സഹായിക്കുന്നതാണു്.

*പ്രൈസ്ബോണ്ടു് പദ്ധതി (സമ്മാനപത്രപദ്ധതി)*

ദേശീയസമ്പാദ്യപദ്ധതി കൂടുതൽ സമാകർഷകമാക്കുന്നതിനും, ബഹുജനങ്ങളെ ഈ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തുന്നതിനുംവേണ്ടി 1960 ഏപ്രിൽ ഒന്നാം തീയതി മുതൽ ഗവണ്മെൻറ് ഒരു സമ്മാനപത്രപദ്ധതി ആരംഭിച്ചിരിക്കുകയാണു്. അഞ്ചുരൂപായും നൂറുരൂപായും വിലയുള്ള പ്രൈസ്ബോണ്ടുകഠം (സമ്മാനപത്രങ്ങഠം) പോസ്റ്റാഫീസിൽനിന്നോ, ട്രഷറിയിൽനിന്നോ, സ്റ്റേറവുബാങ്കിൻെറ ശാഖയിൽനിന്നോ വാങ്ങാൻ

സാധിക്കും. അപേക്ഷ കൊടുക്കുകയോ, മേൽവിലാസം വെളിപ്പെടുത്തുകയോ ചെയ്യാതെതന്നെ ഈ പത്രങ്ങൾ എത്രവേണമെങ്കിലും വാങ്ങാവുന്നതാണു്. ധനം സൂക്ഷിക്കുന്നതുപോലെ ഈ പത്രങ്ങൾ സൂക്ഷിച്ചുവയ്ക്കാൻ ശ്രദ്ധിക്കണം.

ഓരോ മൂന്നുമാസം കൂടുമ്പോൾ പത്രങ്ങളിലുള്ള നമ്പരുകൾ കുറിച്ചിട്ടു നറുക്കെടുപ്പു നടത്തുന്നു. ആദ്യത്തെ നറുക്കെടുപ്പു് 1960 സെപ്റ്റംബർ ഒന്നാംതീയതിയാണു നടക്കുന്നതു്. ഒരുലക്ഷം നൂറുരൂപാ ബോണ്ടുകൾ അടങ്ങിയ ഓരോ പരമ്പരയ്ക്കും 25,000 രൂപാമുതൽ 500 രൂപാവരെയുള്ള 40 സമ്മാനങ്ങൾ നൽകപ്പെടുന്നു. പത്തുലക്ഷം അഞ്ചുരൂപാ ബോണ്ടുകൾ അടങ്ങിയ ഓരോ പരമ്പരയ്ക്കും 7,500 രൂപാമുതൽ 50 രൂപാവരെയുള്ള 278 സമ്മാനങ്ങൾ നൽകുന്നതാണു്. ഒരാൾക്കു് ഒരിക്കൽ സമ്മാനം കിട്ടിയാലും അയാളുടെ ഭാഗ്യം വീണ്ടും പരീക്ഷിക്കാൻ സാധിക്കും. തുടർന്നുള്ള എല്ലാ മൂന്നുമാസത്തിലൊരിക്കൽ നടത്തുന്ന നറുക്കെടുപ്പിലും ആ നമ്പരും ചേർക്കുന്നതാണു്. അങ്ങനെ പത്തൊൻപതു പ്രാവശ്യം ഒരു പരമ്പരയിൽ വില്ക്കുന്ന ബോണ്ടുകൾക്കു നറുക്കെടുപ്പു നടത്തുന്നു. ബോംബേ, കൽക്കട്ടാ, മദ്രാസ്, നാഗ്പൂർ, ന്യൂഡൽഹി, ബാംഗ്ളൂർ, എന്നീ സ്ഥലങ്ങളിൽ വച്ചാണു നറുക്കെടുപ്പു നടത്തുന്നതു്. ബോണ്ടുകൾ വാങ്ങിയിട്ടുള്ള ഏതൊരാൾക്കും നറുക്കെടുപ്പു കാണുവാൻ സ്വാതന്ത്ര്യമുണ്ടു്. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു പ്രാദേശികസമിതിയാണു് ഓരോ സ്ഥലത്തും നറുക്കെടുപ്പിന്റെ മേൽനോട്ടം വഹിക്കുന്നതു്. സമ്മാനം നേടുന്ന ബോണ്ടുകളുടെ നമ്പരുകൾ ഗസററിലും പ്രധാന ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

സമ്മാനപത്രപദ്ധതിക്കു ചില സവിശേഷതകളുണ്ട്. ഭാഗ്യക്കുറിയിൽ പണം മുടക്കുന്നവരിൽ സമ്മാനം കിട്ടുന്നവരൊഴിച്ചു മറെറല്ലാവക്കും അവരുടെ മുടക്കുമുതൽ നഷ്ടപ്പെടുന്നതാണ്. എന്നാൽ ഈ സമ്മാനപത്രപദ്ധതിയിൽ മുടക്കുമുതൽ ആക്കും നഷ്ടപ്പെടുന്നില്ല. ആദ്യത്തെ പരമ്പരയിൽ ബോണ്ടുകൾ വാങ്ങിയവക്ക് അഞ്ചുവർഷം കഴിഞ്ഞു് (1965 ഏപ്രിൽ ഒന്നിന്) മുടക്കുമുതൽ മടക്കിക്കിട്ടുന്നതാണ്. പലിശയിനത്തിൽ തുച്ഛമായ ഒരു തുക നഷ്ടമായേക്കാം. എന്നാൽ വലിയ തുകകൾ സമ്മാനമായി കിട്ടാനുള്ള സാദ്ധ്യതകൾ വളരെയുണ്ടുതാനും.

പ്രൈസ്ബോണ്ടുകൾ ഇനിയും തുടൻ ലഭിക്കുന്നതാണ്. ഈ ബോണ്ടുകൾ വാങ്ങാൻ ഓരോരുത്തരും തയ്യാറാകുന്നതുകൊണ്ടു് ഭാഗ്യം പരീക്ഷിക്കുക മാത്രമല്ല, നാട്ടിലെ വികസനപ്രവത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് അവരുടെ സംഭാവന നൽകുകകൂടിയായിരിക്കും അതുകൊണ്ടു സാധിക്കുന്നതു്. പ്രൈസ്ബോണ്ട് ഇനത്തിൽ ഓരോ സംസ്ഥാനത്തുനിന്നും പിരിഞ്ഞുകിട്ടുന്ന തുകയുടെ പകുതിഭാഗം ആ സംസ്ഥാനത്തിലെ വികസനപ്രവത്തനങ്ങൾക്ക് ഉപയോഗിക്കും എന്നുള്ള കാര്യവും നാം ഓക്കേണ്ടതാണ്.

*ദേശീയസമ്പാദ്യപദ്ധതിയുടെ സന്ദേശം*

ദേശീയസമ്പാദ്യപദ്ധതിയുടെ പിന്നിൽ മഹത്തായ ചില ഉദ്ദേശ്യങ്ങൾ ഉള്ളതോടൊപ്പം നാട്ടുകാക്കു നൽകാനുള്ള ചില സന്ദേശങ്ങളും ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നുണ്ടു്. ഈ പദ്ധതിമൂലം ആളുകളിൽ മിച്ചം വയ്ക്കാനുള്ള ഒരു വാസന വളരുന്നതാണ്. പണം ധൂത്ത

ടിക്കുന്ന സ്വഭാവത്തിനു വിരാമമിടുന്നതിനും മിതവ്യയശീലം കൈവരുത്തുന്നതിനും ഈ പദ്ധതി സഹായിക്കുന്നു. നാട്ടിൽ നാണയപ്പെരുപ്പംകൊണ്ടുണ്ടാകാവുന്ന പ്രയാസങ്ങളെ തടയുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. ഇതു വിലക്കയറ്റത്തെ തടയുന്നതിനു സഹായിക്കുന്നു.

നമ്മുടെയെല്ലാം നന്മയ്ക്കായി നിലകൊള്ളുന്ന പഞ്ചവത്സരപദ്ധതിയിൽ പങ്കുചേരാനുള്ള ഒരവസരംകൂടിയാണ് ഈ പദ്ധതിമൂലം ആളുകൾക്കു ലഭിക്കുന്നതു്. അഞ്ചുരൂപായെങ്കിലും ഈ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുള്ള ഒരാൾക്കു തീർച്ചയായും അഭിമാനത്തിന് അവകാശമുണ്ടു്. തുച്ഛമെങ്കിലും നാടിന്റെ നന്മയ്ക്കു തന്റെ സംഭാവനയും നൽകിയെന്നുള്ള ചാരിതാർത്ഥ്യമാണ് ഇതുകൊണ്ടു ലഭിക്കുന്നതു്. കൊടുക്കുന്ന അഞ്ചുരൂപാ ഏഴേകാൽ രൂപായായി 12 വർഷങ്ങൾക്കുശേഷം തിരികെ കിട്ടുകയുംചെയ്യും.

സാധാരണക്കാരിൽ മിച്ചംവയ്ക്കുന്നതിനുള്ള വാസന വളർത്തുന്നതിനും അവരുടെ സമ്പാദ്യവും നാടിന്റെ നന്മയ്ക്കായി നീക്കുന്നതിനും അതേസമയം വർദ്ധിച്ച തുകകൾ അവർക്കു നൽകി അവരെ സഹായിക്കുന്നതിനും കൂടിയാണ് ഈ ചെറുകിടസമ്പാദ്യപദ്ധതി ആവിഷ്കരിച്ചിരിക്കുന്നതു്. സാധാരണക്കാർക്ക് ഇതിൽ പങ്കുചേരാനുള്ള അവസരം കൂടുതൽ നൽകണമെന്ന് ഉദ്ദേശിക്കുന്നതുകൊണ്ടാണ് യാതൊരാൾക്കും ഒരു ക്ലിപ്തതുകയിൽ കൂടുതൽ ഈ പദ്ധതിയിൽ നിക്ഷേപിക്കാൻ പാടില്ലെന്നു നിഷ്കർഷിച്ചിരിക്കുന്നതു്. കൊച്ചുകൊച്ചു തുകകളെങ്കിലും അല്പമായി വരുമാനമുള്ളവരും, ഇടത്തരക്കാരും ഈ പദ്ധതിയിൽ പങ്കുകൊള്ളാൻ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. തന്മൂലം കൂടുതൽ ആളുകൾക്കു ഭാരതത്തിൻെറ വികസനപ്രവത്തനത്തിൽ പങ്കുചേരുന്നതിനും അതോടൊപ്പം അവക്കു കൂടുതൽ ആദായം ലഭിക്കുന്നതിനും ഇടയാകുന്നു.

നമ്മുടെ നാട്ടിൽ ഐശ്വര്യം കൈവരുത്തുവാനുള്ള ഒരു വമ്പിച്ച യജ്ഞത്തിൽ നാം ഏറ്റപ്പെട്ടിരിക്കുകയാണ്. നമ്മുടെ പദ്ധതികളുടെ വിജയത്തിനുവേണ്ടി പല ത്യാഗങ്ങളും നാം സഹിക്കേണ്ടിവരും. പണം നൽകിയും അദ്ധ്വാനംകൊണ്ടും ഭൂമിദാനം ചെയ്തുമെല്ലാം പദ്ധതിയെ സഹായിക്കാനായി നാം ചെയ്യുന്ന ഏതൊരു സംഭാവനയും ഗണ്യമായ ഒരു പുണ്യമായി പരിഗണിക്കാവുന്നതാണ്. "കൂടുതൽ ഉല്പാദിപ്പിക്കുകയും കൂടുതൽ മിച്ചംവയ്ക്കുകയും ചെയ്യുക" എന്നുള്ളതാണ് ഇന്നു നമ്മെ നയിക്കേണ്ട സൂത്രവാചകം.

പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും, ആകർഷകമായ പലിശ ലഭിക്കുന്നതിനും സർവ്വോപരി ഭാരതത്തിൻെറ ഭാവി ശോഭനമാക്കുന്നതിനുമായിട്ടാണ് ദേശീയസമ്പാദ്യപദ്ധതിയിൽ നാം പണം നിക്ഷേപിക്കുന്നതു്. ഈ പദ്ധതിയുടെ മഹത്വത്തെപ്പററി നമ്മുടെ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്: "ദേശീയസമ്പാദ്യപദ്ധതിക്കു ഞാൻ വലുതായ പ്രാധാന്യം കല്പിക്കുന്നു. ഈ പ്രവത്തനത്തിൽ സഹകരിച്ചു സമ്പാദ്യം വർദ്ധിപ്പിക്കുന്ന ഓരോരുത്തരും നമ്മുടെ പഞ്ചവത്സരപദ്ധതി പൂത്തീകരിക്കുന്നതിൽ സഹായിക്കുന്നതിനു പുറമേ അതിൽ പങ്കാളിയാവുകയും ചെയ്യുന്നു."

## അദ്ധ്യായം ഏഴ്

# സാമൂഹ്യവികസനം — മററുരാജ്യങ്ങളിൽ

ഗ്രാമസൗഭാഗ്യം കൈവരുത്തുതിനുള്ള സാമൂഹ്യവികസനപരിപാടി ഭാരതത്തിൽ മാത്രമല്ല, മററുനാടുകളിലും പ്രയോഗത്തിലിരിക്കുന്നു എന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഓരോ രാജ്യത്തിൻെറയും പരിതഃസ്ഥിതികളുമായി ഇണങ്ങിച്ചേരുന്ന പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണു് അതതുരാജ്യങ്ങളിൽ ഈ പരിപാടി രൂപപ്പെടുത്തിയിരിക്കുന്നതു്. ഇവയിൽ ചില രാജ്യങ്ങളിലെ സാമൂഹ്യവികസനപരിപാടിയെപ്പററി ചുരുക്കമായി ഒന്നു പരിശോധിക്കാം.

### *1. അമേരിക്കൻ ഐക്യനാടുകൾ*

അമേരിക്കയിലെ പ്രസിദ്ധമായ 'ലാൻഡ്ഗ്രാന്റ് കോളേജ്'' കൃഷി, സാമ്പത്തികശാസ്ത്രം മുതലായവയിൽ അഭ്യസനം നൽകിവന്നു. ഗ്രാമീണക്ക് ഈ വിഷയങ്ങളിൽ താല്പര്യം ജനിച്ചുതുടങ്ങി. കൃഷിസംബന്ധമായും മററുമുള്ള ഗവേഷണങ്ങളുടെ ഫലങ്ങൾ കോളേജദ്ധ്യാപകർ അവരെ അറിയിക്കണമെന്നു് അവർ അഭ്യർത്ഥിച്ചു. തൽഫലമായി എക്സ്റ്റൻഷൻസർവ്വീസ് (വികസനപരിപാടി) അവിടെ ആരംഭിക്കപ്പെട്ടു. 1914 ആയപ്പോഴേയ്ക്കും ഈ പരിപാടിക്കു് അവിടെ വമ്പിച്ച പ്രാധാന്യം ലഭിക്കുകയും ചെയ്തു.

'വികസനത്തെ' അമേരിക്കക്കാർ 'വിദ്യാലയത്തിനു വെളിയിലുള്ള വിദ്യാഭ്യാസ'മായിട്ടാണു് കരുതുന്നതു്. കൃഷിയും മററും അഭിവൃദ്ധിപ്പെടുത്തി മെച്ചമായ ഒരു

ജീവിതം കൈവരുത്തുന്നതിനുള്ള വിദ്യാഭ്യാസം. ആഹാരം വസ്ത്രം മുതലായവയിൽ സുഭിക്ഷത കൈവരുത്തുകയും, രാഷ്ട്രത്തെ സമ്പുഷ്ടമാക്കുകയും ചെയ്യുകയെന്നുള്ളതായിരിക്കണം അതിൻെറ ഫലം. വ്യക്തിയുടെ സർവ്വതോമുഖമായ അഭിവൃദ്ധിയും ഇതിൻെറ ലക്ഷ്യമാണ്. അമേരിക്കയിലെ വികസനപരിപാടിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ ചുവടെ ചേക്കുന്നവയാണ്:

1. കഷകൻെറ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് സാങ്കേതികവിജ്ഞാനം നൽകുകയും അങ്ങനെ അവൻെറ ആദായം വദ്ധിപ്പിച്ച് ജീവിതനില ഉയത്തുകയും ചെയ്യുക.

2. വീടിനും നാടിനും പ്രയോജനമുള്ള ഉത്തമവ്യക്തികളായി വളരുന്നതിന് യുവജനങ്ങളെ പരിശീലിപ്പിക്കുക.

3. ഗ്രാമീണരുടെ സാമൂഹ്യവും, സാംസ്കാരികവും ആത്മീയവുമായ അഭിവൃദ്ധി കൈവരുത്തുക.

4. ഗ്രാമനേതൃത്വം, വിനോദം, ജോലി, സാമൂഹ്യജീവിതം എന്നിവയിൽക്കൂടി ഗ്രാമീണരുടെ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക.

5. തങ്ങളുടെ ജോലിയോടും, വീടിനോടും, രാജ്യത്തോടും കൂറുള്ളവരും സ്വാശ്രയശീലവും, സ്വാതന്ത്ര്യബോധവും, കാര്യക്ഷമതയുള്ളവരുമായ ഒരു ഗ്രാമീണജനതയെ സൃഷ്ടിക്കുക.

'സഹകരണകൃഷിവികസനപരിപാടി' എന്നും അമേരിക്കയിലെ വികസനപ്രസ്ഥാനം അറിയപ്പെടുന്നു. 'കൗണ്ടി എക്സ്റ്റെൻഷൻ ഏജൻ്റ്' എന്ന പ്രവത്തകനാണ് ഈ പരിപാടിയിലെ പ്രധാനഘടകമായി നിലകൊ

ള്ളുന്നതു്. കൃഷി, യുവജനക്ഷേമം മുതലായവയുടെ ചുമതല അദ്ദേഹം വഹിക്കുന്നു. പത്തുവയസ്സിനും ഇരുപതുവയസ്സിനും മദ്ധ്യേയുള്ള ആളുകൾക്കുവേണ്ടി '4 എച്ച് ക്ലബ്ബ്' (4 H Club) എന്ന സംഘടന പ്രവത്തനം നടത്തുന്നുണ്ടു്. വികസനപരിപാടിയുടെ അധിപൻ എക്സ്റ്റൻഷൻ ഡയറക്ടറാണു്. അദ്ദേഹത്തിൻെറ കീഴിലാണു് കൗണ്ടി ഏജൻറുകൾ പ്രവത്തിക്കുന്നതു്. അവർ നമ്മുടെ ഗ്രാമസേവകരെപ്പോലെ ഭവനസന്ദശ്നം നടത്തുക, ഗ്രൂപ്പുചച്ചകൾ നടത്തുക, ഡമൺസ്ട്രേഷനും മററും നടത്തി പുതിയ കൃഷിസമ്പ്രദായങ്ങൾ കഷകരെ പഠിപ്പിക്കുക എന്നിവയെല്ലാം ചെയ്യുന്നു.

## 2. ഇംഗ്ലണ്ടു്

വികസനപരിപാടി ഇംഗ്ലണ്ടിൽ സ്വകാര്യ ഏജൻസികളാണു് ആദ്യം ആരംഭിച്ചതു്. കൃഷിസംബന്ധമായ കാര്യങ്ങളിൽ സാങ്കേതികജ്ഞാനം നൽകുന്നതിനും, ഗവേഷണങ്ങൾ നടത്തുന്നതിനും കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. 1889-ൽ ഒരു 'കാഷികബോർഡ്' സ്ഥാപിതമായി. അടുത്തവഷം നിയമംമൂലം ഈ ബോർഡിനു് കൃഷിവികസനം നടത്തുന്നതിനായി കൗണ്ടികൗൺസിലിനെ പണംകൊടുത്തു സഹായിക്കുന്നതിനുള്ള ചുമതല വന്നുചേൻു. കൗണ്ടികൗൺസിലുകൾ കൃഷിവികസനത്തിനായി പല പരിപാടികളും ആരംഭിച്ചു. ചച്ചാക്ലാസ്സുകൾ, പ്രഭാഷണങ്ങൾ എന്നിവമൂലം കഷകക്കു് കൗണ്ടികൗൺസിലുകൾ സാങ്കേതികവിജ്ഞാനം നൽകുകയുണ്ടായി. സവ്വകലാശാലകളോടുചേൻു് കാഷികകോളേജുകൾ സ്ഥാപിക്കപ്പെട്ടു.

സാമൂഹ്യകാഷിക സവ്വീസ്, കാഷികോപദേശക

സർവീസ് എന്നീ ഘടകങ്ങളാണു് ഇംഗ്ലണ്ടിൽ കാർഷികവികസനം നടത്തിയിരുന്നതു്. കാർഷികോപദേശകസർവീസുകളുടെ പ്രവർത്തനത്തിനു് കൗണ്ടികളെ പ്രോവിൻസുകളായി വിഭജിച്ചിരുന്നു. കൗണ്ടിയിലെ പ്രധാന ഉദ്യോഗസ്ഥൻ കൗണ്ടിസംഘാടകനാണു്. അദ്ദേഹം അവിടത്തെ കാർഷികകോളേജിന്റെ പ്രിൻസിപ്പാളുംകൂടിയായിരിക്കും. മററു വിഷയങ്ങളിലുള്ള സാങ്കേതികവിദഗ്ധന്മാരുടെ സേവനവും കൗണ്ടികൾക്കു ലഭിക്കുന്നു.

പ്രഭാഷണങ്ങൾ, ഫിലിംപ്രദർശനങ്ങൾ എന്നിവയെല്ലാം നടത്തി കാർഷികവകുപ്പു് ആളുകൾക്കു് വിജ്ഞാനം നൽകുന്നുണ്ടു്. വികസനപ്രസ്ഥാനം അടിക്കടി അവിടെ വളർന്നുവന്നു. യുവകർഷകസംഘടനകളുടെയും, മഹിളാസംഘടനകളുടെയും ദേശീയസംഘടനകൾ രൂപമെടുത്തു. യുവജനങ്ങളെ യഥാർത്ഥ പൗരന്മാരാക്കിത്തീർക്കുന്നതിനും, അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും ഈ സംഘടനകൾ സഹായിച്ചു. നാട്ടിൻപുറങ്ങളിലെ ഭവനങ്ങളുടെ അവസ്ഥ മെച്ചമാക്കുന്നതിനു് സ്ത്രീകളുടെ സംഘടനകൾക്കു സാധിച്ചു. പ്രഭാഷണങ്ങൾ, ഫിലിം പ്രദർശനങ്ങൾ, ചർച്ചകൾ, സംഗീതം, നാടകം എന്നിവമൂലമാണു് അവർക്കിതു സാധിച്ചതു്. ചെറുകിടവ്യവസായങ്ങൾ, പഴവർഗ്ഗങ്ങളുടെ സംരക്ഷണം എന്നിവ നടത്തുന്നതിനും വേണ്ട പരിപാടികൾ അവർ കൈക്കൊണ്ടു.

രണ്ടാംലോകമഹായുദ്ധത്തോടുകൂടി ഭക്ഷ്യവർദ്ധനവിനുള്ള ധാരാളം പദ്ധതികൾ ഇംഗ്ലണ്ടിൽ ആരംഭിക്കുകയുണ്ടായി. ദേശീയ ക്ഷീരപരിശോധനവകുപ്പിന്റെ പ്രവർത്തനഫലമായി ക്ഷീരോല്പന്നങ്ങളുടെ നില മെച്ചപ്പെട്ടു. 'വിക്ടറി ഗാർഡൻ' പ്രസ്ഥാനം ആളുകളിൽ കാർഷിക

ത്തോട്ടം നട്ടുവളർത്തുന്നതിനുള്ള വാസന വളർത്തി. കൃഷിക്കാർ മലക്കറികൾ ധാരാളമായി ഉല്പാദിപ്പിച്ചു. കോഴിവളർത്തലിലും ഗണ്യമായ പുരോഗതി കൈവന്നു.

രാജ്യത്തെ എല്ലാ വികസനപ്രസ്ഥാനത്തെയും കൂട്ടിച്ചേർത്തു് 'നാഷണൽ അഡ്വൈസറി സർവീസ്' എന്നൊരു വകുപ്പു സ്ഥാപിതമായിട്ടുണ്ടു്. ഈ വകുപ്പിനാവശ്യമുള്ള പണം നൽകുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു കേന്ദ്രവകുപ്പും ഗവണ്മെന്റിനുണ്ടു്.

*3. ജപ്പാൻ*

ജപ്പാനിലെ വികസനപ്രസ്ഥാനത്തിന്റെ ഫലമായി വമ്പിച്ച പുരോഗതിയാണു് കാർഷികരംഗത്തും മററും ഉണ്ടായിരിക്കുന്നതു്. ഊർജ്ജിതമായ കാർഷികപ്രവർത്തനങ്ങളുടെ ഫലമായി, ജപ്പാനിലെ കാർഷികവിളവു് വിദൂരപൗരസ്ത്യദേശത്തുള്ളതിൽവച്ചു് ഏററവും വലിയ തോതിലുള്ളതാണു്. കൃഷി, കുടുംബജീവിതം മുതലായവ മെച്ചമാക്കുന്നതിനു് ഉപദേശിക്കുന്നതിനായി ധാരാളം വികസനപ്രവർത്തകർ നിയോഗിക്കപ്പെട്ടിട്ടുണ്ടു്. കർഷകരുടെ ജീവിതനില ഉയർത്തുകയെന്നുള്ളതാണു് പ്രധാനലക്ഷ്യം. കേന്ദ്രസർക്കാരും, പ്രാദേശികഗവണ്മെന്റും തമ്മിൽ യോജിച്ചാണു് വികസനപരിപാടികൾ നടത്തുന്നതു്. ജപ്പാനിൽ ഗൃഹസന്ദർശനം നടത്തി വേണ്ട ഉപദേശങ്ങൾ നൽകുന്ന 1,500 പ്രവർത്തകരുണ്ടു്. സാങ്കേതികവിഷയങ്ങളിൽ വിദഗ്ദ്ധന്മാരായി 700 ആളുകൾ കർഷകർക്കു് പുതിയ അറിവുകൾ നൽകിക്കൊണ്ടിരിക്കുന്നു. തൽഫലമായി കാർഷികവിളവുകളുടെ ഉല്പാദനം വൻതോതിൽ വർദ്ധിക്കുന്നതിനും ജീവിതനില ഉയരുന്നതിനും ഇടയായിട്ടുണ്ടു്.

4. അറബിരാജ്യങ്ങൾ

അറബിരാജ്യങ്ങളിലെ കൃഷികൻ വിദ്യാവിഹീനനും അജ്ഞനുമാണു്. എന്നും കടത്തിൽ മുഴുകിയുള്ള ഒരു ജീവിതമാണു് അയാൾ നയിക്കുന്നതു്. അവിടത്തെ കൃഷികൻ സാമ്പത്തികസഹായത്തിനായി കയ്യും നീട്ടി നില്ക്കുകയാണു്. മോശമായ വിളവും, അവിടത്തെ ഭൂവ്യവസ്ഥയും എന്നും അവനൊരു പ്രശ്നംതന്നെ.

വികസനപ്രവർത്തനങ്ങൾ അറബിരാജ്യങ്ങളിലും ആരംഭിച്ചിട്ടുണ്ടു്. ഓരോ അറബിരാജ്യത്തെയും കൃഷിവകുപ്പുമന്ത്രികാര്യാലയത്തിനു് കാർഷികമായും, മൃഗസംരക്ഷണസംബന്ധമായുമുള്ള പരീക്ഷണങ്ങൾ നടത്തുന്ന കേന്ദ്രങ്ങൾ ഉണ്ടു്. കൃഷികർക്കു് പുതിയ വിജ്ഞാനം നൽകുന്നതിനായി ഉദ്യോഗസ്ഥന്മാർ നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവരുടെ പ്രവർത്തനം കൃഷികനു് ശരിക്കും പ്രയോജനപ്രദമായിട്ടുണ്ടു് എന്നുപറയാൻ സാധിക്കുകയില്ല.

ഈജിപ്റ്റ്, മറ്ററബിരാജ്യങ്ങളെക്കാൾ വികസനപരിപാടിയിൽ പുരോഗതി നേടിയിട്ടുണ്ടു്. അവിടത്തെ കൃഷിവകുപ്പുമന്ത്രികാര്യാലയത്തിന്റെ കീഴിൽ വികസനകാര്യങ്ങൾക്കായി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റുതന്നെ പ്രവർത്തിക്കുന്നുണ്ടു്. കൃഷികനു് കൃഷിയിൽ സാങ്കേതികവിജ്ഞാനം എത്തിച്ചുകൊടുക്കുകയെന്നുള്ളതാണു് ഈ വകുപ്പിന്റെ പ്രധാന ചുമതല. ഓരോ പതിനയ്യായിരം ഏക്കർ സ്ഥലത്തിനും ഒരു കാർഷികകേന്ദ്രം വീതം ഈജിപ്റ്റിൽ തുറന്നിട്ടുണ്ടു്. സാമൂഹ്യക്ഷേമവകുപ്പുമന്ത്രികാര്യാലയത്തിന്റെ ചുമതലയിൽ സാമൂഹ്യക്ഷേമകേന്ദ്രങ്ങളും ആരംഭിച്ചു് പ്രവർത്തനം നടത്തിവരുന്നു.

*5. ഇസ്രേൽ*

ഇസ്രേൽരാജ്യത്തു് വികസനം ഗ്രാമങ്ങളിലെ സ്ക്കൂളുകളിൽക്കൂടിയാണു് പ്രധാനമായും നടത്തുന്നതു്. കൃഷി, സ്ക്കൂളിലെ ഒരു പ്രധാനപഠനവിഷയമാണു്. ഓരോ സ്ക്കൂളിലും മാതൃകാകൃഷിത്തോട്ടങ്ങൾ ഉണ്ടു്. ആരോഗ്യം, സാംസ്കാരികപ്രവർത്തനങ്ങൾ, ഗൃഹാഭിവൃദ്ധി എന്നീ വിഷയങ്ങൾക്കും ഗണ്യമായ പ്രാധാന്യം നൽകിയിട്ടുണ്ടു്. സിറിയാ, ലബനൻ എന്നിവിടങ്ങളിലെ ഗ്രാമീണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഗണ്യമായ സംഭാവനയാണു നൽകുന്നതു്. 'ഗ്രാമക്ഷേമസർവ്വീസ്' എന്ന ഒരു സംഘടന ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ സംഘടനയുടെ പ്രധാനജോലി നാട്ടിൽ ഉടനീളം ക്യാമ്പുകൾ സംഘടിപ്പിച്ചു് നടത്തുകയെന്നുള്ളതാണു്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, ഗൃഹക്ഷേമം എന്നിവയുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ ക്യാമ്പുകൾമൂലം വമ്പിച്ച നേട്ടങ്ങൾ കൈവന്നിട്ടുണ്ടു്.

അടുത്തകാലത്തു് ഇറാക്കും, വികസനപ്രവർത്തനത്തിൽ സാരമായ പുരോഗതി നേടിക്കൊണ്ടിരിക്കുകയാണു്. കൃഷിസംബന്ധമായ പരീക്ഷണങ്ങൾ നടത്തിയും, കൃഷിവികസനത്തിനായി പരശീലനംലഭിച്ച ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചും മററു വിദ്യാഭ്യാസപരമായ പരിശീലനപരിപാടികൾ മൂലവുമാണു് ഈ പുരോഗതി ഇറാക്ക് നേടിക്കൊണ്ടിരിക്കുന്നതു്.

*6. പാകിസ്ഥാൻ*

ഇന്ത്യയുടെ സമീപരാജ്യമായ പാകിസ്ഥാനിൽ വികസനപരിപാടികൾ ആരംഭിച്ചതു് 1953-ൽ ആണു്. ഗ്രാമ-കൃഷി-വ്യവസായ-വികസനപരിപാടിയാ

യിട്ടാണു് അവിടെ വികസനം ആരംഭിച്ചതു്. പാകിസ്ഥാനിലെ വികസനപരിപാടിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) കൃഷി, ഗ്രാമവ്യവസായം, സഹകരണം ആരോഗ്യം എന്നിവയിൽ ഗ്രാമീണർക്കു് പുതിയ വിജ്ഞാനം നൽകി, നാട്ടിലെ ഉല്പാദനക്ഷമതയും ആദായവും വർദ്ധിപ്പിക്കുക.

2) ഗ്രാമപ്രദേശങ്ങളിൽ വിദ്യാലയങ്ങൾ, ആശുപത്രികൾ, ശുദ്ധജലവിതരണകേന്ദ്രങ്ങൾ മുതലായവ ധാരാളം ഉണ്ടാക്കുക.

3) ഗ്രാമീണരിൽ സ്വാശ്രയശീലം, നേതൃത്വം, സഹകരണബോധം എന്നിവ വളർത്തുക.

4) സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾവഴി ആളുകളുടെ ജീവിതം കൂടുതൽ സമ്പന്നവും, വിലപ്പെട്ടതുമാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.

5) ഗവണ്മെൻറിൻെറ എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും പ്രവർത്തനം ഗ്രാമങ്ങളുടെ ക്ഷേമത്തിനായി തിരിച്ചുവിടുകയും, ഗ്രാമങ്ങളിൽ അതു് വ്യാപിപ്പിക്കുകയും ചെയ്യുക.

6) ഒരു ക്ഷേമവ്യവസ്ഥിതി കൈവരുത്തുന്നതിനുള്ള ലക്ഷ്യത്തിലേക്കു് നീങ്ങത്തക്കവണ്ണം ഭരണസമ്പ്രദായത്തെ രൂപപ്പെടുത്തുക.

വികസനപ്രസ്ഥാനം ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായുള്ള ഒരു വിവിധോദ്ദേശപരിപാടിയാണു്. ഗ്രാമപ്രവർത്തകൻ, വികസന ഉദ്യോഗസ്ഥൻ, ഗ്രാമസൂപ്പർവൈസർ എന്നിവരാണു് ഈ പരിപാടിയിലെ പ്രധാന പ്രവർത്തകർ. ഗ്രാമവികസനത്തിൻെറ പ്രധാന പങ്കു വഹിക്കുന്നതു് ഗ്രാമപ്രവർത്തകൻ (Village Worker) ആണു്. നാട്ടു

കാരെ രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളുമായി ഈ പ്രവർത്തകൻ കൂട്ടിയിണക്കുന്നു. ഒരു ബ്ലോക്കുപ്രദേശം ഒരു ലക്ഷത്തോളം ജനങ്ങൾ പാർക്കുന്നതും, 150 ഗ്രാമങ്ങൾ ചേർന്നതുമാണ്. ബ്ളോക്കിന്റെ അധിപൻ ബ്ളോക്ക് ഡവലപ്പ്മെന്റ് ഓഫീസർതന്നെ. അദ്ദേഹത്തെ സഹായിക്കുന്നതിനായി ഗ്രാമസൂപ്പർവൈസറന്മാരും, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്തു്, സഹകരണം എന്നിവയ്ക്കുള്ള വികസനോദ്യോഗസ്ഥന്മാരുമുണ്ട്. കൂടാതെ ഒരു സാനിട്ടറി ഓവർസിയർ, ഫിലം ഓപ്പറേററർ, രണ്ടു് സാമൂഹ്യവിദ്യാഭ്യാസ സംഘാടകർ (ഒരു പുരുഷനും, ഒരു സ്ത്രീയും), 35 ഗ്രാമപ്രവർത്തകർ (30 പുരുഷന്മാരും 5 സ്ത്രീകളും), സഹകരണസംഘങ്ങൾക്കുള്ള 15 സെക്രട്ടറിമാരും, വയോജനങ്ങളെ പഠിപ്പിക്കുന്നതിനു് ഏഴു് അദ്ധ്യാപകരും ഉണ്ടു്. ഓരോ വികസനബ്ളോക്കിനും ഒരു ഉപദേശകസമിതിയും ഉണ്ടു്. ചില പട്ടണപ്രദേശങ്ങളിലും സാമൂഹ്യവികസന പ്രസ്ഥാനം പാകിസ്ഥാനിൽ ആരംഭിച്ചിരിക്കുന്നു.

*7. ബർമ്മാ*

സാമൂഹ്യവികസനം ബർമ്മായിൽ രൂപമെടുത്തതു് ഒരു ബഹുജനവിദ്യാഭ്യാസപരിപാടിയായിട്ടാണു്. അജ്ഞത, രോഗം, ദാരിദ്ര്യം എന്നിവയിൽനിന്നും ആളുകളെ വിമുക്തരാക്കി ഒരു സ്വതന്ത്രരാജ്യത്തിലെ ഉത്തരവാദിത്വബോധമുള്ള പൗരന്മാരാക്കിത്തീർക്കുന്നതിനു സഹായിക്കുന്ന വിദ്യാഭ്യാസമാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. ആളുകളുടെ ആരോഗ്യസ്ഥിതി അഭിവൃദ്ധിപ്പെടുത്തുക, സാമൂഹ്യജീവിതം മെച്ചമാക്കുക, സഹകരണമാർഗ്ഗം സ്വീകരിച്ചു് കൃഷി നന്നാക്കുക, അജ്ഞത അവസാനിപ്പിക്കുക, ജനാധിപത്യസമ്പ്രദായങ്ങളെ പ്രോത്സാഹി

പ്പിക്കുക എന്നിവയാണു് ഈ പരിപാടിയുടെ മുഖ്യമായ ഉദ്ദേശ്യങ്ങൾ.

ബഹുജനവിദ്യാഭ്യാസകൗൺസിൽ എന്ന ഒരു വകുപ്പാണു് ഈ വിദ്യാഭ്യാസം നാട്ടിൽ നടത്തുന്നതു്. ഇതു് സാമൂഹ്യക്ഷേമവകുപ്പുമന്ത്രികാര്യാലയത്തിൻെറ കീഴിൽ പ്രവത്തിക്കുന്നു. വിദ്യാഭ്യാസസംഘാടകരെ പരിശീലിപ്പിക്കുന്ന ട്രെയിനിംഗ് സെൻററുകൾ ഇതിൻെറ കീഴിലുണ്ടു്. ഒരു വർഷത്തേക്കുള്ള പരിശീലനമാണു് ഈ വിദ്യാഭ്യാസസംഘാടകർക്കു നൽകുന്നതു്. വയോജനവിദ്യാലയങ്ങൾ ആരംഭിക്കുന്ന സ്ഥലങ്ങളിൽ ബഹുജനവിദ്യാഭ്യാസപരിപാടിയും തുടങ്ങുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ശുചീകരണം, സാമൂഹ്യക്ഷേമം എന്നിവയെ സംബന്ധിക്കുന്ന വിദ്യാഭ്യാസപ്രവത്തനങ്ങളാണു് ഇവിടെ നടക്കുന്നതു്.

പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലേക്കു് ഒരു പുതിയ പരിപാടി 1952-ൽ ആരംഭിക്കുകയുണ്ടായി. ഒരു സാമൂഹ്യപ്രവത്തകൻ, സാമൂഹ്യവിദ്യാഭ്യാസസംഘാടകൻ, കുടുംബജീവിതത്തെപ്പററി സ്ത്രീകൾക്കു് ഉപദേശം നൽകുന്ന രണ്ടു വനിതാപ്രവത്തകർ എന്നിവരുൾപ്പെട്ട ഒരു സഞ്ചാരസംഘം വാഹനത്തിൽ ഈ സ്ഥലങ്ങളിൽ പോയി സാമൂഹ്യക്ഷേമപ്രവത്തനങ്ങൾ നടത്തുന്നു. 1954-ൽ പെഗു ഡിസ്ട്രിക്ടിലെ 'പയാഗി'യിൽ ഒരു പൈലട്ടു് പ്രോജക്ടു് ആരംഭിച്ചു. ഗ്രാമജീവിതത്തിൻെറ സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവുമായ അഭിവൃദ്ധിയെ ഉന്നംവച്ചുകൊണ്ടാണു് ഈ പ്രോജക്ടു് ആരംഭിച്ചതു്. എന്നാൽ പ്രതീക്ഷിച്ചവിധം പൊതുജനസഹകരണം ഇതിനു ലഭിച്ചില്ല. 1956-ൽ മെയിക്ടിലാ ഡിസ്ട്രിക്ടിലും ഒരു പ്രോജക്ടു് ആരംഭിച്ചിട്ടുണ്ടു്.

## അദ്ധ്യായം എട്ട്

# സാമൂഹ്യവികസനവകുപ്പിൻെറ നേട്ടങ്ങൾ

സാമൂഹ്യവികസനപ്രസ്ഥാനം ഇന്ത്യയിൽ രൂപമെടുത്തിട്ട് ഇപ്പോൾ എട്ടുവർഷം ആകാൻ പോകുകയാണു്. 1958 ഏപ്രിൽ ഒന്നിനകം ഭാരതത്തിൽ 2,361 ബ്ളോക്കുകൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 16,19,40,000 ജനങ്ങൾ പാക്കുന്ന 2,99,694 ഗ്രാമങ്ങളിലായിട്ടാണു് ഈ ബ്ളോക്കുകൾ പ്രവത്തനം നടത്തുന്നതു്. രണ്ടാംപദ്ധതിയുടെ അവസാനത്തിൽ 3,012 ബ്ലോക്കുകൾ പ്രവത്തനം നടത്തുമെന്നു് ഉദ്ദേശിക്കപ്പെടുന്നു. 1963 കൊണ്ടു് ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളും ബ്ളോക്കുമേഖലയിൽ വരുമെന്നു് നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

അതിബൃഹത്തായ സാമൂഹ്യവികസനപരിപാടിമൂലം മഹത്തായ പല നേട്ടങ്ങളും ഇതിനകം കൈവന്നിട്ടുണ്ടെന്നു് അസന്ദിഗ്ദ്ധമായി പറയാൻ സാധിക്കുന്നതാണു്. ഈ നേട്ടങ്ങൾ രണ്ടുവിധത്തിൽ ഉള്ളവയാണു്. അളന്നു തിട്ടപ്പെടുത്താവുന്നവയും, അളക്കാൻ പാടില്ലാത്തവയും. ഈ പദ്ധതിയുടെ ഫലമായി ഉണ്ടായിട്ടുള്ള കലുങ്കുകൾ, പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, മാതൃകാകൃഷിത്തോട്ടങ്ങൾ ഇവയുടെയെല്ലാം കണക്കുകൾ കൂട്ടാൻ സാധിക്കും. എന്നാൽ ആളുകളിൽ ആശയപരമായുണ്ടായിട്ടുള്ള മാററം, അവരിൽ അങ്കുരിച്ച പൗരബോധം എന്നിവ അളന്നു് അറിയിക്കാൻ പ്രയാസമുള്ളതാണു്. ആദ്യത്തെ വകുപ്പിലുള്ള കണക്കുകൾ വർഷംപ്രതി പുറത്തു

വന്നുകൊണ്ടിരിക്കുന്നു. ആ നേട്ടങ്ങൾതന്നെ നമുക്ക് ആശയും ആവേശവും നൽകാൻ പര്യാപ്തമായവയാണ്. ഇതുവരെ ഗവണ്മെൻറ് ഈ വകുപ്പിൽ ചെലവാക്കിയ തുകയുടെ അറുപതു ശതമാനത്തിലധികം പൊതുജനങ്ങളുടെ സംഭാവനയായിത്തന്നെ ലഭിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം എന്നീ വകുപ്പുകളിലെല്ലാം തന്നെ ഗണ്യമായ നേട്ടങ്ങൾ കൈവന്നുകൊണ്ടിരിക്കുകയാണ്.

### *1958 വരെ ഉണ്ടായ നേട്ടങ്ങളുടെ ചില കണക്കുകൾ*

1958 സെപ്റ്റംബർ മാസംവരെയുള്ള ആറുവർഷംകൊണ്ടു സാമൂഹ്യവികസനവകുപ്പിലെ വിവിധരംഗങ്ങളിൽ ഇന്ത്യയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ പുറത്തു വന്നിട്ടുള്ള കണക്കുകളിൽനിന്നും കാണാവുന്നതാണ്.

### *കാർഷികരംഗം*

നവീനരീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും സസ്യസംരക്ഷണനടപടികളുമെല്ലാം ലക്ഷക്കണക്കിന് ആളുകൾ സ്വീകരിക്കുകയുണ്ടായി. ഇക്കാലയളവിൽ 3,90,39,000 മന്നു രാസവളങ്ങളും 1,57,98,000 മന്നു മേൽത്തരം വിത്തുകളും ബ്ലോക്കുപ്രദേശത്തു വിതരണം നടത്തിയിട്ടുണ്ട്. കാർഷികപരിപാടികൾക്ക് ഉത്തേജനം നൽകുന്ന ഡമൺസ്ട്രേഷനുകളും ധാരാളമായി നടത്തുകയുണ്ടായി. ഇക്കാലയളവിൽ 4,85,100 ഡമൺസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട്. ജൈവവളം നാട്ടിൽ ധാരാളമായി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു. 50,15,000 കമ്പോസ്റ്റ്വളക്കുഴികൾ ഉണ്ടാക്കു

ന്നതിനും, പലപ്പോഴായി 41,50,000 ഏക്കർ സ്ഥലത്തു പച്ചിലവളച്ചെടികൾ നട്ടുവളർത്തുന്നതിനും സാധിച്ചിട്ടുണ്ടു്. ധാരാളം ചതുപ്പുനിലങ്ങൾ നികത്തി, കൃഷിയോഗ്യമാക്കിത്തീക്കുകയും ചെയ്തു. കൂടാതെ നവീനരീതിയിലുള്ള കാർഷികായുധങ്ങളും ധാരാളമായി വിതരണംചെയ്യപ്പെട്ടു.

*മൃഗസംരക്ഷണത്തിൽ വന്ന പുരോഗതി*

മൃഗസംരക്ഷണവിഷയത്തിലും ഗണ്യമായ നേട്ടങ്ങളാണു് ഇക്കാലയളവിൽ ഉണ്ടായിട്ടുള്ളതു്. കന്നുകാലികളുടെ വർഗ്ഗശുദ്ധിക്കായി ധാരാളം നല്ലയിനം വിത്തുരുക്കളെ ബ്ലോക്കുകളിൽ സൂക്ഷിക്കുകയും കൃത്രിമഗർഭോല്പാദനകേന്ദ്രങ്ങൾ ധാരാളമായി ആരംഭിക്കുകയും ചെയ്തു. 45,600 വിത്തുരുക്കളെ വിവിധകേന്ദ്രങ്ങളിൽ സൂക്ഷിക്കുന്നതിനും, 6,27,000 നല്ലയിനം കോഴികളെ വിതരണം നടത്തുന്നതിനും സാധിച്ചു. ഇക്കാലത്തു് 3,00,42,000 കന്നുകാലികളെ ചികിത്സിച്ചിട്ടുണ്ടു്. കൂടാതെ 42,81,000 ഉരുക്കളുടെ മടി ഉടയ്ക്കുന്നതിനും സാധിച്ചു.

*ആരോഗ്യസംരക്ഷണനടപടികൾ*

വൈദ്യസഹായം ഗ്രാമങ്ങളിൽ വർദ്ധമാനമായ തോതിൽ എത്തിക്കുന്നതിനും, ആരോഗ്യസംബന്ധമായ വിദ്യാഭ്യാസം ആളുകൾക്കു നൽകുന്നതിനും ഇക്കാലയളവിൽ സാധിക്കുകയുണ്ടായി. പരിസരശുചീകരണം നടപ്പിൽ വരുത്തുന്നതിനും, ശുദ്ധജലവിതരണത്തിനുള്ള സൗകര്യങ്ങൾ ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടു്. 5,07,000 കക്കൂസുകളും 1,86,15,000 ഓടകളും ഇക്കാലത്തു നിർമ്മിക്കുകയുണ്ടായി. 1,97,800 പുകയില്ലാ അടുപ്പുകൾ വിതരണം നട

ത്തിയിട്ടുണ്ട്. ശുദ്ധജലവിതരണത്തിനായി 1,29,000 കിണറുകൾ നിർമ്മിക്കുന്നതിനും 1,95,000 കിണറുകൾ നന്നാക്കിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

*സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനങ്ങൾ*

അഭിമാനാർഹമായ പുരോഗതിയാണ് സാമൂഹ്യ വിദ്യാഭ്യാസരംഗത്തും കൈവന്നിട്ടുള്ളതു്. 1,03,000 സാമൂഹ്യവിനോദകേന്ദ്രങ്ങളും 45,100 ഗ്രന്ഥശാലകളും ഇക്കാലത്തു രൂപമെടുത്തു. 87,000 വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിതമാകുകയും, 29,68,000 വയോജനങ്ങൾക്കു പുതിയതായി സാക്ഷരത്വം ലഭിക്കുകയും ചെയ്തു. കർഷകസംഘടനകൾ ഉൾപ്പെടെ 84,700 യുവജനസംഘടനകൾ രൂപീകരിക്കപ്പെട്ടു. 2,99,000 അംഗങ്ങളുള്ള 19,100 വനിതാസംഘടനകളും ഇക്കാലത്തു് രൂപമെടുത്തു. ഗ്രാമീണർക്കായുള്ള 20,562 ക്യാമ്പുകൾ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, സഹകരണം, പൗരത്വപരിശീലനം തുടങ്ങിയ വിഷയങ്ങളിൽ 10,14,000 ഗ്രാമീണക്കു പരിശീലനം നൽകുന്നതിനു് ഈ ക്യാമ്പുകൾ നടത്തിയതിൻെറ ഫലമായി സാധിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനു് ഈ ക്യാമ്പുകൾ വളരെ സഹായകമായിരുന്നു.

*മററു പ്രവർത്തനങ്ങളിലും ഗണ്യമായ പുരോഗതി*

ഗ്രാമങ്ങളിലെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ഗണ്യമായ പുരോഗതി കൈവന്നു. പുതിയതായി 7,86,000 മൈൽനീളത്തിൽ റോഡുകൾ നിർമ്മിക്കപ്പെട്ടു. 91,400 മൈൽ നീളത്തിൽ റോഡുകൾ

നന്നാക്കിയെടുക്കുന്നതിന്നും സാധിച്ചു. 51,100 കലുങ്കുക ളും നിർമ്മിക്കുകയുണ്ടായി.

ചെറുകിടജലസേചനം, ഭവനനിർമ്മാണം, ഗ്രാമവ്യവസായങ്ങൾ, സഹകരണം, ഗിരിവർഗ്ഗക്ഷേമം എന്നീ വകുപ്പുകളിലും ഗണ്യമായ പുരോഗതി കൈവന്നിട്ടുണ്ടു്.

*ആശയപരമായ മുന്നേററം*

സാമൂഹ്യവികസനപ്രസ്ഥാനംകൊണ്ടു് ആദ്യത്തെ ആറുവർഷങ്ങളിൽ കൈവന്ന നേട്ടങ്ങളുടെ കുറെ കണക്കുകൾ മാത്രമാണു് മേൽ ഉദ്ധരിച്ചിരിക്കുന്നതു്. ഈ കണക്കുകൾ വച്ചുകൊണ്ടു മാത്രം ഈ പ്രസ്ഥാനത്തിന്റെ മഹത്വത്തെ വിലയിരുത്താൻ തുനിയുന്നതു് ശരിയായിരിക്കുകയില്ല. കാരണം, സാമൂഹ്യവികസനം പ്രധാനമായും ഒരു വിദ്യാഭ്യാസപരിപാടിയാണെന്നുള്ളതാണു്. മാനുഷികമൂല്യത്തിനാണു് ഇതിൽ ഗണ്യമായ സ്ഥാനം നൽകിയിരിക്കുന്നതു്. മനുഷ്യനു് മാനസികമായി വന്നിട്ടുള്ള പരിവർത്തനവും ജീവിതക്രമത്തിൽ ഉണ്ടായിട്ടുള്ള മാററവും പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ടു്. ഈ ഗുണവശങ്ങൾ കണക്കുകൾകൊണ്ടു് കാണിക്കാൻ എളുപ്പമല്ലല്ലോ.

ഗ്രാമീണരിൽ സ്വാശ്രയശീലം, ആത്മവിശ്വാസം, സഹകരണമനോഭാവം, സാമൂഹ്യബോധം എന്നിവയെല്ലാം ധാരാളമായി വളർത്തുന്നതിനു് ഈ പദ്ധതിക്കു സാധിച്ചിട്ടുണ്ടു്. നാടിന്റെ നന്മയ്ക്കായി ഗ്രാമീണർ കൂട്ടായി പ്രവർത്തിക്കുകയും മററും ചെയ്യുന്ന ചിത്രം വികസനപ്രദേശങ്ങളിൽ ഉടനീളം കാണാൻ സാധിക്കും. സഹകരിച്ചു പ്രവർത്തിച്ചാൽ അവരുടെ മിക്ക പ്രശ്നങ്ങൾക്കും ഉത്തരം കാണാമെന്നു് അവർ മനസ്സിലാക്കിവരികയാണു്.

അജ്ഞാനിയായിരുന്നപ്പോൾ ഒരു ഗ്രാമീണന് അവന്റെ സ്വന്തം കഴിവിൽ വിശ്വാസമില്ലായിരുന്നു. എന്നാൽ പുതുതായി ലഭിച്ച അറിവിൻെറ വെളിച്ചം അവൻെറ കഴിവിനെപ്പററി അവനിൽ ആത്മവിശ്വാസമുണ്ടാക്കി. അവൻെറ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പ്രശ്നങ്ങളെപ്പററി ശ്രദ്ധിക്കപ്പെടുന്നതുകൊണ്ടുതന്നെ അവനു കൂടുതൽ ആശയ്ക്കു വക ലഭിച്ചിട്ടുണ്ട്. തന്മൂലം അവൻ പ്രവർത്തനനിരതനാകുകയും അഭിവൃദ്ധി അവനെ ആശ്ലേഷിക്കുകയുമാണ്.

ജനാധിപത്യസമ്പ്രദായം നാട്ടിൽ സമ്പുഷ്ടമായി വളരുന്നതിനും സാമൂഹ്യവികസനപരിപാടി സഹായിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിമൂലം നേതൃത്വം ഏറെറടുക്കുന്നതിനും, നേതൃത്വത്തെ മാനിക്കുന്നതിനും ധാരാളം അവസരം ഗ്രാമീണർക്കു ലഭിക്കുന്നു. പഞ്ചായത്ത്, സഹകരണസംഘം, കർഷകസംഘടന, ബാലസമാജം, മഹിളാസംഘടന, ഗ്രാമസഹായകപരിശീലനക്യാമ്പ് എന്നിവയുടെ പ്രവർത്തനങ്ങളിലെല്ലാം ജനാധിപത്യസമ്പ്രദായങ്ങളാണല്ലോ ഉൾക്കൊണ്ടിരിക്കുന്നത്. ബ്ലോക്കിൻെറ പ്രവർത്തനത്തിൽ ഇവയെല്ലാം ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടും, എമ്പാടും സംഘടനകൾ ബ്ലോക്കിൻെറ കീഴിൽ പ്രവർത്തിക്കുന്നതുകൊണ്ടും ഗ്രാമീണർക്ക് ജനകീയമര്യാദകൾ പരിചയിക്കുന്നതിനും ആ കീഴ്വഴക്കങ്ങളെ ഊട്ടിവളർത്തുന്നതിനും ധാരാളം അവസരമുണ്ട്. അങ്ങനെ ജനാധിപത്യസമ്പ്രദായത്തെ അരക്കിട്ട് ഉറപ്പിക്കുന്നതിന് സാമൂഹ്യവികസനപ്രസ്ഥാനം ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുകയാണ്.

ജനങ്ങളിൽ അച്ചടക്കം, ശിക്ഷണബോധം, രാജ്യസ്നേഹം എന്നിവ വളരേണ്ടതു് ഒരു രാഷ്ട്രത്തിന്റെ അഭി

വൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. സാമൂഹ്യവികസനപരിപാടിയുടെ പ്രവർത്തനംമൂലം പൗരന്റെ കടമകളെപ്പററിയുള്ള ബോധം ആളുകൾക്കു ലഭിക്കുന്നു. കാരണം പൗരത്വപരിശീലനത്തിനുള്ള വകകൾ ഈ പ്രസ്ഥാനത്തിൽ ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ട്. വ്യക്തി സമൂഹത്തിനും, സമൂഹം വ്യക്തിക്കും എന്നുള്ള ബോധം ഗ്രാമീണരിൽ അനുദിനം വളരുകയാണ്.

കൃഷി, മൃഗസംരക്ഷണം, ആരോഗ്യം മുതലായവയിലെല്ലാം ഗ്രാമീണർ പുതിയ അറിവുകൾ നേടിക്കൊണ്ടിരിക്കുകയാണ്. അവരുടെ ജീവിതം കൂടുതൽ സമ്പന്നമാക്കുന്നതിന് ഇതു സഹായിക്കുന്നു. അജ്ഞത, രോഗം, ദാരിദ്ര്യം എന്നിവയ്ക്കെതിരായി പടവെട്ടുന്നതിന് അവർക്കു കൂടുതൽ കരുത്തു ലഭിക്കുകയാണ്. ഇത്തരം ഈതിബാധകളിൽനിന്നും ഗ്രാമപ്രദേശങ്ങൾ ക്രമേണ സ്വാതന്ത്ര്യംനേടിവരികയുമാണ്.

*നിറപ്പകിട്ടുള്ള ഗ്രാമജീവിതം*

മനുഷ്യന്റെ ജീവിതം ചൈതന്യപൂർണ്ണവും നിറപ്പകിട്ടുള്ളതുമാക്കാൻ സാംസ്കാരികപ്രവർത്തനങ്ങൾക്കുള്ള കഴിവ് ഒന്നു വേറെതന്നെ. അലസതയും അജ്ഞതയും തിങ്ങിനിൽക്കുന്ന ഗ്രാമങ്ങളിൽ ജീവിതം ഇഴഞ്ഞു നീങ്ങുകയേയുള്ളൂ. കലയില്ലാത്ത ജീവിതം കാട്ടുജീവിതംതന്നെയാണ്. ഗ്രാമീണജീവിതത്തിന് മിഴിവും കാന്തിയും വരുത്തുകയെന്നുള്ളതു് വികസനപദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമായതുകൊണ്ടു് സാംസ്കാരികപ്രവർത്തനങ്ങളെ പോഷിപ്പിക്കുന്നതിനുവേണ്ടി ആവോളം ശ്രമിക്കുന്നുണ്ടു്. ഗ്രാമീണഗാനങ്ങളും, നാടൻനൃത്തവും, നാടകവും മററു കലാവേലകളുമെല്ലാം നാട്ടിൻപുറങ്ങളിൽ വരിക

സിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമീണരുടെ മനസ്സിനെ 'കിക്കിളി'യിടുന്നതിനും അവൎക്ക് ആനന്ദം നൽകുന്നതിനും ഇവ സഹായിക്കുന്നു. കൂടാതെ പുതിയ ആശയങ്ങൾ അവരിൽ രൂപംകൊള്ളുന്നതിനും, ഒരു നവീനമാൎഗ്ഗത്തിൽക്കൂടി അവരെ ചരിപ്പിക്കുന്നതിനും ഈ കലാശില്പങ്ങൾ വഴിതെളിക്കുകയാണ്. ഗ്രാമജീവിതത്തിന് ഈ കലാസൂനങ്ങൾ, വൎണ്ണശബളിമയും, മാധുൎയ്യവും നൽകിക്കൊണ്ടിരിക്കുന്നു.

## ഉണരുന്ന ഉൾനാട്ടുകൾ

ഉണരുന്ന ഉൾനാട്ടുകളുടെ ചിത്രമാണ് ഇന്ത്യയിൽ ഉടനീളം ഇന്നു കാണുന്നതു്. ഇതു് ഒരു നൂതനപ്രസ്ഥാനത്തിൻെറ വിജയത്തെ വിളിച്ചറിയിക്കുന്നു. അജ്ഞതയും, അന്ധകാരവും മററിനിന്നിടത്തു് പ്രകാശവും സൗരഭ്യവും പരക്കുകയാണ്. ഒരു പുതിയ ജീവിതം അവിടെയെല്ലാം നാമ്പുവച്ചു വളരുന്നു. ആളുകൾ ഒന്നിച്ചു ചേരുകയും കൂട്ടായി പ്രവൎത്തിക്കുകയും പ്രശ്നങ്ങളെ ഒന്നായിനിന്നു നേരിടുകയും ചെയ്യുന്ന ഒരു ചിത്രം നാം കാണുകയാണ്. ഉച്ചനീചത്വങ്ങൾക്കോ, അനാചാരങ്ങൾക്കോ സമൂഹത്തിൽ ഇനിയും സ്ഥാനമില്ല. സ്നേഹബുദ്ധിയും, സഹകരണബോധവും ഗ്രാമീണരിൽ വളരുകയാണ്.

നല്ല നടക്കാവുകൾ, നാട്ടുകാർ ചേൎന്ന് ഉത്സാഹത്തിമിൎപ്പോടുകൂടി നാട്ടിൻപുറങ്ങളിൽ നിൎമ്മിച്ചുവരുന്നു. വൈദ്യുതീകരണം നടന്നിട്ടുള്ള ഗ്രാമങ്ങളിലെ വൈദ്യുതവിളക്കുകൾ ഗ്രാമഭംഗിയുടെ ചുററും പ്രകാശം വാരിവിതറുകയാണ്. ശുദ്ധജലവിതരണകേന്ദ്രങ്ങളും, ആശുപത്രിയും, പള്ളിക്കൂടവും, പഞ്ചായത്തും, വിനോദകേന്ദ്രങ്ങളും, സഹകരണസംഘവും, ബാലസമാജവും, മഹിളാ

സംഘടനയുമെല്ലാം ഇന്നു് നാട്ടിൻപുറങ്ങളുടെ മുതൽക്കൂട്ടാണു്. അതിൽ നാട്ടുകാർ അഭിമാനം കൊള്ളുന്നു. ഇവ കൊണ്ടു് പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടാകുന്ന പ്രയോജനങ്ങളും അനവധിയാണു്. സാമൂഹ്യവികസന പദ്ധതിയുടെ സംഭാവനയാണു് ഇവയെല്ലാം.

### ഇന്ത്യ ഏഷ്യൻരാജ്യങ്ങൾക്കു നേതൃത്വം നൽകുന്നു

ഏഷ്യൻരാജ്യങ്ങൾക്കു് നേതൃത്വം നൽകത്തക്കവണ്ണം സാമൂഹ്യവികസനവിഷയത്തിൽ ഇന്ത്യ വികസിച്ചിട്ടുണ്ടു്. ബർമ്മാ, ഇൻഡോനേഷ്യ, സിലോൺ, ഫിലിപ്പൈൻസ്, അറബിരാജ്യങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ഇന്ത്യയിലെ സാമൂഹ്യവികസനപ്രസ്ഥാനത്തെപ്പററി പഠനം നടത്തുന്നതിനായി ധാരാളം പഠനസംഘങ്ങൾ വരികയും, ഈ പരിപാടികൾ മനസ്സിലാക്കിക്കൊണ്ടു് പോകുകയും ചെയ്യുന്നു എന്നുള്ള വിവരം നാം അറിഞ്ഞിരിക്കേണ്ട ഒരു വസ്തുതയാണു്. ലോകത്തിലെ ഇതര രാജ്യങ്ങൾ, ഇന്ത്യ സാമൂഹ്യവികസനരംഗത്തു നേടിക്കൊണ്ടിരിക്കുന്ന പുരോഗതിയെ പ്രകീത്തിക്കുകയും ചെയ്യുന്നു. ഈ പ്രസ്ഥാനത്തെപ്പറ്റി 'കാൾ-സി-ററെയിലർ' എന്ന മഹാന്റെ അഭിപ്രായം നോക്കുക: "ഇന്ത്യയിലെ സാമൂഹ്യവികസനപ്രസ്ഥാനം ലോകത്തിൽ നടപ്പിൽ വന്നിട്ടുള്ളതിൽ ഏററവും വിപുലമായ തോതിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പരിപാടിയാണു്. മററു രാജ്യങ്ങൾക്കു് മഹത്തായ സംഭാവനകൾ നൽകാൻ ഈ പ്രസ്ഥാനത്തിനു കഴിവുണ്ടു്." ഈ വിഷയത്തെപ്പററി ഉത്തരവാദിത്വബോധത്തോടുകൂടി പറയാൻ കഴിവുള്ള ഒരു വിദഗ്ദ്ധവിദേശീയന്റെ അഭി

പ്രായമാണു് ഇതു്. ഗ്രാമീണ ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഈ പരിപാടി ഒരു നിശ്ശബ്ദവിപ്ലവത്തിലൂടെ സുരഭിലസുന്ദരമായ ഒരു ജീവിതത്തിന്റെ ചിത്രം വരച്ചുകൊണ്ടിരിക്കുകയാണു്.

*കോട്ടങ്ങളുമുണ്ടെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല*

വികസനപ്രസ്ഥാനത്തിന്റെ നേട്ടങ്ങൾ കാണാൻ ശ്രമിക്കുമ്പോൾ അതിന്റെ കോട്ടങ്ങളെയും നാം നോക്കിക്കാണേണ്ടതാണു്. ഇതു് കുററമററ ഒരു പരിപാടിയാണെന്നു് ആരും അവകാശപ്പെടുകയില്ല. സാമൂഹ്യവികസനപരിപാടിയുടെ പ്രവർത്തനങ്ങളെപ്പററി പഠിച്ചു് വിലയിരുത്തൽ നടത്തുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള 'പ്രോഗ്രാം ഇവാല്യവേഷൻ കമ്മററി'യുടെ ഏഴാമത്തു് വിലയിരുത്തൽ റിപ്പോർട്ടു് 1960 ജൂൺമാസത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. റിപ്പോർട്ടിന്റെ ആമുഖമായിത്തന്നെ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്: "കാര്യമായ പുരോഗതിയുണ്ടു്. അതോടൊപ്പം ന്യൂനതകളുമുണ്ടു്." ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെപ്പററി പഠനം നടത്തുന്ന ഒരാൾക്കു് പല ന്യൂനതകളും കാണാൻ സാധിക്കും. ബാലാരിഷ്ടതകൾ മാറിയിട്ടില്ലാത്ത ഒരു പരിപാടിയാണു് ഇതു് എന്നു നാം ഓർക്കേണ്ടതുണ്ടു്. അനുഭവങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന പരീക്ഷണങ്ങളുടെ ഫലമായി ഈ പ്രസ്ഥാനത്തിന്റെ കുറവുകളെ അനുദിനം പരിഹരിച്ചുകൊണ്ടുവരികയാണു്. പല കോണുകളിൽനിന്നും ഈ പരിപാടിയെപ്പററിയുള്ള നിരൂപണങ്ങൾ പൊന്തിവരുന്നതു കാണാം. നിർമ്മാണാത്മകമായ നിരൂപണം എപ്പോഴും സ്വാഗതാർഹംതന്നെ.

അതു് ആവശ്യവുമാണു്. എന്നാൽ ഈ പരിപാടിയുടെ പ്രത്യേകസ്വഭാവമുള്ള പ്രവർത്തനരീതിയും അതിന്റെ പിന്നിലുള്ള മഹത്തായ ഉദ്ദേശ്യങ്ങളും മനസ്സിലാക്കാതെ നടത്തുന്ന വിനാശകരമായ വിമർശനം അനാരോഗ്യകരണമാണെന്നു പറയാതെ തരമില്ല.

*പ്രശ്നം എങ്ങനെ പരിഹരിക്കാം?*

വിസ്തൃതമായ ഒരു ബ്ലോക്കുപ്രദേശത്തുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെക്കൊണ്ടുമാത്രം സാധിക്കുകയില്ലെന്നു പറയേണ്ടതില്ലല്ലോ. ജനങ്ങളുടെ നിർല്ലോഭമായ സഹകരണം ലഭിച്ചെങ്കിൽ മാത്രമേ ബ്ലോക്കുപ്രവർത്തനം വിജയിക്കുകയുള്ളു. ഓരോ ഇനത്തിനും നീക്കിവച്ചിരിക്കുന്ന തുക ചെലവാകണമെങ്കിൽ ജനങ്ങളുടെ സഹകരണവും സംഭാവനയും ലഭിച്ചെങ്കിലേ സാധിക്കുകയുള്ളു എന്നു നാം കണ്ടതാണു്. ജനങ്ങളിൽനിന്നു കിട്ടേണ്ട വിഹിതം വിവിധപദ്ധതികൾക്കു ലഭിക്കാതെ വരുമ്പോളാണു് ഗവണ്മെന്റ് ഓരോ ഇനത്തിനും നീക്കിവച്ചിരിക്കുന്ന തുക ചെലവാക്കാൻ സാധിക്കാതെയും തൽഫലമായി ഉദ്ദിഷ്ടമായ പ്രയോജനം ലഭിക്കാതെയും വരുന്നതു്. ആളുകൾ അപ്പോൾ ഉദ്യോഗസ്ഥന്മാരെയോ, ഈ പ്രസ്ഥാനത്തെയോ പഴിക്കുകയായി. കുററം പറഞ്ഞു് മാറിനിൽക്കുന്നതിൽ അർത്ഥമില്ല. ആത്മാർത്ഥമായി പണിയെടുക്കുന്ന പ്രവർത്തകരെ നിരാശരാക്കുതിനുമാത്രമേ അതു് സഹായിക്കുകയുള്ളു. നാട്ടുകാർ തങ്ങളുടെ ചുമതല ശരിക്കും മനസ്സിലാക്കി ഉദ്യോഗസ്ഥന്മാരുമായി സഹകരിച്ചു് അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണു് തയ്യാറാകേണ്ടതു്. അങ്ങനെ പൊതുജനങ്ങളും ഉദ്യോഗസ്ഥന്മാരുംകൂടി തികഞ്ഞ കൂട്ടുത്തരവാദിത്വത്തോടുകൂടി

പ്രവത്തിച്ചെങ്കിൽ മാത്രമേ ഈ പരിപാടി വിജയിക്കുന്നതിനും നാടിനു് നന്മ കൈവരുന്നതിനും ഇടയാകുകയുള്ളു. പല പരിമിതികൾക്കും, നിബന്ധനകൾക്കും വിധേയമായിക്കൊണ്ടു് കെട്ടുപിണഞ്ഞുകിടക്കുന്ന നൂറുനൂറു ഗ്രാമീണപ്രശ്നങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കേണ്ട ചുമതലയാണു് ഈ വകുപ്പിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്കുള്ളതു്. എന്നാൽ ബഹുജനങ്ങൾ ഇതു മനസ്സിലാക്കിക്കൊണ്ടു് ഈ പ്രസ്ഥാനവുമായി സഹകരിച്ചു നീങ്ങിയാൽ മതി. എല്ലാം മംഗളമായിത്തന്നെ പയ്യവസാനിക്കും. ഈ ശുഭാപ്തിവിശ്വാസവും, ആത്മാത്ഥമായ സേവനമനഃസ്ഥിതിയും ഉദ്യോഗസ്ഥന്മാക്കും നാട്ടുകാക്കും ഒരുപോലെ ആവശ്യമാണു്.

***തെററുകൾ തിരുത്തി, പുരോഗതിക്കായുള്ള പരിപാടികൾ കരുപ്പിടിക്കുന്നു***

സാമൂഹ്യവികസനവകുപ്പിൻെറ താക്കോൽസ്ഥാനങ്ങളിൽ അവരോധിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ, പരിചയസമ്പന്നന്മാരായ പാർലമെൻറംഗങ്ങൾ, അസംബ്ലിയംഗങ്ങൾ, ഉന്നതന്മാരായ മററു സാമൂഹ്യപ്രവത്തകർ എന്നിവരെല്ലാം ചേന്നു് വഷംപ്രതി സമ്മേളനങ്ങൾ നടത്തുകയും, ഈ പ്രസ്ഥാനത്തിൻെറ നിലവിലുള്ള തെററുകൾ തിരുത്തുന്നതിനും, പ്രവത്തനം കൂടുതൽ കാര്യക്ഷമവും, ജനോപകാരപ്രദവുമാക്കുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. വിവിധ സംസ്ഥാനങ്ങളിലെ ഡവലപ്പ്മെൻറ് കമ്മീഷണറന്മാരുടെ സമ്മേളനങ്ങൾ ഈ ലക്ഷ്യത്തെ മുൻനിത്തി ആണ്ടുതോറും നടത്തപ്പെടുന്നു. ഈ സമ്മേളനങ്ങളിലെ ശുപാശ്കളുടെ വെളിച്ചത്തിൽ പുതിയ പല പരിവത്തനങ്ങളും ഈ പരിപാടിയിൽ കടന്നുകൂടിക്കൊണ്ടിരിക്കുകയാണു്.

## അദ്ധ്യായം ഒൻപതു്

# മഹിമയുടെ മണിമന്ദിരമായ ഒരു മാതൃകാഗ്രാമം

### *വികസനമേഖലയിൽപ്പെട്ട സുന്ദരമായ ഒരു ഗ്രാമം*

കേരളത്തിലെ കിഴക്കൻമലകളോടു ചേർന്നുകിടക്കുന്ന ഏതാനും ഗ്രാമപ്രദേശങ്ങളെ ഉൾക്കൊള്ളുന്ന ഒരു ബ്ലോക്കിലെ ഒരു ഗ്രാമമാണു് 'മണിയാററുകര.' 'മണിയാറു്' എന്ന ഒരരുവി ഈ ഗ്രാമത്തിൻെറ നടുവിൽക്കൂടി ഒഴുകുന്നുണ്ടു്. കാട്ടുപൂക്കളും, തരുലതാദികളും, പൈങ്കിളികളുമെല്ലാം നിറഞ്ഞ മനോഹരമായ ഒരു ഗ്രാമമാണു് മണിയാററുകര. നീലനിർമ്മലമായ ജലവുമായി കല്ലുകളുടെയും, കാടുകളുടെയും ഇടയിൽക്കൂടി ഒഴുകിവരുന്ന അരുവി, ആ ഗ്രാമഭംഗിയുടെ മാററിനെ തേച്ചുമിനുക്കുകയാണു്.

സൗന്ദര്യത്തിൽ മികച്ചതെങ്കിലും ഈ ഗ്രാമത്തിലെ ജീവിതം അത്ര സമ്പന്നമോ സമാകർഷകമോ ആയിരുന്നില്ല. അജ്ഞത, അലസത, ദാരിദ്ര്യം മുതലായവ ആ പ്രദേശത്തു് വട്ടമിട്ടു നിന്നിരുന്നു. കുറെ വർഷങ്ങൾക്കു മുമ്പുവരെ ഈ ഗ്രാമത്തിൽ പരിഷ്കാരസൂര്യൻെറ കിരണങ്ങൾ എത്തിനോക്കിയിരുന്നില്ല. ഉദ്ദേശം നാലുവർഷം മുമ്പു് ഈ പ്രദേശവും ഒരു ബ്ലോക്കിൻെറ അധീനതയിൽ വന്നു. ബ്ലോക്കിൻെറ ആവിർഭാവത്തോടുകൂടി ഈ ഗ്രാമത്തിൻെറ ഭാഗ്യതാരവും ഉദിച്ചുയൎന്നു എന്നു പറയാം. ഇന്നു് ആ ഗ്രാമത്തിലെ ജീവിതത്തിനു് ഒരു പ്രത്യേക പരിവർത്തനംതന്നെ വന്നിരിക്കുന്നു. അല്ല; അതൊരു മാതൃകാഗ്രാമമായി മാറിയിരിക്കുകയാണു്. അതിന്റെ കഥയെങ്ങനെയെന്നുതന്നെ പരിശോധിക്കാം.

**ഊർജ്ജസ്വലനും പ്രവർത്തനചതുരനുമായ ഒരു ഗ്രാമസേവകൻ**

മററു ഗ്രാമീണരോടൊപ്പംതന്നെ മണിയാററുകര നിവാസികളും, നാലു വർഷങ്ങൾക്കുമുമ്പ്, അവിടം ബ്ലോക്കുമേഖലയിൽ പെട്ടതിൽ സന്തോഷിച്ചു. ഗ്രാമങ്ങളുടെ നന്മയ്ക്കായുള്ള ഒരു പരിപാടിയാണ് അതെന്ന് അവർക്ക് ഒരു ധാരണ കിട്ടിയിരുന്നു. ആ ഗ്രാമത്തിലേക്ക് ഒരു ഗ്രാമസേവകൻ നിയോഗിക്കപ്പെട്ടു. സ്നേഹസമ്പന്നനും പ്രഗത്ഭനുമായ ഒരു ചെറുപ്പക്കാരൻ. പ്രവർത്തനചതുരതയും ആത്മാർത്ഥതയുമുള്ള ആ പ്രവർത്തകന്, ആ ഗ്രാമത്തിൻെറ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കുന്നതിന് അധികദിവസങ്ങൾ വേണ്ടിവന്നില്ല. അവിടത്തെ യഥാർത്ഥപ്രശ്നങ്ങൾ മനസ്സിലാക്കിയ അയാൾ വേണ്ടപോലെയൊക്കെ നീങ്ങാൻ തുടങ്ങി. ഗ്രാമവാസികളെ ഒററയ്ക്കും സമൂഹമായും കണ്ട് അയാൾ സംഭാഷണം നടത്തി. ആദ്യമൊക്കെ മറെറാരു നാട്ടുകാരനായ ഈ വ്യക്തിയെ ആളുകൾ പകച്ചുനോക്കി. എന്നാൽ പുഞ്ചിരിയുതിരുന്ന വദനവുമായി സമീപിക്കുന്ന ആ ചെറുപ്പക്കാരൻെറ വാക്കുകളെ അന്നാട്ടുകാർ വിശ്വസിക്കാൻ തുടങ്ങി. ബ്ലോക്കിൻെറ പ്രവർത്തനത്തെപ്പററിയും അതിൽ നാട്ടുകാർക്കുള്ള പങ്കിനെപ്പററിയുമെല്ലാം മനസ്സിലാകുന്ന ഭാഷയിൽ അയാൾ അവരോടു സംസാരിച്ചു. ചെറുപ്പക്കാരെയും, കർഷകരെയും കുട്ടികളെയുമൊക്കെ അയാൾ കണ്ടു.

ആ ഗ്രാമത്തിൽ അങ്ങിങ്ങായി ചില സംഘടനകൾ ആവിർഭവിക്കുകയായി. സംഘടനകൾ എങ്ങനെയെല്ലാം പ്രവർത്തിക്കണമെന്നും അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ എന്തെന്നും സംഘടനകളിലെ അംഗങ്ങൾക്ക് മന

സ്സിലായിത്തുടങ്ങുകയാണ്. ഗ്രൂപ്പുചർച്ചകളും യോഗങ്ങളും ഈ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരുന്നു. ഗ്രാമസേവകൻ കൂടെക്കൂടെ അവിടമെല്ലാം സന്ദർശിക്കുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### ഒരു ചർച്ച

ആ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം നടക്കാവുകളുടെ ആവശ്യം വളരെ കൂടുതലായിരുന്നു. യുവജനങ്ങളുടെ ഒരു സംഘടനയിൽ ഗ്രാമസേവകൻ ഒരു ചർച്ച നടത്തുകയുണ്ടായി. റോഡുനിർമ്മാണത്തിൽ ബ്ലോക്കു നൽകുന്ന സഹായവും മററുമായിരുന്നു ചർച്ചാവിഷയം. യുവജനങ്ങളിൽ ആവേശം ജനിച്ചു. അവിടെ അത്യന്താപേക്ഷിതമായിരുന്ന ഒരു റോഡ് ഉണ്ടാക്കുന്നതിന് അവർ തീരുമാനിക്കുകയും ചെയ്തു.

ആ ഗ്രാമത്തിലെ പഞ്ചായത്തുമെമ്പറന്മാരെയും, പ്രസിഡണ്ടിനെയും കണ്ട്, ഗ്രാമസേവകൻ ബ്ലോക്കുപ്രവർത്തനങ്ങളെപ്പററി സംസാരിക്കുക പതിവായിരുന്നു. യുവജനസംഘടനയിലെ ചർച്ചാവിഷയമായിരുന്ന റോഡുനിർമ്മാണത്തെപ്പററി പഞ്ചായത്തധികൃതരെ ഗ്രാമസേവകൻ അറിയിക്കുകയുണ്ടായി. അവർ അക്കാര്യത്തിൽ വളരെ സന്തോഷം പ്രകടിപ്പിക്കുകയും വേണ്ട എല്ലാ ഒത്താശകളും ചെയ്യുന്നതാണെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. യുവജനസമാജപ്രവർത്തകരുടെയും, പഞ്ചായത്തധികൃതരുടെയും താല്പര്യമനുസരിച്ച് ഇക്കാര്യത്തെപ്പററി ആലോചിക്കുന്നതിനായി ഒരു പൊതുയോഗം വിളിച്ചുകൂട്ടാൻ തീരുമാനിക്കുകയുണ്ടായി. യോഗത്തിൻെറ സമയവും സ്ഥലവുമെല്ലാം തീരുമാനിക്കപ്പെട്ടു. ബ്ളോക്ക്

ഡവലപ്പ്മെന്റ് ഓഫീസർ, വികസനോദ്യോഗസ്ഥന്മാർ മുതലായവർക്കുകൂടി സംബന്ധിക്കത്തക്കവണ്ണമാണ് സമയം നിശ്ചയിച്ചിരുന്നതു്.

*ഹൃദ്യമായ ഒരു പൊതുയോഗത്തിൽവെച്ച്*
*ആസൂത്രണം ചെയ്യപ്പെട്ട ഒരു പരിപാടി*

മീററിംഗ്ദിവസം വന്നു. സംഘടനയിലെ അംഗങ്ങൾ വഴിയായും പഞ്ചായത്തിൻെറ സഹകരണംകൊണ്ടും മററും ആ ഗ്രാമത്തിലെ നല്ല ഒരു വിഭാഗം ആളുകൾ യോഗത്തിനു സന്നിഹിതരായി. യുവജനസമാജഓഫീസിനു സമീപമുള്ള ഒരു പ്രൈമറിസ്ക്കൂൾ ആയിരുന്നു യോഗസ്ഥലം. യോഗത്തിൽ പഞ്ചായത്തുപ്രസിഡണ്ടു് അദ്ധ്യക്ഷതവഹിച്ചു. യുവജനസംഘടനയിലെ അംഗങ്ങൾ ചേൎന്ന് ചില കലാപരിപാടികളെല്ലാം യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. സമൂഹഗാനം, പരിശമുട്ടുകളി മുതലായവ. ഗ്രാമവാസികളെ ഈ പരിപാടികൾ നന്നായി ആകർഷിക്കുകയും ചെയ്തു. യോഗത്തിൽ ബ്ളോക്ക് ഡവലപ്പ്മെൻറ് ഓഫീസർ, സാമൂഹ്യവിദ്യാഭ്യാസസംഘാടകൻ, യുവജനസംഘടനയിലെ ഒരംഗം, ഗ്രാമസേവകൻ എന്നിവരെല്ലാം പ്രസംഗിക്കുകയുണ്ടായി. സമൂഹത്തിൻെറ അഭിവൃദ്ധി ആളുകളുടെ കൂട്ടായ പ്രവൎത്തനംകൊണ്ടാണ് കൈവരേണ്ടതെന്നും അതാണ് സാമൂഹ്യവികസനമെന്നും പ്രസംഗങ്ങളിൽനിന്ന് ഗ്രാമവാസികൾക്ക് മനസ്സിലാക്കാൻ സാധിച്ചു. ആ യോഗത്തിൽ സംബന്ധിച്ചവരിൽനിന്നുതന്നെ 101 പേരടങ്ങുന്ന ഒരു പ്രവൎത്തകസമിതി റോഡുനിൎമ്മാണത്തിനായി രൂപീകരിക്കപ്പെട്ടു. യോഗം സമംഗളം പൎയ്യവസാനിച്ചു. തുടൎന്നുള്ള ദിവസങ്ങളിൽ ചില്ല കരുനീക്കങ്ങളും

ഊൎജ്ജിതമായ തയ്യാറെടുപ്പുകളും ആ ഗ്രാമത്തിൽ നടക്കുകയുണ്ടായി.

*ഗ്രാമവാസികളാൽ നിൎമ്മിക്കപ്പെട്ട ഒരു റോഡ്*

റോഡുനിൎമ്മാണത്തിനുള്ള ദിവസം സമാഗതമായി. പണിയായുധങ്ങളുമേന്തി നൂറുനൂറാളുകൾ കിഴക്കു വെള്ള കീറിയപ്പോഴേക്കും ഒത്തുക്കൂടി. കുറെ ഹരിജനങ്ങൾ നിരന്നുനിന്നുകൊണ്ടു് അന്തരീക്ഷം ഭേദിക്കുമാറു് ചെണ്ടമേളം തകൎത്തുകൊണ്ടിരുന്നു. ഗ്രാമീണർ ഉത്സാഹത്തിമിൎപ്പോടെ റോഡുവെട്ടി നീങ്ങുകയാണു്. യുവജനസംഘടനയിലെ ചുറുചുറുക്കുള്ള ഒരു ചെറുപ്പക്കാരൻ ആവേശം കൊള്ളിക്കുന്ന ഒരു പാട്ടുപാടിക്കൊടുത്തു. ആ പണിയാളുകൾ എല്ലാം ചേൎന്നു് അതേററുപാടി. "അദ്ധ്വാനം—അഭിമാനകരം" എന്നുള്ള മുദ്രാവാക്യം ഇടയ്ക്കിടയ്ക്കു് അവിടെ മുഴങ്ങിക്കൊണ്ടിരുന്നു. പഞ്ചായത്തുപ്രസിഡണ്ടും, ഗ്രാമസേവകനുമെല്ലാം ആ ഗ്രാമീണരുമൊത്തു് പ്രവൎത്തനരംഗത്തുണ്ടു്. നീണ്ടുനീണ്ടുപോയ ആ നടക്കാവിൻെറ പണി രണ്ടാഴ്ചകൊണ്ടു് പൂൎത്തിയായി. അതിനുശേഷം ആ റോഡിനു് ആവശ്യമായ കലുങ്കുകളും മററും ബ്ളോക്കിൻെറ ചുമതലയിൽ പണികഴിപ്പിച്ചു. ബ്ളോക്കുപരിപാടികളെപ്പററി ആളുകൾക്കു് മതിപ്പും വിശ്വാസവും വന്നുതുടങ്ങി. ബ്ളോക്കിലെ ജീപ്പ് പുതിയ ആ ഗ്രാമറോഡിൽക്കൂടി പലപ്പോഴും സഞ്ചരിച്ചു. അതിലും കൂടുതലായി നമ്മുടെ ഗ്രാമസേവകനാണു് ആ റോഡിൽക്കൂടി സഞ്ചരിച്ചതു്.

*പഞ്ചായത്തുപ്രസിഡണ്ടിൻെറ ശുഷ്കാന്തിയോടുകൂടിയ പ്രവൎത്തനം*

ബ്ളോക്കു് വികസനസമിതിയോഗങ്ങളിൽ അതീവശുഷ്കാന്തിയോടുകൂടിയാണു് മണിയാററുകര

പഞ്ചായത്തിലെ പ്രസിഡണ്ടു വത്തിക്കുന്നതു്. നല്ല വിദ്യാഭ്യാസവും സംസ്കാരവുമുള്ള ആ വ്യക്തി ബ്ളോക്കു പരിപാടികളെപ്പററി ശരിയായി പഠിച്ചിരുന്നു. ആ പഞ്ചായത്തിലേക്കു് ന്യായമായി കിട്ടേണ്ട കാര്യങ്ങളെപ്പററി അദ്ദേഹം വികസനസമിതിയോഗങ്ങളിൽ ശക്തിയായി വാദിക്കുകയും, അതോടൊപ്പം അനുവദിക്കപ്പെട്ടുന്ന പദ്ധതികഠം നടപ്പിലാക്കുന്നതിനു് ഊജ്ജിതമായ നടപടികഠം കൈക്കൊള്ളുകയും ചെയ്തു. ആ പഞ്ചായത്തിലേക്കുവേണ്ട വികസനപരിപാടികഠം ആവിഷ്കരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. വികസനപ്രവത്തനങ്ങഠം ത്വരിതപ്പെടുത്തുന്നതിനു് പഞ്ചായത്തുമീററിംഗുകളും, പൊതുയോഗങ്ങളും ആ പ്രദേശത്തു് കൂടെക്കൂടെ നടന്നുകൊണ്ടിരുന്നു.

*കാലം പിന്നെയും കഴിഞ്ഞു*

ദിവസങ്ങളും, മാസങ്ങളും കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. മണിയാററിൽക്കൂടി ധാരാളം ജലം ഒഴുകിപ്പോയി. അരുവിയുടെ തീരത്തുള്ള കാനനങ്ങഠം പലപ്രാവശ്യം തളിക്കുകയും പൂവിടുകയും ചെയ്തു. നമ്മുടെ ഗ്രാമസേവകൻ മണീയാററുകരഗ്രാമത്തിൻെറ അടുത്ത മിത്രമായിരിക്കുന്നു. ആ ഗ്രാമത്തിലെ എല്ലാ കോണുകളും, മിക്ക വീടുകളും, ആളുകളെയും അയാഠക്കു് ഇന്നു നല്ല പരിചയമാണു്. ബാലസമാജങ്ങഠം, മഹിളാസംഘടനകഠം, സ്പോട്ട്സ് ക്ലബ്ബുകഠം, കലാസമിതികഠം എന്നിവയെല്ലാം രൂപമെടുത്തു് ഊജ്ജിതമായി പ്രവത്തിച്ചുകൊണ്ടിരുന്നു. ഈ സംഘടനകളിലെ ഉററ മിത്രവും മാഗ്ഗനിർദ്ദേശിയുമാണു് ആ ഗ്രാമസേവകൻ. സ്പോട്ട്സ് ക്ലബ്ബുകഠക്കു് കളിക്കാനുള്ള ഉപകരണങ്ങളും

കലാസമിതികൾക്ക് സംഗീതോപകരണങ്ങളും ഇതിനകം ബ്ളോക്കിൽനിന്നും ലഭിച്ചുകഴിഞ്ഞു. അവിടത്തെ രണ്ടു മഹിളാസമാജങ്ങളിൽ ഒന്നിന്ന് ഒരു തയ്യൽ മെഷീനും, മററൊന്നിന്ന കുറെ ചക്കകളും, ഗ്രന്ഥങ്ങളും സംഗീതോപകരണങ്ങളും ബ്ളോക്കിൽനിന്ന നൽകുകയുണ്ടായി. ഈ സംഘടനകളിലെ അംഗങ്ങൾ ബ്ളോക്കുപരിപാടികളെപ്പററി പലതും ഗ്രൂപ്പ് ചർച്ചകൾ, പൊതുയോഗങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഫിലിംപ്രദർശനങ്ങൾ എന്നിവവഴിയായി ഗ്രഹിച്ചുകഴിഞ്ഞു. ആ ഗ്രാമത്തിൽ പരക്കെ വികസനപദ്ധതിയുടെ സന്ദേശം പരത്തുന്നതിന്ന് ഈ സംഘടനകളിലെ അംഗങ്ങൾ മുൻകയ്യെടുത്തു പ്രവത്തിക്കുകയാണു്.

### *ഗ്രാമജീവിതത്തിൽ ആസ്വാദ്യത കലരുന്നു*

കായികവിനോദങ്ങൾ, കലാപരിപാടികൾ തുടങ്ങിയ പ്രവത്തനങ്ങൾ അവിടെ ഒരു സാധാരണ ചടങ്ങായിത്തീന്നിട്ടുണ്ടു്. കലാസമിതികൾ അവതരിപ്പിക്കുന്ന നാടകം, നൃത്തം, സംഗീതം, കഥാപ്രസംഗം, കോലടി തുടങ്ങിയ കലാപരിപാടികൾ അന്നാട്ടുകാരുടെ ജീവിതത്തിൽ ഒരു പ്രത്യേക ആസ്വാദ്യത കലത്തിക്കൊണ്ടിരുന്നു. വികസനപ്രവത്തനത്തിൻെറ സന്ദേശം, നാടകം, ഗാനങ്ങൾ എന്നിവയിൽക്കൂടി അവതരിപ്പിക്കുന്നതിന്നും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. പുതിയ വണ്ണമട്ടിലുള്ള പല നാടൻപാട്ടുകളും ആ ഗ്രാമത്തിൽ പ്രചരിച്ചു. അവിടത്തെ ബാലികാബാലന്മാരുടെയും മററും ചുണ്ടത്തു് ആ പാട്ടുകളുടെ പല ശകലങ്ങളും പലപ്പോഴും ഊറിക്കൂടിക്കൊണ്ടിരുന്നു.

*വൈദ്യുതവെളിച്ചത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഒരു ഗ്രാമം*

ആ ഗ്രാമത്തിൽ റോഡുകൾ കുറവായിരുന്നു എന്നു നാം കണ്ടതാണ്. എന്നാൽ വിവിധസംഘടനകളുടെ നേതൃത്വത്തിലും നാട്ടുകാരുടെ സഹകരണത്തോടുകൂടിയും പല നല്ല റോഡുകളും അവിടെ നിർമ്മിക്കപ്പെട്ടു. ഇന്ന് ആ റോഡുകളിലെല്ലാം വൈദ്യുതവിളക്കുകളും സ്ഥാപിതമായിട്ടുണ്ട്. അഴകൊഴുകുന്ന ആ ഗ്രാമത്തിൽ പൂത്തിരിയും കത്തിച്ചുകൊണ്ടു നിൽക്കുന്ന ആ വിളക്കുകൾ അവിടാകെ പ്രകാശധോരണി പരത്തി. നിശാവേളകളിൽ പരക്കുന്ന ഈ വെള്ളിവെളിച്ചത്തിൽ സുന്ദരമായ ആ ഗ്രാമം മുങ്ങിക്കുളിച്ചുനിൽക്കുകയാണ്.

*ആളുകളിൽ അങ്കുരിച്ച സൗന്ദര്യബോധം*

ഇന്നു മണിയാററുകരഗ്രാമത്തിലെ ജീവിതത്തിന് ഒരു അടുക്കും ചിട്ടയുമുണ്ട്. പരിസരശുചീകരണത്തിൽ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. ചപ്പുചവറുകൾ അവർ കമ്പോസ്റ്റ് വളമാക്കി രൂപാന്തരപ്പെടുത്തുകയാണ്. ഭവനങ്ങളുടെ മുററത്ത് പൂച്ചെടികൾ നട്ടുവളർത്തുന്നതിനും, വീടുകൾ നല്ല ചിത്രങ്ങൾ മുതലായവകൊണ്ട് അലങ്കരിക്കുന്നതിനും മഹിളകൾ, കുട്ടികൾ എന്നിവർ ശ്രദ്ധിച്ചുവരുന്നു. കൃഷിത്തോട്ടങ്ങൾ വളരെ ഭംഗിയായും ചിട്ടയായും നട്ടുവളർത്തിയിരുന്നു. നാട്ടുകാരിൽ അങ്കുരിച്ചുവന്ന ഒരു സൗന്ദര്യബോധത്തിൻെറ പ്രതിഫലനമായിരുന്നു ഇവ.

*മെച്ചപ്പെട്ട കാർഷികരംഗം*

കാർഷികരംഗത്തു വന്നുചേർന്ന ഒരുണർവ്വ് ആ ഗ്രാമത്തിലാകെ കൈവന്നിട്ടുണ്ട്. കർഷകർക്കുവേണ്ടിയുള്ള

രണ്ടു ക്യാമ്പുകൾ ഇതിനകം അവിടെ നടക്കുകയുണ്ടായി. വിവിധസംഘടനകളിലും കാർഷികവിഷയങ്ങളെപ്പററിയുള്ള അനവധി ചർച്ചകൾ നടന്നിട്ടുണ്ട്. തൽഫലമായി കൃഷി, മൃഗസംരക്ഷണം, തുടങ്ങിയ വിഷയങ്ങളെപ്പററി പല പുതിയ അറിവുകളും അന്നാട്ടുകാർക്കു ലഭിക്കുകയുണ്ടായി. കമ്പോസ്റ്റ്കുഴിയില്ലാത്ത ഒരു വീടുപോലും ആ ഗ്രാമത്തിലില്ല. തെങ്ങിനു മരുന്നു തളിക്കുന്നതിനും, ശാസ്ത്രീയമായ രീതിയിൽ വളം ചേക്കുന്നതിനും അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. മിക്ക വീടുകളുടെയും കയ്യാലയരികിൽ തഴച്ചുവളൎന്നു നിൽക്കുന്ന ഗ്ലൈറിസീഡിയാച്ചെടികൾ കാണാൻ പ്രത്യേകം ഒരഴകുണ്ടു്. ആവശ്യത്തിനുള്ള നല്ല പച്ചിലവളം ഈ ചെടികളിൽനിന്നും അവക്കു ലഭിക്കുന്നു. നേപ്പിയർ, ഗിനി തുടങ്ങിയ കന്നുകാലിപ്പുല്ലുകളും ആളുകൾ നട്ടുവളൎത്തിയിട്ടുണ്ടു്.

കരിമ്പ്, ഏത്തവാഴ, മരച്ചീനി, നെല്ല് എന്നീ കൃഷികൾക്കുള്ള മാതൃകാകൃഷിത്തോട്ടങ്ങൾ ആ ഗ്രാമത്തിന്റെ പല പ്രധാന ഭാഗങ്ങളിലായി പരിലസിക്കുന്നു. കൃഷിമത്സരം, കമ്പോസ്റ്റ്മത്സരം, കാർഷികപ്രദൎശനം എന്നിവയിലെല്ലാം കൎഷകർ സജീവമായി പങ്കെടുക്കുന്നു. സസ്യസംരക്ഷണനടപടികൾ യഥാസമയം കൈക്കൊള്ളുന്നതിൽ അവക്കു പ്രത്യേകതാല്പൎയ്യമുണ്ടു്. നെൽക്കൃഷിക്കാരിൽ ഭൂരിഭാഗവും ഇന്നു ജപ്പാൻമാതൃകയിലുള്ള കൃഷിസമ്പ്രദായമാണു സ്വീകരിക്കുന്നതു്. വരിവരിയായി തങ്കക്കതിരുമണിഞ്ഞു് ഇളംകാററിൽ ആഞ്ഞുലഞ്ഞുനിൽക്കുന്ന നെൽച്ചെടികൾ അവിടത്തെ കർഷകരുടെ കരളിനു പുളകംചാൎത്തുകയാണു്. ഈ കൃഷിസമ്പ്രദായംമൂലം മുമ്പിലത്തേക്കാൾ നാലിരട്ടിവരെ നെല്ല് ഉല്പാദിപ്പിക്കുന്നതിനു് അവക്കു സാധിക്കുന്നുണ്ടു്.

കുട്ടികളും വനിതകളുമെല്ലാം മലക്കറിത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ പ്രത്യേകം താല്പര്യം കാണിക്കുന്നു. കർഷകർ കൂട്ടായി ചേർന്ന് പമ്പുസെററുകൾ ബ്ലോക്കിൽനിന്നും സൗജന്യവിലയ്ക്കു വാങ്ങി ഉപയോഗിക്കുന്നുണ്ടു്. തന്മൂലം മണിയാററിലെ വെള്ളം വരണ്ടു ദാഹിച്ചുകിടക്കുന്ന വയലുകൾക്ക് ഇന്നു പ്രയോജനപ്പെടുന്നു. മണ്ണുസംരക്ഷണനടപടികളും അവർ കൈക്കൊള്ളുന്നുണ്ടു്. കാർഷികമായ ഒരുത്തേജനം അന്നാട്ടിലാകെ അലയടിച്ചു് ഉയർന്നുകഴിഞ്ഞു. തഴച്ചുവളരുന്ന വാഴത്തോപ്പുകളും, നെല്പാടങ്ങളും തെങ്ങിൻതോപ്പുകളും കരിമ്പിൻതോട്ടങ്ങളും, മരച്ചീനിവിളകളുമെല്ലാം അവിടാകെ കൈവന്നിരിക്കുന്ന കാർഷികാഭിവൃദ്ധിയെ വിളിച്ചറിയിക്കുന്നുണ്ടു്.

***കാലിവളർത്തൽ, കോഴിവളർത്തൽ മുതലായവയും അഭിവൃദ്ധിയിൽ***

അന്നാട്ടിലെ കാലിസമ്പത്തു് വർദ്ധിപ്പിക്കുന്നതിലും മററു മൃഗസംരക്ഷണനടപടികൾ കൈക്കൊള്ളുന്നതിലും ആളുകൾ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ആ ഗ്രാമത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിതമായിട്ടുണ്ടു്. അതു നിർമ്മിക്കുന്നതിനു് ബ്ലോക്കിൽ നിന്നും 5,000 രൂപായോളം ചെലവാക്കിയപ്പോൾ അന്നാട്ടുകാർക്കു് 25 സെൻറു് സ്ഥലം സൗജന്യമായി നൽകേണ്ടതായിട്ടേ വന്നുള്ളു. സൗജന്യമായുള്ള ചികിത്സയും, കൃത്രിമഗർഭോല്പാദനവും അവിടെ നടത്തുന്നുണ്ടു്. കൃത്രിമബീജസങ്കലനംമൂലം ജനിച്ച ധാരാളം കാലിക്കുട്ടികൾ ആ ഗ്രാമത്തിന്റെ പല ഭാഗത്തും തുള്ളിച്ചാടിക്കളിക്കുന്നതു കാണാം.

നല്ലയിനം കോഴികളെ വളർത്തുന്നതിലും ആളുകൾ

ശ്രദ്ധിക്കുന്നു. വൈററ്ലഗോൺ, റോഡ് ഐലൻഡ്, റെഡ്, പ്ലിമത്റാക്ക് മുതലായ കോഴികളെ പല വീടുകളിലും വളത്തിവരുന്നു. മത്സ്യംവളത്തൽ തേനീച്ചവളത്തൽ എന്നിവയും അവിടെ പ്രചരിച്ചിട്ടുണ്ട്. ഒരു ഡസനോളം കുളങ്ങളിൽ മത്സ്യംവളത്തൽ ഉണ്ട്. പാറ പൊട്ടിച്ചെടുത്ത വലിയ കുഴികളിൽ ഊററുവെള്ളം നിറഞ്ഞാണ് ഈ കുളങ്ങൾ ഉണ്ടായിട്ടുള്ളതു്. ഈ കുളങ്ങളിൽ വളരുന്ന തിലോപ്പിയാമത്സ്യങ്ങൾ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നതു കാണാൻ കുട്ടികൾ ഈ കുളങ്ങളുടെ ചുററും കൂടാറുണ്ട്. ബാലസമാജങ്ങളിലെ അംഗങ്ങൾ തേനീച്ചവളത്തലിൽ അതീവതല്പരരാണ്. ബ്ലോക്കിൽനിന്നും പകുതിവിലയ്ക്കു ലഭിച്ച തേനീച്ചപ്പെട്ടികൾ വാങ്ങി അവർ തേനീച്ചവളത്തൽ നടത്തുകയാണ്.

*സൗജന്യമായ വൈദ്യസഹായം*

കുറഞ്ഞൊരുകാലംമുമ്പുവരെ വൈദ്യസഹായം ലഭിക്കുന്നതിന് മണിയാററുകര ഗ്രാമക്കാർക്ക് പ്രയാസമുണ്ടായിരുന്നു. എന്നാൽ ഇന്നു് ആ പ്രശ്നവും പരിഹരിക്കപ്പെട്ടിരിക്കുകയാണ്. ആ ബ്ലോക്കിൽ ആകെ അനുവദിച്ച രണ്ടു് ഡിസ്പൻസറികളിൽ ഒന്നു് മണിയാററുകര ഗ്രാമത്തിനാണ് ലഭിച്ചതു്. നാട്ടുകാരുടെ സംഭാവനയായി പത്തിനായിരം രൂപായും രണ്ടേക്കർ സ്ഥലവും ഈ ആവശ്യത്തിനു നൽകി. ബ്ലോക്കിൽനിന്നും മുപ്പതിനായിരത്തിൽ പരം രൂപാ ഡിസ്പൻസറി സ്ഥാപിക്കുന്നതിനു് ചെലവാക്കിയിട്ടുണ്ട്. ഇന്നു് നല്ല ഒരു ഡിസ്പൻസറി അവിടെ പ്രവത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. മണിയാററിൻെറ തീരത്തായി മനോഹരമായ ഒരു ചെറിയ കുന്നിൻപുറത്താണ് അതു സ്ഥിതിചെയ്യുന്നതു്.

പ്രശാന്തസുന്ദരമായ അവിടത്തെ അന്തരീക്ഷം മനുഷ്യന്റെ മനസ്സിനും, ശരീരത്തിനും ഒരുപോലെ സുഖം നൽകുന്നതാണു്.

*സഹകരണസംഘങ്ങളുടെ പ്രയോജനം നാട്ടുകാൎക്കു് ബോദ്ധ്യമാകുന്നു*

സഹകരണസംഘങ്ങളുടെ പ്രവൎത്തനവും ആ ഗ്രാമത്തിൽ വേരുപിടിച്ചു് വളൎന്നുകൊണ്ടിരിക്കുന്നു. സഹകരണപ്രസ്ഥാനത്തിൻെറ കഴിവുകൾ മനസ്സിലാക്കിയ അന്നാട്ടുകാർ ഇന്നു് അതിൽ തികഞ്ഞ വിശ്വാസികളാണു്. സഹകരണസംഘംവകയായുള്ള ഒരു വില്പനകേന്ദ്രവും, ഒരു വളംഡിപ്പോയും അവിടെ പ്രവൎത്തിക്കുന്നു. ഒരു വിവിധോദ്ദേശസഹകരണസംഘത്തിൻെറ ചുമതലയിലാണു് ഇവ നടക്കുന്നതു്. ഒരു ക്ഷീരവ്യവസായ സഹകരണസംഘം ഒരു കൂട്ടകൃഷിസംഘം എന്നിവ നടപ്പിലാക്കുന്നതിനു് ഗ്രാമീണർ വേണ്ട പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

*വ്യാവസായികരംഗം*

വ്യവസായികമായും ചില നീക്കങ്ങൾ അവിടെ നടക്കുകയും തൽഫലമായി കുറെ ഗ്രാമവ്യവസായങ്ങൾ നടപ്പിലാകുകയും ചെയ്തിട്ടുണ്ടു്. ഖാദിബോർഡിൻെറ സഹായത്തോടുകൂടി ഗ്രാമീണർ എണ്ണയാട്ടു്, സോപ്പുനിൎമ്മാണം, പഞ്ചസാരനിൎമ്മാണം എന്നീ ഗ്രാമവ്യവസായങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഒരു അംബർ പരിശ്രമാലയവും, ഖാദി-നെയ്ത്തുകേന്ദ്രവും അവിടെ പ്രവൎത്തിക്കുന്നുണ്ടു്. ഈ പ്രവൎത്തനങ്ങളുടെ ഫലമായി നാട്ടുകാരിൽ പലൎക്കും ജോലി ലഭിച്ചിരിക്കുന്നു. സഹക

രണ അടിസ്ഥാനത്തിലാണു് ഈ വ്യവസായങ്ങൾ നടന്നുവരുന്നതു്. വ്യാവസായികോല്പന്നങ്ങൾ സഹകരണസ്റ്റോറുമുഖാന്തിരം വിററുവരുന്നു. ആ ഗ്രാമത്തിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾതന്നെ വാങ്ങുന്നതിൽ ആളുകൾ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. തന്മൂലം അവിടത്തെ വ്യവസായങ്ങൾ അഭിവൃദ്ധിയിൽനിന്നു് അഭിവൃദ്ധിയിലേക്കു് വളൎന്നുകൊണ്ടിരിക്കുകയാണു്.

***അരുവിയുടെ തീരത്തായി കുട്ടികളുടെ***
***മനോഹരമായ ഒരു പാൎക്കു്***

മണിയാറു് പരന്നു ശാന്തമായി ഒഴുകുന്ന ഒരു ഭാഗമുണ്ടു്. വേനൽക്കാലത്തു് അവിടെ വിശാലമായ ഒരു മണൽപ്പരപ്പു് ഉയരുകയായി. അവിടെ ആററുതീരത്തായി ഒരു പ്രൈമറിസ്കൂൾ, ഒരു ഗ്രന്ഥശാല, ഒരു ബാലസമാജം എന്നിവ പ്രവൎത്തിക്കുന്നുണ്ടു്. ആ ഗ്രാമത്തിന്റെ ഹൃദയാന്തർഭാഗത്തു് സ്ഥിതിചെയ്യുന്ന ഈ പ്രദേശം ആരെയും ആകൎഷിക്കും. സായാഹ്നസമയങ്ങളിൽ ഈ മണൽപ്പരപ്പിൽ ധാരാളം കുട്ടികൾ വട്ടമിട്ടോടുകയും, കളിക്കുകയുമൊക്കെ ചെയ്യുന്നതു കാണാം.മുതിൎന്ന ആളുകളും സ്വൈരമായി ഇരുന്നു് ഗ്രാമവാൎത്തകൾ ചൎച്ചചെയ്യുന്നതു കാണാം.

ആ മണൽപ്പരപ്പിനു് അടുത്തുതന്നെ കുട്ടികളുടെ ഒരു പാൎക്കു് അന്നാട്ടുകാരുടെ ശ്രമഫലമായി ഉയൎന്നു കഴിഞ്ഞിരിക്കുന്നു. പാൎക്കിനു് ആവശ്യമുള്ള 20 സെൻറു സ്ഥലം നാട്ടുകാർ സംഭാവനചെയ്തതാണു്. കൂടാതെ അതിൻെറ ചുററും അരമതിൽ കെട്ടുന്നതിനും പാൎക്കിനകത്തു് അങ്ങിങ്ങായി കോൺക്രീററു ബെഞ്ചുകൾ നിൎമ്മിച്ചിടുന്നതിനുമുള്ള ചെലവു് നാട്ടുകാർ വഹിച്ചു. സ്കൂളിലെ അദ്ധ്യാപകർ, ഗ്രന്ഥശാലയിലെ അംഗങ്ങളും,

ബാലസമാജാംഗങ്ങൾ, ഉദാരമതികളായ നാട്ടുകാർ എന്നിവരുടെയെല്ലാം സംഭാവന ഈയിനത്തിൽ വന്നിട്ടുണ്ട്. ബാലസമാജക്കാർമാത്രം 100 രൂപാ ഇതിന് സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ അവിടം നിരപ്പാക്കിയെടുക്കുന്നതിനും, മതിലുകെട്ടുന്നതിനുമൊക്കെയുള്ള ശ്രമദാനത്തിൽ മററുള്ളവരോടൊപ്പം കായികാദ്ധ്വാനം അവരുടെ കൊച്ചുകൊച്ചു കരങ്ങൾ നൽകിയെന്നുള്ളതു് ഒരു നേരാണ്. ബ്ലോക്കിൽനിന്നും ആയിരം രൂപായുടെ പാർക്കിനുള്ള ഉപകരണങ്ങൾ അവിടേക്കു നൽകുകയുണ്ടായി. മെറി-ഗോ-റൗണ്ട്, സീ-സോ സ്വിംഗ്, സ്ലൈഡ് തുടങ്ങിയ സാധനങ്ങൾ. ഈ സാധനങ്ങളിൽ ഉത്സാഹഭരിതരായി കയറിക്കളിക്കുന്ന കുട്ടികളുടെ ആരവങ്ങളും, പൊട്ടിച്ചിരികളുമെല്ലാം അരുവിക്കരയിൽ മണിനാദം മുഴക്കിക്കൊണ്ട് പ്രതിദ്ധ്വനിക്കുകയാണ്. പഞ്ചസാരമണൽ വിരിച്ചിരിക്കുന്ന ആ പാർക്കിൻെറ അരികിലെല്ലാം ഒട്ടുമാവ്, സപ്പോട്ട, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ, തണൽവൃക്ഷങ്ങൾ എന്നിവയെല്ലാം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ആററിനക്കരെനിന്നും വരുന്ന കുളിർമ്മയേറിയ ഇളംതെന്നൽ അവിടാകെ വീശുകയാണ്. അങ്ങിങ്ങായി കിടക്കുന്ന ബഞ്ചുകളിൽ കുട്ടികളുടെ രക്ഷാകർത്താക്കളുമൊക്കെ അഭിമാനബോധത്തോടുകൂടി വന്നിരിക്കുകയും ആ കുഞ്ഞോമനകളുടെ ലീലാവിനോദങ്ങൾ നോക്കി സന്തോഷിക്കുകയും ചെയ്യുന്നതു കാണാം.

ആ പാർക്കിൽ ഇരുന്നുകൊണ്ടുതന്നെ പ്രകൃതിസൗന്ദര്യം നുകരാനുള്ള സൗകര്യവും വളരെയാണ്. നിരന്തരമായി കവിതയും ചൊല്ലിക്കൊണ്ട് ഒഴുകുന്ന സുന്ദരമായ ആ അരുവിയും, വിശാലമായ ആ മണൽപ്പരപ്പും

അതിനപ്പുറത്തായി നിരന്നുനിൽക്കുന്ന തരുലതാദികളും, അങ്ങു പടിഞ്ഞാറ് അന്തിമസൂര്യൻ വരച്ച വർണ്ണചിത്രങ്ങളുമായി വിരാജിക്കുന്ന പശ്ചിമചക്രവാളവും ആരെത്തന്നെ ആകർഷിക്കുകയില്ല? കൂടണയാൻ പോകുന്ന പൈങ്കിളികളുടെ കളനാദവും, ആററിൽനിന്നടിക്കുന്ന മന്ദാനിലനും, വികസിതകുസുമങ്ങളുടെ പരിമളവുമെല്ലാം കൂടി സുഖസാന്ദ്രമായ ഒരന്തരീക്ഷം അവിടാകെ സൃഷ്ടിക്കുകയാണ്. കണ്ണിനും, കരളിനും കുളിരു നൽകുന്ന ആ അന്തരീക്ഷം ആരുടെ മനസ്സിനെയും ഹഠാദാകർഷിക്കുകതന്നെ ചെയ്യും.

### *ആളുകളിൽ വളന്ന ദേശീയബോധം*

പഞ്ചവത്സരപദ്ധതി, സാമൂഹ്യവികസനം എന്നിവയെപ്പററി മണിയാറ്റുകരക്കാക്ക് വളരെ അറിവ് ഇതിനകം ലഭിച്ചിട്ടുണ്ട്. ഗ്രാമസേവകനും, വികസനോദ്യോഗസ്ഥന്മാരും പലപ്പോഴായി വിവിധസംഘടനകളിൽ നടത്തിയ ഗ്രൂപ്പുചച്ച്കളിൽനിന്നും;ലഘുലേഖകൾ, ലഘുഗ്രന്ഥങ്ങൾ എന്നിവവഴിയായുമൊക്കെയാണ് ഈ അറിവ് അവർ നേടിയതു്. നാടിന്റെ നന്മയ്ക്കുവേണ്ടി രൂപപ്പെടുത്തിയിരിക്കുന്ന പഞ്ചവത്സരപദ്ധതിയിൽ പങ്കുചേരുന്നതിനുള്ള താല്പര്യവും അവരിൽ വളരുകയാണ്. കാഷികവിളവുകളുടെ ഉല്പാദനം വർദ്ധിപ്പിച്ച് പണം മിച്ചംവരുത്തുകയും, അതു് ദേശീയസമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുന്നതിന് അവർ പ്രത്യേകം ശ്രദ്ധിക്കുകയുംചെയ്യുന്നു. ദേശീയസമ്പാദ്യപദ്ധതിയുടെ സന്ദേശം ആ നാട്ടിലാകെ പരന്നിട്ടുണ്ട്. ഒരു നവഭാരതസൃഷ്ടിക്കുവേണ്ടി ഉപകരിക്കുന്ന ഈ നിക്ഷേപം സുരക്ഷിതമായിട്ടുള്ളതും, നല്ല ആദായം ലഭിക്കുന്നതുമാണെന്നു്

അവർ ഗ്രഹിച്ചിട്ടുണ്ടു്. കുരുമുളകു്, പറങ്കിയണ്ടി, മററു കാർഷികവിഭവങ്ങൾ എന്നിവയെല്ലാം വില്ക്കുമ്പോൾ ഒരു തുക ഈയിനത്തിൽ നിക്ഷേപിക്കുന്നതിനു പലരും ശ്രദ്ധിച്ചുവരുന്നു. ബാലസമാജം, മഹിളാസമാജം എന്നിവയിലെ അംഗങ്ങൾ കാർഡുകളിൽ സമ്പാദ്യസ്റ്റാമ്പുകൾ ഒട്ടിച്ചു് ഈ പരിപാടിയിൽ പങ്കുകൊള്ളുകയാണു്. നൂറുകണക്കിനു് ആളുകളിൽനിന്നുമായി പതിനായിരത്തിൽപ്പരം രൂപാ ഈയിനത്തിൽ പിരിക്കുന്നതിനു കഴിഞ്ഞവർഷം ആ ഗ്രാമസേവകനു സാധിക്കുകയുണ്ടായി.

### *നാട്ടുകാരുടെ സംഭാവനകൊണ്ടുകൂടി നിർമ്മിച്ച ഗ്രാമസേവകമന്ദിരം*

മണിയാററുകരപ്പഞ്ചായത്തിലെ ഗ്രാമസേവകന്റെ ഓഫീസ്കെട്ടിടം 1958 മാർച്ചുമാസത്തിൽ ഉൽഘാടനംചെയ്യപ്പെട്ടു. മുമ്പു നാം കണ്ട കുട്ടികളുടെ പാർക്കിനു് ഒരുമൈൽ വടക്കുമാറി ആററുതീരത്തുതന്നെയാണു് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നതു്. ഒരു മാന്യൻ അതിനാവശ്യമായ പതിനഞ്ചു സെന്റു സ്ഥലം സൗജന്യമായി നൽകി. 1500 രൂപായേ ഗ്രാമസേവകമന്ദിരം നിർമ്മിക്കുന്നതിനു ഗവണ്മെൻറിൽനിന്നു് അനുവദിച്ചിരുന്നുള്ളു. അതുകൊണ്ടു് ഒരു നല്ല കെട്ടിടം നിർമ്മിക്കാൻ പ്രയാസമാണല്ലോ. എന്നാൽ, ആ പ്രദേശത്തു് ഇതൊരു പ്രശ്നമായിരുന്നില്ല. കെട്ടിടത്തിനു വേണ്ട തടിയും, അഞ്ഞൂറുരൂപായും നാട്ടുകാർ സംഭാവനചെയ്തു. അങ്ങനെ സകല സൗകര്യങ്ങളോടുംകൂടിയ ഒരു നല്ല കെട്ടിടം അവിടെ ഉയന്നു. ആ ബ്ലോക്കിൽ ആദ്യമായി ഒരു ഗ്രാമസേവകമന്ദിരം പണിതീന്നതു് മണിയാററുകരയാണു്.

നാട്ടുകാരുടെ ഏററവും അടുത്ത സുഹൃത്തായ ആ ഗ്രാമസേവകൻ ഇന്നു കുടുംബസഹിതമാണു് അവിടെ താമസിക്കുന്നതു്. ഒരു മാതൃകാമലക്കറിത്തോട്ടം, തേനീച്ചവളർത്തൽ എന്നിവ ഓഫീസിനോടു ചേർന്ന സ്ഥലത്തു കാണാവുന്നതാണു്. ഓഫീസിനോടനുബന്ധിച്ചു് ഒരു നല്ല ഇൻഫർമേഷൻസെൻററും പ്രവർത്തിക്കുന്നുണ്ടു്. കുറെ നല്ല ഗ്രന്ഥങ്ങൾ, കളിസ്സാധനങ്ങൾ, ചിത്രങ്ങൾ, ചക്കകൾ, ഒരു റേഡിയോ എന്നീ സാധനങ്ങൾ ബ്ലോക്കിൽനിന്നും ഈ കേന്ദ്രത്തിലേക്കു നൽകിയിട്ടുണ്ടു്. കളികൾക്കായും, പുസ്തകങ്ങൾ എടുക്കുന്നതിനും, റേഡിയോപരിപാടികൾ കേൾക്കുന്നതിനുമൊക്കെയായി ആററുതീരത്തുള്ള ആ കേന്ദ്രത്തിൽ സായാഹ്നവേളകളിലും മററും ധാരാളം ആളുകൾ കൂടുന്നുണ്ടു്. റേഡിയോ ശ്രോതാക്കളുടെ 'ഗ്രാമരംഗം' എന്ന ഒരു സംഘടനയും അവിടെ രൂപീകൃതമായിരിക്കുന്നു. ആകാശവാണി, കോഴിക്കോടു-തിരുവനന്തപുരം ശാഖയുടെ നാട്ടിൻപുറംപരിപാടി കേൾക്കാൻ നാട്ടുകാർ അതീവ താല്പര്യം പ്രകടിപ്പിക്കുന്നു. ഇൻഫർമേഷൻസെൻററിൽ സൂക്ഷിച്ചിരിക്കുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും അവക്കു വളരെ താൽപര്യമാണു്. സസ്യസംരക്ഷണനടപടികൾ കൈക്കൊള്ളുന്നതിനു് ഉപയോഗിക്കുന്ന സ്പ്രേയർ, ഡസ്റ്റർ തുടങ്ങിയ ഉപകരണങ്ങൾ എടുക്കുന്നതിനും കീടനാശിനികൾ വാങ്ങുന്നതിനും മററു സാങ്കേതികനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമൊക്കെയായി ധാരാളം ആളുകൾ നമ്മുടെ ഗ്രാമസേവകൻെറ ഓഫീസിൽ വരിക പതിവാണു്.

*മാററം സംഭവിച്ച ഗ്രാമജീവിതം*

സാമ്പത്തികമായും, സാംസ്കാരികമായുമെല്ലാം മണിയാററുകരഗ്രാമം ഇന്നു് അഭിവൃദ്ധിയുടെ പാതയിലൂടെ നീങ്ങുകയാണു്. അവിടത്തെ സകല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്നു് അവകാശപ്പെടാൻ പററുകയില്ല. എന്നാൽ ആളുകളുടെ ജീവിതത്തിനു വമ്പിച്ച ഒരു മാററം സംഭവിച്ചിട്ടുണ്ടു്. സ്വാശ്രയശീലം, ഐക്യബോധം, ആത്മവിശ്വാസം എന്നിവ ആളുകളിൽ ദൃഢമൂലമായിത്തീർന്നിരിക്കുന്നു. കൂട്ടായുള്ള പ്രവർത്തനംമൂലം പല പ്രശ്നങ്ങൾക്കും ഉത്തരം കാണാമെന്നു് അവർക്ക് ബോദ്ധ്യമായിരിക്കുകയാണു്.

കായികാദ്ധ്വാനം, ഭൂമി, പണം എന്നിവ നാട്ടുകാർ നിർല്ലോഭമായി നൽകിയപ്പോൾ ബ്ലോക്കിൽനിന്നുള്ള പണവും അങ്ങോട്ടൊഴുകാൻതുടങ്ങി. തൽഫലമായി പലതും നേടുന്നതിനു് അവർക്ക് കഴിഞ്ഞു. ബ്ലോക്കധികൃതരുടെ നിർദ്ദേശങ്ങൾ ചെവിക്കൊള്ളുന്നതിനും, അവരുമായി ഹാർദ്ദമായി സഹകരിക്കുന്നതിനും അവർ തയ്യാറായി. പഞ്ചായത്തു്, നാട്ടുകാർ, ബ്ലോക്കധികൃതർ എന്നീ ഘടകങ്ങൾ പൊരുത്തപ്പെട്ടുതന്നെ പൊയ്യ്ക്കൊണ്ടിരുന്നു. അന്നാട്ടിലെ വികസനപ്രവർത്തനങ്ങളുടെ വിജയത്തിനു് ഈ ഐക്യമാണു് സഹായിച്ചതും. തൽഫലമായി കൂടുതൽ സമ്പന്നവും, സമാകർഷവുമായ ഒരു ജീവിതം മണിയാററുകരഗ്രാമത്തിൽ സംജാതമായി.

*സംഘടനകൾ നൽകിയ സംഭാവന*

ബ്ലോക്കിൻെറ സന്ദേശം നാട്ടിലാകെ പരത്തുന്നതിനും, ബ്ലോക്കുപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അവിടത്തെ സംഘടനകൾ നൽകിയ സംഭാ

വറ വിസ്മരിക്കാവുന്നതല്ല. ബ്ളോക്കുപ്രവൎത്തനങ്ങളെപ്പററി കൂടുതൽ വിവരങ്ങൾ അറിയുന്നതിനും, ബ്ളോക്കുപ്രവൎത്തനങ്ങൾ വ്യാപകമായ തോതിൽ തങ്ങളുടെ നാട്ടിൽ നടപ്പിലാക്കുന്നതിനും വിവിധസംഘടനകളിലെ അംഗങ്ങൾ ശുഷ്കാന്തി പ്രകടിപ്പിച്ചു. അവിടെ നടന്ന എല്ലാ നിൎമ്മാണപ്രവൎത്തനത്തിലും മുൻകയ്യെടുത്തു പ്രവൎത്തിക്കാൻ ഈ സംഘടനകൾ തയ്യാറായിട്ടുണ്ടു്. വിവിധസംഘടനകളുടെ കാര്യക്ഷമമായ പ്രവൎത്തനംമൂലം എല്ലാവിഭാഗം ആളുകളിലും ഒരു പ്രത്യേക പ്രചോദനവും, ഉത്തേജനവും കൈവന്നിരിക്കുകയാണു്. ഈ ഉണർവും ഉത്സാഹവും ആ നാടിൻെറ ഐശ്വര്യത്തിനു വഴിതെളിക്കുകയും ചെയ്തു.

*പഞ്ചായത്തിൻെറ സ്ഥാനം അദ്വിതീയമാണു്*

മണിയാററുകരഗ്രാമത്തിനു കൈവന്ന അഭിവൃദ്ധിയുടെ ഒരു പ്രധാനകാരണം, അവിടത്തെ പഞ്ചായത്തു് പ്രദൎശിപ്പിച്ച പ്രത്യേക താല്പൎയ്യംകൂടിയാണു്. ബ്ളോക്കുപ്രവൎത്തനങ്ങൾ കൂടുതൽകൂടുതൽ, ആ പ്രദേശത്തു് നടപ്പിൽ വരുത്തുന്നതിനുള്ള എല്ലാ കരുനീക്കങ്ങളും പഞ്ചായത്തധികൃതർ നടത്തി. നാടിൻെറ നന്മയിൽ കൊതിയുള്ളവനും, സംസ്കാരസമ്പന്നനുമായ പഞ്ചായത്തുപ്രസിഡണ്ടു്, പല രീതിയിലും കൃതജ്ഞത അർഹിക്കുന്ന ഒരു വ്യക്തിയാണു്. പഞ്ചായത്തുമെമ്പറന്മാരോടും, നാട്ടുകാരോടുമെല്ലാം വളരെ സൗഹാൎദ്ദരൂപത്തിൽ ഇടപെടുകയും, അവൎക്കു്, ആശയും, ആവേശവും നൽകി നാടിൻെറ നന്മയ്ക്കുവേണ്ടി അവരെ നയിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. നാടിൻെറ ഐശ്വര്യത്തിനുവേണ്ടി ഇടതടവില്ലാതെ പണിയെടുക്കുന്ന ഈ വ്യക്തിയെ

നാട്ടുകാരും, ബ്ളോക്കധികൃതരുമെല്ലാം അങ്ങേയററം സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്തു. നാട്ടുകാരുടെയും, പഞ്ചായത്തിൻെറയും, ബ്ളോക്കധികൃതരുടെയും ഏകോപിച്ചുള്ള പ്രവൎത്തനങ്ങൾ സമഞ്ജസമായി സമ്മേളിച്ചതിൻെറ ആകത്തുകയാണു് ഇന്നത്തെ മണിയാററുകര ഗ്രാമം.

*സാമൂഹ്യവികസനപദ്ധതിയിലെ സുപ്രധാന ഘടകം ഗ്രാമസേവകൻതന്നെയാണു്*

മണിയാററുകര ഗ്രാമത്തിൽ കൈവന്നിട്ടുള്ള അഭിവൃദ്ധിക്കു നിദാനമായ പല ഘടകങ്ങളുമുണ്ടു്. വികസനപ്രവൎത്തനങ്ങൾ ഗ്രാമത്തിൽ പരക്കെ നടപ്പാക്കി അവിടത്തെ ജീവിതത്തിനാകത്തന്നെ ഒരു മാററംവരുത്തുന്നതിനു് അവിടത്തെ ഗ്രാമസേവകൻ നൽകിയ സംഭാവന വളരെയാണു്. ആത്മാൎത്ഥതയോടും ഊൎജ്ജസ്വലതയോടുംകൂടി തൻെറ ജോലി നിൎവ്വഹിക്കുന്നതിനു് അയാൾ അതീവ തല്പരനായിരുന്നു. ഒരു പ്രത്യേകസേവനമനഃസ്ഥിതിയോടുകൂടിത്തന്നെയാണു് തന്റെ ജോലികൾ അയാൾ ചെയ്തുകൊണ്ടിരുന്നതു്. ഗ്രാമീണരുമായി ഇണങ്ങിച്ചേൎന്നുപോകാനുള്ള കഴിവും അവരുടെ അഭിവൃദ്ധിക്കുവേണ്ടി അങ്ങേയററം പ്രവൎത്തിക്കുന്നതിനുള്ള സന്നദ്ധതയും ആ ഗ്രാമസേവകനുണ്ടായിരുന്ന ഗുണങ്ങളാണു്. ഹൃദ്യമായ തൻെറ പെരുമാററവും ആത്മാൎത്ഥമായ പ്രവൎത്തനവുംമൂലം നാട്ടുകാരുടെയെല്ലാം സ്നേഹവും വിശ്വാസവും ആൎജ്ജിക്കുന്നതിനു് അയാൾക്കു് അധികസമയം വേണ്ടിവന്നില്ല. തൻെറ വിജയത്തിനുള്ള കാരണവും ഇതുതന്നെയായിരുന്നു.

കൃഷി, മൃഗസംരക്ഷണം, സഹകരണം തുടങ്ങിയ

വിഷയങ്ങളെപ്പററി വേണ്ടത്ര ജ്ഞാനം അയാൾ നേടിയിരുന്നു. ഇവയെല്ലാം ആകർഷകമായ രീതിയിൽ പറഞ്ഞു് ഗ്രാമീണരെ ഗ്രഹിപ്പിക്കുന്നതിനുള്ള കഴിവു് അയാൾക്കുണ്ടായിരുന്നു. വിവിധ സംഘടനകളിൽ വികസനപ്രവർത്തനങ്ങളെപ്പററിയുള്ള ചർച്ചകൾ അയാൾ നടത്തുകയും ആളുകൾക്കുവേണ്ട അറിവും ആവേശവും നൽകുകയും ചെയ്തു. നിരന്തരമായി നടത്തിയ ചർച്ചകളുടെയും മററും ഫലമായി ആളുകളുടെ പൗരബോധം ഉണർത്തപ്പെട്ടു. അവർ കർമ്മനിരതരായി. ബ്ളോക്കുപ്രവർത്തനങ്ങൾ ഓരോന്നായി അവിടെ നടപ്പിൽ വരാൻതുടങ്ങി. പഞ്ചായത്തധികൃതരെയും മററു പൊതുജനനേതാക്കന്മാരെയും ഇക്കാര്യങ്ങൾക്കു് രംഗത്തു കൊണ്ടുവരാൻ ഊർജ്ജസ്വലനായ ആ ചെറുപ്പക്കാരനു കഴിഞ്ഞു. അങ്ങനെ, കവിത തുളുമ്പുന്ന ആ ഗ്രാമത്തിലൊട്ടാകെ മാധുര്യമൂറുന്ന ഒരു ജീവിതം തുന്നിപ്പിടിപ്പിക്കുന്നതിനു് ആ ഗ്രാമസേവകനു സാധിച്ചു.

### *ആയിരക്കണക്കിനു് പരിഷ്കാരകേന്ദ്രങ്ങളിൽ ഒന്നു്*

മണിയാററുകര, ഇന്നു് മഹിമയുടെ മണിമന്ദിരമായ ഒരു മാതൃകാഗ്രാമമാണു്. കുറെ വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ചിത്രമല്ല ഇന്നവിടെ കാണുന്നതു്. അലസതയും അന്ധകാരവും മുററിനിന്നിരുന്ന ആ പ്രദേശത്തു് ഇന്നു് ഒരു പുതിയ ഉണർവ്വും പ്രകാശവും പരക്കുകയാണു്. ഒരു നവീനപരിപാടിയുടെ അലകൾ ആ മലയോരത്തു് ആഞ്ഞടിച്ചതിൻെറ ഫലമായിട്ടാണു് ഈ പരിവർത്തനമെല്ലാം അവിടെ സംഭവിച്ചതു്. മനുഷ്യപ്രവർത്തനത്തിൻെറ പ്രതീകമായ ഒരു കേന്ദ്രത്തിൽനിന്നുമാണു് ഈ അലകൾ അടിച്ചുയന്നതു്. ഇങ്ങനെയുള്ള

ആയിരക്കണക്കിനു പ്രവത്തനകേന്ദ്രങ്ങൾ ഇന്ന് ഇന്ത്യയിലുണ്ട്. അവയിൽ ഒന്നിൻെറ ഒരു ഭാഗംമാത്രമാണ് നമ്മുടെ മണിയാററുകര ഗ്രാമം. അവിടാകെ ഇന്ന് ഒരു പുത്തൻ ജീവിതത്തിൻെറ പൊൻകിരണങ്ങൾ വിരിഞ്ഞിരിക്കുകയാണ്. ഇന്ത്യയുടെ തെക്കുതെക്ക് മാമലകൾക്കും, അലയാഴിക്കും ഇടയ്ക്കു സ്ഥിതിചെയ്യുന്ന കേരളക്കരയിലെ ഒരു ഗ്രാമമാണ് മണിയാററുകര. അയ്യായിരം വർഷങ്ങൾക്കുമുമ്പ് അങ്ങു വടക്കുവടക്ക് വലിയ ഒരു നദിയായ സിന്ധുവിൻെറ തീരത്ത് 'മോഹൻ ജദാരോ' എന്ന സ്ഥലത്ത് അതിമഹത്തായ ഒരു സംസ്കാരം നിലവിലിരുന്നതായി ചരിത്രത്തിൽനിന്നും നാം മനസ്സിലാക്കിയിട്ടുണ്ട്. ഇരുപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഒരു കൊച്ചരുവിയുടെ തീരത്തുള്ള ഗ്രാമത്തിൽ നാം കണ്ട ഒരു പരിഷ്കാരമാണ് മണിയാററുകരയിലേതു്. ഇമ്മാതിരിയുള്ള ആയിരമായിരം പരിഷ്കാരകേന്ദ്രങ്ങൾ ഇന്ത്യയിലെ ഗ്രാമങ്ങളിൽ പൊന്തിവന്നുകൊണ്ടിരിക്കുകയാണ്; ഒരു പുതിയ പ്രയോഗശാസ്ത്രത്തിൻെറ ഫലമായിട്ട്. ഈ പരിപാടിയെപ്പററിയും അതിൻെറ നേട്ടങ്ങളെക്കുറിച്ചുമുള്ള കഥകൾ രചിക്കുന്നതിന് ആധുനികചരിത്രകാരന്മാർ അവരുടെ തൂലിക ചലിപ്പിക്കുമെന്ന് നമുക്കു ന്യായമായി ആശിക്കാം.

*ഭാഗ്യലക്ഷ്മി പുഷ്പങ്ങൾ ചൊരിയുന്നു*

ഭാരതത്തിലെ ലക്ഷക്കണക്കിന് ഗ്രാമങ്ങളിൽ ഉയന്നുവരുന്ന ഈ ഗ്രാമീണസംസ്കാരം നമുക്ക് അഭിമാനിക്കത്തക്ക വകകൾ നൽകുന്നതാണ്. അഴകുള്ള ഈ ഗ്രാമദേവതകൾ അണിഞ്ഞൊരുങ്ങി നിൽക്കുന്നതുകാണാൻ തന്നെ എത്ര മനോഹരമായിരിക്കും! ഗ്രാമജീവിതത്തിൽ

കാന്തിയും, മിഴിവും സൗഭാഗ്യവും കലത്താൻ കഴിവുള്ള ഒരു പരിപാടിയുടെ ചിത്രമാണ് നാം കണ്ടതു്. അതു് തികച്ചും യാഥാത്ഥ്യമാക്കിത്തീക്കുന്നതിനു് ആവേശപൂവ്വം നാം അണിനിരക്കുകയാണ്. നമ്മുടെ രാഷ്ട്രപിതാവു് വിഭാവനചെയ്ത 'ഗ്രാമസ്വരാജ്' അതിന്റെ പൂണ്ണമായ അത്ഥത്തിലും വ്യാപ്തിയിലും യാഥാത്ഥ്യമാക്കിത്തീക്കുന്നതിനുള്ള പരിപാടിയാണ് സാമൂഹ്യവികസനം. 'ഗ്രാമസൗഭാഗ്യം' കൈവരുത്തുകയെന്നുള്ളതാണ് അതിന്റെ ലക്ഷ്യം. അതു നേടുന്നതിനുള്ള നമ്മുടെ ആത്മാത്ഥമായ പരിശ്രമത്തിന്റെ മാറ്റങ്ങളിൽ വെള്ളിവെളിച്ചം വിതറിക്കൊണ്ടു് അതാ, ഭാഗ്യലക്ഷ്മി പുഷ്പങ്ങൾ ചൊരിയുന്നു. ആ സൗഭാഗ്യദേവതയെ നമുക്കു് ഒത്തുചേന്നു് സ്വീകരിക്കാം.

★

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. 352 Acc. No. 83234

This book should be returned on or before the date last stamped below.

31 DEC 1985
7 JAN 1986
4 FEB 1986
8 SEP 2002

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

330.954

83234

NAN. G

നാണെക്കവി

ഞെലദ്ദാൽ